# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
കൊല്ലം -691009

ഇ-മെയിൽ: ksadpkollam@gmail.com

ഫോൺ : - -

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: (കെ.എൽ.എം)2/458/2023

കെ.എസ്.എ.ഡി.പി.

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ
ഓഡിറ്റ് കാര്യാലയം
കൊല്ലം -691009
തീയ്യതി: 29/12/2023
ഇ-മെയിൽ: ksadpkollam@gmail.com
ഫോൺ: - -

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS)
2. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഓഫീസ് പകർപ്പ്

നമ്പർ: (കെ.എൽ.എം)2/458/2023 കെ.എസ്.എ.ഡി.പി. തീയ്യതി: 29/12/2023

## കൊല്ലം ജില്ലയിലെ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 71 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബേബി സനൂജ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-06-2023 | 29-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-06-2023 | 29-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മണിലാൽ. വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി പത്മകുമാരി എൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത സെബാസ്റ്റ്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. സാം. കെ. ഡാനിയൽ | പ്രസിഡന്റ് | 01-04-2022 | 23-02-2023 |
| അഡ്വ.സുമലാൽ (ചാർജ്) | പ്രസിഡന്റ് | 24-02-2023 | 09-03-2023 |
| ഡോ.പി.കെ.ഗോപൻ | പ്രസിഡന്റ് | 10-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബിനുൻ വാഹിദ് | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. സുനിൽ കുമാർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി സീന ജെറോം | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. കെ. സി. ഹരിലാൽ | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 01-04-2022 | 17-06-2022 |
| ശ്രീമതി അനിത സി. എ. | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 18-06-2022 | 31-03-2023 |
| സ്മിത എസ്. | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, കരുനാഗപ്പള്ളി | 01-04-2022 | 31-03-2023 |
| ശ്രീ. പ്രശാന്ത് ബാബു ജെ. | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, കൊല്ലം (അധിക ചുമതല) | 01-04-2022 | 06-06-2022 |
| ശ്രീമതി എം. ആർ. ജയഗീത | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ് | 07-06-2022 | 06-09-2022 |
| ശ്രീ. പ്രശാന്ത് ബാബു ജെ. | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ് | 07-09-2022 | 03-01-2023 |
| ഡോ. നജീബ് ബി. | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ് | 04-01-2023 | 08-02-2023 |
| ശ്രീ. വിമൽ ചന്ദ്രൻ ആർ. | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ് | 09-02-2022 | 31-03-2023 |
| ശ്രീമതി സിന്ധു | ഫാം സൂപ്രണ്ട്, ജില്ലാ കൃഷി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഭാസ്ക്കരൻ | ഫാം, അഞ്ചൽ | | |
| ശ്രീമതി ജയ പീറ്റർ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Wm), പ്രിൻസിപ്പൽ കൃഷി ഓഫീസ് | 01-04-2022 | 07-04-2023 |
| ശ്രീ. അജിത് കുമാർ സി. എസ്സ്. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP)(DD(YP) അധിക ചുമതല), പ്രിൻസിപ്പൽ കൃഷി ഓഫീസ് | 08-04-2022 | 10-08-2022 |
| ശ്രീ. വേണുഗോപാൽ ബി. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Wm), പ്രിൻസിപ്പൽ കൃഷി ഓഫീസ് | 11-08-2022 | 31-03-2023 |
| ശ്രീ. അജിത് കുമാർ സി. എസ്സ്. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP)(DD(YP) അധിക ചുമതല), പ്രിൻസിപ്പൽ കൃഷി ഓഫീസ് | 01-04-2022 | 16-08-2022 |
| ശ്രീമതി അനീസ എം. എസ്. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP), പ്രിൻസിപ്പൽ കൃഷി ഓഫീസ് | 17-08-2022 | 31-03-2023 |
| ഡോ. ബിന്ദു മോഹൻ | ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) | 01-04-2022 | 10-08-2022 |
| ഡോ. മണികണ്ഠൻ ജെ. | ജില്ലാ മെഡിക്കൽ ഓഫീസർ (ചാർജ്ജ്), ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) | 11-08-2022 | 25-08-2022 |
| ഡോ. ജേക്കബ് വർഗ്ഗീസ് | ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) | 26-08-2022 | 31-03-2023 |
| ഡോ. ശ്രീലത എൽ. ബി. | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 01-04-2022 | 23-12-2022 |
| ഡോ. ബീനാകുമാരി ജി. ആർ. | സൂപ്രണ്ട് (പൂർണ്ണ അധിക ചുമതല), ജില്ലാ ഹോമിയോ | 24-12-2022 | 08-01-2023 |

| | | | |
|---|---|---|---|
| | ആശുപത്രി | | |
| ഡോ. മഞ്ജുള ശ്രീ തങ്കച്ചി | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 09-01-2023 | 31-03-2023 |
| ഡോ. സി. എസ്. പ്രദീപ് | ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി അനീസ എം. എസ്. | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കൊട്ടാരക്കര | 01-04-2022 | 09-08-2022 |
| ശ്രീ. സജീവ് റ്റി. | സീനിയർ കൃഷി ഓഫീസർ (ചാർജ്ജ്), സ്റ്റേറ്റ് സീഡ് ഫാം, കൊട്ടാരക്കര | 10-08-2022 | 25-09-2022 |
| ശ്രീ. സന്തോഷ് എ. ജി. | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കൊട്ടാരക്കര | 26-09-2022 | 31-03-2023 |
| ശ്രീ. ദിനേശ് ആർ. | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-04-2022 | 31-03-2023 |
| ഡോ. നിഷ ഡി. | ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) | 01-04-2022 | 04-07-2022 |
| ഡോ. എസ്. പ്രിയ | ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) | 05-07-2022 | 31-03-2023 |
| ശ്രീ. ഷുമിൻ എസ്. ബാബു | റ്റി.ഡി.ഒ, പട്ടികവർഗ്ഗ വികസനം | 01-04-2022 | 10-05-2022 |
| ശ്രീ. സജു എസ്. | റ്റി.ഡി.ഒ, പട്ടികവർഗ്ഗ വികസനം | 11-05-2022 | 10-01-2023 |
| ശ്രീമതി വിധുമോൾ എസ്. | റ്റി.ഡി.ഒ, പട്ടികവർഗ്ഗ വികസനം | 11-01-2023 | 31-03-2023 |
| ഡോ. സുരേഷ് കുമാർ വി. പി. | സീനിയർ വെറ്ററിനറി സർജൻ, ആയൂർ തോട്ടത്തറ ഹാച്ചറി | 01-04-2022 | 02-10-2022 |
| ഡോ. അരുൺ എ. | വെറ്ററിനറി സർജൻ, ആയൂർ തോട്ടത്തറ ഹാച്ചറി | 03-10-2022 | 31-03-2023 |
| ശ്രീ. സുഹൈർ കെ. | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീല ആന്റണി | സീനിയർ കൃഷി ഓഫീസർ, | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സ്റ്റേറ്റ് സീഡ് ഫാം, കടയ്ക്കൽ | | |
| ശ്രീമതി പ്രഭാദേവി പി. എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | 01-04-2022 | 31-03-2023 |
| ഡോ. എഫ്. അസുന്താമേരി | ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ് | 01-04-2022 | 31-03-2023 |
| ശ്രീമതി സയൂജ ടി.കെ | പ്രോജക്റ്റ് ഡയറക്ടർ, പി.എ.യു. | 01-04-2022 | 31-03-2023 |
| ശ്രീമതി നിഷ ബി. എസ്. | ഡെപ്യൂട്ടി ഡയറക്ടർ, ഡയറി | 01-04-2022 | 31-03-2023 |
| ശ്രീമതി ബീന എസ്.എസ്. | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സി.എസ്.ജയകുമാർ | സൂപ്രണ്ട്, കുരിയോട്ടുമല ഡയറി ഫാം | 01-04-2022 | 31-05-2022 |
| ഡോ.ദീപ്തി എസ് | സൂപ്രണ്ട്, കുരിയോട്ടുമല ഡയറി ഫാം(ചാർജ്) | 01-06-2022 | 19-08-2022 |
| ഡോ.സുരേഷ് കുമാർ വി.പി | സൂപ്രണ്ട്, കുരിയോട്ടുമല ഡയറി ഫാം | 20-08-2022 | 31-03-2023 |
| ശ്രീമതി ബീനാകുമാരി ടി | ജില്ലാ വനിതാ ക്ഷേമ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. വി. കൃഷ്ണവേണി | സൂപ്രണ്ട്, ഗവ. വിക്ടോറിയ ആശുപത്രി | 01-04-2022 | 31-03-2023 |
| ഡോ. അഭിലാഷ് എ. | സൂപ്രണ്ട്, ജില്ലാ ആയുർവേദാശുപത്രി | 01-04-2022 | 07-06-2022 |
| ഡോ. സനൽ കുമാർ | സൂപ്രണ്ട്, ജില്ലാ ആയുർവേദാശുപത്രി(ചാർജ്) | 08-06-2022 | 14-06-2022 |
| ഡോ. ഗ്ലാഡി ഹാൽവിൻ | സൂപ്രണ്ട്, ജില്ലാ ആയുർവേദാശുപത്രി | 15-06-2022 | 31-03-2023 |
| ശ്രീ സുബിൻ പോൾ | വിദ്യാഭ്യാസ ഉപഡയറക്ടർ | 01-04-2022 | 04-06-2022 |
| ശ്രീ ഹസി | വിദ്യാഭ്യാസ ഉപഡയറക്ടർ(ചാർജ്) | 05-06-2022 | 12-06-2022 |
| ശ്രീ ലാൽ കെ.ഐ | വിദ്യാഭ്യാസ ഉപഡയറക്ടർ | 13-06-2022 | 15-01-2023 |
| ശ്രീമതി തങ്കമണി | വിദ്യാഭ്യാസ ഉപഡയറക്ടർ(ചാർജ്) | 16-01-2023 | 26-01-2023 |

| | | | |
|---|---|---|---|
| ശ്രീ ഷാജിമോൻ ഡി | വിദ്യാഭ്യാസ ഉപഡയറക്ടർ | 27-01-2023 | 31-03-2023 |
| ഡോ.ഡി. വസന്തദാസ് | സൂപ്രണ്ട്, എ.എ.റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രി | 01-04-2022 | 06-09-2022 |
| ഡോ.ആർ സന്ധ്യ | സൂപ്രണ്ട്, എ.എ.റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രി(ചാർജ്) | 07-09-2022 | 05-10-2022 |
| ഡോ.ഡി. വസന്തദാസ് | സൂപ്രണ്ട്, എ.എ.റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രി | 06-10-2022 | 19-11-2022 |
| ഡോ.ആർ സന്ധ്യ | സൂപ്രണ്ട്, എ.എ.റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രി(ചാർജ്) | 20-11-2022 | 02-01-2023 |
| ഡോ.ഡി. വസന്തദാസ് | സൂപ്രണ്ട്, എ.എ.റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രി | 03-01-2023 | 31-01-2023 |
| ഡോ.ആർ സന്ധ്യ | സൂപ്രണ്ട്, എ.എ.റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രി(ചാർജ്) | 01-02-2023 | 12-02-2023 |
| ഡോ.ഡി. വസന്തദാസ് | സൂപ്രണ്ട്, എ.എ.റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രി | 13-02-2023 | 31-03-2023 |
| ശ്രീ. സിജു ബെൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ (ചാർജ്ജ്) | 01-04-2022 | 16-06-2022 |
| ശ്രീ. കെ. ആർ. പ്രദീപൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 17-06-2022 | 07-11-2022 |
| ശ്രീ. ജോസ് ഫ്രാൻസിസ് | ജില്ലാ സാമൂഹ്യനീതി ഓഫീസർ (ചാർജ്ജ്) | 08-11-2022 | 18-12-2022 |
| ശ്രീ. കെ. ആർ. പ്രദീപൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 19-12-2022 | 31-03-2023 |
| ശ്രീമതി ബിജി. പി. | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കെ.എസ്.എച്ച്.ബി.യിൽ നിക്ഷേപം-തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-1 |
| 3 | പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപം-തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-2 |
| 4 | വാട്ടർ അതോറിറ്റിയിൽ നിക്ഷേപം-തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-3 |
| 5 | വാടക (കെട്ടിടങ്ങൾ) ഇനത്തിൽ രേഖപ്പെടുത്തിയ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വാടക (ഹാളുകളും ഓഡിറ്റോറിയവും) ഇനത്തിൽ രേഖപ്പെടുത്തിയ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ലേലയിനങ്ങൾ- ഡി.സി.ബി. പത്രിക ഹാജരാക്കിയില്ല. | 1-1-6 |
| 8 | Contractor's Retention ഇനത്തിൽ വരവ് തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | വാടക- ഈടാക്കുന്നതിനുള്ള നടപടികളിൽ അപാകതകൾ | 1-11 |
| 20 | മുറികളുടെ വാടക - കൃത്യമായി ഈടാക്കുന്നില്ല | 1-12 |
| 21 | ഹാളുകളുടെ വാടക - അപാകതകൾ | 1-13 |
| 22 | സി.റ്റി. സ്കാൻ വരവ് - നിബന്ധനകൾ പാലിക്കപ്പെടുന്നില്ല | 1-14 |
| 23 | ലേലം രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല | 1-15 |
| 24 | ജില്ലാ പൗൾട്ടി ഫാം, ആയൂർ- പ്രതിദിന വരവുകൾ ഒടുക്കുന്നതിൽ | 1-16 |

| | | |
|---|---|---|
| | കാലതാമസം | |
| 25 | ദേശീയപാത വികസനം - നഷ്ടപരിഹാര തുക ലഭിച്ചിട്ടില്ല | 1-17 |
| 26 | കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാം - ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത വിവിധ നടീൽ വസ്തുക്കളുടെ വില ലഭിച്ചിട്ടില്ല. | 1-18 |
| 27 | കുരിയോട്ടുമല ഹൈടെക് ഡയറി ഫാം - ഇൻവോയ്സുകൾ പ്രകാരം കള്ളിങ്ങിനായി നൽകിയ ആട്, പശു എന്നിവയുടെ വില ലഭിക്കാത്തത് സംബന്ധിച്ച്. | 1-19 |
| 28 | ജില്ലാ പൗൾട്രി ഫാം - ഇൻവോയ്സ് പ്രകാരം നൽകിയ കോഴിയിറച്ചിയുടെ വില ലഭിച്ചിട്ടില്ല. | 1-20 |
| 29 | കുരിയോട്ടുമല ഹൈടെക് ഡയറി ഫാം - പ്രവർത്തന രഹിതമായ കുടുംബശ്രീ പരിശീലന കേന്ദ്രം - അക്കൗണ്ട് ക്ലോസ് ചെയ്യാത്തത് സംബന്ധിച്ച്. | 1-21 |
| 30 | സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, കരുനാഗപ്പള്ളി - തെങ്ങിൻതൈയുടെ വില നാളിതുവരെ  ലഭിച്ചിട്ടില്ല | 1-22 |
| 31 | ജില്ലാ കൃഷിത്തോട്ടം, അഞ്ചൽ - ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്യുന്ന ഇനങ്ങളുടെ വില ലഭിക്കാത്തത്. | 1-23 |
| 32 | കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്ന് നിറയ്ക്കൽ - ഉയർന്ന നിരക്ക് നൽകി. | 1-24 |
| 33 | ഗൃഹശ്രീ-വനിതകൾക്ക് വീടുകൾ കേന്ദ്രീകരിച്ച് സംരംഭങ്ങൾ- സംരംഭങ്ങൾ ആരംഭിച്ചതിന് രേഖകൾ ഹാജരാക്കിയില്ല. | 1-25 |
| 34 | സ്വയംപ്രഭ- വനിതാ ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം- സംരംഭങ്ങൾ ആരംഭിച്ചതിന് രേഖകൾ ഹാജരാക്കിയില്ല. | 1-26 |
| 35 | സാമൂഹ്യ നീതി - മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ നടപ്പാക്കി - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 36 | സ്കൂൾ മെയിന്റനൻസ് - ഒരേയിനം പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ  വ്യത്യസ്ത ഡേറ്റകൾ ഉപയോഗിക്കുന്നു. | 1-28 |
| 37 | സാഫല്യം ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല - യഥാസമയം ഫണ്ട് നൽകുന്നതിൽ വീഴ്ച. | 1-29 |
| 38 | പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് പോഷകാഹാര വിതരണം - മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ നടപ്പാക്കി - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 39 | പ്രതിഭാപിന്തുണ - രേഖകൾ ഹാജരാക്കയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 40 | പൊലിയോ പൊലി-തലവൂർകോണം പാട്ടുപുരയ്ക്കൽ ഏലാ വികസനം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-32 |
| 41 | "സുജലം - കുളങ്ങൾ, ചിറകൾ എന്നിവയുടെ സംരക്ഷണം"- കുളത്തിന്റെ ഉടമസ്ഥാവകാശ രേഖയില്ല- കുഴിച്ചെടുത്ത മണ്ണ് മുതൽ കൂട്ടിയില്ല. | 1-33 |
| 42 | ജില്ലാ കൃഷി ഫാം, അഞ്ചൽ - പഴം സംസ്കരണ യൂണിറ്റ് - പ്രവർത്തനം കാര്യക്ഷമമല്ല. | 1-34 |

| | | |
|---|---|---|
| 43 | വിരിയിച്ച പൂവൻകോഴി കുഞ്ഞുങ്ങളെ നശിപ്പിക്കേണ്ടി വരുന്നത് - എണ്ണം സംബന്ധിച്ച് സുതാര്യതയില്ല. | 1-35 |
| 44 | ഓട്ടോമാറ്റിക് ഫീഡ് മിക്സിംഗ് യൂണിറ്റ് - വിശദമായ പ്രോജക്ട് റിപ്പോർട്ടില്ലാതെ പദ്ധതി നടപ്പാക്കുന്നു. | 1-36 |
| 45 | കുഴൽക്കിണർ നിർമ്മാണം - പൂർത്തിയാക്കാത്തത് സംബന്ധിച്ച്. | 1-37 |
| 46 | കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി - നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അപാകത. | 1-38 |
| 47 | കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി - ക്വട്ടേഷൻ/ടെണ്ടർ ഇല്ലാതെ സാധനങ്ങൾ വാങ്ങി. | 1-39 |
| 48 | കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി - കരിങ്കൽ ഇരിപ്പിടം - എല്ലാം സ്ഥാപിച്ചില്ല. | 1-40 |
| 49 | കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി - കാന്റീന്റെ നിർമ്മാണം പൂർത്തിയാകുന്നതിന് മുമ്പ് അടുക്കള സാമഗ്രികൾ വാങ്ങി. | 1-41 |
| 50 | കോവിഡനന്തരം കാമധേനു സാന്ത്വന സ്പർശം (നൂതന പദ്ധതി) - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-42 |
| 51 | സുഭിക്ഷകേരളം - അജഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-43 |
| 52 | സുഭിക്ഷകേരളം - ക്ഷീരസാന്ത്വനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. . | 1-44 |
| 53 | കുരിയോട്ടുമല ഫാമിൽ പാലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ. | 1-45 |
| 54 | കുരിയോട്ടുമല ഹൈടെക്ക് ഡയറിഫാമിലെ പ്രദർശന യൂണിറ്റ് - പദ്ധതി നടപ്പാക്കിയതിൽ അപാകത. | 1-46 |
| 55 | ഉണക്ക ചാണകപ്പൊടി, ജൈവവളം വിൽപ്പന - നടപടിക്രമങ്ങൾ പാലിക്കാതെ അമിത നിരക്കിൽ സ്റ്റിക്കർ, കവർ എന്നിവ വാങ്ങി. | 1-47 |
| 56 | ഹൈടെക് ഡയറി ഫാമിലേക്ക് സോഫ്റ്റ്‌വെയർ - തുക കൈമാറിയെങ്കിലും സോഫ്റ്റ് വെയർ സജ്ജമാക്കിയിട്ടില്ല. | 1-48 |
| 57 | അഞ്ചൽ കൃഷി ഫാം - ടീ രജിസ്റ്റർ പരിപാലിക്കുന്നില്ല. | 1-49 |
| 58 | റിട്ടയർ ചെയ്ത ഫാം സൂപ്രണ്ടിനെ ചട്ടവിരുദ്ധമായി ടൂറിസം ഫെസിലിറ്റേറ്ററായി നിയമിച്ചു. | 1-50 |
| 59 | തെരുവ് നായ്ക്കളുടെ ഷെൽട്ടർ നിർമ്മാണം - സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി. | 1-51 |
| 60 | കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി - മൃഗങ്ങളുടെ ശില്പ മ്യൂസിയം - ടെണ്ടർ വ്യവസ്ഥ പാലിച്ചില്ല. | 1-52 |
| 61 | തോട്ടത്തറ ഹാച്ചറിയിൽ സി.സി.ടി.വി.സ്ഥാപിക്കൽ, ബ്രൂഡർ ഷെഡ് നിർമ്മാണം പദ്ധതികൾ | 1-53 |
| 62 | ലൈവ് ഫിഷ് മാർക്കറ്റുകൾ - അനുവദനീയമല്ലാത്ത ഇനത്തിന് സബ്സിഡി | 1-54 |

| | | |
|---|---|---|
| | നല്കി - മതിയായ രേഖകൾ ഹാജരാക്കിയില്ല. | |
| 63 | ബയോഫ്ലോക്ക് മത്സ്യകൃഷി - വ്യക്തിഗത ആനുകൂല്യം നല്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി - മതിയായ രേഖകൾ ഹാജരാക്കിയില്ല. | 1-55 |
| 64 | ഉജ്ജ്വലം - അധ്യാപകർക്ക് കൈപ്പുസ്തകം - സമഗ്ര ശിക്ഷാ കേരള, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമായി പദ്ധതി നടപ്പിലാക്കി. | 1-56 |
| 65 | സ്കൂളുകളിൽ ലൈബ്രറി സ്ഥാപിക്കൽ - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 1-57 |
| 66 | സർക്കാർ സ്കൂളുകളുടെ അനുബന്ധ ചെലവുകൾ - രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല-തുക അംഗീകരിച്ച് സാക്ഷ്യപ്പെടുത്താത്ത ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി | 1-58 |
| 67 | സ്കൂളുകൾക്ക് ഫർണീച്ചർ - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തുന്നു. | 1-59 |
| 68 | സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലേക്ക് ലാപ്പ്ടോപ്പ് വാങ്ങി നല്കൽ - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങലുകൾ നടത്തുന്നു. | 1-60 |
| 69 | കോവിഡാനന്തര രോഗങ്ങൾക്കുള്ള ചികിത്സ പദ്ധതി - ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-61 |
| 70 | സാന്ത്വന പരിചരണം - ഹോം കെയർ രജിസ്റ്റർ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-62 |
| 71 | മൃദുലം - കോസ്മറ്റോളജി ക്ലിനിക്ക് - മാർഗ്ഗരേഖയിലില്ലാത്ത പദ്ധതി നടപ്പിലാക്കി | 1-63 |
| 72 | ജില്ലാ ആശുപത്രി (ഹോമിയോ) - മരുന്ന് ലഭ്യമല്ലാത്തത് സംബന്ധിച്ച് | 1-64 |
| 73 | സ്കാനിങ് മെഷീൻ റിപ്പയർ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-65 |
| 74 | ജില്ലാ ആശുപത്രി (അലോപ്പതി) - പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല. | 1-66 |
| 75 | പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ - അധികം തുക നൽകി | 1-67 |
| 76 | അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നില്ല | 1-68 |
| 77 | കേരളോത്സവം - പരിധിയിൽ അധികം തുക ചെലവഴിച്ചു | 1-69 |
| 78 | ട്രാൻസ്ജെന്റേഴ്സിന് ഭക്ഷ്യകിറ്റ് വിതരണം - സർക്കാർ അനുമതി ഹാജരാക്കിയില്ല - പദ്ധതി മാനദണ്ഡത്തിന് വിരുദ്ധമായി അധികം ചെലവഴിച്ചു. | 1-70 |
| 79 | ദി സിറ്റിസൺ ഭരണഘടനാസാക്ഷരത -അനുമതി നല്കിയതിലും അധികമായി തുക ചെലവഴിച്ചു. | 1-71 |
| 80 | ദി സിറ്റിസൺ ഭരണഘടനാസാക്ഷരത - സാക്ഷരതാ പ്രഖ്യാപനചടങ്ങ് - ചെലവനുമതിയില്ലാതെ തുക ചെലവഴിച്ചു. | 1-72 |

| | | |
|---|---|---|
| 81 | അതിദരിദ്രർക്കുള്ള ഭവന നിർമ്മാണപദ്ധതി - ഗ്രാമപഞ്ചായത്തു മുഖേന നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ച പദ്ധതി നൂതന പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കി-സബ്സിഡി അധികമായി നല്കി. | 1-73 |
| 82 | പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ - സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി. | 1-74 |
| 83 | ഗ്രാമ പ്രദേശങ്ങളിൽ ഇരിപ്പിടങ്ങൾ, ഓപ്പൺസ്റ്റേജ്, കൽമണ്ഡപം, ഫിറ്റ്നസ് പാർക്ക്, ബ്യൂട്ടിഫിക്കേഷൻ, പുസ്തകക്കൂട് എന്നീ സൗകര്യങ്ങളോടെ പൊതുവിടങ്ങൾ ഒരുക്കുന്നതിനായുള്ള പദ്ധതി വഴി ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കടയ്ക്കൽ ക്ഷേത്രക്കുളത്തിനു ചുറ്റും നടപ്പാത, ഓപ്പൺസ്റ്റേജ് എന്നിവ നിർമ്മിച്ചു. | 1-75 |
| 84 | ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-76 |
| 85 | ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾനടപടി ക്രമങ്ങൾ പാലിച്ചില്ല - ചെയ്യാത്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചു നല്കി. | 1-77 |
| 86 | ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ - മതിയായ രേഖകൾ ഹാജരാക്കിയില്ല. | 1-78 |
| 87 | വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള പദ്ധതികൾ-രേഖകൾ ഹാജരാക്കിയില്ല. | 1-79 |
| 88 | അമൃതംഗമയ - പദ്ധതിക്ക് വേണ്ടി അടിസ്ഥാന ചെലവുകൾ നടത്തിയതിന് ശേഷം ഉപേക്ഷിച്ചു. | 1-80 |
| 89 | ഹയർ സെക്കന്ററി തുല്യതാപഠനവും അനുബന്ധ പ്രവർത്തനങ്ങളും - രേഖകൾ ഹാജരാക്കിയില്ല. | 1-81 |
| 90 | ഹയർ സെക്കന്ററി തുല്യതാപഠനവും അനുബന്ധ പ്രവർത്തനങ്ങളും (സ്പിൽ ഓവർ പദ്ധതി) - രേഖകൾ ഹാജരാക്കിയില്ല. | 1-82 |
| 91 | ജീവനം കിഡ്നി വെൽഫെയർ ഫൗണ്ടേഷൻ - വരവ് ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-83 |
| 92 | കുന്നത്തൂർ ഡിവിഷനിലെ ഗ്രന്ഥശാലകൾക്ക് അടിസ്ഥാന സൗകര്യവികസനവും പുസ്തകങ്ങളും - രേഖകൾ ഹാജരാക്കിയില്ല | 1-84 |
| 93 | എസ്.എസ്.കെ വിഹിതം ജനറൽ & എസ്.സി.പി.- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല. | 1-85 |
| 94 | തണ്ണീർപന്തൽ (ടേക്ക് എ ബ്രേക്ക് മോഡൽ വഴിയോരവിശ്രമകേന്ദ്രം) - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-86 |
| 95 | ഒഴുകാം ശുചിയായി - തോടുകളുടെയും നദികളുടെയും നവീകരണം - പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1-87 |
| 96 | കബഡി ഇൻസ്റ്റിറ്റ്യൂട്ട്, ബോക്സിങ് അക്കാഡമി തുടർ പ്രവർത്തനങ്ങൾ - രേഖകൾ ഹാജരാക്കിയില്ല. | 1-88 |

| | | |
|---|---|---|
| 97 | വെളിച്ചം (ഗ്രന്ഥ ശാലകൾക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ) - പദ്ധതി നടത്തിപ്പ് സംബന്ധിച്ച് | 1-89 |
| 98 | എ.ബി.സി. പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-90 |
| 99 | ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങൽ - മരുന്ന് വിതരണം സംബന്ധിച്ച രേഖകൾ പരിപാലിക്കുന്നില്ല. | 1-91 |
| 100 | അഗ്രിടെക് ജനറൽ & അഗ്രിടെക് എസ്.സി. - നൂതനപദ്ധതി. | 1-92 |
| 101 | സ്കൂളുകളിൽ ടോയ്‌ലറ്റ് കോംപ്ലക്സ് - പദ്ധതി പൂർത്തീകരണം സംബന്ധിച്ച്. | 1-93 |
| 102 | ജില്ലാ പഞ്ചായത്തിന് കീഴിലെ മിനി വ്യവസായ എസ്റ്റേറ്റുകൾ- അവലോകനം | 1-94 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്ന് നിറയ്ക്കൽ - ഉയർന്ന നിരക്ക് നൽകി. | 3-1 |
| 2 | കോവിഡനന്തരം കാമധേനു സാന്ത്വന സ്പർശം (നൂതന പദ്ധതി) - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-2 |
| 3 | റിട്ടയർ ചെയ്ത ഫാം സൂപ്രണ്ടിനെ ചട്ടവിരുദ്ധമായി ടൂറിസം ഫെസിലിറ്റേറ്ററായി നിയമിച്ചു. | 3-3 |
| 4 | ലൈവ് ഫിഷ് മാർക്കറ്റുകൾ-അനുവദനീയമല്ലാത്ത ഇനത്തിന് സബ്സിഡി നല്കി - മതിയായ രേഖകൾ ഹാജരാക്കിയില്ല. | 3-4 |
| 5 | ഉജ്ജ്വലം - അധ്യാപകർക്ക് കൈപ്പുസ്തകം - സമഗ്ര ശിക്ഷാ കേരള, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമായി പദ്ധതി നടപ്പിലാക്കി. | 3-5 |
| 6 | ട്രാൻസ്ജെന്റേഴ്സിന് ഭക്ഷ്യകിറ്റ് വിതരണം-സർക്കാർ അനുമതി ഹാജരാക്കിയില്ല- പദ്ധതി മാനദണ്ഡത്തിന് വിരുദ്ധമായി അധികം ചെലവഴിച്ചു. | 3-6 |
| 7 | ദി സിറ്റിസൺ ഭരണഘടനാസാക്ഷരത - അനുമതി നല്കിയതിലും അധികമായി തുക ചെലവഴിച്ചു. | 3-7 |
| 8 | ദി സിറ്റിസൺ ഭരണഘടനാസാക്ഷരത - സാക്ഷരതാ പ്രഖ്യാപനചടങ്ങിന് അനുമതിയില്ലാതെ തുക ചെലവഴിച്ചു. | 3-8 |
| 9 | കേരളോത്സവം - പരിധിയിൽ അധികം തുക ചെലവഴിച്ചു | 3-9 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 6(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.05.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊല്ലം ജില്ലാ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 കെ.എസ്.എച്ച്.ബി.യിൽ നിക്ഷേപം-തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കുരിയോട്ടുമല ഹൈടെക് ഡയറി ഫാം സൂപ്രണ്ട്, ജില്ലാ പൗൾട്രി ഫാം വെറ്ററിനറി സർജൻ, പട്ടിക വർഗ വികസന ഓഫീസർ, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ (കെ.എസ്.എച്ച്.ബി) ഡെപ്പോസിറ്റ് ചെയ്ത 4,20,10,741/- രൂപ വാർഷിക കണക്കിലെ B-18 ഷെഡ്യൂളിൽ 'Advance To Implementing Agencies' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തിയായി വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് പ്രസ്തുത തുകകൾ ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയതായി വിലയിരുത്തുന്നു.

### 1-1-2 പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപം-തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

ജില്ലാ പൗൾട്രി ഫാം വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്റ്റ്(സി.സി.ടി.വി. സ്ഥാപിക്കൽ) പ്രകാരം പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത 14,49,000/- രൂപ വാർഷിക കണക്കിലെ B-18 ഷെഡ്യൂളിൽ

'Advance To Implementing Agencies' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തിയായി വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് പ്രസ്തുത തുക ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയതായി വിലയിരുത്തുന്നു.

## 1-1-3 വാട്ടർ അതോറിറ്റിയിൽ നിക്ഷേപം-തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

സെക്രട്ടറിയുടെ പ്രോജക്ട്(കുടിവെള്ള പദ്ധതി) പ്രകാരം കേരളാ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 14,06,900/- രൂപ വാർഷിക കണക്കിലെ B-18 ഷെഡ്യൂളിൽ 'Advance To Implementing Agencies' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തിയായി വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് പ്രസ്തുത തുകകൾ ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയതായി വിലയിരുത്തുന്നു.

## 1-1-4 വാടക (കെട്ടിടങ്ങൾ) ഇനത്തിൽ രേഖപ്പെടുത്തിയ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2022-2023- ലെ വാർഷിക ധനകാര്യപത്രികയോടൊപ്പമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരവും പരിശോധനയ്ക്കായി ഹാജരാക്കിയ ഡി.സി.ബി.സ്റ്റേറ്റ്മെൻറ് പ്രകാരവും വാടക (കെട്ടിടങ്ങൾ) ഇനത്തിൽ രേഖപ്പെടുത്തിയ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കുടിശ്ശിക | ഡിമാൻറ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| മുൻവർഷം വരെയുള്ളത് | 39,07,342 | 8,93,494 | 29,91,124 |
| തൻവർഷം | 13,36,402 | 5,81,631 | 7,46,297 |
| ഡി.സി.ബി.സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള കുടിശ്ശിക | ഡിമാൻറ് | കളക്ഷൻ | ബാലൻസ് |
| മുൻവർഷം വരെയുള്ളത് | 38,99,731 | 9,10,818 | 37,29,810 |
| തൻവർഷം | 13,36,402 | 5,90,105 | |

കൂടാതെ വാർഷിക ധനകാര്യപത്രികയിൽ (B-15) കുടിശിക നീക്കിയിരിപ്പിൽ 22,724/-രൂപയുടെയും തൻവർഷ നീക്കിയിരിപ്പിൽ 8,474/- രൂപയുടെയും വ്യത്യാസമുണ്ട്.

## 1-1-5 വാടക (ഹാളുകളും ഓഡിറ്റോറിയവും) ഇനത്തിൽ രേഖപ്പെടുത്തിയ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സാംഖ്യയിൽ നിന്നുള്ള ഹെഡ് വൈസ് റിപ്പോർട്ട് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ (ഹാളുകളും ഓഡിറ്റോറിയവും) 5,80,236/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിൽ തൻവർഷത്തെ വരവ് 5,91,500/- രൂപയാണ്.

## 1-1-6 ലേലയിനങ്ങൾ- ഡി.സി.ബി. പത്രിക ഹാജരാക്കിയില്ല.

RP-5-ൽ Sale Of Usufructs Of Trees, Receipts From Auction Of Obsolete Assets, Sale Of Empties And Waste Materials എന്നീയിനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ പരിശോധനയ്ക്കായി അവയുടെ ഡി.സി.ബി. പത്രിക ഹാജരാക്കിയിട്ടില്ല.

## 1-1-7 Contractor's Retention ഇനത്തിൽ വരവ് തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

Contractor's Retention ഇനത്തിൽ RP-34 പ്രകാരം 14,10,400/- വരവുണ്ട്.
എന്നാൽ രജിസ്റ്റർ പ്രകാരം വരവായി കാണിച്ചിരിക്കുന്നത് 14,25,956/- രൂപയാണ്.

## 1-1-8 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ (ടൈഡ്, അൺടൈഡ്) 16,63,58,845/- രൂപയാണ് വരവ്. ഇത് വാർഷികകണക്കിലെ RP-7, RP-31 എന്നിവയിൽ കാണിച്ചിട്ടുള്ള ആകെ തുകയായ 16,76,02,377/- രൂപയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

2022-23-ലെ ബജറ്റ് 22.2.2022 തീയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച

ബജറ്റ് 22.2.2023 തീയതിയിലെ 5(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27,09,38,162 |
| വരവ് | 1,16,82,58,524 |
| ആകെ | 1,43,91,96,686 |
| ചെലവ് | 1,16,51,29,876 |
| നീക്കിയിരിപ്പ് | 27,40,66,810 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 29,67,76,629 | 29,67,76,629 | 29,15,94,148 | 51,82,481 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 22,61,44,339 | 22,61,44,339 | 22,36,07,617 | 25,36,722 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 34,91,000 | 34,91,000 | 31,03,000 | 3,88,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17,69,34,517 | 17,69,34,517 | 17,11,71,572 | 57,62,945 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 12,79,32,745 | 12,79,32,745 | 12,45,85,506 | 33,47,239 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 6,11,92,938 | 16,63,58,845 | 25,57,56,754 | 16,57,32,031 | 9,0024,723 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ആർ.എം.എസ്.എ) | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | 0 | 5,40,499 | 5,40,499 | 5,40,499 | 0 |

## 1-5 പദ്ധതി അവലോകനം

(എ)പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 626 | 159,40,42,632 | 437 | 107,11,23,950 | 30 | 159 | 69.80 |

(ബി)പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-12-2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,294/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്. ജില്ല പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ആസ്തിബാധ്യതകൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷിക പദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതല നിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഉൾപ്പെടെ കണക്കാക്കുന്നതിൽ നിലവിലും അക്കൗണ്ടിംഗ് ചട്ടങ്ങൾ പാലിക്കുന്നില്ല. ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. ജില്ല പഞ്ചായത്തിന്റെ നിർജീവ അക്കൗണ്ടുകളിൽ ബാക്കി നിൽക്കുന്ന തനത് ഫണ്ട് അല്ലാത്ത തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഉത്തരവാദിത്തങ്ങൾ വ്യവസ്ഥാപിത രീതിയിൽ നിക്ഷിപ്തമാക്കപ്പെട്ട ഉദ്യോഗസ്ഥർ തദനുസൃതമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താനും കണക്കുകളിലെ വസ്തുതാപരവും ഗണിതപരവുമായ പിഴവുകൾ തിരുത്തി ക്രമപ്പെടുത്തുവാൻ ധന ഇടപാടുകളുടെ ക്രമരാഹിത്യങ്ങൾ പരിശോധിച്ച് നിയന്ത്രിക്കുവാൻ ചുമതലപ്പെട്ട ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ യോഗങ്ങളും അവയുടെ നടപടിക്രമങ്ങൾ, തീരുമാനങ്ങൾ എന്നിവയും പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിന് പ്രാപ്യമാക്കുന്ന വിധത്തിൽ സുതാര്യമാക്കുന്നതിലേക്ക് വേണ്ടി സകർമ്മ സോഫ്റ്റ് വെയർ തയ്യാറാക്കി പ്രസ്തുത സോഫ്റ്റ് വെയർ മുഖേന യോഗനടപടികൾ കൈകാര്യം ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ജില്ലാ പഞ്ചായത്ത് യോഗനടപടികൾ നിലവിൽ സകർമ്മ സോഫ്റ്റ് വെയർ മുഖേന കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങൾ ഇപ്പോഴും സകർമ്മയിലൂടെയല്ലാതെ പരമ്പരാഗത രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. കൂടാതെ ജില്ലാ പഞ്ചായത്ത് യോഗനടപടികളുടെ മിനിട്സ്, തീരുമാന രജിസ്റ്റർ എന്നിവ നിയമപ്രകാരമുള്ള സമയപരിധിക്കകം പൂർത്തീകരിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.

ജില്ലയിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമപദ്ധതികൾ ഉൾപ്പെടെയുള്ള സാമ്പത്തിക വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണസംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ മികച്ച അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ ഫ്രണ്ട് ഓഫീസ് ജില്ല പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിന്റേയും അതിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെയും ധനയിടപാടുകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേനയുള്ള മറ്റു പിരിവുകൾ, ഫാമുകളുടെ വരവുകൾ എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്. അതേ സമയം വിവിധ ഫാമുകൾ ഉൾപ്പെടെ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഇൻവോയ്സുകൾ മുഖേനയും മറ്റും ലഭിക്കേണ്ട വരവുകൾ യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും ആയത് മോണിറ്റർ ചെയ്യേണ്ടതുമായ സംവിധാനത്തിൽ പോരായ്മകൾ നിലനിൽക്കുന്നുണ്ട്. ഇതുമൂലം ഫാമുകൾ മുഖേന ജില്ലാ പഞ്ചായത്തിന് ലഭിക്കേണ്ട ലക്ഷക്കണക്കിന് രൂപ കുടിശ്ശികയാണ്. ജില്ലാ പഞ്ചായത്തിന്റെ പ്രധാന വരുമാന ഉറവിടങ്ങളിൽ ഒന്ന് മിനി വ്യവസായ എസ്റ്റേറ്റുകളിൽ നിന്നുള്ള വാടകയാണ്.

എന്നാൽ ഒഴിഞ്ഞുകിടക്കുന്നതും സംരംഭങ്ങൾ പ്രവർത്തിക്കാത്തതുമായ വ്യവസായ ഷെഡുകൾ കണ്ടെത്തി വാടകയ്ക്ക് നൽകുകയും യഥാസമയം കരാർ പുതുക്കുകയും വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുകയും ചെയ്യാത്തത് മൂലം വ്യവസായ എസ്റ്റേറ്റുകൾക്കുമേൽ ഫലപ്രദമായ നിയന്ത്രണം കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട പദ്ധതി, സബ്സിഡി മാർഗരേഖകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 173-ാം വകുപ്പ് 1-ാം ഉപവകുപ്പ്- ലെ അഞ്ചാം പട്ടികയിൽ ജില്ലാ പഞ്ചായത്തിന്റെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ച് നൽകുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. ഇതുപ്രകാരം വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേന ഏറ്റെടുത്തു നടപ്പാക്കിയ ചില പ്രോജക്ടുകൾ ബന്ധപ്പെട്ട പദ്ധതി, സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുവാദമില്ലാത്തവയാണ്.

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ ഫാമുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ, വാങ്ങൽ നടപടികൾ, വിവിധ പ്രവൃത്തികൾക്കായി താത്കാലിക തൊഴിലാളികളെ നിയോഗിക്കൽ, വൃക്ഷങ്ങൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പരിപാലനം എന്നിവയിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന വിവിധ നടീൽ വസ്തുക്കൾ ഉൽപാദന വേളയിൽ തന്നെ സ്റ്റോക്കിലെടുക്കാതെ വിൽപനയുടെ അടിസ്ഥാനത്തിൽ മാത്രമാണ് സ്റ്റോക്കിൽ ഉൾപ്പെടുത്തുന്നത്. വികസന ഫണ്ടും തനതുഫണ്ടും ഉൾപ്പെടെ വിവിധ പ്രോജക്റ്റുകളിൽപ്പെടുത്തി ഫാമുകൾക്ക് വേണ്ടി ചെലവഴിക്കുന്ന തുകകളും ഫാമുകളിൽ നിന്ന് ലഭിക്കുന്ന വരവും വെളിപ്പെടുത്തുന്ന വാർഷിക വരവുചെലവ് കണക്ക് തയ്യാറാക്കുന്നില്ല.

കേരളാ വാട്ടർ ആതോറിറ്റി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സർക്കാർ വകുപ്പുകൾ/ഏജൻസികൾക്ക് വിവിധ കുടിവെള്ള, ജലസേചന പ്രവൃത്തികൾ, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ഡെപ്പോസിറ്റ് വർക്ക് രീതിയിൽ നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ തുകകൾ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തികളുടെ വിശദമായ ബിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് മോണിറ്ററിംഗ് നടത്തുന്നില്ല. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം മുഖേന മത്സരാധിഷ്ഠിത ഇ-ടെണ്ടർ സാധ്യതകൾ പ്രയോജനപ്പെടുത്താമെന്നിരിക്കെ സാധാരണ സിവിൽ പ്രവൃത്തികൾ ഉൾപ്പെടെ ഡെപ്പോസിറ്റ് വർക്ക് രീതിയിൽ നിർവ്വഹിക്കുന്നതിന് കെ.എസ്.എച്ച്.ബി. പോലുള്ള ഏജൻസികളെ ഏൽപിക്കുക വഴി സെന്റേജ് ചാർജ്ജിനത്തിൽ അധികച്ചെലവ് ഉണ്ടാകുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.11.23 മുതൽ തുടരുന്നു | 01.04.22 മുതൽ 31.03.23 വരെ | ഓഡിറ്റ് പുരോഗമിക്കുന്നു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.04.21 മുതൽ 22.04.21 വരെ | 2019-20 മുതൽ 2020-21 വരെ | 16.08.21 |

## 1-11 വാടക- ഈടാക്കുന്നതിനുള്ള നടപടികളിൽ അപാകതകൾ

ജില്ലാ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സാണ് വാടക. വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും രേഖകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക - ബൈലോ തയ്യാറാക്കിയിട്ടില്ല

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകേണ്ടത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച വ്യവസ്ഥകൾ പ്രകാരമാണ്. വാടക സംബന്ധിച്ച് ബൈലോ പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ല.

2005 ലെ (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടം (7) പ്രകാരം ഒരു പഞ്ചായത്തിന് വ്യാപാരത്തിനുള്ളതായോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ ആവശ്യമുള്ള

പൊതുജനങ്ങൾക്ക് അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും ഈ ആവശ്യത്തിലേക്കായി പഞ്ചായത്ത് ഉണ്ടാക്കിയേക്കാവുന്ന ബൈലോയിലെ വ്യവസ്ഥകൾക്കനുസരണമായി ലൈസൻസിന്മേൽ വാടകയ്ക്കോ പാട്ടത്തിനോ കൊടുക്കാവുന്നതും അവയുടെ ഉപയോഗത്തിനും കൈവശത്തിനും പഞ്ചായത്ത് നിശ്ചയിച്ചേക്കാവുന്ന ഫീസ് ചുമത്തുകയും ചെയ്യാവുന്നതുമാണ് എന്ന് വ്യക്തമാക്കുന്നു. 1995ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം)ചട്ടങ്ങൾ പ്രകാരം ബൈലോ തയ്യാറാക്കേണ്ടതും സർക്കാരിൽ നിന്ന് അംഗീകാരം വാങ്ങി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ലെങ്കിൽ ആയത് തയ്യാറാക്കേണ്ടതും അതിന് അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. മിനി വ്യവസായ എസ്റ്റേ റ്റുകളുടെ വാടക – വൻതുക കുടിശ്ശിക നിൽക്കുന്നു

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള തലവൂർ, പൂയപ്പള്ളി, നിലമേൽ, പിറവന്തൂർ, കരവാളൂർ, കരീപ്ര എന്നിവിടങ്ങളിലെ മിനി വ്യവസായ എസ്റ്റേറ്റുകളിൽ നിന്നും വാടക കൃത്യമായി ഈടാക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡി.സി.ബി & വാടക രജിസ്റ്റർ പ്രകാരമുള്ള വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | മിനി വ്യവസായ എസ്റ്റേറ്റ് | 31.3.2023 ൽ ഈടാക്കാനുള്ള വാടക | | ആകെ |
|---|---|---|---|---|
| | | കുടിശ്ശിക | തൻ വർഷം | |
| 1 | പൂയപ്പള്ളി | 15,89,683 | 1,05,432 | 16,95,115 |
| 2 | നിലമേൽ | 4,64,362 | 69,120 | 5,33,482 |
| 3 | പിറവന്തൂർ | 2,37,176 | 95,730 | 3,32,906 |
| 4 | തലവൂർ | 4,50,881 | 1,09,200 | 5,60,081 |
| 5 | കരവാളൂർ | 61,824 | 1,10,220 | 1,72,044 |
| 6 | കരീപ്ര | - | 69,540 | 69,540 |
| ആകെ | | 28,03,926 | 5,59,242 | 33,63,168 |

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡി.സി.ബി. & വാടക രജിസ്റ്റർ പ്രകാരം 6 വ്യവസായ എസ്റ്റേറ്റുകളിൽ നിന്നായി രൂ-33,63,168/- ഈടാക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ എസ്റ്റേറ്റിലെയും ഷെഡുകളുടെ എണ്ണം, വാടകയ്ക്ക് നൽകിയ ഷെഡുകളുടെ എണ്ണം, അളവ് (സ്ക്വയർ ഫീറ്റിൽ), മാസവാടക, വാർഷിക വർദ്ധനവ്, ഒടുക്ക് വിവരം, കുടിശ്ശിക, ഡെപ്പോസിറ്റ് തുക, കരാർ വിവരം എന്നിവ സംബന്ധിച്ച വിശദവിവരം രേഖപ്പെടുത്തുന്നില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച കുടിശ്ശിക തുകയിൽ ജി.എസ്.ടി., പിഴപ്പലിശ എന്നിവ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള വിവരവും വ്യക്തമല്ല. ടി തുക ജില്ലാ പഞ്ചായത്തിനു ലഭിക്കേണ്ട നിശ്ചിത ശതമാനം തുകയാണോ അതോ ആകെ പിരിഞ്ഞു കിട്ടാനുള്ള തുകയാണോ എന്നത് വ്യക്തമല്ല.

3. വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

വാടക രജിസ്റ്ററിൽ നിന്നും മേൽ എസ്റ്റേറ്റുകളിൽ ജില്ലാപഞ്ചായത്തിന്റേയും, ബ്ലോക്ക് പഞ്ചായത്തിന്റേയും, ഗ്രാമപഞ്ചായത്തിന്റേയും ഉടമസ്ഥതയിലുള്ളത് ഏതൊക്കെയാണെന്നോ അതാത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ വാടക പിരിച്ച് ജില്ലാ പഞ്ചായത്തിന് നൽകേണ്ട നിശ്ചിത ശതമാനം (60%) തുക ജില്ലാ പഞ്ചായത്തിൽ ഒടുക്കുവരുത്തുന്നുണ്ടോയെന്നോ വ്യക്തമായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. തുക ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളവ ഏത് ഷെഡുകളിൽ നിന്നുള്ള വരവാണെന്നോ ഏത് കാലയളവിലെയാണെന്നോ പരിശോധിക്കാനാവുന്ന തരത്തിലല്ല രേഖപ്പെടുത്തിയിരിക്കുന്നത്. വാടക കുടിശ്ശിക എത്രയെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭിച്ചു.ആയതിനാൽ ഓരോ വ്യവസായ എസ്റ്റേറ്റുകളുടെയും വാടക സംബന്ധിച്ച വിശദമായ ഡിമാൻറ്, കളക്ഷൻ, ബാലൻസ് എന്നിവ വ്യക്തമാക്കുന്ന പത്രിക തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. വാടക കുടിശ്ശിക - ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല

പരിശോധനയ്ക്കായി സമർപ്പിച്ച ഡി.സി.ബി.സ്റ്റേറ്റ്മെൻറ് പ്രകാരം മിനി വ്യവസായ എസ്റ്റേറ്റിൽ നിന്നും 31.3.2023 ൽ വാടകയിനത്തിൽ രൂ-33,63,168/-(കുടിശിക രൂ-2803926/-, തൻവർഷം രൂ-559242/-) ഈടാക്കാനുണ്ട്. മൂന്നു മാസത്തിൽ കൂടുതൽ വാടക കുടിശ്ശികയുണ്ടായാൽ കടമുറി മുന്നറിയിപ്പ് കൂടാതെ

തിരിച്ചെടുക്കാമെന്നും റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കാം എന്നുള്ള വ്യവസ്ഥ നിലനിൽക്കെ ഇത്രയും വാടക കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് .

5. കുടിശ്ശിക ഈടാക്കാൻ സ്വീ കരിച്ച നടപടികൾ ലഭ്യമല്ല

1) ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള പൂയപ്പള്ളി മിനി വ്യവസായ എസ്റ്റേറ്റിലെ റൂം നം.8,9,10 എന്നിവ വാടകയ്ക്കെടുത്ത ശ്രീ. സലിലൻ എന്ന വ്യക്തി 3/2013 മുതൽ 3/2023 വരെയുള്ള കാലയളവിൽ വാടക ഇനത്തിൽ രൂ-17,27,296/- (വാടക രൂ-7,26,400 /-, ജി.എസ്.ടി. രൂ-68,545/- , പിഴപലിശ രൂ-9,32,352/-ഒടുക്കുവാനുള്ളതായി പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ടി വ്യക്തിയുമായി ചമച്ച വാടക കരാർ പരിശോധനയ്ക്ക് ഹാജരാക്കാനും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് റൂം നം.8 തിരികെ എടുത്തിട്ടുണ്ടെന്നും കുടിശ്ശിക കണക്കാക്കാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമുള്ള മറുപടി ലഭിച്ചു.

2) തലവൂർ മിനി വ്യവസായ എസ്റ്റേറ്റിലെ ഷെഡ് നം.5 ശ്രീ.പ്രശാന്ത് നായർ എന്ന വ്യക്തി വാടക കുടിശ്ശിക ഒടുക്കാത്തതിനാൽ ഷെഡ് തിരികെ എടുത്ത് ഉത്തരവായെന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയ രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.
ടി വ്യക്തി വാടക ഇനത്തിൽ എത്ര തുക ഒടുക്കാനുണ്ടെന്ന വിവരം ലഭ്യമാക്കേണ്ടതാണ്. ഇനിയും വാടക ഒടുക്കുവാനുണ്ടെങ്കിൽ ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഷെഡ് നം.5 ൽ നിന്നും 2023 മാർച്ച് വരെയുള്ള കുടിശ്ശികയായി 51000/-രൂപ ലഭ്യമാകാനുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)ചടയമംഗലം ബ്ളോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നിലമേൽ വ്യവസായ എസ്റ്റേറ്റിലെ 1 മുതൽ 6 വരെയുള്ള കടമുറികളുടെ വാടകക്കാരനായ ശ്രീ.ആർ.എസ്.ലാൽ 5/2015 മുതൽ 8/2022 വരെയുള്ള വാടക കുടിശ്ശിക രൂ-9,51,888/- അടയ്ക്കാനുണ്ടെന്നും, കുടിശ്ശികയുടെ 25% തുകയായ രൂ-2,37,922/- ഏഴ് ദിവസത്തിനകം അടയ്ക്കാത്തപക്ഷം റവന്യൂ റിക്കവറി സ്വീകരിക്കും എന്ന് സൂചിപ്പിച്ച് വാടകക്കാരന് ചടയമംഗലം ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി 20.10.22 ലെ ബി3-329/16-ാം നം.കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ഒരു ഗഡു പോലും ഒടുക്കിയിട്ടില്ലെന്ന് 16/08/2023 ൽ ടി വ്യക്തിക്ക് വീണ്ടും കത്ത് നൽകിയതിൽ നിന്നും വ്യക്തമാണ്.
ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ടി വ്യക്തി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും രൂ-2,50,000/- ഒടുക്കുന്ന മുറയ്ക്ക് മുറി വിട്ടു നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണെന്നുള്ള മറുപടി ലഭിച്ചു.കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് .

നിലമേൽ വ്യവസായ എസ്റ്റേറ്റിലെ 1 മുതൽ 6 വരെയുള്ള കടമുറികളുടെ 5/2015 മുതൽ 8/2022 വരെയുള്ള വാടക കുടിശ്ശിക രൂ- 9,51,888/- ആണെന്നിരിക്കെ പരിശോധനയ്ക്കായി ലഭ്യമാക്കിയ ഡി.സി.ബി.സ്റ്റേറ്റ്മെൻറ് & വാടക രജിസ്റ്റർ പ്രകാരം നിലമേൽ വ്യവസായ എസ്റ്റേറ്റിന്റെ 03/2023 ലെ കുടിശിശിക രൂ-4,64,362/-എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് .ടി വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് കുടിശ്ശിക തുകയിൽ പിഴപ്പലിശയും ജി.എസ്.ടി.യും ഉൾപ്പെട്ടിട്ടുള്ളതാണെന്ന് എന്ന് മറുപടി നൽകിയെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

6) വാടക കരാർ ചമയ്ക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യോഴിക്കലും) ചട്ടങ്ങൾ 2(1)-ാം ഉപചട്ടപ്രകാരമുള്ള ഓരോ ലൈസൻസും ആ കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും ഫീസിന്റെ നിരക്കും അത് കൊടുക്കേണ്ട സമയവും അതിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതും മേൽപറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിൽ ഉള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതി ഉണ്ടാക്കിയിരിക്കേണ്ടതുമാണ്.

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ മിനി വ്യവസായ കേന്ദ്രങ്ങളിലെ ചുവടെ ചേർക്കുന്ന വാടകക്കാർ വാടക കുടിശ്ശിക അടയ്ക്കുകയോ എഗ്രിമെൻറ് പുതുക്കുകയോ ചെയ്യുന്നില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

| മിനി വ്യവസായ കേന്ദ്രം | റൂം നം. | വാടകക്കാരൻ |
|---|---|---|
| പൂയപ്പള്ളി | 4,7 | രാജീവ് |

| | | |
|---|---|---|
| പൂയപ്പള്ളി | 5 | ഗണേഷ് കുമാർ |
| പൂയപ്പള്ളി | 8,9,10 | സലിലൻ |
| പൂയപ്പള്ളി | 2 | സതീഭായി |
| പൂയപ്പള്ളി | 3,6 | മഹേഷ് |
| നിലമേൽ | 1,2,3,4,5,6 | ആർ. എസ്. ലാൽ |
| നിലമേൽ | 7,8 | അഭിലാഷ് മാധവൻ |
| തലവൂർ | 1 | സബീന മോൾ |

ഇതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് റൂം നം. 5,6 എന്നിവയുടെ വാടക കരാർ 1/04/23 ലും 1/07/23 ലും ഹാജരാക്കി എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.2022-23 സാമ്പത്തിക വർഷത്തിൽ വാടക കരാർ പുതുക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികളും വാടക കുടിശിക വരുത്തിയിട്ടും ഇവരെ തുടരാൻ അനുവദിച്ചതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

7) <u>വാടകക്കാർ കരാർ കൃത്യമായി പുതുക്കുകയോ സംരംഭം ആരംഭിക്കുകയോ ചെയ്തിട്ടില്ല</u>

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ മിനി വ്യവസായ കേന്ദ്രങ്ങളിലെ ചുവടെ ചേർക്കുന്ന വാടകക്കാർ കരാർ കൃത്യമായി പുതുക്കുകയോ സംരംഭം ആരംഭിക്കുകയോ ചെയ്തിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

| മിനി വ്യവസായ കേന്ദ്രം | റൂം നം. | വാടകക്കാരൻ |
|---|---|---|
| തലവൂർ | 8 | വിഷ്ണു ശശി |
| തലവൂർ | 3 | സബീർ |
| തലവൂർ | 2,5 | പ്രശാന്ത് |
| തലവൂർ | 9 | അനൂപ് |
| പിറവന്തൂർ | 4,5 | സിയാദ് |
| കരവാളൂർ | 1,2,3,4,5,6 | രാധാകൃഷ്ണൻ |

ഇതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് റൂം നം. 3,2,5 എന്നീ കടമുറികൾ ഒഴിപ്പിച്ചിട്ടുണ്ടെന്നും 9-ാം നം. കടമുറികൾ വാടക കുടിശ്ശിക ഒടുക്ക് വരുത്തി പുതിയ വാടകക്കാരൻ ഏറ്റെടുത്തിട്ടുണ്ടെന്നുള്ള മറുപടി നൽകിയിട്ടുണ്ടെങ്കിലും. രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

<u>ഓഡിറ്റ് എൻക്വയറി നം. 20/10.10.2023</u>

## 1-12 <u>മുറികളുടെ വാടക - കൃത്യമായി ഈടാക്കുന്നില്ല</u>

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിൽ അനുവദിക്കപ്പെട്ട മുറികളുടെ വാടക വ്യക്തികളിൽ/സംരംഭകരിൽ നിന്നും കൃത്യമായി ഈടാക്കുന്നതായി കാണുന്നില്ല. 2022-23 സാമ്പത്തിക വർഷം ഈടാക്കാനവശേഷിക്കുന്ന വാടകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പരിശോധനയ്ക്ക് ലഭ്യമാക്കിയ വാടക രജിസ്റ്റർ, ഡി.സി.ബി. സ്റ്റേറ്റ്മെന്റ് എന്നിവയിൽ രേഖപ്പെടുത്തിയ തുകകളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

| ക്രമ നം | കെട്ടിടങ്ങൾ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | 31.3.2023 ൽ ഒടുക്കുവാനുള്ള വാടക (രജിസ്റ്റർ പ്രകാരം) | കുടിശ്ശികയുടെ കാലയളവ് | 31.3.2023ൽ ഒടുക്കുവാനുള്ള വാടക (ഡി.സി.ബി. സ്റ്റേറ്റ്മെൻറ് പ്രകാരം) |
|---|---|---|---|---|---|---|
| 1 | ഫ്രണ്ട് ഷോപ്പ് | ഇമ്മാനുവൽ സാവിയോ | - | - | ലഭ്യമല്ല | 91,800 |

| | | | | | | |
|---|---|---|---|---|---|---|
| 2 | കർബല അംബേദ്കർ ട്രെയിനിംഗ് സെന്റർ MC/VIII /1751/991.A | ശ്രീ. എൽ. അനിൽ | 1,500 | 9,750 | 04/2022മുതൽ 03/2023 വരെ | 18,000 |
| 3 | കർബല അംബേദ്കർ ട്രെയിനിംഗ് സെന്റർറൂം നം. 1753/991c | ശ്രീ. റ്റി. സമ്പത്ത് | 1,155 | 13,860 | കുടിശ്ശിക വിവരം വ്യക്തമല്ല | 13,860 |
| 4 | കർബല അംബേദ്കർ ട്രെയിനിംഗ് സെന്റർ MC/VIII /1755/991E | ശ്രീമതി. ആശ | 1,100 | 13,200 | 04/2022 മുതൽ 03/2023 വരെ | 13,200 |
| 5 | കർബല അംബേദ്കർ ട്രെയിനിംഗ് സെന്റർ MC/VIII /1757/991.G | ശ്രീ. റ്റി. സജീവ് | 1,733 | 20,796 | കുടിശ്ശിക വിവരം വ്യക്തമല്ല. | 20,796 |
| 6 | ജില്ലാ വ്യവസായ കേന്ദ്രം ആശ്രാമം | MECFED | 550 | 6,600 | 04/2022 മുതൽ 03/2023 വരെ | 6,600 |

പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്റർ, ഡി.സി.ബി.സ്റ്റേറ്റ്മെൻറ് എന്നിവയിൽ രേഖപ്പെടുത്തിയ തുകകൾ തമ്മിൽ പൊരുത്തമില്ല. വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്നുണ്ടോ എന്ന് വ്യക്തമല്ല . കുടിശ്ശിക തുകകൾ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2) 2022-2023- ലെ വാർഷിക ധനകാര്യപത്രികയോടൊപ്പമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരവും പരിശോധനയ്ക്കായി ഹാജരാക്കിയ ഡി.സി.ബി.സ്റ്റേറ്റ്മെൻറ് പ്രകാരവും വാടക (കെട്ടിടങ്ങൾ) ഇനത്തിൽ രേഖപ്പെടുത്തിയ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വാർഷിക ധനകാര്യപത്രിക പ്രകാരം വാടക | ഡിമാൻറ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| മുൻവർഷം വരെയുള്ളത് | 39,07,342 | 8,93,494 | 29,91,124 |
| തൻവർഷം | 13,36,402 | 5,81,631 | 7,46,297 |

| ഡി.സി.ബി.സ്റ്റേറ്റ്മെൻറ് പ്രകാരം വാടക | ഡിമാൻറ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| മുൻവർഷം വരെയുള്ളത് | 38,99,731 | 9,10,818 | 37,29,810* |
| തൻവർഷം | 13,36,402 | 5,90,105 | |

വാർഷിക ധനകാര്യ പത്രികയോടൊപ്പമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരവും വാടക ഫയലിനൊപ്പം ഹാജരാക്കിയ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരവും വാടക(കെട്ടിടങ്ങൾ) എന്ന ഇനത്തിൽ വ്യത്യസ്ത തുകകൾ രേഖപ്പെടുത്തുവാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. ഗണിതപരമായ കൃത്യത ഇല്ലാത്ത തുകകളാണ് രണ്ട് ഡിസിബി സ്റ്റേറ്റ്മെന്റിലും രേഖപ്പെടുത്തിയിരിക്കുന്നത്. വാടക ഇനത്തിൽ ജില്ലാ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ യഥാസമയം ഒടുക്കാത്തവർക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

* കുടിശ്ശിക മുൻവർഷം വരെയുള്ളതും തൻവർഷത്തേതും വേർതിരിച്ച് കാണിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 21/13.10.2023

## 1-13 ഹാളുകളുടെ വാടക - അപാകതകൾ

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജയൻ മെമ്മോറിയൽ ഹാൾ, എ.പി.ജെ. ഹാൾ, യോഗാ ഹാൾ, വ്യവസായ കേന്ദ്രം കോമ്പൗണ്ട് ഹാൾ, കബഡി ഇൻസ്റ്റിറ്റ്യൂട്ട് (സ്ഥിതി ചെയ്യുന്ന സ്ഥലം രേഖപ്പെടുത്തിയിട്ടില്ല), കല്ലുവാതുക്കൽ എന്നിവയിൽ നിന്നുള്ള വാടക വരവ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) സാംഖ്യയിൽ നിന്നുള്ള ഹെഡ് വൈസ് റിപ്പോർട്ട് പ്രകാരം 2022- 23 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ 5,80,236/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിൽ തൻവർഷത്തെ വരവ് 5,91,500/- രൂപ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2) ഹാൾ ബുക്കിംഗ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഹാൾ ബുക്ക് ചെയ്ത വിവരം, ഉപയോഗിച്ച സമയം, ഏ.സി.യുടെ ഉപയോഗം, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ വിവരം, വാടക ഒടുക്കിയ വിവരം എന്നിവ ലഭ്യമല്ലാത്തതിനാൽ ഈടാക്കിയ വാടകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) 10/06/22ന് നടന്ന ലോക കേരള സഭയുടെ പരിപാടിക്ക് 500/- രൂപയും, 21/06/22 ന് നടന്ന ആയുഷ് മിഷന്റെ പരിപാടിക്ക് 500/- രൂപയും, 04/08/22 ന് നടന്ന ശുചിത്വ മിഷന്റെ പരിപാടിക്ക് 1000/- രൂപയും ക്ളീനിംഗ് ചാർജ് ഇനത്തിൽ വൗച്ചർ നം. 222000528, 30/09/22 പ്രകാരം നൽകിയിട്ടുണ്ട്.
ഈ ദിവസങ്ങളിലേക്ക് ക്ളീനിംഗ് ചാർജ് ഉൾപ്പെടെ വാടക ഈടാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയോടൊപ്പം ആയുഷ് മിഷന്റെ പരിപാടിക്ക് വാടക ഈടാക്കിയതിന്റെ രസീത് വിവരങ്ങൾ ഹാജരാക്കിയത് ബോധ്യപ്പെട്ടു.ലോക കേരള സഭയുടെ പരിപാടിയുടെയും,ശുചിത്വ മിഷൻ പരിപാടിയുടെയും ക്ളീനിംഗ് ചാർജ് ഉൾപ്പെടെ വാടക ഈടാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയത് പരാമർശത്തെ സാധൂകരിക്കുന്ന രേഖകൾ അല്ലാത്തതിനാൽ അംഗീകരിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നം . 49/30.11.2023

## 1-14 സി.റ്റി. സ്കാൻ വരവ് - നിബന്ധനകൾ പാലിക്കപ്പെടുന്നില്ല

കൊല്ലം ജില്ലാ ആശുപത്രിയിൽ സി.റ്റി. സ്കാൻ വരവ് സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന രസീതും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. സി.റ്റി. സ്കാൻ ആവശ്യമായ രോഗികളിൽ ബി.പി.എ.ൽ ഇളവിന് അർഹരായവർ താഴെ പറയുന്ന രേഖകൾ സമർപ്പിക്കാൻ വ്യവസ്ഥയുണ്ട്.

I) രോഗിയുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്

Ii) 15 - 18 പ്രായമുള്ളവർക്ക് എസ്. എസ്. എൽ. സി.സർട്ടിഫിക്കറ്റിന്റെ പകർപ്പ് /സ്കൂൾ ഐഡന്റിറ്റി കാർഡ്

Ii) 15 വയസ്സിൽ താഴെയുള്ള കാർഡിൽ പേരുള്ളവർക്ക് അമ്മയുടെയോ അച്ഛന്റെയോ തിരിച്ചറിയൽ കാർഡ്

Iv) പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പുതിയ ഫോട്ടോ പതിച്ച ബിപിഎൽ റേഷൻ കാർഡ്

എന്നാൽ ഈ നിബന്ധന ഒന്നും തന്നെ പാലിക്കപ്പെടുന്നില്ല. ബി.പി.എ.ൽ ഇളവിന് അർഹരായവർക്കുള്ള തുക റീഫണ്ട് ചെയ്യുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് സ്വീകരിച്ചിട്ടില്ലാത്തതിനാൽ ടി അപേക്ഷകർക്ക് ബി.പി.എൽ. ഇളവിന് അർഹതയുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല .

2.സി.റ്റി. സ്കാൻ പ്രകാരമുള്ള വരവ് രസീതുകളിൽ രോഗിയുടെ പേര്, തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തുന്നത്. മേൽവിലാസം രേഖപ്പെടുത്തുന്നില്ല. ഭൂരിഭാഗം രസീതുകളിലും സി.റ്റി. സ്കാൻ എന്ന് മാത്രം രേഖപ്പെടുത്തുന്നതിനാൽ ഏത് ഭാഗമാണ് സ്കാനിങ്ങിന് വിധേയമാക്കുതെന്നോ അതിന്റെ നിരക്ക് തന്നെയാണോ ഈടാക്കിയതെന്നോ ഉറപ്പാക്കാൻ സാധിക്കുന്നില്ല .

3.31/03/2023, 1/04/2023, 2/04/2023 എന്നീ തീയതികളിലെ കളക്ഷൻ തുകയായ 1,15,600/-രൂപയ്ക്ക് പകരം 3/04/2023 ൽ 1,15,500/- രൂപയാണ് അടവാക്കിയിരിക്കുന്നത്. കളക്ഷൻ തുക മുഴുവനും ഒടുക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 12/25.09.2023

## 1-15 ലേലം രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

1) 2022-23 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള സ്കൂളുകളിൽ നടത്തിയ വിവിധയിനം ലേലങ്ങളുടെ ഫയൽ, ലേലരജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനം & തീയതി | ലേല ഇനം | ലേല തുക |
|---|---|---|---|
| 1 | 9/20.04.2022 | കല്ലുവാതുക്കൽ പഞ്ചായത്തു ഹൈസ്കൂളിലെ ഓട്, പഴയ ഗേറ്റിന്റെ ഭാഗങ്ങൾ | 24,866/-രൂപ |
| 2 | 11/20.04.2022 | പോരുവഴി ജി.എച്ച്.എസ്.എസ്. ലെ അപകടാവസ്ഥയിൽ നിന്ന ഉണങ്ങിയ പ്ലാവ് മരം | 12,956/-രൂപ |
| 3 | 12/13.06.2022 | അഞ്ചൽ ഈസ്റ്റ് ജി.വി.എച്ച്.എസ്.എസ്. ലെ അൺഫിറ്റായ പഴയ കെട്ടിടം | 60,900/-രൂപ |
| 4 | 17/11.8.2022 | ജി.എം.എച്ച്.എസ്.എസ്, വെട്ടിക്കവലയിലെ അൺഫിറ്റായ പഴയ കെട്ടിടം | 29,500/-രൂപ |
| 5 | 4/21.11.2022 | നെടുങ്ങോലം ഗവ.ഹൈസ്കൂളിൽഅൺഫിറ്റായ കെട്ടിടം | 84,697/-രൂപ വാല്യവേഷൻ നിശ്ചയിച്ച കെട്ടിടം 5900/-രൂപ യ്ക്ക് ഉറപ്പിച്ചു. |
| 6 | 7/3.1.2023 | അയ്യൻകോയിക്കൽ ഗവ.എച്.എസ്.എസ് ലെ അൺഫിറ്റായ കെട്ടിടം | 1,77,000/-രൂപ |

ഇതു സംബന്ധിച്ച് ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) തലവൂർ മിനി വ്യവസായ എസ്റ്റേറ്റിലെ ഷെഡ് നം. 5 ശ്രീ. പ്രശാന്ത് നായർ എന്ന വ്യക്തി വാടക കുടിശ്ശിക ഒടുക്കാത്തതിനാൽ ഷെഡ് തിരികെ എടുത്ത് ഉത്തരവായെന്നും ആയതിൽ നിന്നും ലഭ്യമായ പഴയ മെഷിനറികളുടെ ലേലം ഇനത്തിൽ 1,03,000/- രൂപ ലഭിച്ചുവെന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയ രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ലേലം നടത്തിയതിന്റെ ഫയലുകളും തുക ജില്ലാ പഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 ജില്ലാ പൗൾട്രി ഫാം, ആയൂർ- പ്രതിദിന വരവുകൾ ഒടുക്കുന്നതിൽ കാലതാമസം

ജില്ലാ പൗൾട്രി ഫാം, ആയൂരിലെ പ്രതിദിന വരവുകൾ എസ്.ബി.ഐ ആയൂർ ശാഖയിലുള്ള ഫാമിന്റെ അക്കൗണ്ടിൽ (A/c No. 38252487808, IFSC SBIN0017842) അടവാക്കിയ ശേഷം ജില്ലാ പഞ്ചായത്തിന്റെ ( SBI A/c No. 36195058927, IFSC. SBIN0013314) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന രീതിയാണ് തുടർന്ന് വരുന്നത്. ഫാമിൽ പിരിച്ചെടുക്കുന്ന തുകകൾ അതാത് ദിവസം തന്നെയോ തൊട്ടടുത്ത ദിവസമോ ഫാമിന്റെ പേരിലുള്ള എസ്.ബി.ഐ. അക്കൗണ്ടിൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. അതുപോലെ എസ്.ബി.ഐ ആക്കൗണ്ടിൽ ഒടുക്കുന്ന തുകകൾ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് വളരെയധികം കാലതാമസം വരുന്നതായി കാണുന്നു. വരവ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു;

1) അതാത് ദിവസത്തെ വരവുകൾ തൊട്ടടുത്ത പ്രവർത്തി ദിവസം ബാങ്കിൽ അടവാക്കുന്നില്ല.

പണമായി വരവ് വരുന്ന തുകകൾ യഥാസമയം ഒടുക്കു വരുത്താത്തത് താൽക്കാലിക പണാപഹരണമായി ഓഡിറ്റ് വിലയിരുത്തുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | വരവ് തീയതി | ക്യാഷായി ലഭിച്ച വരവ് തുക | ഫാമിന്റെ അക്കൗണ്ടിൽ അടവാക്കിയ തീയതി |
|---|---|---|---|
| 1 | 3/05/23 മുതൽ 5/05/23 വരെ | 21,116/-രൂപ | 5/05/23 |
| 2 | 6/05/23 മുതൽ 7/05/23 വരെ | 32,475/-രൂപ | 8/05/23 |
| 3 | 8/05/23 മുതൽ 10/05/23 വരെ | 2,260/-രൂപ | 11/05/23 |
| 4 | 11/05/23 മുതൽ 14/05/23 വരെ | 46,755/-രൂപ | 15/05/23 |
| 5 | 15/05/23 മുതൽ 17/05/23 വരെ | 11,680/-രൂപ | 18/05/23 |
| 6 | 18/05/23 മുതൽ 21/05/23 വരെ | 72,662/-രൂപ | 22/05/23 |
| 7 | 22/05/23 മുതൽ 24/05/23 വരെ | 15,735/-രൂപ | 25/05/23 |
| 8 | 26/05/23 മുതൽ 28/05/23 വരെ | 41,980/-രൂപ | 29/05/23 |

2. ഫാമിന്റെ അക്കൗണ്ടിൽ നിന്നും ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുമ്പോൾ മുഴുവൻ തുകയും ട്രാൻസ്ഫർ ചെയ്യുന്നില്ല.

3/05/23 മുതൽ 25/05/23 വരെയുള്ള വരവ് തുക 2,47079/-രൂപയാണ്(ക്യാഷായി ലഭിച്ചത് - 2,08933/-രൂപ, ഓൺലൈൻ പേയ്മെന്റ് വഴി അക്കൗണ്ടിലേക്ക് നേരിട്ട് ലഭിച്ചത് 38146/-രൂപ). എന്നാൽ ഫാമിന്റെ അക്കൗണ്ടിൽ നിന്നും 3/05/23 മുതൽ 25/05/23 വരെയുള്ള വരവ് തുകയായി ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ചെക്ക് നം.712402, 26/05/2023 പ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് 2,17,269/-രൂപയാണ്. രൂ-29810/- കുറവായാണ് ഒടുക്കിയിരിക്കുന്നത്. അതേ സമയം ഫാമിന്റെ അക്കൗണ്ടിൽ 26/05/2023ൽ രൂ-11,47,185.15/-നീക്കിയിരിപ്പ് ഉണ്ട്. ഫാമിന്റെ അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ് വരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. അതാത് ദിവസത്തെ വരവുകൾ തൊട്ടടുത്ത പ്രവർത്തി ദിവസം ബാങ്കിൽ അടവാക്കി ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 48/28.11.2023

## 1-17 ദേശീയപാത വികസനം - നഷ്ടപരിഹാര തുക ലഭിച്ചിട്ടില്ല

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്കൂളുകളുടെ സ്ഥലങ്ങൾ ദേശീയപാത വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ടെങ്കിലും ആയതിനുള്ള നഷ്ടപരിഹാര തുക നാളിതുവരെ ലഭിച്ചിട്ടില്ല.

ദേശീയ പാതയോട് ചേർന്നു നിൽക്കുന്ന നീണ്ടകര പുത്തൻതുറ എ.എസ്.എച്ച്.എസ്., ചവറ ശങ്കരമംഗലം ജി..എച്ച്.എസ്., കല്ലുവാതുക്കൽ പഞ്ചായത്ത് എച്ച്.എസ്., ചാത്തന്നൂർ ജി.വി.എച്ച്.എസ്.എസ്. എന്നീ 4 സ്കൂളുകളുടെ സ്ഥലങ്ങൾ ദേശീയപാത വികസനത്തിന് വേണ്ടി ഏറ്റെടുത്തിട്ടുണ്ട്. ഇതിന് നഷ്ടപരിഹാരം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്, പുത്തൻതുറ എ.എസ്.എച്ച്.എസ്. ന് 39,76,142/- രൂപയും, ചവറ ശങ്കരമംഗലം ജി.എച്ച്.എച്ച്.എസ്.-ന് 56,34,478/- രൂപയും നഷ്ടപരിഹാരമായി അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും മറ്റു രണ്ടു സ്കൂളുകൾക്ക് നഷ്ടപരിഹാര തുക അനുവദിച്ച് ഉത്തരവായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

നഷ്ടപരിഹാരം അനുവദിച്ച രണ്ടു സ്കൂളുകളുടെ നഷ്ടപരിഹാര തുക നാളിതുവരെ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

നഷ്ടപരിഹാരതുക അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, രണ്ടു സ്കൂളുകൾക്കായി അനുവദിച്ചിട്ടുള്ള നഷ്ടപരിഹാരതുക (96,10,620/-രൂപ) ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതുമാണ്.

എൻക്വയറി നം. 4/29.07.23.

## 1-18 കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാം - ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത വിവിധ നടീൽ വസ്തുക്കളുടെ വില ലഭിച്ചിട്ടില്ല.

കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമിൽ നിന്നും 2022-23 വർഷം താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത വിവിധ നടീൽ വസ്തുക്കളുടെ വില ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെയും ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു;

| ഇൻവോയിസ് നമ്പർ | തീയതി | ഇനം | എണ്ണം/ അളവ് | കൈപ്പറ്റിയ സ്ഥാപനം | ലഭിക്കാനുള്ള തുക |
|---|---|---|---|---|---|
| 11/2022 | 14.07.2022 | തെങ്ങിൻതൈ (WCT) | 517 എണ്ണം | കൃഷിഭവൻ, കരീപ്ര | 51,700 |
| 12/2022 | 14.07.2022 | തെങ്ങിൻതൈ (WCT) | 770എണ്ണം | കൃഷിഭവൻ, പൂയപ്പള്ളി | 77,000 |
| 13/2022 | 20.07.2022 | തെങ്ങിൻതൈ (WCT) | 1139എണ്ണം | കൃഷിഭവൻ, വെളിയം | 1,13,900 |
| 27/2022 | 20.09.2022 | തെങ്ങിൻതൈ (WCT) | 189 എണ്ണം | കൃഷിഭവൻ, പൂയപ്പള്ളി | 18,900 |
| 17/2022 | 31.08.2022 | ഉമ നെൽവിത്ത് (FSII) | 30 കി.ഗ്രാം | കൃഷിഭവൻ, ചിതറ | 1,200 |
| 48/2022 | 2.11.2022 | മാംഗോ ഗ്രാഫ്റ്റ് | 190 എണ്ണം | കൃഷിഭവൻ, കടയ്ക്കൽ | 3,563 |
| 50/2022 | 2.11.2022 | കുരുമുളക് വള്ളി | 5000 എണ്ണം | കൃഷിഭവൻ, ചിതറ | 40,000 |
| | | | | ആകെ | 3,06,263 |

മേൽ സൂചിപ്പിച്ച ഇൻവോയ്സുകൾ പ്രകാരം ലഭിക്കാനുള്ള 3,06,263/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെ വില യഥാസമയം ഫാമിന് ലഭിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 14/26.9.2023.

## 1-19 കുരിയോട്ടുമല ഹൈടെക് ഡയറി ഫാം - ഇൻവോയ്സുകൾ പ്രകാരം കള്ളിങ്ങിനായി നൽകിയ ആട്, പശു എന്നിവയുടെ വില ലഭിക്കാത്തത് സംബന്ധിച്ച്.

കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിൽ നിന്നും 2022-23 വർഷം താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം കുത്താട്ടുകുളത്തുള്ള മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്ക് കള്ളിങ്ങിനായി നൽകിയ ആട്, പശു എന്നിവയുടെ വില നാളിതുവരെയും ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു;

| ഇൻവോയിസ് നമ്പർ | തീയതി | ഇനം | എണ്ണം | തൂക്കം കി.ഗ്രാം | നിരക്ക് | ലഭിക്കാനുള്ള തുക |
|---|---|---|---|---|---|---|
| 02/22-23 | 24.05.2022 | പശു | 16 | 6900 | 80 | 5,52,000 |
| 03/22-23 | 19.09.2022 | പശു | 15 | 5980 | 80 | 4,78,400 |
| 04/22-23 | 26.10.2022 | ആട് | 21 | 646 | 260 | 1,67,960 |
| 05/22-23 | 26.10.2022 | പശു | 3 | 1514 | 80 | 1,21,120 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | | | | | 13,19,480 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച ഇൻവോയ്സുകൾ പ്രകാരം ലഭിക്കാനുള്ള 13,19,480/- രൂപ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കള്ളിങ്ങിനായി മൃഗങ്ങളെ നൽകിയിട്ട് ഒരു വർഷം കഴിഞ്ഞതിനു ശേഷവും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയിൽ നിന്നും ഫാമിന് ലഭിക്കുവാനുള്ള തുക നൽകിട്ടില്ലായെന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 31/22.11.2023.

1-20 ജില്ലാ പൗൾട്രി ഫാം - ഇൻവോയ്സ് പ്രകാരം നൽകിയ കോഴിയിറച്ചിയുടെ വില ലഭിച്ചിട്ടില്ല.

ആയൂർ ജില്ലാ പൗൾട്രി ഫാമിൽ നിന്നും 2022-23 വർഷം താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം കുത്താട്ടുകുളത്തുള്ള മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്ക് നൽകിയ കോഴിയിറച്ചിയുടെ വില നാളിതുവരെയും ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു;

| ഇൻവോയിസ് നമ്പർ | തീയതി | ഇനം | തൂക്കം കി.ഗ്രാം | നിരക്ക് | ലഭിക്കാനുള്ള തുക |
|---|---|---|---|---|---|
| എ150/22 | 26.10.2022 | കോഴിയിറച്ചി | 2,390 | 90 | 2,15,100 |

മേൽ സൂചിപ്പിച്ച ഇൻവോയ്സ് പ്രകാരം ലഭിക്കാനുള്ള 2,15,100/- രൂപ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കോഴിയിറച്ചി നൽകി ഒരു വർഷത്തിനു ശേഷവും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയിൽ നിന്നും പൗൾട്രിഫാമിന് ലഭിക്കുവാനുള്ള തുക ലഭിച്ചിട്ടില്ലായെന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-21 കുരിയോട്ടുമല ഹൈടെക് ഡയറി ഫാം - പ്രവർത്തന രഹിതമായ കുടുംബശ്രീ പരിശീലന കേന്ദ്രം - അക്കൗണ്ട് ക്ലോസ് ചെയ്യാത്തത് സംബന്ധിച്ച്.

കുരിയോട്ടുമല ഫാമിൽ പ്രവർത്തിച്ചിരുന്ന കുടുംബശ്രീ പരിശീലന കേന്ദ്രത്തിന്റെ പണമിടപാടുകൾക്കായി ഫാം സൂപ്രണ്ടിന്റെ പേരിൽ പത്തനാപുരം സബ് ട്രഷറിയിൽ 799011400004708 നം. എസ്.ടി.എസ്.ബി. അക്കൗണ്ട് നിലവിലുണ്ട്. നിലവിൽ ഫാമിൽ പരിശീലന കേന്ദ്രം പ്രവർത്തിക്കുകയോ ഇത് സംബന്ധിച്ച ഇടപാടുകൾ പ്രസ്തുത അക്കൗണ്ട് മുഖേന നടക്കുകയോ ചെയ്യുന്നില്ല. 10.11.2023-ൽ ഈ അക്കൗണ്ടിൽ 2,94,741/- രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ 2022-23-ൽ ഈ അക്കൗണ്ടിൽ നിന്നും ഫാമിന്റെ ദൈനംദിന ചെലവിനായി പിൻവലിച്ച 2,77,309/- രൂപ തിരികെ റിക്കൂപ്പ് ചെയ്യാനുണ്ട്. കുടുംബശ്രീ പരിശീലന കേന്ദ്രം ആരംഭിച്ചത് സംബന്ധിച്ചും ആയതിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചും വ്യക്തമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഫാം സൂപ്രണ്ടിന്റെ പേരിൽ അക്കൗണ്ട് ആരംഭിച്ചതുമായി ബന്ധപ്പെട്ട കൃത്യമായ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ അക്കൗണ്ടിലെ തുകകളുടെ ഫണ്ടിന്റെ ഉറവിടം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ ടി അക്കൗണ്ടിൽ ആകെയുള്ള 5,72,050/- രൂപയുടെ ഫണ്ടിന്റെ ഉറവിടം കണ്ടെത്തി അക്കൗണ്ട് അവസാനിപ്പിച്ച് നീക്കിയിരിപ്പ് ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 30/22.11.2023.

1-22 സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, കരുനാഗപ്പള്ളി - തെങ്ങിൻതൈയുടെ വില നാളിതുവരെ ലഭിച്ചിട്ടില്ല

കരുനാഗപ്പള്ളിയിലെ സംസ്ഥാന തെങ്ങിൻ തൈ ഉല്പാദന കേന്ദ്രത്തിൽ നിന്നും 2022-23 വർഷം താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത തെങ്ങിൻതൈ (WCT-TxD)യുടെ വില നാളിതുവരെ ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു;

| ഇൻവോയിസ് നമ്പർ | തീയതി | ഇനം | കൈപ്പറ്റിയ സ്ഥാപനം | തുക (രൂപ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 13/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ഓച്ചിറ | 21,000 |
| 14/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ക്ലാപ്പന | 18,500 |
| 15/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, തഴവ | 27,000 |
| 16/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കുലശേഖരപുരം | 1,65,450 |
| 17/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കരുനാഗപ്പള്ളി | 2,52,800 |
| 18/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, തൊടിയൂർ | 1,66,150 |
| 19/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ആലപ്പാട് | 1,15,650 |
| 20/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ചവറ | 1,66,150 |
| 21/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, നീണ്ടകര | 93,900 |
| 22/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, തേവലക്കര | 1,66,150 |
| 23/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പൻമന | 1,66,150 |
| 24/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, തെക്കുംഭാഗം | 93,900 |
| 25/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ഇരവിപുരം | 57,750 |
| 26/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, മയ്യനാട് | 1,66,150 |
| 27/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, വടക്കേവിള | 50,500 |
| 28/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കൊറ്റംകര | 1,51,650 |
| 29/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, തൃക്കോവിൽവട്ടം | 1,66,150 |
| 30/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ഇളമ്പള്ളൂർ | 1,51,650 |
| 31/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കൊല്ലം | 1,37,400 |
| 32/22-23 | 20.07.22 | തെങ്ങിൻതൈ | കൃഷി ഭവൻ, കിളികൊല്ലൂർ | 64,900 |

| | | | | |
|---|---|---|---|---|
| | | (WCT-TxD) | | |
| 33/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ശക്തികുളങ്ങര | 50,500 |
| 34/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ചാത്തന്നൂർ | 1,30,150 |
| 35/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പരവൂർ | 2,31,300 |
| 36/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ചിറക്കര | 1,15,650 |
| 37/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പൂതക്കുളം | 1,30,150 |
| 39/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ആദിച്ചനല്ലൂർ | 1,44,650 |
| 40/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, നെടുമ്പന | 1,66,150 |
| 41/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, മൺറോതുരുത്ത് | 93,900 |
| 42/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കിഴക്കേകല്ലട | 1,08,400 |
| 43/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പേരയം | 1,01,150 |
| 44/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പനയം | 1,15,650 |
| 47/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കുണ്ടറ | 1,01,150 |
| 48/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പെരിനാട് | 1,44,650 |
| 49/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ശാസ്താംകോട്ട | 1,37,400 |
| 50/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, മൈനാഗപ്പള്ളി | 1,58,900 |
| 51/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പടിഞ്ഞാറേകല്ലട | 1,01,150 |
| 52/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ശൂരനാട് വടക്ക് | 1,30,150 |
| 53/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ശൂരനാട് തെക്ക് | 1,15,650 |
| 54/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പോരുവഴി | 1,30,150 |

| | | | | |
|---|---|---|---|---|
| 55/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കുന്നത്തൂർ | 1,22,900 |
| 56/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പൂയപ്പള്ളി | 19,750 |
| 58/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, നെടുവത്തൂർ | 22,250 |
| 59/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, എഴുകോൺ | 19,750 |
| 60/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കരീപ്ര | 22,250 |
| 61/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, വെളിയം | 23,500 |
| 62/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, മേലില | 1,08,400 |
| 63/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, വെട്ടിക്കവല | 1,51,650 |
| 64/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ഉമ്മന്നൂർ | 1,44,650 |
| 65/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, മൈലം | 64,850 |
| 66/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കുളക്കട | 23,500 |
| 67/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പവിത്രേശ്വരം | 23,500 |
| 68/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ,ചടയമംഗലം | 1,08,400 |
| 69/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, നിലമേൽ | 93,900 |
| 70/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ഇളമാട് | 1,22,900 |
| 71/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, വെളിനല്ലൂർ | 1,22,900 |
| 72/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ഇട്ടിവ | 1,51,650 |
| 73/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ചിതറ | 1,66,150 |
| 74/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കടയ്ക്കൽ | 1,37,400 |
| 75/22-23 | 20.07.22 | തെങ്ങിൻതൈ | കൃഷി ഭവൻ, കുമ്മിൾ | 1,01,150 |

| | | | | |
|---|---|---|---|---|
| | | (WCT-TxD) | | |
| 76/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, അഞ്ചൽ | 23,500 |
| 77/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, അലയമൺ | 17,250 |
| 78/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ഏരൂർ | 23,500 |
| 79/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കുളത്തൂപ്പുഴ | 24,750 |
| 80/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, തെൻമല | 27,000 |
| 81/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ഇടമുളയ്ക്കൽ | 19,750 |
| 82/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, കരവാളൂർ | 19,750 |
| 83/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, ആര്യൻകാവ് | 16,000 |
| 84/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പുനലൂർ | 18,500 |
| 85/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, വിളക്കുടി | 24,750 |
| 86/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, തലവൂർ | 24,750 |
| 87/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പട്ടാഴി വടക്ക് | 16,000 |
| 88/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പട്ടാഴി തെക്ക് | 16,000 |
| 89/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പത്തനാപുരം | 23,500 |
| 90/22-23 | 20.07.22 | തെങ്ങിൻതൈ (WCT-TxD) | കൃഷി ഭവൻ, പിറവന്തൂർ | 25,750 |
| | | | | ആകെ 12,05,850/- രൂപ |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ഇൻവോയ്സുകൾ പ്രകാരം ലഭിക്കാനുള്ള 12,05,850/- രൂപയുടെ വരവ് വിവരങ്ങൾ രേഖാമൂലം ബോദ്ധ്യപ്പെടുത്തേണ്ടതാണ്. വില്പന നടത്തി ഒരു വർഷത്തിന ശേഷവും ഫാമിന് ലഭിക്കേണ്ട തുകകൾ വിവിധ കൃഷിഭവനുകൾ നൽകിയിട്ടില്ല എന്നത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 55 /7.12.2023

## 1-23 ജില്ലാ കൃഷിത്തോട്ടം, അഞ്ചൽ - ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്യുന്ന ഇനങ്ങളുടെ വില ലഭിക്കാത്തത്.

2022-23 വർഷം അഞ്ചൽ ജില്ലാ കൃഷി ഫാമിൽ നിന്നും താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വില നാളിതുവരെയും ലഭിച്ചിട്ടില്ല.

| ഇൻവോയ്സ് നമ്പർ | തീയതി | ഇനം | കൈപ്പറ്റിയ സ്ഥാപനം | തുക(രൂപ) |
|---|---|---|---|---|
| 1/22-23 | 21.05.22 | പച്ചക്കറി വിത്ത് | DAF, കഴക്കൂട്ടം | 1,100 |
| 2/22-23 | 1.06.22 | വെജിറ്റബിൾ സീഡ് പാക്കറ്റ് | DD, IWDMK, ചടയമംഗലം | 2000 |
| 5/22-23 | 20.06.22 | വെജിറ്റബിൾ സീഡ് പാക്കറ്റ് | ADA, അഞ്ചൽ | 1,00,000 |
| 15/22-23 | 12.07.22 | പച്ചക്കറി വിത്ത് | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, കരുനാഗപ്പള്ളി | 540 |
| 16/22-23 | 12.07.22 | പച്ചക്കറി വിത്ത് | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കൊട്ടാരക്കര | 600 |
| 17/22-23 | 14.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, ഇടമുളയ്ക്കൽ | 35,20വാടക0 |
| 18/22-23 | 16.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, വിളക്കുടി | 17,600 |
| 19/22-23 | 16.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, പട്ടാഴി തെക്ക് | 17,600 |
| 20/22-23 | 16.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, പത്തനാപുരം | 17,600 |
| 21/22-23 | 16.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, പട്ടാഴി വടക്ക് | 17,600 |
| 22/22-23 | 16.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, പുനലൂർ | 17,600 |
| 23/22-23 | 16.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, തലവൂർ | 17,600 |
| 24/22-23 | 16.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, പിറവന്തൂർ | 17,600 |
| 26/22-23 | 18.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, തെൻമല | 35,200 |
| 27/22-23 | 19.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, ആര്യങ്കാവ് | 35,200 |
| 28/22-23 | 19.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, കുളത്തൂപ്പുഴ | 35,200 |
| 30/22-23 | 20.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, ഏരൂർ | 35,200 |
| 31/22-23 | 21.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, കൃഷിഭവൻ, അലയമൺ | 35,200 |
| 32/22-23 | 22.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ, | 17,600 |

| | | | | |
|---|---|---|---|---|
| | | | കൃഷിഭവൻ, കൊട്ടാരക്കര | |
| 33/22-23 | 22.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ,<br>കൃഷിഭവൻ, നെടുവത്തൂർ | 35,200 |
| 34/22-23 | 22.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ,<br>കൃഷിഭവൻ, എഴുകോൺ | 35,200 |
| 35/22-23 | 22.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ,<br>കൃഷിഭവൻ, വെളിയം | 35,200 |
| 36/22-23 | 22.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ,<br>കൃഷിഭവൻ, പൂയപ്പള്ളി | 35,200 |
| 37/22-23 | 22.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ,<br>കൃഷിഭവൻ, കരീപ്ര | 35,200 |
| 38/22-23 | 22.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ,<br>കൃഷിഭവൻ, കരവാളൂർ | 17,600 |
| 39/22-23 | 22.07.22 | കുരുമുളക് വള്ളി | കൃഷി ഓഫീസർ,<br>കൃഷിഭവൻ, അഞ്ചൽ | 35,200 |
| 51/22-23 | 03.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, കരവാളൂർ | 95,900 |
| 52/22-23 | 03.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, പുനലൂർ | 89,900 |
| 53/22-23 | 04.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, അലയമൺ | 83,900 |
| 54/22-23 | 04.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, ആര്യൻകാവ് | 77,900 |
| 55/22-23 | 04.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, ഇടമുളയ്ക്കൽ | 1,31,900 |
| 56/22-23 | 04.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, കുളത്തുപ്പുഴ | 1,19,900 |
| 58/22-23 | 05.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, ഏരൂർ | 1,13,900 |
| 59/22-23 | 05.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, അഞ്ചൽ | 1,13,900 |
| 60/22-23 | 06.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, കുളക്കട | 1,13,900 |
| 61/22-23 | 08.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, മൈലം | 79,800 |
| 62/22-23 | 08.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, വിളക്കുടി | 69,300 |
| 63/22-23 | 10.08.22 | WCTതെങ്ങിൻതൈ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, പവിത്രേശ്വരം | 1,13,900 |

| | | | | |
|---|---|---|---|---|
| 65/22-23 | 12.08.22 | പച്ചക്കറി വിത്ത് | സീനിയർ കൃഷി ഓഫീസർ,സ്റ്റേറ്റ് സീഡ് ഫാം, കൊട്ടാരക്കര | 1,080 |
| 80/22-23 | 31.08.22 | തേങ്ങ | സീനിയർ കൃഷി ഓഫീസർ,സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, കരുനാഗപ്പള്ളി | 89,376 |
| 86/22-23 | 12.09.22 | കാഷ്യൂ ഗ്രാഫ്റ്റ് | കൃഷി ഓഫീസർകൃഷി ഭവൻ, പൻമന | 800 |
| 93/22-23 | 28.09.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | കൃഷി ഓഫീസർകൃഷി ഭവൻ, ഇരവിപുരം | 10,000 |
| 94/22-23 | 28.09.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, കൊല്ലം | 10,000 |
| 97/22-23 | 1.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, ശക്തികുളങ്ങര | 10,000 |
| 98/22-23 | 1.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, വടക്കേവിള | 10,000 |
| 99/22-23 | 1.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, കിളികൊല്ലൂർ | 10,000 |
| 100/22-23 | 1.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | കൃഷി ഓഫീസർ<br>കൃഷി ഭവൻ, കൊല്ലം | 10,000 |
| 101/22-23 | 1.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, ഇരവിപുരം | 10,000 |
| 102/22-23 | 1.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, മയ്യനാട് | 10,000 |
| 103/22-23 | 1.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, ഇളമ്പള്ളൂർ | 10,000 |
| 104/22-23 | 1.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, കൊറ്റംകര | 10,000 |
| 105/22-23 | 1.11.22 | കാഷ്യൂ ഗ്രാഫ്റ്റ്, വെർമി കംപോസ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, കൊറ്റംകര | 1,216 |
| 106/22-23 | 1.11.22 | കാഷ്യൂ ഗ്രാഫ്റ്റ്, വെർമി കംപോസ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, ഇളമ്പള്ളൂർ | 1,216 |
| 107/22-23 | 1.11.22 | കാഷ്യൂ ഗ്രാഫ്റ്റ്, വെർമി കംപോസ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, തൃക്കോവിൽവട്ടം | 1,216 |
| 108/22-23 | 1.11.22 | കാഷ്യൂ ഗ്രാഫ്റ്റ്, വെർമി കംപോസ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, കിളികൊല്ലൂർ | 1,176 |
| 109/22-23 | 1.11.22 | കാഷ്യൂ ഗ്രാഫ്റ്റ്, വെർമി കംപോസ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, വടക്കേവിള | 1,176 |
| 110/22-23 | 2.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | ADA, ഓച്ചിറ | 70,000 |
| 112/22-23 | 10.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | ADA, ശാസ്താംകോട്ട | 90,000 |
| 113/22-23 | 17.11.22 | മാംഗോ ഗ്രാഫ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, അഞ്ചൽ | 5,000 |
| 114/22-23 | 17.11.22 | മാംഗോ ഗ്രാഫ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, കുളത്തൂപ്പുഴ | 5,000 |

| | | | | |
|---|---|---|---|---|
| 115/22-23 | 17.11.22 | ജാക് ഗ്രാഫ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, ഇടമുളയ്ക്കൽ | 6,000 |
| 116/22-23 | 17.11.22 | ജാക് ഗ്രാഫ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, കുളത്തൂപ്പുഴ | 6,000 |
| 118/22-23 | 19.11.22 | വെജിറ്റബിൾ സീഡ് പായ്ക്കറ്റ് | ADA, പുനലൂർ | 90,000 |
| 119/22-23 | 19.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, പട്ടാഴി വടക്ക് | 10,000 |
| 120/22-23 | 19.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, തലവൂർ | 10,000 |
| 121/22-23 | 19.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, വിളക്കുടി | 10,000 |
| 122/22-23 | 19.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, പത്തനാപുരം | 10,000 |
| 123/22-23 | 19.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, പിറവന്തൂർ | 7,500 |
| 124/22-23 | 19.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, , കൃഷി ഭവൻ, പുനലൂർ | 5,000 |
| 125/22-23 | 19.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, പട്ടാഴി തെക്ക് | 10,000 |
| 131/22-23 | 23.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, അഞ്ചൽ | 9,375 |
| 132/22-23 | 23.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, അലയമൺ | 9,375 |
| 133/22-23 | 23.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, ഏരൂർ | 9,375 |
| 134/22-23 | 23.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, ഇടമുളയ്ക്കൽ | 9,375 |
| 135/22-23 | 23.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, കരവാളൂർ | 9,375 |
| 136/22-23 | 23.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, കുളത്തൂപ്പുഴ | 9,375 |
| 137/22-23 | 23.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, തെൻമല | 9,375 |
| 138/22-23 | 23.11.22 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, ആര്യൻകാവ് | 9,375 |
| 154/22-23 | 17.12.22 | പാഷൻ ഫ്രൂട്ട് തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, ഇടമുളയ്ക്കൽ | 3,024 |
| 155/22-23 | 17.12.22 | കാഷ്യൂ ഗ്രാഫ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, ആര്യൻകാവ് | 3,200 |
| 156/22-23 | 17.12.22 | കാഷ്യൂ ഗ്രാഫ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, തെൻമല | 2,400 |
| 157/22-23 | 17.12.22 | കാഷ്യൂ ഗ്രാഫ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, അലയമൺ | 1,600 |

| | | | | |
|---|---|---|---|---|
| 158/22-23 | 17.12.22 | കാഷ്യൂ ഗ്രാഫ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, കരവാളൂർ | 800 |
| 159/22-23 | 21.12.22 | കാഷ്യൂ ഗ്രാഫ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, ആര്യൻകാവ് | 52,000 |
| 165/22-23 | 17.1.23 | ഗാർസിനിയ ഗ്രാഫ്റ്റ് | സീനിയർമാനേജർ, ഓയിൽ പാം ഇൻഡ്യ ലിമി., ഏരൂർ | 15,900 |
| 166/22-23 | 17.1.23 | കാഷ്യൂ ഗ്രാഫ്റ്റ്, വെർമി കമ്പോസ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, പിറവന്തൂർ | 6,000 |
| 167/22-23 | 17.1.23 | കാഷ്യൂ ഗ്രാഫ്റ്റ്, വെർമി കമ്പോസ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, പട്ടാഴി വടക്ക് | 12,000 |
| 168/22-23 | 17.1.23 | കാഷ്യൂ ഗ്രാഫ്റ്റ്, വെർമി കമ്പോസ്റ്റ് | കൃഷി ഓഫീസർ, കൃഷി ഭവൻ, പുനലൂർ | 4,800 |
| 170/22-23 | 18.1.23 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, ആദിച്ചനല്ലൂർ | 9,750 |
| 171/22-23 | 18.1.23 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, ചിറക്കര | 9,750 |
| 172/22-23 | 19.1.23 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, ചാത്തന്നൂർ | 9,750 |
| 173/22-23 | 19.1.23 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, കല്ലുവാതുക്കൽ | 9,750 |
| 174/22-23 | 19.1.23 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, നെടുമ്പന | 10,875 |
| 175/22-23 | 19.1.23 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, പരവൂർ | 9,750 |
| 176/22-23 | 19.1.23 | പച്ചക്കറി തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, പൂതക്കുളം | 9,750 |
| 178/22-23 | 28.1.23 | തെങ്ങിൻ തൈകൾ | കൃഷി ഓഫീസർ, കൃഷി ഭവൻ, ഇരവിപുരം | 35,000 |
| | | | ആകെ | 18,94,595 /- |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ഇൻവോയ്സുകൾ പ്രകാരം ലഭിക്കാനുള്ള 18,94,595 /- രൂപയുടെ വരവ് വിവരങ്ങൾ രേഖാമൂലം ബോധ്യപ്പെടുത്തേണ്ടതാണ്. വില്പന നടത്തി ഒരു വർഷത്തിനു ശേഷവും ഫാമിന് ലഭിക്കേണ്ട തുക നൽകിയിട്ടില്ല എന്നത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 56/7.12.2023

## 1-24 കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്ന് നിറയ്ക്കൽ - ഉയർന്ന നിരക്ക് നൽകി.

പ്രോജക്റ്റ് നം. : 615/23

പേര് : ആലപ്പാട് അഴീക്കൽ ഗവ. എച്ച്.എസ്.എസ്. മെയിന്റനൻസ്

നിർവ്വഹണോദ്യോഗസ്ഥൻ: അസി. എക്സി. എഞ്ചിനീയർ

അടങ്കൽ : 12,00,000/-

ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

സാങ്കേതികാനുമതി: നം. 15783/2022/10.8.2022

കരാറുകാരൻ: ശ്രീ. നിയാസ്

ക്വോട്ട് ചെയ്ത തുക: 8,42,082/- രൂപ (9.6%കുറവ്)

കരാർ നം. : 39/DEE/22-23/22.10.2022

ചെലവ് : 9,31,726/-

ബിൽ നം. : 56/22-23/30.3.2023

ടി പ്രോജക്ട് പ്രകാരം അഴീക്കൽ ഗവ. എച്ച്.എസ്.എസ്. മെയിന്റനൻസിന്റെ ഭാഗമായി എസ്റ്റിമേറ്റിലെ ഇനം നം. 25 പ്രകാരം കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്ന് നിറയ്ക്കുന്ന പ്രവൃത്തി 165.738 ക്യൂബിക് മീറ്റർ ചെയ്തിട്ടുണ്ട്. ഈയിനത്തിൽ ക്യൂബിക് മീറ്ററിന് 535.72/- രൂപ നിരക്കിൽ (ഡി.എസ്.ആർ.കോഡ് 50.2.25.1, കോസ്റ്റ് ഇൻഡക്സ്- 138.14) കരാറുകാരൻ ക്വോട്ട് ചെയ്ത 506/- രൂപയിൽ നിജപ്പെടുത്തി 165.738 ക്യൂബിക് മീറ്റർ മണ്ണിന് 83,863/- രൂപ നൽകിയിട്ടുണ്ട് (ഇ-എം.ബുക്ക് ഇനം നം. 21). ഇടുങ്ങിയ കുഴികൾ, ഫൗണ്ടേഷന്റെ വശങ്ങൾ എന്നിവിടങ്ങളിൽ മണ്ണ് നിറയ്ക്കുന്നതിന് നൽകേണ്ട ഉയർന്ന നിരക്കാണ് ഇവിടെ നൽകിയിരിക്കുന്നത്. എന്നാൽ സ്കൂളിന്റെ താഴ്ന്ന് കിടക്കുന്ന ഗ്രൗണ്ട് ഏകദേശം 50 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും മണ്ണിട്ട് ഉയർത്തുന്നതിന് വേണ്ടിയുള്ള മണ്ണ് നിറയ്ക്കലാണ് നടത്തിയിട്ടുള്ളത്. ഇതിന് അനുവദനീയമായത് ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലിന് ഡി.എസ്.ആർ.കോഡ് 50.2.26.1 പ്രകാരമുള്ള ക്യൂബിക് മീറ്ററിന് 301.08/- എന്ന നിരക്കാണ്.

ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

അനുവദിച്ച് നൽകിയ തുക : 165.738x506= 83,863/-

അനുവദനീയമായ നിരക്ക് :272.18 (ക്വോട്ട് ചെയ്ത 9.6% കുറവ് നിരക്കിൽ നിജപ്പെടുത്തിയത്)

അനുവദനീയമായ തുക : 165.738x272.18 = 45,111/-

അധികം നൽകിയത് : 38,752/-

ഉയർന്ന നിരക്ക് നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 38,752/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 24/3.11.2023.

## 1-25 ഗൃഹശ്രീ-വനിതകൾക്ക് വീടുകൾ കേന്ദ്രീകരിച്ച് സംരംഭങ്ങൾ- സംരംഭങ്ങൾ ആരംഭിച്ചതിന് രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നം: 187/23

പേര് : ഗൃഹശ്രീ- വനിതകൾക്ക് വീടുകൾ കേന്ദ്രീകരിച്ച് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

നിർവ്വഹണോദ്യോഗസ്ഥൻ : ജില്ല വ്യവസായ കേന്ദ്രം മാനേജർ

അടങ്കൽ : 24,68296/-

ഫണ്ടിനം: വികസനഫണ്ട്(പൊതുവിഭാഗം)

ചെലവ് : 16,58635/-

വനിതകൾക്ക് വീടുകൾ കേന്ദ്രീകരിച്ച് സൂക്ഷ്മ, അതിസൂക്ഷ്മ ഉത്പാദന, സേവന സംരംഭങ്ങൾ നടത്തുന്നതിന് ധനസഹായം നൽകുന്ന ഈ നൂതന പ്രോജക്ട് പ്രകാരം ബി.പി.എൽ. വിഭാഗത്തിൽപെട്ടവർക്ക് പദ്ധതി തുകയുടെ 75% (പരമാവധി 75,000/- രൂപ) ഉം എ.പി.എൽ. വിഭാഗത്തിൽപെട്ടവർക്ക് പദ്ധതി തുകയുടെ 50% ഉം (പരമാവധി 50,000/- രൂപ) സബ്സിഡിയായി നൽകുന്നു. പദ്ധതിക്കായി ബാങ്ക് വായ്പ വേണ്ടിവരുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ ബാങ്കിന്റെ വായ്പാ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ബാങ്ക് മുഖേന അനുവദിക്കുന്നു. ബാങ്കിൽനിന്നുള്ള വായ്പാ അനുമതി പത്രം ലഭ്യമാകുന്ന മുറയ്ക്ക് ആനുപാതികമായ സബ്സിഡി ബാങ്കിലേക്ക് അനുവദിക്കുകയും ആയത് ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിൽ സൂക്ഷിക്കുന്നതുമാണ്. സംരംഭം പ്രവർത്തനം ആരംഭിച്ച ശേഷം പദ്ധതി പ്രകാരം വിവിധ മെഷിനറികൾ/ഉപകരണങ്ങൾ/അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക നൽകിയതിന്റെ വിവരങ്ങൾ, വൗച്ചറുകൾ/ബില്ലുകളുടെ ബാങ്ക് സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബാങ്കിന്റെ ശുപാർശ എന്നിവ സമർപ്പിക്കുന്ന മുറയ്ക്ക് നിർവ്വഹണോദ്യോഗസ്ഥന്റെ അനുമതിക്ക് വിധേയമായി സബ്സിഡി തുക സംരംഭകരുടെ വായ്പയിലേക്ക് ഉൾപ്പെടുത്തുന്നതാണ്.

ടി പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പാ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ അർഹമായ സബ്സിഡി ബന്ധപ്പെട്ട ബാങ്കിന്റെ സബ്സിഡി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും മേൽ സൂചിപ്പിച്ച പ്രകാരം സംരംഭം പ്രവർത്തനം ആരംഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ സബ്സിഡി തുക നാളിതുവരെ അവരുടെ ബാങ്ക് വായ്പയിലേക്ക്

ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | ഗുണഭോക്താവിന്റെ പേരുവിവരം | സംരംഭം | നൽകിയ സബ്സിഡി | സബ്സിഡി അക്കൗണ്ട് നം. /ബാങ്ക് | ബിൽ നം./തീയതി |
|---|---|---|---|---|---|
| 1. | ശ്രീമതി സരസ്വതി, താഴം, കിഴക്കേകല്ലട. | റെഡിമെയ്ഡ് ഗാർമെൻസ് യൂണിറ്റ് | 72,500 | 37608339224/സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 19/22-23/ 31.3.2023 |
| 2. | ശ്രീമതി ജെസ്സി റോൾഡൻ, നീണ്ടകര | ബ്യൂട്ടി പാർലർ | 50,000 | 12640051030004/ഫെഡറൽ ബാങ്ക് | 1/22-23/ 16.7.2022 |
| 3. | ശ്രീമതി രഞ്ജിനി.യു, തലവൂർ | കറി പൗഡർ യൂണിറ്റ് | 75,000 | 98741008395/ഇൻഡ്യൻ ബാങ്ക് | 1/22-23/ 16.7.2022 |
| 4. | ശ്രീമതി സൂസന്ന യോഹന്നാൻ, തലവൂർ | കറി പൗഡർ യൂണിറ്റ് | 75,000 | 98741008395/ഇൻഡ്യൻ ബാങ്ക് | 1/22-23/ 16.7.2022 |
| 5. | ശ്രീമതി രാധാമണിയമ്മ പെരിനാട് | കരകൗശല ഉല്പന്ന നിർമ്മാണ യൂണിറ്റ് | 50,000 | 06190113301010/ഇൻഡ്യൻ ഓവർസീസ് ബാങ്ക് | 1/22-23/ 16.7.2022 |
| 6. | ശ്രീമതി രാജശ്രീ, പെരിനാട് | കരകൗശല ഉല്പന്ന നിർമ്മാണ യൂണിറ്റ് | 50,000 | 06190113301010/ഇൻഡ്യൻ ഓവർസീസ് ബാങ്ക് | 1/22-23/ 16.7.2022 |
| 7. | ശ്രീമതി മഹേശ്വരി, കല്ലുവാതുക്കൽ | ടെയ് ലറിംഗ് യൂണിറ്റ് | 75,000 | 37608336518/സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 1/22-23/ 16.7.2022 |
| | ആകെ | | 4,47,500 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ടി ഗുണഭോക്താക്കൾ സംരംഭം പ്രവർത്തനം ആരംഭിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന്റേയും സബ്സിഡി തുക ടി ഗുണഭോക്താക്കളുടെ വായ്പാ അക്കൗണ്ടിൽ ക്രമീകരിച്ചതിന്റേയും രേഖകൾ ഹാജരാക്കിയിട്ടില്ല. അതുകൊണ്ട് സബ്സിഡിയിനത്തിൽ നൽകിയ 4,47,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 10/10.8.23.

## 1-26 സ്വയംപ്രഭ- വനിതാ ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം- സംരംഭങ്ങൾ ആരംഭിച്ചതിന് രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നം: 186/23(സ്പിൽ ഓവർ)
പേര് : സ്വയംപ്രഭ- വനിതാ ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം
നിർവ്വഹണോദ്യോഗസ്ഥൻ : ജില്ല വ്യവസായ കേന്ദ്രം മാനേജർ
അടങ്കൽ : 12,95,599/-
ഫണ്ടിനം: വികസനഫണ്ട്(പൊതുവിഭാഗം)
ചെലവ് : 9,50,000/-
ബിൽ നം: 16/22-23/31.32023

കുറഞ്ഞത് 3 വനിതകൾ അടങ്ങിയ ഗ്രൂപ്പിന് ഉൽപാദന, സേവന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള നൂതന പ്രോജക്ടാണിത്. ബി.പി.എൽ. വിഭാഗത്തിൽപെട്ട ഗ്രൂപ്പിന് പദ്ധതി തുകയുടെ 75% (പരമാവധി 2,00,000/- രൂപ) ഉം എ.പി.എൽ. വിഭാഗത്തിൽപെട്ട ഗ്രൂപ്പിന് പദ്ധതി തുകയുടെ 50% ഉം (പരമാവധി 1,50,000/- രൂപ) സബ്സിഡിയായി നൽകുന്നു. പദ്ധതിക്കായി ബാങ്ക് വായ്പ വേണ്ടിവരുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ ബാങ്കിന്റെ വായ്പാ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ബാങ്ക് മുഖേന

അനുവദിക്കുന്നു. ബാങ്കിൽനിന്നുള്ള വായ്പാ അനുമതി പത്രം ലഭ്യമാകുന്ന മുറയ്ക്ക് ആനുപാതികമായ സബ്സിഡി ബാങ്കിലേക്ക് അനുവദിക്കുകയും ആയത് ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിൽ സൂക്ഷിക്കുന്നതുമാണ്. സംരംഭം പ്രവർത്തനം ആരംഭിച്ച ശേഷം പദ്ധതി പ്രകാരം വിവിധ മെഷിനറികൾ/ഉപകരണങ്ങൾ/അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക നൽകിയതിന്റെ വിവരങ്ങൾ, വൗച്ചറുകൾ/ബില്ലുകളുടെ ബാങ്ക് സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബാങ്കിന്റെ ശുപാർശ എന്നിവ സമർപ്പിക്കുന്ന മുറയ്ക്ക് നിർവ്വഹണോദ്യോഗസ്ഥന്റെ അനുമതിക്ക് വിധേയമായി സബ്സിഡി തുക സംരംഭകരുടെ വായ്പയിലേക്ക് ഉൾപ്പെടുത്തുന്നതാണ്.

ടി പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഗ്രൂപ്പുകൾക്ക് വേണ്ടി ബാങ്ക് വായ്പാ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബാങ്കിന്റെ സബ്സിഡി അക്കൗണ്ടിലേക്ക് തൻവർഷം സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗ്രൂപ്പുകൾ മേൽ സൂചിപ്പിച്ച പ്രകാരം സംരംഭം പ്രവർത്തനം ആരംഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ സബ്സിഡി തുക നാളിതുവരെ ഗ്രൂപ്പിന്റെ ബാങ്ക് വായ്പയിലേക്ക് ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഗ്രൂപ്പിന്റെ പേര് | കരാർ തീയതി | ബാങ്ക്/സബ്സിഡി അക്കൗണ്ട് നം. | നൽകിയ സബ്സിഡി | റിമാർക്സ് |
|---|---|---|---|---|---|
| 1. | ഒരുമ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, ആദിച്ചനല്ലൂർ | 24.3.2023 | കാനറ ബാങ്ക് 209272441 | 1,50,000 | |
| 2. | ശ്രീ വിനായകാ പീലിംഗ് യൂണിറ്റ്, ആലപ്പാട് | 25.3.2023 | കേരളാ ബാങ്ക് 80022200509601 | 1,50,000 | |
| 3. | തേജസ് കാറ്ററിംഗ് യൂണിറ്റ്, ചിതറ | 23.3.2023 | ഇൻഡ്യൻ ബാങ്ക് 98741007426 | 1,50,000 | |
| 4. | ബിസ്മില്ലാ സ്റ്റിച്ചിംഗ് യൂണിറ്റ്, ചടയമംഗലം | 25.3.2023 | ഇൻഡ്യൻ ബാങ്ക് 98741008533 | 1,50,000 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ക്രമ നം. 2 മുതൽ 4 വരെയുള്ള ഗുണഭോക്താക്കൾ സംരംഭം പ്രവർത്തനം ആരംഭിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന്റേയും സബ്സിഡി തുക ടി ഗുണഭോക്താക്കളുടെ വായ്പാ അക്കൗണ്ടിൽ ക്രമീകരിച്ചതിന്റേയും രേഖകൾ ഹാജരാക്കിയിട്ടില്ല. ക്രമ നം. 1 -ലെ ഒരുമ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, ആദിച്ചനല്ലൂർ എന്ന സംരംഭം പ്രവർത്തന സജ്ജമായിട്ടില്ലെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ സബ്സിഡിയിനത്തിൽ നൽകിയ 6,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 9/10.8.23.

## 1-27 സാമൂഹ്യ നീതി - മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ നടപ്പാക്കി - ചെലവ് തടസ്സപ്പെടുത്തുന്നു.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 173-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ അഞ്ചാം പട്ടികയിൽ ജില്ലാ പഞ്ചായത്തിന്റെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ച് നൽകുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. ഇതുപ്രകാരം വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൻവർഷം ജില്ലാ സാമൂഹ്യ നീതി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട പദ്ധതി, സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുവാദമില്ലാത്തവയാണ്.

(1) പ്രോജക്ട് നം: 262/23 (സ്പിൽ ഓവർ)

പേര് : ശ്രുതിമധുരം - വയോജനങ്ങൾക്ക് ഹിയറിംഗ് എയ്ഡ്

നിർവ്വഹണോദ്യോഗസ്ഥൻ: ജില്ലാ സാമൂഹ്യ നീതി ഓഫീസർ

അടങ്കൽ : 24,50,000/-

ഫണ്ടിനം: വികസന ഫണ്ട്(പൊതു.വി.)

ചെലവ് : 10,12,000/-

ബിൽ നം.: 13/22-23/27.3.2023

ഗ്രാമ പഞ്ചായത്തുകളിൽ നിന്നും മെഡിക്കൽ ക്യാമ്പ് നടത്തി തെരഞ്ഞെടുത്ത ഗുണഭോക്താക്കളായ 115 വയോജനങ്ങൾക്ക് 8,800/- രൂപ വീതം വിലയുള്ള ഹിയറിംഗ് എയ്ഡുകൾ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും വാങ്ങി നൽകി. തൻവർഷം സ്പിൽ ഓവറായി നടപ്പാക്കിയ ടി പദ്ധതി സ.ഉ.(കൈ)നം.22/2018/തസ്വഭവ തീ.14/02/2018 നം. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത മേഖലയിൽ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളിൽ ഉൾപ്പെട്ടതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ് എന്ന മറുപടി യാണ് ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ വയോജനങ്ങൾക്ക് വേണ്ടി ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളിൽ ഹിയറിംഗ് എയ്ഡ് വിതരണം ഉൾപ്പെട്ടിട്ടില്ല.

(2) പ്രോജക്ട് നം: 396/23

പേര് : ഭിന്നശേഷി ദിനാഘോഷം

നിർവ്വഹണോദ്യോഗസ്ഥൻ: ജില്ലാ സാമൂഹ്യ നീതി ഓഫീസർ

അടങ്കൽ : 3,40,000/-

ഫണ്ടിനം: തനതുഫണ്ട്

ചെലവ് : 3,37,650/-

ചെക്ക് നം.: (1)7896265/5.1.2023=1,50,000

(2)6911542/5.1.2023=1,50,000

(3)7927823/5.1.2023= 37,650

ടി പ്രോജക്ട് പ്രകാരം ഡിസംബർ 3 അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തിൽ ഭിന്നശേഷിക്കാർക്കായി കലാ കായിക മത്സരങ്ങൾ സംഘടിപ്പിച്ചതിന് 3,37,650/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(കൈ)115/2022/തസ്വഭവ തീ.28/05/2022 നം. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.13 പ്രകാരം ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാ കായിക മത്സരങ്ങൾ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് ചെലവഴിക്കാവുന്ന തുകയുടെ പരിധിയും നിശ്ചയിച്ചിട്ടുണ്ട്. ഭിന്നശേഷി ദിനത്തിൽ ഭിന്നശേഷിക്കാർക്കായി കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് പ്രോജക്ട് നടപ്പാക്കാൻ സ.ഉ.(കൈ)നം.84/2022/തസ്വഭവ തീ. 19/04/2022 നം. പദ്ധതി മാർഗ്ഗരേഖ പ്രകാരം ജില്ലാ പഞ്ചായത്തിന് അനുമതി നൽകിയിട്ടില്ല. പ്രസ്തുത മാർഗ്ഗരേഖയുടെ ഖണ്ഡിക 6.4(ബി) പ്രകാരം ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിലും ഭിന്നശേഷി ദിനാഘോഷം ഉൾപ്പെട്ടിട്ടില്ല. ഇതിന് വിരുദ്ധമായി ടി പ്രോജക്ട് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ പരിശോധിച്ച് അംഗീകാരം(വെറ്റിംഗ്) നൽകിയിട്ടുള്ളതായി കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അന്താരാഷ്ട്ര ഭിന്നദിനാഘോഷം നടത്തുന്നതിന് സാമൂഹ്യ നീതി വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ഇതിൽ ഭിന്നശേഷിക്കാരായ എല്ലാവരേയും പ്രായപരിധിയില്ലാതെ പങ്കെടുപ്പിക്കുന്നതായും മറുപടി ലഭിച്ചിട്ടുണ്ട്. എന്നാൽ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളിൽ പ്രസ്തുത വിഷയം ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ പ്രകാരമുള്ള 13,49,650/-( 10,12,000+ 3,37,650) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 19/10.10.23.

## 1-28 സ്കൂൾ മെയിന്റനൻസ് - ഒരേയിനം പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ വ്യത്യസ്ത ഡേറ്റകൾ ഉപയോഗിക്കുന്നു.

റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി വിവിധ സ്കൂളുകളിലെ അറ്റകുറ്റപ്പണികൾക്കായി അംഗീകാരം ലഭിച്ച പ്രോജക്ടുകളിലെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ചില വിഭാഗങ്ങളിലെ സമാന പ്രവൃത്തികൾക്ക് ഡി.എസ്.ആർ.2018 പ്രകാരം വ്യത്യസ്ത നിരക്കുകൾ ഉപയോഗിച്ചാണ് അവ തയ്യാറാക്കിയിട്ടുള്ളതെന്ന് കാണുന്നു. പല സ്കൂളുകൾക്കും ഒരേയിനം പ്രവൃത്തികൾക്ക് പല ഡേറ്റകൾ പ്രകാരമുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റൂഫിംഗ് വിഭാഗത്തിൽ 'Pre-coated Galvanized Iron Profile Sheet' ഉപയോഗിച്ച് ചെയ്യുന്നതിന് 0.35mm കനത്തിനും 0.50mm കനത്തിനും ബാധകമായ ഡേറ്റകൾ ഉപയോഗിച്ചിട്ടുണ്ട്. അതുപോലെ ക്ലാസ് മുറികളിലെ തറ ടൈൽ ഇടുന്നതിന് 'Ceramic Glazed Floor Tiles Of Size 300x300mm', 'Rectified Ceramic Glazed Floor Tiles Of Size 300x300mm', ' Vitrified Floor Tiles Of Size 600x600mm', ' Vitrified Floor Tiles Of Size

500x500mm' എന്നിവയ്ക്ക് ബാധകമായ വ്യത്യസ്ത ഡേറ്റകൾ ഉപയോഗിച്ചിട്ടുണ്ട്. ചില സ്കൂളുകളുടെ എസ്റ്റിമേറ്റിൽ താരതമ്യേന ഉയർന്ന നിരക്കുള്ള ഡേറ്റകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു;

വിഭാഗം- റൂഫിംഗ്

എ) പ്രോജക്ട് നം: 439/23
പേര് : കുലശേഖരപുരം ജി.എച്ച്.എസ്.എസ്.മെയിന്റനൻസ്
അടങ്കൽ : 23,25,000/-
സാങ്കേതികാനുമതി : നം.15759/2022/11.8.2022
ചെലവ് : 16,28,821/-
എസ്റ്റിമേറ്റിലെ ഇനം 4-ൽ Providing And Fixing Pre-coated Galvanized Iron Profile Sheet Of Size 0.50mm- $M^2$-ന് 752.60/- രൂപ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.(ഡി.എസ്.ആർ.കോഡ്: 12.50)

ബി) പ്രോജക്ട് നം: 502/23
പേര് : ചടയമംഗലം ഗവ. എം.ജി.എച്ച്.എസ്.എസ്.മെയിന്റനൻസ്
അടങ്കൽ : 15,00,000/-
സാങ്കേതികാനുമതി : നം.15488/2022/12.8.2022
ചെലവ് : 12,09,799/-
എസ്റ്റിമേറ്റിലെ ഇനം 2-ൽ Providing And Fixing Pre-coated Galvanized Iron Profile Sheet Of Size 0.35mm- $M^2$-ന് 604.79/- രൂപ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.(ഡി.എസ്.ആർ.കോഡ്: 51.20)

വിഭാഗം- ഫ്ലോർ ടൈലിംഗ്

എ) പ്രോജക്ട് നം: 621/23
പേര് : ചവറ കൊറ്റംകുളങ്ങര വി.എച്ച്.എസ്.എസ്.മെയിന്റനൻസ്
അടങ്കൽ : 10,00,000/-
സാങ്കേതികാനുമതി : നം.15699/2022/28.9.2022
ചെലവ് : 8,09,354/-
എസ്റ്റിമേറ്റിലെ ഇനം 8-ൽ Providing And Laying Vitrified Floor Tiles Of Size 500x500mm- $M^2$-ന് 1520.40/- രൂപ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.(ഡി.എസ്.ആർ.കോഡ്: 11.41.1)

ബി) പ്രോജക്ട് നം: 475/23
പേര് : ചിറക്കര നെടുങ്ങോലം ഗവ.എച്ച്.എസ്.മെയിന്റനൻസ്
അടങ്കൽ : 13,00,000/-
സാങ്കേതികാനുമതി : നം.49156/2022/1.9.2022
ചെലവ് : 7,25,550/-
എസ്റ്റിമേറ്റിലെ ഇനം 1-ൽ Providing And Laying Vitrified Floor Tiles Of Size 600x600mm- $M^2$-ന് 1799.51/- രൂപ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.(ഡി.എസ്.ആർ.കോഡ്: 11.41.2)

സി) പ്രോജക്ട് നം: 422/23
പേര് : ഏരൂർ ഗവ.എച്ച്.എസ്.എസ്.മെയിന്റനൻസ്
അടങ്കൽ : 15,00,000/-
സാങ്കേതികാനുമതി : നം.15841/2022/29.8.2022
ചെലവ് : 5,63,523/-(പാർട്ട് ബിൽ)
എസ്റ്റിമേറ്റിലെ ഇനം 1-ൽ Providing And Laying Rectified Ceramic Glazed Floor Tiles Of Size 300x300mm- $M^2$-ന് 1305.23/- രൂപ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.(ഡി.എസ്.ആർ.കോഡ്: 11.39)

ഡി) പ്രോജക്ട് നം: 502/23
പേര് : ചടയമംഗലം ഗവ. എം.ജി.എച്ച്.എസ്.എസ്.മെയിന്റനൻസ്
അടങ്കൽ : 15,00,000/-
സാങ്കേതികാനുമതി : നം.15488/2022/12.8.2022
ചെലവ് : 12,09,799/-
എസ്റ്റിമേറ്റിലെ ഇനം 5-ൽ Providing And Laying Ceramic Glazed Floor Tiles Of Size 300x300mm- $M^2$-ന് 1111.57/- രൂപ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.(ഡി.എസ്.ആർ.കോഡ്: 11.37)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നിലവിൽ ചെയ്ത് തീർത്ത പ്രവൃത്തികളുടെ തുടർച്ചയായതിനാൽ മെയിന്റനൻസ് പ്രവൃത്തികളിൽ ഏകീകൃത സ്വഭാവം സാധിക്കുന്നില്ലെന്നും പല സ്കൂളുകളുടെയും വ്യത്യസ്ത ആവശ്യങ്ങൾ പരിഗണിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതെന്നുമാണ് മറുപടി നൽകിരിക്കുന്നത്.

സമാന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകളിൽ ഏകീകൃത ഡേറ്റകൾ ഉപയോഗിച്ചും ചെലവ് കുറയ്ക്കാനുള്ള സാധ്യത പരിഗണിച്ചും ഭാവിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 23/3.11.2023.

## 1-29 സാഫല്യം ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല - യഥാസമയം ഫണ്ട് നൽകുന്നതിൽ വീഴ്ച.

പ്രോജക്ട് നം: 4/23(സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ: ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ

അടങ്കൽ : 45,79,000/-

ഫണ്ടിനം: ടി.എസ്.പി.

നിർവ്വഹണ ഏജൻസി : കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

കരാർ (എം.ഒ.യു.) തീയതി : 9.3.2022

ചെലവ് : 18,05,941/-

ബിൽ നം. : (1) 5/22-23/28.2.2023= 10,00,000/-

(2) 13/22-23/31.3.2023= 2,75,854/-

(3) 18/22-23/31.3.2023= 1,42,887/-

(4) 19/22-23/31.3.2023= 3,87,200/-

ജില്ലാ പഞ്ചായത്ത് പട്ടികവർഗ്ഗ മേഖലയിൽ നേരിട്ട് നടപ്പാക്കുന്ന നൂതന ഭവന നിർമ്മാണ പദ്ധതിയായ സാഫല്യം 2021-22-ൽ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ വില്ലുമല പെരുവഴിക്കാല പട്ടികവർഗ്ഗ കോളനിയിൽ നടപ്പാക്കാൻ 9.7.2021-ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചു (തീരുമാനം നം.3) . കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കുന്ന പദ്ധതിക്കായി പെരുവഴിക്കാല ഊരുകൂട്ട യോഗം 3.1.2022-ൽ 5 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 24.2.2022-ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ലഭ്യമാക്കിയ 45,79,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 2021-22-ൽ 20,12,059/- രൂപ നൽകി. തുടർന്ന് സ്പിൽ ഓവറായി നടപ്പാക്കിയ ടി പദ്ധതി പ്രകാരം തൻവർഷം നൽകിയ 18,05,941/- രൂപ ഉൾപ്പെടെ ആകെ 38,18,000/- രൂപ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകിയിട്ടുണ്ട്.

9.3.2022-ൽ ഒപ്പിട്ട കരാറനുസരിച്ച് 8 മാസത്തെ കാലാവധിയുള്ള ടി പ്രോജക്ട് നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. കാലാവധി നീട്ടിക്കൊണ്ട് പുതുക്കിയ കരാർ ചമച്ചതായും കാണുന്നില്ല. മൂന്ന് വീടുകളുടെ നിർമ്മാണ ജോലികൾ പുരോഗമിക്കുന്നതായും ഒരു വീടിന്റെ നിർമ്മാണം ബേസ്മെന്റ് ഘട്ടത്തിൽ നിലച്ചതായും ഒരു വീടിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നുമാണ് ഫയലിൽ കാണുന്നത്. പദ്ധതിക്കായി യഥാസമയം ഫണ്ട് വകയിരുത്തുന്നതിലും സമയബന്ധിതമായി വീടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിലും വീഴ്ച വന്നിട്ടുള്ളതായി കാണുന്നു. 2021-22-ൽ 35,00,000/- രൂപ വകയിരുത്തിയെങ്കിലും 20,12,059/- രൂപ മാത്രമാണ് ചെലവഴിച്ചത്. തുടർന്ന് തൻവർഷം ഒടുവിലാണ് ബാക്കി തുക ചെലവഴിച്ചത് . ഇനിയും 7,61,000/- രൂപ ഭവന നിർമ്മാണ ബോർഡിന് നൽകാനുണ്ട്.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിട്ടില്ല. 18,05,941/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 1/19.7.2023.

## 1-30 പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് പോഷകാഹാര വിതരണം - മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ നടപ്പാക്കി - ചെലവ് തടസ്സപ്പെടുത്തുന്നു.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 173-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ അഞ്ചാം പട്ടികയിൽ ജില്ലാ പഞ്ചായത്തിന്റെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ച് നൽകുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. ഇതുപ്രകാരം വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൻവർഷം ജില്ലാ

പട്ടികവർഗ്ഗ വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട പദ്ധതി, സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുവാദമില്ലാത്തവയാണ്.

(1) പ്രോജക്ട് നം: 287/23

പേര് : പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട നിത്യരോഗികൾ, നിരാലംബർ എന്നിവർ ക്ക് പോഷകാഹാര വിതരണം

നിർവ്വഹണോദ്യോഗസ്ഥൻ: ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ

അടങ്കൽ : 12,00,000/-

ഫണ്ടിനം: (1) ടി.എസ്.പി.=9,87,259

(2) വികസന ഫണ്ട്(പൊ.വി.)=2,12,741

ചെലവ് : 12,00,000/-

(2) പ്രോജക്ട് നം: 284/23

പേര് : പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാര വിതരണം

നിർവ്വഹണോദ്യോഗസ്ഥൻ: ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ

അടങ്കൽ : 15,00,000/-

ഫണ്ടിനം: വികസന ഫണ്ട്(പൊ.വി.)

ചെലവ് : 13,12,069/-

മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട നിത്യരോഗികൾ, നിരാലംബർ എന്നിവർക്കും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കും പോഷകാഹാരം വിതരണം ചെയ്തതിന് തൻവർഷം യഥാക്രമം 12,00,000/- രൂപയും 13,12,069/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ടി പ്രോജക്ടുകൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുവദനീയമല്ല എന്ന് കാണുന്നു. സ.ഉ.(കൈ)നം.84/2022 /തസ്വഭവ തീ.19/4/2022 നം. മാർഗ്ഗരേഖ ഖണ്ഡിക 6.2(15) പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ പ്രോജക്ടുകൾ ഉൾപ്പെടുത്താമെങ്കിലും അവ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതല്ല. ടി ഉത്തരവ് ഖണ്ഡിക 8.8.3(2) പ്രകാരവും ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന ഭക്ഷണ വിതരണ പരിപാടികളില്ല.

ഈ സാഹചര്യത്തിൽ ടി പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 25,12,069/-രൂപയുടെ (12,00,000+ 13,12,069) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 2/19.7.2023.

## 1-31 പ്രതിഭാപിന്തുണ - രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം: 17/23 (സ്പിൽ ഓവർ)

പേര്: പ്രതിഭാപിന്തുണ

നിർവ്വഹണോദ്യോഗസ്ഥൻ: ജില്ലാ പട്ടികജാതി വികസന ഓഫീസർ

അടങ്കൽ : 35,04,000/-

ഫണ്ടിനം: എസ്.സി.പി.

ചെലവ് : 34,75,000/-

ബിൽ നം. :(1) 30/22-23/18.11.2022= 30,50,000

(2) 33/22-23/30.11.2022= 2,00,000

(3) 38/22-23/21.12.2022= 1,65,000

(4) 43/22-23/16.1.2023= 60,000

വിവിധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പട്ടികജാതി വിഭാഗത്തിൽപെട്ട പ്രതിഭകൾക്ക് അവരുടെ പ്രവർത്തന മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം വരും കാലങ്ങളിൽ ഏറ്റെടുക്കുന്നതിന് സാമൂഹികവും സാമ്പത്തികവുമായ പിന്തുണയും സഹായവും നൽകുന്ന നൂതന പ്രോജക്ടാണിത്. 3.12.2021, 4.12.2021 എന്നീ തീയതികളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സ്ക്രീനിംഗ് കമ്മിറ്റി 103 പേരുടെ അപേക്ഷ പരിശോധിച്ച് 24.3.2022-ലെ ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ(തീരുമാനം നം.3(11)) ജില്ലാ കളക്ടർ അധ്യക്ഷനായ നൂതന പ്രോജക്ട് കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തു. നൂതന പ്രോജക്ട് കമ്മിറ്റിയുടെ 12.8.2022-ലെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ തൻവർഷം 51 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ

ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ തങ്ങൾക്ക് ലഭിച്ച ധനസഹായം ബന്ധപ്പെട്ട മേഖലയിൽ വിനിയോഗിച്ചതിന്റെ ബില്ലുകൾ, വൗച്ചറുകൾ, വാങ്ങിയ സാധനങ്ങളുടെ ഫോട്ടോഗ്രാഫുകൾ, സൃഷ്ടി നടത്തിയ കലാ/സാഹിത്യ രൂപങ്ങളുടെ തെളിവുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ധനസഹായം | പ്രവർത്തന മേഖല |
|---|---|---|---|
| 1. | ശ്രീ ജീവൻദാസ് പി.എസ് | 50,000 | നാടൻകല- വാദ്യോപകരണങ്ങൾ വാങ്ങൽ |
| 2. | ശ്രീമതി ശ്രീജ എ.ആർ ഈസ്റ്റ് കുണ്ടറ | 75,000 | നാടൻകലകളുടെ സി.ഡി.ചെയ്യുന്നതിന് |
| 3. | ശ്രീ മനോജ് കെ അരിനല്ലൂർ, തേവലക്കര | 1,00,000 | ഡോക്യുമെന്ററി ചെയ്യൽ |
| 4. | ശ്രീ പ്രസാദ് കെ കടത്തൂർ,തഴവ | 1,00,000 | മിമിക്രി ഗ്രൂപ്പ്- ഉപകരണങ്ങൾ വാങ്ങൽ |
| 5. | ശ്രീ അജയകുമാർ കരീപ്ര | 25,000 | സംഗീതം- വാദ്യോപകരണങ്ങൾ വാങ്ങൽ |
| 6. | ശ്രീ സുധാകരൻ ആദിച്ചനല്ലൂർ | 1,25,000 | ബോക്സിംഗ് അക്കാദമി-ഉപകരണങ്ങൾ വാങ്ങൽ |
| 7. | ശ്രീ രാജേഷ് കെ മനക്കര, ശാസ്താംകോട്ട | 50,000 | ഡോക്യുമെന്ററി ചെയ്യൽ |
| 8. | ശ്രീ നിതിൻ എസ് കുമാർ പോരുവഴി | 50,000 | സംഗീതം- വാദ്യോപകരണങ്ങൾ വാങ്ങൽ |
| 9. | ശ്രീ കാശിനാഥൻ മൈനാഗപ്പള്ളി | 20,000 | ഡാൻസ്- ഉപകരണങ്ങൾ വാങ്ങൽ |
| 10. | ശ്രീ സത്യൻ വി മയ്യനാട് | 65,000 | ബാലേ ഗ്രൂപ്പ്-ഉപകരണങ്ങൾ വാങ്ങൽ |
| 11. | ശ്രീമതി പൊന്നി സി.കെ തെൻമല | 75,000 | നാടൻപാട്ട്- വാദ്യോപകരണങ്ങൾ വാങ്ങൽ |
| 12. | ശ്രീ മുകേഷ് എം കുന്നത്തൂർ ഈസ്റ്റ് | 50,000 | നാടൻപാട്ട്- വാദ്യോപകരണങ്ങൾ വാങ്ങൽ |
| 13. | ശ്രീ ഉണ്ണിക്കുട്ടൻ എസ് മനക്കര, ശാസ്താംകോട്ട | 50,000 | ഡോക്യുമെന്ററി ചെയ്യൽ |
| 14. | ശ്രീ സുരേഷ് കുമാർ എം ആയിക്കുന്നം, ശൂരനാട് തെക്ക് | 1,00,000 | ഡോക്യുമെന്ററി ചെയ്യൽ |
| 15. | ശ്രീ സാബു ബി മയ്യനാട് | 50,000 | സംഗീതം- വാദ്യോപകരണങ്ങൾ വാങ്ങൽ |
| 16. | ശ്രീ സന്തോഷ് ജി നെടുമ്പന | 1,00,000 | സംഗീതം- വാദ്യോപകരണങ്ങൾ വാങ്ങൽ |
| 17. | ശ്രീ ഭാസ്കർലാൽ തേവലക്കര | 50,000 | മ്യൂസിക് ബാൻഡ്-വാദ്യോപകരണങ്ങൾ വാങ്ങൽ |
| 18. | ശ്രീ സജീവ് എൻ ഏരൂർ | 1,00,000 | സംഗീത സംവിധാനം-വാദ്യോപകരണങ്ങൾ വാങ്ങൽ |
| 19. | ശ്രീ സജീവ് ബി ശൂരനാട് | 50,000 | സംഗീതം- വാദ്യോപകരണങ്ങൾ വാങ്ങൽ |

| | | | |
|---|---|---|---|
| 20. | ശ്രീ മനോജ് ആർ<br>കുലശേഖരപുരം | 1,00,000 | ഡോക്യുമെന്ററി ചെയ്യൽ |
| 21. | ശ്രീ രതുകൃഷ്ണൻ ആർ<br>കുളത്തുപ്പുഴ | 1,00,000 | ഷോർട്ട്ഫിലിം നിർമ്മാണം |
| 22. | ശ്രീ സുരേഷ് കുമാർ<br>കെ.ആർ<br>തൊടിയൂർ | 1,00,000 | സംഗീതം- വാദ്യോപകരണങ്ങൾ വാങ്ങൽ |
| 23. | ശ്രീ സുമേഷ് ബി.എസ് | 50,000 | ശില്പ നിർമ്മാണം-ഉപകരണങ്ങൾ വാങ്ങൽ |
| 24. | ശ്രീ രാജു കെ<br>ചിറക്കര | 60,000 | മിമിക്രി ട്രൂപ്പ്-ഉപകരണങ്ങൾ വാങ്ങൽ |
| | ആകെ | 16,95,000 | |

മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 16,95,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 5/2.8.2023.

## 1-32 പൊലിയോ പൊലി-തലവൂർകോണം പാട്ടുപുരയ്ക്കൽ ഏലാ വികസനം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നം.: 210/23(സ്പിൽ ഓവർ)

പേര്: പൊലിയോ പൊലി-തലവൂർകോണം പാട്ടുപുരയ്ക്കൽ ഏലാ വികസനം

നിർവ്വഹണോദ്യോഗസ്ഥൻ: ജില്ല മണ്ണ് സംരക്ഷണ ഓഫീസർ

അടങ്കൽ : 19,60,000/-

ഫണ്ടിനം: ധനകാര്യ കമ്മീഷൻ ഗ്രാന്റ്

സാങ്കേതികാനുമതി: നം. പി.ജി.(1)14445/2020/12.2.2021

കരാറുകാരൻ: ശ്രീ സഹീർകോയതങ്ങൾ (16,56,952/-രൂപ)

കരാർ നം. : ജി.1142/2020/1.9.2021

എം.ബുക്ക് നം. : 651/21

ചെലവ് : 11,30,800/-

ബിൽ നം. : (1) 11/21-22/30.03.2022= 7,42,314

(2) 13/22-23/25.03.2023= 3,88,486

കരീപ്ര ഗ്രാമ പഞ്ചായത്തിൽ 32 ഹെക്ടർ പ്രദേശത്ത് നെൽകൃഷി ചെയ്യുന്ന തലവൂർകോണം പാട്ടുപുരയ്ക്കൽ ഏലായിലേക്ക് വെള്ളം ഒഴുകിയെത്തുന്ന തോടുകൾ മഴക്കാലത്ത് കവിഞ്ഞൊഴുകുന്നത് മൂലം വെള്ളക്കെട്ടുണ്ടായി നെൽകൃഷി നശിക്കുന്ന സാഹചര്യമുണ്ട്. ഇത് പരിഹരിക്കുന്നതിന് തോടുകളുടെ പാർശ്വങ്ങൾ സംരക്ഷിച്ച് വെള്ളം കവിഞ്ഞൊഴുകുന്നത് തടയുന്നതിനാണ് പൊലിയോ പൊലി ഏലാ വികസന പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചത്. ആയതിലേക്ക് തോടിന്റെ ഇരുവശങ്ങളിലുമായി ഒരു മീറ്റർ പൊക്കത്തിൽ 500 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 12.2.2021-ൽ സാങ്കേതികാനുമതി ലഭിക്കുകയും 1.9.21-ൽ കരാർ വച്ച് 10.9.21-ൽ സൈറ്റ് കൈമാറുകയും ചെയ്ത ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 4 മാസമായിരുന്നു. എന്നാൽ വിവിധ ഘട്ടങ്ങളിലായി കാലാവധി 31.3.2023വരെ നീട്ടി നൽകിയെങ്കിലും പ്രോജക്ട് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്തിട്ടില്ല. ആകെ 500 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടെങ്കിലും അളവുപുസ്തകം പേജ് നം.4 (200മീറ്റർ), 14, 15 (99.1മീറ്റർ) എന്നിവ പ്രകാരം 299.1 മീറ്റർ മാത്രമാണ് ചെയ്തിട്ടുള്ളത്. 200മീറ്ററോളം നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കാത്തത് മൂലം, വെള്ളക്കെട്ടുണ്ടായി നെൽകൃഷി നശിക്കുന്നത് ഒഴിവാക്കാൻ വിഭാവനം ചെയ്ത പദ്ധതി അതിന്റെ ലക്ഷ്യം നേടിയില്ല എന്ന് വിലയിരുത്തുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 46,94,000/- രൂപ വകയിരുത്തി 2020-21-ൽ ആരംഭിച്ച പൊലിയോ പൊലി എന്ന ഏകവർഷ പ്രോജക്ടിൽ ഉൾപ്പെടുത്തിയ ടി പ്രവൃത്തിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച് ഫയലിൽ വ്യക്തതയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 11,30,800/-രൂപയുടെ ചെലവ്

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 5/2.8.2023.

1-33 "സുജലം - കുളങ്ങൾ, ചിറകൾ എന്നിവയുടെ സംരക്ഷണം"- കുളത്തിന്റെ ഉടമസ്ഥാവകാശ രേഖയില്ല- കുഴിച്ചെടുത്ത മണ്ണ് മുതൽ കൂട്ടിയില്ല.

(1) പ്രോജക്ട് നം.209/23 (സ്പിൽ ഓവർ)
പേര് : തേവരുകുളം പുനരുദ്ധാരണം
നിർവ്വഹണോദ്യോഗസ്ഥൻ: ജില്ല മണ്ണ് സംരക്ഷണ ഓഫീസർ
അടങ്കൽ : 15,00,000/-
ഫണ്ടിനം: ധനകാര്യ കമ്മീഷൻ ഗ്രാന്റ്
സാങ്കേതികാനുമതി: നം. പി.ജി.(1)1385/2021(2)/2.2.2021
കരാറുകാരൻ: ശ്രീ സഹീർകോയ തങ്ങൾ (11,54,066/-രൂപ)
കരാർ നം. : ജി.1496/20/5.11.2021
എം.ബുക്ക് നം. : 641/21
ചെലവ് : 10,17,876/-
ബിൽ നം. : 12/22-23/16.12.2022

"സുജലം - കുളങ്ങൾ, ചിറകൾ എന്നിവയുടെ സംരക്ഷണം" എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി മൈലം ഗ്രാമപഞ്ചായത്തിലെ തേവരുകുളം പുനരുദ്ധാരണം 2021-22-ൽ ആരംഭിക്കുകയും ആ വർഷം 3,09,042/-രൂപ (ബിൽ നം.8/21-22/14.03.2022) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കുളത്തിന്റെ ഉടമസ്ഥാവകാശ തർക്കം സംബന്ധിച്ച് 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും കുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന് തെളിയിക്കുന്ന രേഖകൾ നാളിതുവരെ ഹാജരാക്കിയിട്ടില്ല. പുത്തൂർ വില്ലേജിൽ ബ്ലോക്ക് നം.14-ൽ റീസർവ്വെ നം 74/11-ൽ ഉൾപ്പെടുന്നതും കോട്ടാത്തല തണ്ണീർപന്തൽ ദേവീക്ഷേത്രത്തിന് പിറക് വശത്ത് സ്ഥിതി ചെയ്യുന്നതുമായ ടി കുളം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്നും കാണിച്ച് പുത്തൂർ വില്ലേജ് ഓഫീസറുടെ 20.1.2022-ലെ 77/2022-ാം നം. നോട്ടീസ് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് നൽകി. തുടർന്ന് ടി ചിറയുടെ ഉടമസ്ഥാവകാശം ബോർഡിൽ നിലനിർത്തിക്കൊണ്ടും ദേവസ്വം ഉപദേശകസമിതിയുടെ ഉത്തരവാദിത്വത്തിലും മരാമത്ത് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും വാസ്തുവിധിപ്രകാരം ഡിപ്പാർട്ട്മെന്റ് നിയമങ്ങൾക്ക് വിധേയമായും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25.2.2022-ലെ ആർ.ഒ.സി.1421/എം നം. കത്ത് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് അനുവാദം നൽകി. എന്നാൽ ടി സ്ഥലത്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സമുണ്ടോ എന്നാരാഞ്ഞുകൊണ്ട് ജില്ല മണ്ണ് സംരക്ഷണ ഓഫീസർ പുത്തൂർ വില്ലേജ് ഓഫീസർക്ക് 4.7.2022-ന് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ കുളം നവീകരണം നടന്നുവരുന്ന ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന് ബോധ്യമായിട്ടില്ല.

കൂടാതെ, പ്രസ്തുത കുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന് അവകാശപ്പെടുന്ന പക്ഷം കുളം നവീകരണത്തിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് ഗ്രാമപഞ്ചായത്തിലേക്ക് മുതൽ കൂട്ടേണ്ടതുണ്ട്. കുളത്തിന്റെ സംരക്ഷണത്തിനുവേണ്ടി എസ്റ്റിമേറ്റിലെ രണ്ടാമിനമായി സൈഡ് കട്ടിംഗിനുള്ള മൺപണി 44.77 ക്യൂബിക് മീറ്ററും (എം.ബുക്ക് പേജ് നം.11) മൂന്നാമിനമായി കുളത്തിന് ആഴം കൂട്ടുന്നതിനുള്ള മൺപണി 1.50 മീറ്റർ ആഴത്തിൽ 129.40 ക്യൂബിക് മീറ്ററും (എം.ബുക്ക് പേജ് നം.12) നാലാമിനമായി ഫൗണ്ടേഷനുള്ള മൺപണി 156.15ക്യൂബിക് മീറ്ററും (എം.ബുക്ക് പേജ് നം.13) ചെയ്തതിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയിലൂടെ ആകെ കുഴിച്ചെടുത്ത 330.32 ക്യൂബിക് മീറ്റർ മണ്ണിന്റെ സ്റ്റോക്ക് വിവരവും തുടർനടപടിയും എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത മണ്ണ് ലേലം ചെയ്ത് മുതൽകൂട്ടുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെയോ മറ്റേതെങ്കിലും രീതിയിൽ ഉപയോഗപ്പെടുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടുമില്ല.

(2) പ്രോജക്ട് നം.145/23 (സ്പിൽ ഓവർ)
പേര് : ചുരുളക്കുളം പുനരുദ്ധാരണം
നിർവ്വഹണോദ്യോഗസ്ഥൻ: ജില്ല മണ്ണ് സംരക്ഷണ ഓഫീസർ
അടങ്കൽ : 16,05,000/-
ഫണ്ടിനം: ധനകാര്യ കമ്മീഷൻ ഗ്രാന്റ്
സാങ്കേതികാനുമതി: നം. പി.ജി.(1)369/2022/7.3.2022

കരാറുകാരൻ: ശ്രീ സന്തോഷ് എസ് (13,10,751/-രൂപ)
കരാർ നം. : ജി.2261/21/29.4.2022
എം.ബുക്ക് നം. : 658/21
ചെലവ് : 13,60,346/-
ചെക്ക് നം. : 000966/21.11.2022

കരീപ്ര ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത ചുരുളക്കുളത്തിന്റെ സംരക്ഷണത്തിനുവേണ്ടി എസ്റ്റിമേറ്റിലെ ഒന്നാമിനമായി സൈഡ് കട്ടിംഗ്, കുളത്തിന്റെ ആഴം കൂട്ടൽ, ഫൗണ്ടേഷൻ എന്നിവയ്ക്കുള്ള മൺപണി 161.99ക്യൂബിക് മീറ്റർ (എം.ബുക്ക് പേജ് നം.1 മുതൽ 4 വരെ) ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയിലൂടെ കുഴിച്ചെടുത്ത 161.99 ക്യൂബിക് മീറ്റർ മണ്ണിന്റെ സ്റ്റോക്ക് വിവരവും തുടർനടപടിയും എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത മണ്ണ് ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെയോ മറ്റേതെങ്കിലും രീതിയിൽ ഉപയോഗപ്പെടുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 23,78,222/-രൂപയുടെ( 10,17,876+ 13,60,346) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 7/3.8.2023.

## 1-34 ജില്ലാ കൃഷി ഫാം, അഞ്ചൽ - പഴം സംസ്കരണ യൂണിറ്റ് - പ്രവർത്തനം കാര്യക്ഷമമല്ല.

അഞ്ചൽ ജില്ലാ കൃഷി ഫാമിൽ ഉൽപാദിപ്പിക്കുന്ന വിവിധ പഴവർഗ്ഗങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക, അതുവഴി ഫാമിന്റെ വരുമാനം കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെ ഒരു പഴം സംസ്കരണ യൂണിറ്റ് തുടങ്ങുന്നതിനായി 2019-20-ലെ പ്രോജക്ടിൽ (പ്രോ നം. 487/20) ഉൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നും 15 ലക്ഷത്തോളം രൂപ ചെലവിൽ കെട്ടിടം നിർമ്മിച്ചു. 2019-20-ലെ തന്നെ മറ്റൊരു പ്രോജക്ട് പ്രകാരം (പ്രോ നം. 617/20-സ്പിൽ ഓവർ) തനതു ഫണ്ടിൽ നിന്നും ഏകദേശം 3 ലക്ഷം രൂപ ചെലവിൽ പഴം സംസ്കരണ പ്ലാന്റിൽ യന്ത്രസാമഗ്രികളും മറ്റും വാങ്ങുകയും 1,50,000/- രൂപയുടെ 30 ലിറ്റർ സംഭരണ ശേഷിയുള്ള ഫ്രൂട്ട് ജ്യൂസ് എക്സ്പെല്ലർ മൂല്യവർദ്ധിത ഉല്പന്ന നിർമാണ യൂണിറ്റിനായി പുതുതായി നിർമിച്ച കെട്ടിടത്തിൽ സ്ഥാപിക്കുകയും ചെയ്തു. 7.2.2021-ൽ ഉൽഘാടനം ചെയ്യപ്പെട്ട പ്രസ്തുത യൂണിറ്റിൽ പരിമിതമായ തോതിൽ മാത്രമാണ് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപാദനം നടക്കുന്നത്. ഫാമിൽ ഉല്പാദിപ്പിക്കുന്ന പാഷൻ ഫ്രൂട്ട് ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനാണ് പ്രധാനമായും ലക്ഷ്യമിട്ടതെങ്കിലും വേണ്ടത്ര വിളവ് ലഭിക്കാഞ്ഞതിനാലും പഴം സംസ്കരണ യൂണിറ്റിൽ സ്ഥാപിച്ചിരിക്കുന്ന ഫ്രൂട്ട് ജ്യൂസ് എക്സ്പെല്ലർ എന്ന ഉപകരണം പാഷൻ ഫ്രൂട്ടിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് അനുയോജ്യമല്ലാത്തതിനാലും വിജയിച്ചില്ല. എന്നാൽ വിവിധ ഫലവർഗങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്രോസസിംഗ് യൂണിറ്റിൽ പൈനാപ്പിൾ, വാഴപ്പിണ്ടി, മാങ്ങ, കശുമാങ്ങ എന്നിവയുടെ ജ്യൂസ്/സിറപ്പ് തയ്യാറാക്കുന്നതിന് എക്സ്പെല്ലർ ഉപയോഗിക്കാവുന്നതാണ്.

ഫാമിൽ വൻതോതിൽ മാങ്ങയും പൈനാപ്പിളും ഉൽപാദിപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് കാലയളവിൽ നാമമാത്രമായ അളവിലാണ് ഇവയിൽ നിന്നും സ്ക്വാഷ്, ജാം തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കിയിട്ടുള്ളത് (പച്ചമാങ്ങ സ്ക്വാഷ്- 129 ബോട്ടിൽ, പൈനാപ്പിൾ ജാം- 172 ബോട്ടിൽ). മിക്സഡ് ഫ്രൂട്ട് ജാം 104 ബോട്ടിൽ ഉൽപാദിപ്പിച്ചെങ്കിലും ഇതിനുള്ള പഴവർഗ്ഗങ്ങൾ പുറത്തുനിന്നും വില കൊടുത്ത് വാങ്ങുകയാണ് ചെയ്തത്. ഫാം പ്രോഡ്യൂസ് രജിസ്റ്റർ പ്രകാരം 12.7.2022 മുതൽ 27.3.2023 വരെ ആകെ 2470 കി.ഗ്രാം പൈനാപ്പിൾ ഉൽപാദിപ്പിച്ചെങ്കിലും കേവലം 89 കി.ഗ്രാം മാത്രമാണ് പഴം സംസ്കരണ യൂണിറ്റിലേക്ക് നൽകിയിട്ടുള്ളത്. തേൻ നെല്ലിക്ക, മാങ്ങ അച്ചാർ, കണ്ണിമാങ്ങ അച്ചാർ, ഗ്വാവ ജെല്ലി എന്നിവ ഉൾപ്പെടെ ഓഡിറ്റ് കാലയളവിലെ യൂണിറ്റിലെ ആകെ വിറ്റുവരവ് ഏകദേശം 30,000/- രൂപയാണ്. ഫ്രൂട്ട് ജ്യൂസ് എക്സ്പെല്ലറിന്റെ സംഭരണ ശേഷിക്കുറവ്, ഫ്രൂട്ട് ജ്യൂസ് പൾപ്പർ ഇല്ലാത്തത്, പഴ വർഗ്ഗങ്ങൾ ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് സംവിധാനത്തിന്റെ അഭാവം, വിദഗ്ധ തൊഴിലാളികളുടെ അഭാവം എന്നിവ പ്രധാന പരാജയ കാരണങ്ങളായി പരിശോധനയിൽ കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫാമിൽ ഉൽപാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് ടി പ്രോജക്ടുകളിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നേടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13/26.9.2023.

## 1-35 വിരിയിച്ച പൂവൻകോഴി കുഞ്ഞുങ്ങളെ നശിപ്പിക്കേണ്ടി വരുന്നത് - എണ്ണം സംബന്ധിച്ച് സുതാര്യതയില്ല.

ആയൂർ ജില്ലാ പൗൾട്രി ഫാമിന്റെ ദൈനംദിന ചെലവുകൾ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി തൻവർഷം മാതൃശേഖരത്തിലേക്ക് 3366 പിടകോഴിക്കുഞ്ഞുങ്ങളേയും 400 പൂവൻകോഴിക്കുഞ്ഞുങ്ങളേയും 39,735 എണ്ണം വിരിയിപ്പുമുട്ടകളും വാങ്ങിയതിന് ആകെ 12,26,525/- രൂപ ചെലവഴിച്ചിട്ടുണ്ട്. ലൈവ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഓഡിറ്റ് കാലയളവിൽ ഫാമിന്റെ മാതൃശേഖരത്തിൽ മുട്ടയിടാൻ പ്രായത്തിലുള്ള, അതായത് 180 ദിവസം മുതൽ 500 ദിവസം വരെ പ്രായമുള്ള, മൂവായിരത്തോളം കോഴികൾ ഉണ്ട്. ഇതിന്റെ ഏകദേശം 50% എന്ന കണക്കിലാണ് ഫാമിലെ പ്രതിദിന മുട്ട ഉൽപാദനം. ഇതിൽ നിന്നും വിരിയിക്കാൻ യോഗ്യമായ മുട്ടകളെ നിശ്ചിത ദിവസങ്ങളിൽ ഇൻകുബേറ്ററിലേക്ക് മാറ്റുന്നു.

ഓരോ വിരിയിപ്പ് തീയതിയിലും ചിക് സെക്സർ ലിംഗ നിർണ്ണയം നടത്തി കോഴിക്കുഞ്ഞുങ്ങളെ പൂവൻ/പിട വേർതിരിച്ച് പ്രത്യേകം പെട്ടികളിലാക്കുന്നുണ്ടെങ്കിലും അവയുടെ എണ്ണം പൂവൻ/പിട വേർതിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പകരം വിരിയിച്ച കോഴിക്കുഞ്ഞുങ്ങളുടെ ആകെ എണ്ണവും അതിൽ നിന്നും വിൽപന നടത്തിയതും ബ്രൂഡറിലേക്ക് മാറ്റിയതും കുറവ് ചെയ്ത് ബാക്കിയുള്ളത് പൂവൻകോഴിക്കുഞ്ഞുങ്ങൾ എന്ന പേരിൽ നശിപ്പിച്ചതായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ചിക് സെക്സർ ലിംഗ നിർണ്ണയം നടത്തി ആൺകോഴിക്കുഞ്ഞുങ്ങളുടെ എണ്ണം ആധികാരികമായി രേഖപ്പെടുത്താത്തതിനാൽ പൂവൻകോഴിക്കുഞ്ഞുങ്ങൾ എന്ന

പേരിൽ നശിപ്പിച്ചുകളയുന്ന കോഴിക്കുഞ്ഞുങ്ങളുടെ എണ്ണത്തിൽ സുതാര്യതയില്ല.

ഇപ്രകാരം ഓരോ വിരിയിപ്പ് തീയതിക്ക് ശേഷവും ഏകദേശം 1500 മുതൽ 2000 വരെ വീതം കോഴിക്കുഞ്ഞുങ്ങളെ ഓഡിറ്റ് കാലയളവിൽ നശിപ്പിച്ചിട്ടുണ്ട്. നിലവിൽ കോഴിക്കുഞ്ഞുങ്ങളെ വെള്ളത്തിൽ മുക്കിക്കൊന്ന ശേഷം ഫാം വളപ്പിൽ കുഴിച്ചിടുകയാണ് ചെയ്യുന്നത്. 21 ദിവസം ഇൻകുബേറ്ററിൽ വച്ച ശേഷം കോഴിക്കുഞ്ഞുങ്ങളെ കൊന്ന് കുഴിച്ചിടുന്നത് അവയോടുള്ള ക്രൂരതയും ഫാമിന് അധികച്ചെലവ് വരുത്തുന്നതും ആയതിനാൽ ഇത് തടയേണ്ടതാണ്. PETA, CEO- യുടെ 15.4.2020-ലേയും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 23.5.2020- ലേയും കത്തുകൾ പ്രകാരം പുരുഷ ഭ്രൂണങ്ങളുള്ള മുട്ടകൾ വികസനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ തിരിച്ചറിയാൻ കഴിയുന്ന ലിംഗ നിർണ്ണയ സാങ്കേതിക വിദ്യയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലിംഗ നിർണ്ണയം നടത്തുന്ന വേളയിൽ തന്നെ കോഴിക്കുഞ്ഞുങ്ങളെ പൂവൻ/പിട വേർതിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മുട്ടകളെ അവയുടെ വികാസത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ ലിംഗ നിർണ്ണയം നടത്താൻ കഴിയുന്ന സാങ്കേതിക വിദ്യ പരീക്ഷിക്കുന്നത് വകുപ്പ് തലത്തിൽ ആലോചിക്കാവുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.15/26.9.2023.

## 1-36 ഓട്ടോമാറ്റിക് ഫീഡ് മിക്സിംഗ് യൂണിറ്റ് - വിശദമായ പ്രോജക്ട് റിപ്പോർട്ടില്ലാതെ പദ്ധതി നടപ്പാക്കുന്നു.

പ്രോജക്ട് നം: 337/23

പേര് : തോട്ടത്തറ ഹാച്ചറി-ഓട്ടോമാറ്റിക് ഫീഡ് മിക്സിംഗ് യൂണിറ്റ് സ്ഥാപിക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ, ജില്ലാ പൗൾട്രി ഫാം

അടങ്കൽ : 97,50,000/-

ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)=50,00,000

വികസനഫണ്ട്= 47,50,000

കരാർ നം. : 1/30.11.2022

കാലാവധി: 6 മാസം

ചെലവ് : 97,50,000/-

ബിൽ നം. : 2/22-23/6.12.2022 - 50,00,000

1/22-23/6.12.2022 - 30,00,000

7/22-23/9.3.2023 - 17,50,000

ആയൂർ ജില്ലാ പൗൾട്രി ഫാമിലെ കോഴികൾക്ക് നൽകുന്നതിനും വിപണനത്തിനും ആവശ്യമായ കോഴത്തീറ്റ ഉൽപാദിപ്പിച്ച് ഫാമിന്റെ പ്രവർത്തനം വിപുലീകരിക്കുകയും സർക്കാർ അംഗീകൃത നഴ്സറികൾക്കും പൊതുജനങ്ങൾക്കും കുറഞ്ഞ ചെലവിൽ കോഴത്തീറ്റ ലഭ്യമാക്കുകയും ചെയ്യുന്നതിന് ഓട്ടോമാറ്റിക് ഫീഡ് മിക്സിംഗ് യൂണിറ്റ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്(കെ.എസ്.എച്ച്.ബി.) മുഖേന ഡെപ്പോസിറ്റ് വർക്ക് രീതിയിൽ നിർവ്വഹിക്കുന്ന ടി പ്രോജക്ടിൽ മണിക്കൂറിൽ 1.5 മെട്രിക് ടൺ കപ്പാസിറ്റിയുള്ള പൗൾട്രി ഫീഡ് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത ശേഷി കണക്കാക്കിയത് സംബന്ധിച്ചും അസംസ്കൃത വസ്തുക്കളുടെ ലഭ്യത, കോഴത്തീറ്റയുടെ ഉൽപാദന, വിപണന സാധ്യത, അധിക തൊഴിലാളികളെ നിയോഗിക്കൽ എന്നിവ സംബന്ധിച്ചും ഉള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജി.എസ്.ടി., കൺസൾട്ടൻസി ചാർജ്ജ് എന്നിവ ഉൾപ്പെടെ 97,50,000/-രൂപയ്ക്കുള്ള കെ.എസ്.എച്ച്.ബി.യുടെ എസ്റ്റിമേറ്റ് പ്രകാരം താഴെ പറയുന്ന പ്രവൃത്തികൾക്കുള്ള ചെലവാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

1. പ്രീ-വെയിംഗ് സെക്ഷൻ : 22,85,714/- രൂപ
2. ഗ്രൈൻഡിംഗ് സെക്ഷൻ : 23,89,286/- രൂപ
3. മിക്സിംഗ് സെക്ഷൻ : 26,35,714/- രൂപ
4. ഇലക്ട്രിക്കൽ സെക്ഷൻ : 7,14,286/- രൂപ

ആകെ: 80,25,000/- രൂപ

കുരിയോട്ടുമല ഫാമിലേക്ക് കൊണ്ടുവരുന്ന കന്നുകാലികളേയും മറ്റും ക്വാറന്റീനിൽ പാർപ്പിക്കുന്ന കെട്ടിടമാണ്

കോഴിത്തീറ്റ മിക്സിംഗ് യൂണിറ്റിന് വേണ്ടി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ടി വിഭാഗങ്ങൾക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി ടെസ്റ്റ് റൺ നടത്തുന്നതിനുള്ള തുടർ പ്രവൃത്തികൾ നടന്നിട്ടില്ല. പ്ലാന്റിലേക്കുള്ള ലോ-ടെൻഷൻ വയർ കപ്പാസിറ്റി കൂട്ടുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പ്രധാന തടസ്സമായി ഫയലിൽ കാണുന്നത്.

പ്രോജക്ട് ആവിഷ്കരിക്കുന്നതിന് മുമ്പ് മതിയായ പഠനം നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് രൂപീകരിച്ച് അതിനെ ആധാരമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നത് വീഴ്ചയാണ്. കെ.എസ്.എച്ച്.ബി.യുമായുള്ള കരാറിന്റെ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 97,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 17/26.9.2023.

## 1-37 കുഴൽക്കിണർ നിർമ്മാണം - പൂർത്തിയാക്കാത്തത് സംബന്ധിച്ച്.

പ്രോജക്ട് നം: 360/23
പേര് : തോട്ടത്തറ ഹാച്ചറി-കുഴൽക്കിണർ നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും
നിർവ്വഹണോദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ, ജില്ലാ പൗൾട്രി ഫാം
അടങ്കൽ : 2,00,000/-
ഫണ്ടിനം: തനതുഫണ്ട്
കരാർ നം. : എ81/22/5.6.2023
ചെലവ് : 1,75,000/-
ചെക്ക് നം. : 7828066/27.3.2023

ആയൂർ ജില്ലാ പൗൾട്രി ഫാമിൽ ഡെപ്പോസിറ്റ് വർക്ക് രീതിയിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിന് എസ്റ്റിമേറ്റ് പ്രകാരം 1,75,000/- രൂപ നൽകിയിട്ടുണ്ട്. കുഴൽക്കിണർ കുഴിച്ച് പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മോട്ടോർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. മോട്ടോർ സ്ഥാപിക്കുന്നതിനും ട്രയൽ റൺ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള ഇനങ്ങൾ ഉൾപ്പെടുത്താതെയുള്ള ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. കുഴൽക്കിണർ കുഴിച്ച് വെള്ളം കാണുകയും ട്രയൽ റൺ നടത്തി അതിന്റെ സ്ഥിരത ഉറപ്പ് വരുത്തുകയും ചെയ്യേണ്ടത് ഭൂജല വകുപ്പിന്റെ ഉത്തരവാദിത്തമാണ്. അതിനനുസൃതമായി എസ്റ്റിമേറ്റ് ലഭ്യമാക്കി പ്രോജക്ട് പൂർത്തിയാക്കാതിരുന്നത് വീഴ്ചയാണ്. കൂടാതെ 27.3.2023-ൽ പണം കൈമാറിയെങ്കിലും 5.6.2023- ലാണ് കരാറിൽ ഏർപ്പെട്ടതായി കാണുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 16/26.9.2023.

## 1-38 കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി - നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അപാകത.

പ്രോജക്ട് നം: 274/23
പേര്: കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി
അടങ്കൽ : 1,00,00,000/-
ഫണ്ടിനം: (1) വികസന ഫണ്ട് = 90,00,000
(2) തനതു ഫണ്ട് = 10,00,000
ചെലവ് : 56,09,374/-

കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി സന്ദർശകർക്കുള്ള കാന്റീൻ നിർമ്മാണം, രാത്രി സന്ദർശകർക്ക് ട്രീ ഹട്ട് നിർമ്മാണം, നിലവിലുള്ള ഡോർമെട്രി, ടൂറിസ്റ്റ് സ്റ്റേ ഹട്ട് എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ, കരിങ്കൽ കൊണ്ടുള്ള ഇരിപ്പിടം സ്ഥാപിക്കൽ തുടങ്ങിയവയാണ് ടി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കെ.എസ്.എച്ച്.ബി., സിഡ്കോ, റബ്കോ തുടങ്ങിയ സർക്കാർ ഏജൻസികൾ മുഖേനയും പൊതു മാർക്കറ്റിൽ നിന്നും ടെണ്ടർ മുഖേനയും പ്രവൃത്തികൾ നടപ്പാക്കാൻ പ്രോജക്ടിൽ വ്യവസ്ഥ ചെയ്യുന്നു. ടി പ്രോജക്ടിൽ ഉൾപ്പെടുത്തി തൻവർഷം ചെയ്ത താഴെ പറയുന്ന നിർമ്മാണ പ്രവൃത്തികളിൽ അപാകതകൾ കാണുന്നു;

(1) ടൂറിസ്റ്റുകൾക്ക് വിശ്രമിക്കുന്നതിനായി ട്രീ ടോപ്പ് ഹട്ട് നിർമ്മാണം.

ചെലവ് : 7,38,993/-രൂപ (വികസന ഫണ്ട്)

ബിൽ നം. : 83/22-23/14.3.2023

ടൂറിസ്റ്റുകൾക്ക് വിശ്രമിക്കുന്നതിനായി ഫാമിന്റെ ഉയർന്ന ഭാഗത്തുള്ള ഒരു മരത്തിന് മുകളിൽ ഹട്ട് നിർമ്മിക്കുന്ന പ്രവൃത്തി സിഡ്കോ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. സിഡ്കോയുടെ 9.12.2022- ലെ എസ്റ്റിമേറ്റ്, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 29.12.2022-ലെ തീരുമാനം (നം.3(4)), സിഡ്കോയുമായുള്ള 2.2.2023-ലെ കരാർ എന്നിവയാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

അപാകതകൾ

എ) 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, പൊതുമരാമത്ത് മാന്വൽ-2012, സ.ഉ.(കൈ)നം.84/2022/തസ്വഭവ തീ.19/04/2022 നം. പദ്ധതി മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് ജില്ലാ പഞ്ചായത്തിന് കീഴിലെ നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടത്. എന്നാൽ പ്രസ്തുത പ്രവൃത്തി സിഡ്കോയെ ഏൽപിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ടെണ്ടർ മുഖേനയോ അക്രഡിറ്റഡ് ഏജൻസിയായോ സിഡ്കോയെ തെരഞ്ഞെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ബി) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നിർവ്വഹിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

സി) സാങ്കേതികാനുമതി സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

ഡി) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2(ഇ)(ii) പ്രകാരം എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും മറ്റ് പ്രവർത്തനങ്ങളും ഡി.എസ്.ആർ. പ്രകാരം 'പ്രൈസ്' സോഫ്റ്റ് വെയർ ഉപയോഗിച്ചായിരിക്കണം. എന്നാൽ സിഡ്കോയുടെ എസ്റ്റിമേറ്റ് എന്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണെന്ന് വ്യക്തമല്ല.

ഇ) ജി.ഐ.ഷീറ്റ്, ആങ്കലയർ എന്നിവ ഉപയോഗിച്ച് മരത്തിന്റെ ചുവട്ടിൽ നിന്നും പകുതിയോളം ഉയരത്തിൽ പടികളും തുടർന്ന് വിശ്രമ സ്ഥലവും മേൽക്കൂരയും നിർമ്മിച്ചതിന് 7,38,993/- രൂപ ചെലവായതിനെ സാധൂകരിക്കുന്ന ചെയ്ത പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള അന്തിമ ബിൽ ഹാജരാക്കിയിട്ടില്ല.

എഫ്) പ്രവത്തിയുടെ മേൽനോട്ടം, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ജി) തുടർന്നുള്ള മരത്തിന്റെ വളർച്ച കണക്കിലെടുക്കാതെ മരത്തോട് ചേർത്താണ് പ്രസ്തുത നിർമ്മാണം നടത്തിയിട്ടുള്ളത്. അതിനാൽ മരം വളരുന്നതിനനുസരിച്ച് ഇതിന് ഘടനാപരമായ വ്യതിയാനം സംഭവിച്ച് അപകടത്തിന് കാരണമാകാം. കൂടാതെ മരത്തെ ചുറ്റിയുള്ള മേൽക്കൂരയുടെ വിടവിലൂടെ മഴവെള്ളം അനായാസം അകത്തേക്ക് വീണ് സന്ദർശകർക്ക് നിൽക്കേണ്ട ജി.ഐ.ഷീറ്റ് പ്ലാറ്റ്ഫോം തുരുമ്പിച്ച് ദുർബലമാകുന്ന സാഹചര്യമാണ്. ഇതുമൂലം രാത്രികാല താമസത്തിനായി ഒരുക്കിയ കട്ടിൽ, മെത്ത, മേശ എന്നിവ അവിടെനിന്നും നീക്കം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് നാളിതുവരെയും ഇത് സന്ദർശകർക്ക് വേണ്ടി തുറന്നുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. പ്രകൃതിക്ക് ഇണങ്ങുന്ന രീതിയിലല്ല ഫാം ടൂറിസത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയ പ്രസ്തുത നിർമ്മിതി.

(2) റൂഫ് സീലിംഗ് വർക്ക്

ചെലവ് : 3,44,442/-രൂപ (വികസന ഫണ്ട്)

ബിൽ നം. : 14/22-23/3.10.2022

ഫാം ഗസ്റ്റ് ഹൗസിൽ റൂഫ് സീലിംഗ്( TKT PVC Ceiling Work With 12" Aiuminium Channeling) 2100 ചതുരശ്ര അടി ചെയ്തതിന് 139/- രൂപ നിരക്കിൽ ജി.എസ്.ടി.ഉൾപ്പെടെ 3,44,442/- രൂപ സിഡ്കോയ്ക്ക് നൽകി. സിഡ്കോയുടെ 29.4.2022- ലെ പ്രൊഫോർമ ഇൻവോയ്സ്, സിഡ്കോയുമായുള്ള 6.5.2022-ലെ കരാർ എന്നിവയാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

അപാകതകൾ

എ) പ്രസ്തുത പ്രവൃത്തി സിഡ്കോയെ ഏൽപിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ടെണ്ടർ മുഖേനയോ അക്രഡിറ്റഡ് ഏജൻസിയായോ സിഡ്കോയെ തെരഞ്ഞെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ബി) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നിർവ്വഹിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

സി) സാങ്കേതികാനുമതി സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

ഡി) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2(ഇ)(ii) പ്രകാരം എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും വിശദമായ എസ്റ്റിമേറ്റ്

തയ്യാറാക്കുന്നതും മറ്റ് പ്രവർത്തനങ്ങളും ഡി.എസ്.ആർ. പ്രകാരം 'പ്രൈസ്' സോഫ്റ്റ് വെയർ ഉപയോഗിച്ചായിരിക്കണം. എന്നാൽ സിഡ്കോയുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് എന്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണെന്ന് വ്യക്തമല്ല.

ഇ) പ്രവർത്തിയുടെ മേൽനോട്ടം, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ നടത്തിയതിന്റെ രേഖകൾ, പ്രവൃത്തിയുടെ അന്തിമ ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 10,83,435/-(7,38,993+3,44,442) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.32/22.11.2023.



ട്രീ ടോപ്പ് ഹട്ട്



ടീ ടോപ്പ് ഹട്ട്- മരത്തിനിടയിലെ വിടവ്

1-39 കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി - ക്വട്ടേഷൻ/ടെണ്ടർ ഇല്ലാതെ സാധനങ്ങൾ വാങ്ങി.

പ്രോജക്ട് നം: 274/23

പേര്: കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി

അടങ്കൽ : 1,00,00,000/-

ഫണ്ടിനം: (1)വികസന ഫണ്ട്= 90,00,000

(2)തനതു ഫണ്ട്= 10,00,000

ചെലവ് : 56,09,374/-

കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിലെ ടൂറിസം വികസനത്തിനുള്ള ടി പ്രോജക്ടിൽ ഉൾപ്പെടുത്തി ഡോർമെറ്ററി, 3 ഗസ്റ്റ് സ്റ്റേ ഹൗസുകൾ എന്നിവ താമസ സജ്ജമാക്കുന്നതിനും കാന്റീനിലേക്കും ആവശ്യമായ ഫർണിച്ചർ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് സാധനങ്ങൾ, ഗൃഹോപകരണങ്ങൾ വാങ്ങിയിട്ടുള്ളത് സിഡ്കോ മുഖേനയാണ്. 22.11.2021- ലെ സ.ഉ.(ആർ.ടി.)നം.33/2021/എസ്.പി.ഡി. പ്രകാരം സ്റ്റീൽ, തടി എന്നിവകൊണ്ട് നിർമ്മിച്ച ഫർണിച്ചർ, ആശുപത്രി ഫർണിച്ചർ എന്നിവയാണ് സിഡ്കോയിൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ ഇല്ലാതെ വാങ്ങുന്നതിന് അനുമതിയുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി ഫാം സൂപ്രണ്ട്, സീനിയർ അഗ്രികൾച്ചർ ഓഫീസർ,

വെറ്ററിനറി സർജൻ, അഗ്രികൾച്ചർ അസിസ്റ്റന്റ് എന്നിവർ ഉൾപ്പെട്ട ടെക്നിക്കൽ/പർച്ചേസ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് സാധനങ്ങൾ, ഗൃഹോപകരണങ്ങൾ, അടുക്കള സാമഗ്രികൾ എന്നിവ ക്വട്ടേഷൻ/ടെണ്ടർ ഇല്ലാതെ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | ബിൽ നം. | ചെലവഴിച്ച തുക | വാങ്ങിയ ഇനം | റിമാർക്സ് |
|---|---|---|---|---|
| 1. | 26/22-23 /17.10.2022 | 8,33,778 | ഇലക്ട്രോണിക്സ് സാധനങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവ | ഡോർമെറ്ററി താമസ സജ്ജമാക്കുന്നതിന് |
| 2. | 14/22-23 /3.10.2022 | 74,740 | ഇലക്ട്രിക്കൽ സാധനങ്ങൾ | -ടി- |
| 3. | 102/22-23 /31.3.2023 | 4,85,092 | അടുക്കള സാമഗ്രികൾ | കാന്റീൻ പ്രവർത്തിപ്പിക്കുന്നതിന് |
| | ആകെ | 13,93,610 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 13,93,610/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 33/22.11.2023.

## 1-40 കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി - കരിങ്കൽ ഇരിപ്പിടം - എല്ലാം സ്ഥാപിച്ചില്ല.

പ്രോജക്ട് നം: 274/23
പേര്: കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി
അടങ്കൽ : 1,00,00,000/-
ഫണ്ടിനം: (1)വികസന ഫണ്ട്= 90,00,000
(2)തനതു ഫണ്ട്= 10,00,000
ചെലവ് : 56,09,374/-

കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിലെ ടൂറിസം വികസനത്തിനുള്ള ടി പ്രോജക്ടിൽ ഉൾപ്പെടുത്തി ടൂറിസ്റ്റുകൾക്ക് വിശ്രമിക്കുന്നതിനായി ഫാമിന്റെ വിവിധ സ്ഥലങ്ങളിൽ 6 അടി നീളത്തിൽ 14 കരിങ്കൽ ഇരിപ്പിടങ്ങൾ സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ പ്രകാരം 7,000/- രൂപ നിരക്കിൽ കരാറുകാരന് 98,000/- രൂപ വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്(ബിൽ നം.58/22-23/17.1.2023). ഭൗതിക പരിശോധനയിൽ ഫാമിലെ പാർക്കിൽ ആകെ 10 കരിങ്കൽ ഇരിപ്പിടങ്ങൾ മാത്രമേ സ്ഥാപിച്ചതായി കാണുന്നുള്ളൂ. പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രവർത്തികൾ പൂർത്തിയാകുന്നതിന് മുന്നേ മുഴുവൻ തുകയും നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം. 34/22.11.2023.

## 1-41 കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി - കാന്റീന്റെ നിർമ്മാണം പൂർത്തിയാകുന്നതിന് മുമ്പ് അടുക്കള സാമഗ്രികൾ വാങ്ങി.

പ്രോജക്ട് നം: 274/23
പേര്: കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി
അടങ്കൽ : 1,00,00,000/-
ഫണ്ടിനം: (1)വികസന ഫണ്ട്= 90,00,000
(2)തനതു ഫണ്ട്= 10,00,000
ചെലവ് : 56,09,374/-

കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിലെ ടൂറിസം വികസനത്തിനുള്ള ടി പ്രോജക്ടിൽ ഉൾപ്പെടുത്തി കാന്റീനിലേക്കാവശ്യമായ അടുക്കള സാമഗ്രികൾ വാങ്ങിയതിന് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 25.2.2023-ലെ തീരുമാനം(നം.9) പ്രകാരം വികസന ഫണ്ടിൽ നിന്നും സിഡ്കോയ്ക്ക് 4,85,092/- രൂപ നൽകിയിട്ടുണ്ട് (ബിൽ നം.102/22-23/31.3.2023). എന്നാൽ ഫാമിൽ കാന്റീന്റെ നിർമ്മാണം നാളിതുവരെയും പൂർത്തിയായിട്ടില്ല. കാന്റീൻ നിർമ്മിക്കുന്ന പ്രവൃത്തി ടി പ്രോജക്ടിൽ തന്നെ ഉൾപ്പെടുത്തി ഡെപ്പോസിറ്റ് വർക്ക്

മുഖേന ചെയ്യുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ 20.10.2022- ലെ കരാർ പ്രകാരം ഏൽപിക്കുകയും 13,70,000/- രൂപ 29.11.2022- ലെ ബിൽ നം.38/22-23 മുഖേന നൽകുകയും ചെയ്തിരിക്കുകയാണ്.

ഭൗതിക പരിശോധനയിൽ സിഡ്കോയിൽ നിന്നും വാങ്ങിയ മിക്സി, ഇലക്ട്രിക് ഒവൻ, ഇലക്ട്രിക് കെറ്റിൽ തുടങ്ങി വാറണ്ടി കാലാവധിയുള്ളവ ഉൾപ്പെടെയുള്ള അടുക്കള സാമഗ്രികൾ ഹൈടെക് ഡയറി കെട്ടിടത്തിന്റെ ഒരു ഭാഗത്ത് ഉപയോഗമില്ലാതെ വച്ചിരിക്കുന്നതായി കണ്ടു. കാന്റീന്റെ നിർമ്മാണം പൂർത്തിയാകുന്നതിന് മുമ്പ് തിടുക്കപ്പെട്ട് ടി സാധനങ്ങൾ വാങ്ങി ഉപയോഗമില്ലാതെ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 4,85,092/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.35/22.11.2023.



കാന്റീനിലേക്ക് വാങ്ങിയ സാധനങ്ങൾ

## 1-42 കോവിഡനന്തരം കാമധേനു സാന്ത്വന സ്പർശം (നൂതന പദ്ധതി) - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫാം സൂപ്രണ്ട്, കുരിയോട്ടുമല ഹൈടെക്ക് ഡയറി ഫാം |
| പ്രോജക്ട് നം | 195/23 കോവിഡനന്തരം കാമധേനു സാന്ത്വന സ്പർശം (നൂതന പദ്ധതി) |
| അടങ്കൽ തുക | 1,17,00,000/- (തനത് ഫണ്ട്) |

| | |
|---|---|
| ചെലവഴിച്ച തുക | 86,25,000/-<br>(I)ചെക്ക് നം7729824/14-10-22, രൂ-21,00,000/-,<br>(Ii)ചെക്ക് നം7897946/14-10-22, രൂ-19,50,000/-,<br>(Iii)ചെക്ക് നം445522/8-3-23, രൂ-21,00,000/-,<br>(Iv)ചെക്ക് നം445534/13-3-23, രൂ-22,50,000/-,<br>(V)ചെക്ക് നം575233/30-3-23, രൂ-2,25,000/-) |

കോവിഡ് മൂലം ഭാര്യ/ഭർത്താവ് മരണപ്പെട്ടവർക്ക് 75,000/- രൂപ വിലയുള്ള പ്രസവിച്ച ഒരു പശുവിനെയും അതിന്റെ ഒരു കുട്ടിയേയും പൂർണ്ണസബ്സിഡിയിൽ നല്കുന്നതാണ് പദ്ധതി. 26 ഡിവിഷനുകളിലുമായി (ഗ്രാമസഭാ ലിസ്റ്റിലുൾപ്പെട്ട 156 പേർക്ക് (@75000/-) ആനുകൂല്യം നല്കുന്നതിനാണ് 1,17,00,000-/- വകയിരുത്തിയിട്ടുള്ളത്. 2021-22ൽ നൂതന പദ്ധതിയായി അംഗീകാരം ലഭിച്ച മേൽ പദ്ധതി വഴി 2021-22ൽ 40 ഗുണഭോക്താക്കൾക്കും 2022-23ൽ 75 ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കിയിട്ടുണ്ട് (2021-22 ലെ തുകയും കൂടി ഉൾപ്പെട്ടതാണ് സുലേഖസ്റ്റേറ്റ്മെന്റിൽ ചെലവായി ചേർത്തിട്ടുള്ളത് , 2021-22ൽ ചെലവ് കാണിച്ചിട്ടില്ല). പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു;

1. പദ്ധതി മാനദണ്ഡ പ്രകാരം അർഹതയില്ലാത്ത വ്യക്തിക്ക് രണ്ട് തവണ ആനുകൂല്യം നല്കി .

ഭാര്യ/ഭർത്താവ് മരണപ്പെട്ടവർക്ക് 75000/- രൂപ മതിപ്പ് വിലയുള്ള പ്രസവിച്ച ഒരു പശുവിനെയും അതിന്റെ ഒരു കുട്ടിയേയും പൂർണ്ണസബ്സിഡിയിൽ നല്കുന്നതിനാണ് നൂതന പദ്ധതിയായി അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ ശ്രീമതി.ലത്തീഫാബീവി(W/0 ബഷീർ)തെക്കതിൽ വീട്, ദർപ്പക്കാട് എന്ന വ്യക്തിക്ക് മകൾ ബുഷറ കോവിഡ് മൂലം മരിച്ചതിന്റെ സർട്ടിഫിക്കറ്റ് പ്രകാരം 2021-22ലും (അപേക്ഷാ നം 31) 2022-23ലും (അപേക്ഷാ നം 103) 75000/-രൂപ വിലയുള്ള പശുവിനേയും കുട്ടിയേയും രണ്ട് തവണ നല്കിയിരിക്കുന്നു. രണ്ട് അപേക്ഷകളിലും ഭർത്താവ് മരിച്ചതായാണ് അപേക്ഷക രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി മാനദണ്ഡ പ്രകാരം ആനുകൂല്യത്തിന് അർഹതയില്ലാത്ത ടി വ്യക്തിക്ക് രണ്ട് തവണ ആനുകൂല്യം നല്കിയത് വഴി 150000/-രൂപവിലയുള്ള ആസ്തി അനധികൃതമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാനദണ്ഡങ്ങൾക്കു വിരുദ്ധമായി ആനുകൂല്യം അനുവദിച്ചത് മൂലം നഷ്ടം വന്ന 1,50,000/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

2. അമ്മ മരിച്ചതിന് മകന് ആനുകൂല്യം നല്കി.

സാവിത്രിയമ്മ, വിഷ്ണുഭവനം മഞ്ഞക്കാല, പറങ്കിമാംമുകൾ എന്ന വ്യക്തി കോവിഡ് മൂലം മരണപ്പെട്ടെങ്കിലും ടിയാളുടെ മകൻ അനിൽകുമാർ പദ്ധതിമാനദണ്ഡ പ്രകാരം ആനുകൂല്യത്തിന് അർഹതയില്ലായിരുന്ന (ഭർത്താവ് മരിച്ചാൽ ഭാര്യയ്ക്ക്/ഭാര്യ മരിച്ചാൽ ഭർത്താവിന്). എന്നാൽ ടിയാളുടെ മകൻ അനിൽകുമാറിന് 75000/-രൂപയുടെ പശുവിനെയും കുട്ടിയേയും നല്കി. നൂതന പദ്ധതി അംഗീകാരമാനദണ്ഡപ്രകാരം അർഹതയില്ലാത്തവർക്ക് ആനുകൂല്യം നല്കുന്നതിന് ചെലവഴിച്ച ആസ്തി മൂല്യമായ 75,000/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

3. മകൻ മരിച്ചതിന് പിതാവിന് ആനുകൂല്യം നല്കി.

ബാബു.കെ, ബോബവിലാസം, കലയപുരം പി.ഒ എന്ന വ്യക്തിയുടെ മകൻ ബിനു മരിച്ചതിന് പിതാവിന് 75000/- രൂപയുടെ പശുവിനെയും കുട്ടിയേയും പദ്ധതിമാനദണ്ഡങ്ങൾ ലംഘിച്ച് നല്കി. നൂതന പദ്ധതി അംഗീകാരമാനദണ്ഡപ്രകാരം അർഹതയില്ലാത്തവർക്ക് ആനുകൂല്യം നല്കുന്നതിന് ചെലവഴിച്ച ആസ്തി മൂല്യമായ 75,000/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

4. കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം നല്കി.

ചുവടെ ചേർക്കുന്ന വ്യക്തികളുടെ അപേക്ഷകളിൽ, മരണപ്പെട്ടവരുടെ കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.

| | ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയുടെ പേര് | മരണപ്പെട്ട വ്യക്തിയുടെ പേര് |
|---|---|---|
| 1 | ബാബു. എൻ, തടത്തിൽ പുത്തൻവീട്, കരുകോൺ, ചണ്ണപ്പേട്ട | സുലജ |

| | | |
|---|---|---|
| 2 | കമല, കൊച്ചുകളീക്കൽതറയിൽ, കുതിരപ്പന്തി.പി.ഒ, തഴവ | പ്രശാന്തൻ |
| 3 | വിശ്വനാഥൻനായർ, വിനോദ്ഭവനം, മാവേലി, പന്മന | ആനന്ദവല്ലി |
| 4 | ബിന്ദു. എസ്. എം, പ്രീതി നിവാസ്, പെരിങ്ങാട് | പ്രകാശ് |
| 5 | സജിത, സജിത മൻസിൽ, അലയമൺ | ജലീൽ |

ടി രേഖകൾ ഹാജരാക്കുന്നത് വരെ മേൽ വ്യക്തികൾക്ക് ആനുകൂല്യം നല്കിയ ഇനത്തിലുള്ള ആസ്തി മൂല്യമായ 3,75,000/-രൂപ(75000x5) രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5. ഹാജരാക്കിയ രേഖകളിൽ അവ്യക്തത.

ഷെറഫുദ്ദീൻ. എം, സെയ്ദലിമൻസിൽ, മയ്യനാട് (71 വയസ്സ്) ഭാര്യ മരണപ്പെട്ടതായി അപേക്ഷ നല്കി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാൾ ഹാജരാക്കിയ കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റിൽ ലൈലാബീവി, 25 വയസ്സ്, സഫീർമൻസിൽ, മയ്യനാട് പി.ഒ, കൊല്ലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷയിൽ അവ്യക്തത ഉള്ളതിനാൽ കൃത്യമായ രേഖകൾ ഹാജരാക്കുന്നത് വരെ ആനുകൂല്യം നല്കുന്നതിന് ചെലവഴിച്ച തുകയായ 75,000/-രൂപ (ആസ്തി മൂല്യം) തടസ്സപ്പെടുത്തുന്നു.
മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

എൻക്വയറി നം. 43/22-11-23

## 1-43 സുഭിക്ഷകേരളം - അജഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫാം സൂപ്രണ്ട്, കുരിയോട്ടുമല ഹൈടെക്ക് ഡയറി ഫാം |
| പ്രോജക്ട് നം | 194/23 സുഭിക്ഷകേരളം – അജഗ്രാമം. |
| അടങ്കൽ തുക | 3473600/-<br>((I)തനത് ഫണ്ട് 1736800/-,<br>(Ii)ഗുണഭോക്തൃവിഹിതം 1736800/- |
| ചെലവഴിച്ച തുക | 668000/- (തനത് ഫണ്ട് )<br>(I)ചെക്ക് നം. 7729825/14-10-22, രൂ-60,000/-<br>(Ii)ചെക്ക് നം. 6911560/28-12-22, രൂ-3,40,800/-<br>(Iii)ചെക്ക് നം. 7896273/13-1-23, രൂ-2,67,200/- |

ജില്ലാ പഞ്ചായത്തിന്റെ 26 ഡിവിഷനുകളിൽ നിന്നും ജില്ലാപഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുക്കുന്ന 52 ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് പതിനഞ്ച് ആടുകൾ വീതം (10 പെണ്ണാടുകളും 5 ആണാടുകളും ) വീതമുള്ള ഒരു യൂണിറ്റാണ് നല്കുന്നത് . ഓരോ യൂണിറ്റിനും 25 സെന്റ് സ്ഥലത്ത് പുൽക്കണ ഫാമിൽ നിന്നും വച്ചു കൊടുക്കുകയും ജൈവവളം ഫാമിൽ നിന്നും സപ്ലൈ ചെയ്യുകയുംചെയ്യുന്നു, ഇൻഷുറൻസ്, ഗതാഗത ചെലവ് എന്നിവ ഗുണഭോക്താവ് വഹിക്കേണ്ടതാണ്. ടി യൂണിറ്റുകളിലെ ആടുകളുടെ പരിപാലനം തദ്ദേശ മൃഗസംരക്ഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നതുമായ രീതിയിലാണ് പദ്ധതി അംഗീകരിച്ചിട്ടുള്ളത്. ഒരു ഗ്രൂപ്പിനുള്ള യൂണിറ്റ് കോസ്റ്റ് , നല്കുന്ന സബ്സിഡി, അടയ്ക്കേണ്ട ഗുണഭോക്തൃ വിഹിതം എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു,

Cost Of Goats (10F &5M)-4000x15= 60000/-

Cost Of Fodder Slips-3000/-

Labour Charge-3300/-

Cost Of Manure-500/-

Total-66800/- സബ്സിഡി 50% 33400/- ഗുണഭോക്തൃവിഹിതം വീതം 52 ഗുണഭോക്താക്കൾക്ക്.

പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു;

1. സബ്സിഡി മാർഗ്ഗരേഖയിലോ പദ്ധതി മാർഗ്ഗരേഖയിലോ മേൽ പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെട്ടിട്ടില്ല. ടി സാഹചര്യത്തിൽ യൂണിറ്റ് കോസ്റ്റ്, സബ്സിഡി, ആടുകളുടെ എണ്ണം എന്നിവ നിശ്ചയിച്ചതെപ്രകാരമെന്ന് വ്യക്തമാക്കണമെന്നറിയിച്ച കൊണ്ട് എൻക്വയറി നല്കിയെങ്കിലും മറുപടി

ലഭ്യമാക്കിയിട്ടില്ല. നൂതന പദ്ധതിയായി അംഗീകാരം ലഭിച്ചതാണെങ്കിൽ ടി രേഖകൾ ഹാജരാക്കേണ്ടതാണ്.

2. മേൽ പദ്ധതി വഴി 2020-21ൽ 8യൂണിറ്റുകളെയും 2021-22 ൽ 9യൂണിറ്റുകളെയും 2022-23ൽ 3യൂണിറ്റുകളെയുമാണ് വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ ടി യൂണിറ്റുകളെ ജില്ലാപഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുത്തതിന്റെ രേഖകളോ ഗുണഭോക്തൃ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ രേഖകളോ ഗ്രൂപ്പുകൾക്ക് 15 ആടുകളെ പരിപാലിക്കുന്നതിന് മതിയായ സ്ഥലസൗകര്യം ലഭ്യമാണെന്നതിന്റെ രേഖകളോ ആടുകളെ ഗ്രൂപ്പിന്റെ പേരിൽ ഇൻഷ്വർ ചെയ്തതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. യൂണിറ്റുകളിലെ ആടുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശമൃഗസംരക്ഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ മോണിറ്ററിങ്ങ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല.

2022-23ൽ ഫാമിൽ നിന്നും പദ്ധതി വഴി 15 ആടുകളെ ലഭിച്ച 3യൂണിറ്റുകളായ ഹരിതം, കരുണ, നന്മ എന്നീ ഗ്രൂപ്പുകളിലെ ഗുണഭോക്താക്കളോട് ഫോൺ മുഖേന വിവരശേഖരണം നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു;

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെഹരിതം ഗ്രൂപ്പിലെ വിനീത്, വിഷ്ണുവിഹാർ, കല്ലുവാതുക്കൽ എന്ന വ്യക്തിയിൽ നിന്നും ഫോൺ മുഖേന വിവരശേഖരണം നടത്തിയതിൽ 10.02.2022ൽ ആടുകളെ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ടി ഗ്രൂപ്പിനെക്കുറിച്ച് അറിയില്ലെന്നും നിലവിൽ ആടുകൾ ഇല്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

കുളക്കട ഗ്രാമപഞ്ചായത്തിലെ കരുണ ഗ്രൂപ്പിലെ വസന്തകുമാരി, വടക്കേ നെയ്യശ്ശേരിൽ വീട്, കുളക്കട എന്ന വ്യക്തിയിൽ നിന്നും ഫോൺ മുഖേന വിവരശേഖരണം നടത്തിയതിൽ ആടുകളെ കൈപ്പറ്റിയത് 10-11-22ൽ ആണെന്നും കരുണ ഗ്രൂപ്പ് പ്രവർത്തിക്കുന്നില്ലെന്നും നിലവിൽ ആടുകൾ ഇല്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ നന്മ ഗ്രൂപ്പിലെ ഷെമിം. എസ്, പാലവിളപുത്തൻവീട്, പാരിപ്പള്ളി എന്ന വ്യക്തിയിൽ നിന്നും ഫോൺ മുഖേന വിവരശേഖരണം നടത്തിയതിൽ 10-5-2022 ആണ് ആടുകളെ കൈപ്പറ്റിയതെന്നും ടി ഗ്രൂപ്പിനെക്കുറിച്ച് അറിയില്ലെന്നും നിലവിൽ ആടുകൾ ഇല്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ടി 3 ഗ്രൂപ്പുകളും ഫാം സൂപ്രണ്ടുമായുള്ള എഗ്രിമെന്റിൽ ഫാമിൽ നിന്നു ലഭിക്കുന്ന ആടുകളെ 3 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യുന്നതല്ലെന്നും ആടുകളെ നിർദ്ദേശാനുസരണം പാലിക്കുന്നതാണെന്നും നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ വീഴ്ചകൾ വരുത്തുകയോചെയ്യുന്ന പക്ഷം സബ്സിഡി തുക12% സഹിതം തിരിച്ചടക്കുന്നതാണെന്നും അല്ലാത്തപക്ഷം സ്ഥാവരജംഗമങ്ങളിൽ നിന്നും ഈടാക്കുവാൻ സമ്മതമാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ മേൽ ഗ്രൂപ്പുകൾക്ക് നല്കിയ സബ്സിഡിയിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. 3 ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുന്നതിന് വേണ്ടി ചെലവഴിച്ച ആസ്തിമൂല്യമായ 1,00,200/-രൂപ തടസ്സപ്പെടുത്തുന്നു. തൻവർഷം 3ഗ്രൂപ്പുകൾക്കാണ് ആനുകൂല്യം നല്കിയതെങ്കിലും (രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം) സുലേഖസ്റ്റേറ്റ്മെന്റിൽ ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളത് 668000/- രൂപയാണ്. ടി വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം. 43/22-11-23

## 1-44 സുഭിക്ഷകേരളം - ക്ഷീരസാന്ത്വനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. .

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫാംസൂപ്രണ്ട്, കുരിയോട്ടുമല ഹൈടെക്ക് ഡയറി ഫാം |
| പ്രോജക്ട് നം | 653/23 സുഭിക്ഷകേരളം – ക്ഷീരസാന്ത്വനം. |
| അടങ്കൽ തുക | 15953600/-<br>(തനത് ഫണ്ട് 7976800/-, ഗുണഭോക്തൃവിഹിതം 7976800/-) |
| ചെലവഴിച്ച തുക | 7380000/- (തനത് ഫണ്ട് )<br>(I)ചെക്ക് നം. 7897947/28-1-23, രൂ-9,50,000/-,<br>(Ii)ചെക്ക് നം. 7896266/6-1-23, രൂ-19,50,000/-,<br>(Iii)ചെക്ക് നം. 445522/10-3-23, രൂ-1650000/-,<br>(Iv)ചെക്ക് നം. 445538/ 14-3-23, രൂ-1830000/- |

കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽരഹിതരാകുന്ന പ്രവാസികൾക്കും തൊഴിൽരഹിതരാകുന്ന യുവതീയുവാക്കൾക്കും മൃഗസംരക്ഷണമേഖലയിലും കൃഷിയിലും താൽപ്പര്യം വളർത്തുന്നതിന് പുറമേ അവർക്ക് സ്വന്തം കാലിൽ നിൽക്കുന്നതിനും കൊല്ലം ജില്ലയെ ക്ഷീരോൽപ്പാദനത്തിൽ സ്വയം പര്യാപ്തമാക്കുന്നതുമാണ് പദ്ധതി ലക്ഷ്യം.

ജില്ലാ പഞ്ചായത്തിന്റെ 26 ഡിവിഷനുകളിൽ നിന്നും ജില്ലാപഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുക്കുന്ന 52 ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് അഞ്ച് പശുക്കൾ വീതമുള്ള ഒരു യൂണിറ്റാണ് നല്കുന്നത്. ഓരോ യൂണിറ്റിനും 25 സെന്റ് സ്ഥലത്ത് പുൽക്കണ ഫാമിൽ നിന്നും വച്ചു കൊടുക്കുന്നതും ജൈവവളം ഫാമിൽ നിന്നും സപ്ലൈ ചെയ്യും, ഇൻഷുറൻസ്, ഗതാഗത ചെലവ് എന്നിവ ഗുണഭോക്താവ് വഹിക്കേണ്ടതാണ്. ടി യൂണിറ്റുകളിലെ പശുക്കളുടെ പരിപാലനം തദ്ദേശ മൃഗസംരക്ഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നതായിരിക്കും. ഒരു ഗ്രൂപ്പിനുള്ള യൂണിറ്റ് കോസ്റ്റ്, നല്കുന്ന സബ്സിഡി, അടയ്ക്കേണ്ട ഗുണഭോക്തൃ വിഹിതം എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു;

Unit Cost

Cost Of Cow(5) - 60000x5 = 300000/-

Cost Of Fodder Slips - 3000/-

Labour Charge - 3300/-

Cost Of Manure - 500/-

Total - 306800/- സബ്സിഡി 50% 153400/- ഗുണഭോക്തൃവിഹിതം വീതം 52 ഗുണഭോക്താക്കൾക്ക്.

പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖയിലോ പദ്ധതി മാർഗ്ഗരേഖയിലോ മേൽ പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെട്ടിട്ടില്ല.ടി സാഹചര്യത്തിൽ യൂണിറ്റ് കോസ്റ്റ്, സബ്സിഡി പശുക്കളുടെ എണ്ണം എന്നിവ നിശ്ചയിച്ചതെപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്. നൂതന പദ്ധതിയായി അംഗീകാരം ലഭിച്ചതാണെങ്കിൽ ടി രേഖകൾ ഹാജരാക്കേണ്ടതാണ്.
2. മേൽ പദ്ധതി വഴി 2020-21,2021-22 വർഷങ്ങളിലായി 50 യൂണിറ്റ് പശുക്കളെയാണ് (250പശുക്കളെ)വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ ടി യൂണിറ്റുകളെ ജില്ലാപഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുത്തതിന്റെ രേഖകളോ ഗുണഭോക്തൃ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ രേഖകളോ ഗ്രൂപ്പുകൾക്ക് 5 പശുക്കളെ പരിപാലിക്കുന്നതിന് മതിയായ സ്ഥലസൗകര്യം ലഭ്യമാണെന്നതിന്റെ രേഖകളോ പശുക്കളെ ഗ്രൂപ്പിന്റെ പേരിൽ ഇൻഷ്വർ ചെയ്തതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. യൂണിറ്റുകളിലെ പശുക്കളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശമൃഗസംരക്ഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ മോണിറ്ററിങ്ങ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. തൻ വർഷം പശുക്കളെ വിതരണം ചെയ്തിട്ടില്ലെന്നും സബ്സിഡി കൈമാറ്റം മാത്രമാണ് നടന്നതെന്നുമാണ് ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. തൻ വർഷം സബ്സിഡിയിനത്തിൽ കൈമാറിയിട്ടുള്ളത് 7380000/- (48x150000 + 2x90000) രൂപയാണ്. മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 43/22-11-23.

## 1-45 കരിയോട്ടുമല ഫാമിൽ പാലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫാം സൂപ്രണ്ട്, കരിയോട്ടുമല ഹൈടെക്ക് ഡയറി ഫാം |
| പ്രോജക്ട് നം | 266/23 കരിയോട്ടുമല ഫാമിൽ പാലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം |
| അടങ്കൽ തുക | 25,00,000/-<br>(തനത്ഫണ്ട് : 5,00,000/-, വികസനഫണ്ട്: 9,36,333/-<br>മറ്റുള്ളവ: 10,63,667/- ) |
| ചെലവഴിച്ച തുക | 5,00,000/- (തനത് ഫണ്ട്)<br>ചെക്ക് നം. 575216/24-3-23) |

ഹൈടെക് ഡയറിഫാമിൽ ഉൽപ്പാദിപ്പിക്കുന്ന പാലിൽ നിന്നും ഐസ്ക്രീം, സിപ്പ് അപ്പ് തുടങ്ങിയ ഉൽപ്പന്നങ്ങൾ തയ്യാറാക്കി വിപണനം ചെയ്യുന്നതാണ് പദ്ധതി. ഇതിനുള്ള അനുബന്ധ സൗകര്യങ്ങളും ഫാമിൽ തന്നെ ഒരുക്കി ഇത് വഴി അധിക വരുമാനം ലക്ഷ്യമിടുന്നു. യന്ത്രങ്ങൾ വാങ്ങുന്നതിനായി ഡയറി ഡിപ്പാർട്ട്മെന്റ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (കെ.എസ്.എച്ച്.ബി) എഞ്ചിനീയർ എന്നിവരടങ്ങുന്ന സമിതിയും കൺസൾട്ടന്റായി

റിട്ട.ഡയറി ഓഫീസറും ചേർന്ന് എസ്റ്റിമേറ്റ് രൂപീകരിച്ച് യന്ത്രങ്ങൾ നേരിട്ട് ടെണ്ടർ മുഖേനയും സിവിൽ വർക്ക് കെ.എസ്.എച്ച്.ബിയും നിർവ്വഹിക്കുന്നതായാണ് പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതിക്ക് വേണ്ടിയുള്ള ആകെ എസ്റ്റിമേറ്റ് തുക 25,00,000/-രൂപയാണ്. (100 ലിറ്റർ ഐസ്ക്രീം നിർമ്മാണയൂണിറ്റ്- 15,42,260/-രൂപ, സിവിൽ വർക്ക്- 9,57,740/-). ഐസ്ക്രീം നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി, മുൻപ് ഹാച്ചറി പ്രവർത്തിച്ചു കൊണ്ടിരുന്ന പഴയ ബിൽഡിങ്ങിന്റെ മെയിന്റനൻസ് വർക്ക് മാത്രം കെ.എസ്.എച്ച്.ബിയെ ഏൽപ്പിക്കുന്നതിനും ഐസ്ക്രീം നിർമ്മാണയൂണിറ്റ് ആരംഭിക്കുന്നതിനുള്ള യന്ത്രങ്ങൾ നേരിട്ട് ടെണ്ടർ മുഖേനയും നിർവ്വഹിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളതെങ്കിലും കെ.എസ്.എച്ച്.ബിയുമായി 27-3-23-ൽ ബിൽഡിങ്ങിന്റെ മെയിന്റനൻസ് വർക്കിനായി മാത്രം കരാറിലേർപ്പെട്ടിട്ടുള്ളത് 25,00,000/-രൂപയ്ക്കാണ് (High Tech Dairy Farm Kuryottumala-Maintenance Of Old Building For Icecream Unit For Rs.19,60,215/- Including Consultancy Carge 8% Amounting To Rs.1,56,817/- GST On Consultancy Charge 18% Amounting To 28,227/- And Work GST 18% Amounting To Rs. 3,52,839/- And Adding Round Off Rs. 1902/-). തുക കൈപ്പറ്റി 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്നുമാണ് എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം 5,00,000/- രൂപ കെ.എസ്.എച്ച്.ബി.ക്ക് കൈമാറിയിട്ടുണ്ടെങ്കിലും സ്ഥലപരിശോധനയിൽ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചതായി കാണുന്നില്ല.

പാൽ, നെയ്യ് എന്നിവയാണ് നിലവിൽ ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നത്. നിലവിലെ ശരാശരി പ്രതിദിന പാലുൽപ്പാദനം 1,122ലിറ്റർ ആയിരിക്കെ 100 ലിറ്റർ ഐസ്ക്രീം നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുള്ള സാധ്യതാ പഠനം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മെയിന്റനൻസ് വർക്ക് മാത്രം കെ.എസ്.എച്ച്.ബിയെ ഏൽപ്പിക്കുന്നതിന് പദ്ധതിയിൽ തീരുമാനമെടുത്തിട്ട് ഉപകരണങ്ങൾ വാങ്ങുന്നതുക കൂടി ഉൾപ്പെടുത്തി കെ.എസ്.എച്ച്.ബിയുമായി കരാറിലേർപ്പെട്ടതിനും മേൽ സൂചിപ്പിച്ചവയ്ക്കും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി തൻവർഷം കെ.എസ്.എച്ച്.ബിക്ക് നൽകിയ 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ചവയ്ക്ക് വിശദീകരണവും പ്രവർത്തി പൂർത്തിയാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽ പ്പാദനയൂണിറ്റ് പ്രവർത്തന സജ്ജമാക്കിയതിന്റെ രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം. 42/22-11-23

## 1-46 കുരിയോട്ടുമല ഹൈടെക്ക് ഡയറിഫാമിലെ പ്രദർശന യൂണിറ്റ് - പദ്ധതി നടപ്പാക്കിയതിൽ അപാകത.

1. കുതിരകളുടെ പ്രദർശന യൂണിറ്റ് - പദ്ധതി നടപ്പാക്കിയതിൽ അപാകത.

2021-22 ലെ ഫാം പ്രദർശന യൂണിറ്റ് (169/22) എന്ന പദ്ധതി വഴി 1,50,000/- രൂപ നിരക്കിൽ അഞ്ചു ജോഡി എമുവിനെയും (ആകെ 7.5 ലക്ഷം രൂപ) നാല് ലക്ഷം രൂപ നിരക്കിൽ 3 കുതിരകളെയും (ആകെ 12 ലക്ഷം രൂപ) 1.5 ലക്ഷം രൂപ നിരക്കിൽ 3 പോണി കുതിരകളെയും (ആകെ4.5 ലക്ഷം രൂപ) 75,000 രൂപ നിരക്കിൽ 8 നാടൻ ജനുസ് ഉരുക്കളെയും (ആകെ 6 ലക്ഷം രൂപ) വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ ടി പദ്ധതി വഴി വാങ്ങിയിട്ടുള്ളത് 4,48,000 രൂപ വിലയുള്ള അഞ്ചു കുതിരകളെയാണ് (4,00,000 + 12 ശതമാനം ജി.എസ്.ടി). ഒന്നര ലക്ഷം രൂപ വിലയുള്ള 3 പോണി കുതിരകളെ വാങ്ങുന്നതിന് പകരം 4,48,000/- വിലയിൽ രണ്ടു കുതിരകളെ അധികമായി വാങ്ങിയത് മൂലം 8,96,000/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. മേൽ വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് കുതിരകളെ വാങ്ങിയതുമൂലം അധികം ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

2. മരണപ്പെട്ടകുതിരയുടെ ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കിയില്ല

22,40,000/-രൂപ ചെലവഴിച്ച് വാങ്ങിയ5 കുതിരകളിൽ ഒരു കുതിര(വില 4,48,000/- രൂപ വിലയുള്ള ) 18.8.2023-ൽ മരണപ്പെട്ടു. എന്നാൽ കുതിരയുടെ ഇൻഷ്വറൻസ് രേഖകളോ, ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി കുതിരയുടെ ഇൻഷ്വറൻസ് ക്ലെയിം തുക ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3. കുതിരകളുടെ പ്രദർശന യൂണിറ്റ് -മതിയായ സ്ഥലസൗകര്യങ്ങൾ ഒരുക്കിയിട്ടില്ല.

കുതിരകളുടെ പ്രദർശന യൂണിറ്റിൽ 10-11-23ൽ ഫാം അധികൃതരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി. സ്ഥല പരിശോധന, കുതിരകളെ വാങ്ങിയതിന്റെ ഫയൽ പരിശോധന എന്നിവയിൽ നിന്നും പ്രദർശനത്തിനായി വാങ്ങിയത് സാഗർ ഇക്വസ്റ്റ്റ്യൻ സ്പോർട്സ് അക്കാഡമി, ജയ്പ്പൂർ എന്ന സ്ഥാപനത്തിൽ റേസിങ്ങിന് ഉപയോഗിക്കുന്ന കുതിരകളെയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റേസിങ്ങിന് ഉപയോഗിക്കുന്ന കുതിരകളെ പ്രദർശന യൂണിറ്റിലേക്ക് വാങ്ങിയതിന്റെ സാംഗത്യം വ്യക്തമല്ല. മതിയായ സ്ഥലസൗകര്യമില്ലാത്ത 4 കുടുസ്സ് മുറികളിലായി നന്നായി നില്ക്കാനോ തിരിയാനോ കഴിയാത്തവിധമാണ് ഇവയെ പാർപ്പിച്ചിരിക്കുന്നത്. കൂടാതെ കുതിരകളെ മുറികളിൽ നിന്നും പുറത്തിറക്കുന്നതിനും റൈഡിങ്ങിനുമായി തിരിച്ചിട്ടുള്ളതും വളരെ ഇടുങ്ങിയ സ്ഥലമാണ്. റേസിങ്ങിന് ഉപയോഗിക്കുന്ന ടി കുതിരകൾക്ക് മതിയായ രീതിയിൽ വ്യായാമം ലഭിക്കുന്നതിനുള്ള സ്ഥല സൗകര്യം ഒരുക്കിയിട്ടില്ലാത്തത് ഇവയുടെ ആരോഗ്യത്തിന് ഭീഷണിയാണ്. കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെയും മതിയായ സ്ഥല സൗകര്യമൊരുക്കാതെയും കുതിരകളെ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. പ്രതിമാസം രണ്ടും മൂന്നും തവണ 3,000/- രൂപ നിരക്കിൽ ഓരോ കുതിരകൾക്കും ലാടം തറയ്ക്കുന്നതിന് തുക ക്യാഷ് വൗച്ചർ മുഖേന തുക ചെലവഴിക്കുന്നതായി ഫാമിലെ ദൈനംദിനചെലവിന്റെ ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു (അജിത്ത് പ്രൊഫഷണൽ ഫാരിയറി സർവ്വീസിന്റെ രസീത്). എന്നാൽ പരിശോധനാസമയത്ത് അവയുടെ കാലിൽ ലാടം ഉള്ളതായി കണ്ടില്ല. പ്രതിമാസം രണ്ടും മൂന്നും തവണ തവണ ലാടം അടിക്കേണ്ടി വരുന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4. ഒട്ടകപ്പക്ഷി പ്രദർശന യൂണിറ്റ്- മതിയായ സ്ഥല സൗകര്യമില്ല- ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചതിന്റെ രേഖകൾ ഇല്ല.

പ്രദർശന യൂണിറ്റിന്റെ ഭാഗമായി വാങ്ങിയ 6 ഒട്ടകപ്പക്ഷികളിൽ 4 എണ്ണമാണ് നിലവിലുള്ളത്. യൂണിറ്റിന്റെ സ്ഥല പരിശോധനയിൽ ചെറിയ ഒരു സ്ഥലത്തെ ഫെൻസിങ്ങിനുള്ളിലാണ് ഇവയെ പാർപ്പിച്ചിട്ടുള്ളതെന്ന് കണ്ടു. ഏറ്റവും കൂടുതൽ വേഗത്തിൽ ഓടുന്ന ഒട്ടകപ്പക്ഷികൾക്ക് നന്നായി നടക്കുന്നതിനു പോലും സൗകര്യമില്ലാത്ത സ്ഥലം ഒട്ടകപ്പക്ഷികളുടെ പ്രദർശന യൂണിറ്റ് സ്ഥാപിക്കുന്നതിന് കണ്ടെത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. 2019-20 ലെ പദ്ധതി വഴി(ലൈവ് സ്റ്റോക്കിലെടുത്തിട്ടുള്ളത് 26-2-20) ഒരു ജോടിക്ക് 1,65,000/- രൂപ നിരക്കിൽ 4,95,000/- രൂപ ചെലവഴിച്ച് 3 ജോടി ഒട്ടകപ്പക്ഷികളെ വാങ്ങിയതിൽ രണ്ടെണ്ണം (24-1-21, 9-8-23 എന്നീ തീയതികളിൽ ) മരണപ്പെട്ടെങ്കിലും ടി പക്ഷികളുടെ ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇൻഷ്വറൻസ് ക്ലെയിം തുക ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

5. എമു പ്രദർശന യൂണിറ്റ്-ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചതിന്റെ രേഖകൾ ഇല്ല.

2021-22ലെ പദ്ധതി വഴി 4 ജോടി എമുവിനെ 4,60,000/- രൂപയ്ക്ക് വാങ്ങിയതിൽ രണ്ടെണ്ണം 24-4-23, 20-6-23 എന്നീ തീയതികളിൽ മരണപ്പെട്ടെങ്കിലും ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇൻഷ്വറൻസ് ക്ലെയിം തുക ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

മേൽ അപാകതകൾ സംബന്ധിച്ച് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 41/22-11-23.

## 1-47 ഉണക്ക ചാണകപ്പൊടി, ജൈവവളം വിൽപ്പന - നടപടിക്രമങ്ങൾ പാലിക്കാതെ അമിത നിരക്കിൽ സ്റ്റിക്കർ, കവർ എന്നിവ വാങ്ങി.

കരിയോട്ടുമല ഹൈടെക്ക്ഡയറിഫാമിന്റെ ദൈനംദിനച്ചെലവുകൾ എന്ന പ്രോജക്റ്റിന്റെ പരിശോധനയിൽ ഫാമിൽ വിൽക്കുന്ന ഉണക്ക ചാണകപ്പൊടി, ജൈവവളം എന്നിവയുടെ കവർ, സ്റ്റിക്കർ എന്നിവ നടപടിക്രമങ്ങൾ പാലിക്കാതെ അമിത നിരക്കിൽ വാങ്ങി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു . വിശദവിവരം ചുവടെ ചേർക്കുന്നു;

കരിയോട്ടുമല ഹൈടെക്ക്ഡയറിഫാമിൽ തയ്യാറാക്കുന്ന ഉണക്കചാണകപ്പൊടി ഒരു കിലോഗ്രാം ഉള്ള ഒരു കവറിന് 12 രൂപ നിരക്കിലും ജൈവവളം 18/- രൂപ നിരക്കിലുമാണ് വിറ്റു വരുന്നത്. എന്നാൽ ചാണകപ്പൊടി, ജൈവവളം എന്നിവ വിൽക്കുന്ന കവറിന് പുറത്ത് ഒട്ടിക്കുന്ന സ്റ്റിക്കർ ഒന്നിന് 7.40/- രൂപ നിരക്കിൽ ആണ് വാങ്ങിയിട്ടുള്ളത്. കൂടാതെ ചാണകപ്പൊടി, ജൈവവളം എന്നിവ നിറയ്ക്കുന്ന കവർ കിലോയ്ക്ക് 953/- രൂപ നിരക്കിലും ആണ് വാങ്ങിയിട്ടുള്ളത്. മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കാതെയാണ് പ്രസ്തുത വാങ്ങലുകൾ നടത്തിയിട്ടുള്ളത്. അതേ സമയം പാൽ വിൽക്കുന്നതിനുള്ളതും അടിസ്ഥാന വിവരങ്ങൾ പ്രിന്റ് ചെയ്തതുമായ ½ ലിറ്റർ പാക്കറ്റിന്റെ (ജില്ലാ

പഞ്ചായത്തിന്റെ പേര്, ഫാമിന്റെ പേര് വിലവിവരം എന്നിവ ) പോളിത്തീൻ കവർ കിലോഗ്രാമിന് 183/- രൂപ നിരക്കിലാണ് ക്വട്ടേഷൻ പ്രകാരം വാങ്ങിക്കൊണ്ടിരിക്കുന്നത്. അതേ കാലയളവിൽ ചാണകപ്പൊടി നിറയ്ക്കുന്നതിനുള്ള സാധാരണ പ്ലാസ്റ്റിക് കവർ കിലോഗ്രാമിന് 953/- രൂപ നിരക്കിലും കവറിന് പുറത്തൊട്ടിക്കുന്ന പേര് വിവരങ്ങളടങ്ങിയ സ്റ്റിക്കറൊന്നിന് 7.40/- രൂപ നിരക്കിലും ചെലവഴിച്ചത് ഒട്ടും യുക്തിസഹമല്ല. ഈയിനത്തിൽ തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം ചേർക്കുന്നു;

| | എണ്ണം | വില | ആകെ | വാങ്ങിയ സ്ഥാപനം |
|---|---|---|---|---|
| ഉണക്കചാണകപ്പൊടി കവറിനു പുറത്തെ സ്റ്റിക്കർ | 1000 | 7.40/- | 7400/- | പ്രജിൽ ഓഫ്സെറ്റ് & ഫ്ലെക്സ് പ്രിന്റിങ്ങ്, പുനലൂർ |
| ജൈവവളം കവറിനു പുറത്തെ സ്റ്റിക്കർ | 1000 | 7.40/- | 7400/- | പ്രജിൽ ഓഫ്സെറ്റ് & ഫ്ലെക്സ് പ്രിന്റിങ്ങ്, പുനലൂർ |
| ഉണക്കചാണകപ്പൊടി, ജൈവവളം എന്നിവ പായ്ക്ക് ചെയ്യുന്ന പ്ലാസ്റ്റിക് കവർ | 9 Kg | 822.2/- | 7400/- | മീരാൻ ട്രേഡേഴ്സ്, പുനലൂർ |
| ഉണക്കചാണകപ്പൊടി, ജൈവവളം എന്നിവ പായ്ക്ക് ചെയ്യുന്ന പ്ലാസ്റ്റിക് കവർ | 12Kg | 953 | 11436/- | ബ്രോസ് പേപ്പേഴ്സ്, പുനലൂർ. |

ഉണക്കചാണകപ്പൊടി, ജൈവവളം, എന്നിവയുടെ ഒരു കവർ വിറ്റാൽ ലഭിക്കുന്ന തുകയിൽ കവറിന്റെ വിലയും സ്റ്റിക്കറിന്റെ വിലയും മനുഷ്യ വിഭവശേഷിയും കിഴിച്ചാൽ നാമമാത്രമായ തുകയെ ലഭിക്കുകയുള്ളൂ. പാൽ പായ്ക്ക് ചെയ്യുന്നതും എല്ലാ വിവരങ്ങളും പ്രിന്റ് ചെയ്തതുമായ പോളിത്തീൻ കവർ കിലോഗ്രാമിന് 183/- രൂപ നിരക്കിൽ വാങ്ങിക്കൊണ്ടിരിക്കുന്ന അതേ കാലയളവിൽ ഉണക്കചാണകപ്പൊടിയുടെ വിലവിവരങ്ങളടങ്ങിയ സ്റ്റിക്കറിനും കവറിനും ഉയർന്ന വില നല്കി വാങ്ങിയത് അംഗീകരിക്കാൻ സാധിക്കുന്നില്ല. മേൽ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്. ക്വട്ടേഷൻ/ടെണ്ടർ നടപടികളില്ലാതെ പർച്ചേസ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. വിവരങ്ങൾ പ്രിന്റ് ചെയ്ത സ്റ്റിക്കർ വാങ്ങി ഒട്ടിക്കുന്നതിന് പകരം പ്രിന്റ് ചെയ്ത കവർ ക്വട്ടേഷൻ/ടെണ്ടർ നടപടികളിലൂടെ വാങ്ങി ഉപയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 40/22-11-23

## 1-48 ഹൈടെക് ഡയറി ഫാമിലേക്ക് സോഫ്റ്റ്‌വെയർ - തുക കൈമാറിയെങ്കിലും സോഫ്റ്റ് വെയർ സജ്ജമാക്കിയിട്ടില്ല.

'ഫാമിലെ ദൈനം ദിന ചെലവുകൾ' എന്ന പ്രോജക്ടിൽ (നം. 242/23) ഉൾപ്പെടുത്തി ഫാമിലേക്ക് സോഫ്റ്റ്‌വെയർ സജ്ജമാക്കുന്നതിനായി വൗച്ചർ നം. 836/18-1-23 മുഖേന 35,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഹൈടെക് ഡയറി ഫാമിലെ കിടാരികൾ, കറവ/ഗർഭിണി പശുക്കൾ, കുത്തിവയ്ക്കുന്ന തീയതി, ഇൻഷുറൻസ്, വാക്സിനേഷൻ, രോഗങ്ങൾ എന്നീ വിവരങ്ങൾ ഒറ്റ നോട്ടത്തിൽ അറിയാൻ സോഫ്റ്റ്‌വെയർ സജ്ജമാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക യായ 35,000/- രൂപ ക്വോട്ട് ചെയ്ത ഷാലോം ഇൻറർനെറ്റ് എന്ന സ്ഥാപനത്തിന് തുക കൈമാറുകയും കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും നിലവിലും സോഫ്റ്റ്‌വെയർ സജ്ജമാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടു. സോഫ്റ്റ് വെയർ പൂർണ്ണമായും സജ്ജമാക്കി രേഖകൾ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 35,000/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സൂചിപ്പിച്ച നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.

എൻക്വയറി നം. 39/22-11-23

## 1-49 അഞ്ചൽ കൃഷി ഫാം - ട്രീ രജിസ്റ്റർ പരിപാലിക്കുന്നില്ല.

അഞ്ചൽ കൃഷി ഫാമിൽ വിവിധ ഫലവൃക്ഷങ്ങളും തെങ്ങുകളും മറ്റ് വൃക്ഷങ്ങളും ധാരാളമുണ്ടെങ്കിലും ഇവയുടെ വിവരങ്ങൾ രേഖപ്പെടുത്തി ട്രീ രജിസ്റ്റർ പരിപാലിക്കുന്നില്ല. ഫാമിലെ തെങ്ങുകളിൽ നിന്നും തേങ്ങയിടുന്നതിന് തെങ്ങൊന്നിന് 39.5/- രൂപ നിരക്കിലാണ് കൂലി നൽകുന്നത്. ഫാമിലെ തേങ്ങകൾ കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി ഫാമിന് കിലോഗ്രാമിന് 32 രൂപ നിരക്കിൽ നല്കി വരികയാണ്. തേങ്ങകൾ പൊതിച്ച് തൂക്കിയാണ് കോക്കനട്ട് നഴ്സറിക്ക് നല്കുന്നത് . തൊണ്ട് എടുക്കാൻ ആളില്ലാത്തതിനാൽ ഫാമിലെ തെങ്ങുകൾക്ക് തടം നിർമ്മിക്കുന്നതിനും മറ്റുമായി ഉപയോഗിക്കുന്നെന്നാണ് അറിയിച്ചിട്ടുള്ളത്. വിളവെടുപ്പ് സംബന്ധിച്ച് ഏതാനും

തവണകളിലെ വിവരം ഉദാഹരണമായി ചേർക്കുന്നു;

| തെങ്ങുകളുടെ എണ്ണം | ലഭിച്ച തേങ്ങകളുടെ എണ്ണം/കി.ഗ്രാം | തേങ്ങകളുടെ വിലയിനത്തിൽ ലഭിച്ചതുക, @32/kg | തേങ്ങയിടുന്നതിനുള്ള കൂലി. @39.5/- /തെങ്ങ് |
|---|---|---|---|
| 1296 (2022 മേയ്, ജൂൺ) | 6929 തേങ്ങ 2880kg | 2880x32=92160 | 1296x39.5=51192/- |
| 1366 (2022 ജൂലൈ, ഓഗസ്റ്റ്) | 8425 തേങ്ങ 2793kg | 2793x32=89376 | 1366x39.5=53957 |
| 903 (2022 ഡിസംബർ) | എണ്ണം രേഖപ്പെടുത്തിയിട്ടില്ല. 1540kg | 1540x32=49280 | 903x39.5=35669/- |
| 1270 (2023 ഫെബ്രുവരി, മാർച്ച്) | എണ്ണം രേഖപ്പെടുത്തിയിട്ടില്ല. 2145 Kg | 2145x32=68640 | 1270x39.5=50165 |

ട്രീ രജിസ്റ്റർ ഇല്ലാത്തതിനാൽ ഫാമിലെ തെങ്ങുകളുടെ എണ്ണവും തേങ്ങയുടെ വരവും ലേലത്തി ന് നല്കുന്ന വൃക്ഷങ്ങളുടെ എണ്ണവും സംബന്ധിച്ച് കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

## 1-50 റിട്ടയർ ചെയ്ത ഫാം സൂപ്രണ്ടിനെ ചട്ടവിരുദ്ധമായി ടൂറിസം ഫെസിലിറ്റേറ്ററായി നിയമിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫാം സൂപ്രണ്ട്, കുരിയോട്ടുമല ഹൈടെക്ക് ഡയറി ഫാം |
| പ്രോജക്റ്റ് നം | 248/23 ഫാമിലെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കോൺട്രാക്റ്റുകൾ |
| അടങ്കൽ തുക | 40,00,000/-<br>(വികസനഫണ്ട് 35,50,674/-, തനത്ഫണ്ട് 449326/-) |
| ചെലവഴിച്ച തുക | 3999624/-<br>(വികസനഫണ്ട് രൂ-35,50,674/-, തനത്ഫണ്ട് രൂ-4,48,950/- (വേതനം നൽകുന്നതിന് ചെലവഴിച്ച തുക രൂ-388535/- |

| റിക്വസ്റ്റ്നം തീയതി | നല്കിയ വേതനം |
|---|---|
| ജൂൺ 22 (3/5-9-22) | 36375/- |
| ജൂലൈ 22 (3/5-9-22) | 44,020/- |
| ഓഗസ്റ്റ് 22 (6/26-9-22) | 44,020/- |
| സെപ്റ്റംബർ 22 (8/14-10-22) | 44,020/- |
| ഒക്ടോബർ 22 (10/5-11-22) | 44020/- |
| നവംബർ 22 (14/5-12-23) | 44,020/- |
| ഡിസംബർ 22 (17/9-1-23) | 44,020/- |
| ജനുവരി 23 (18/1-2-23) | 44,020/- |
| ഫെബ്രുവരി 23 (21/6-3-23) | 44020/- |
| ആകെ | 388535/- |

31 -5 -22- ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഫാം സൂപ്രണ്ടിനെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 27-5-22ലെ തീരുമാനം 2 (3) പ്രകാരം 1-6 -22 മുതൽ ടൂറിസം ഫെസിലിറ്റേറ്റർ എന്ന നിലയിൽ നിയമിക്കുകയും 6/22 മുതൽ 3/23 വരെ പ്രതിമാസം 44,020/- രൂപ നിരക്കിൽ വേതനം നൽകുകയും ചെയ്തിട്ടുണ്ട്. ഫാമിലെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കോൺട്രാക്റ്റുകൾ എന്ന പ്രോജക്റ്റിൽ നിന്നാണ് ടി തുക ചെലവഴിച്ചിട്ടുള്ളത് .

കരിയോട്ടുമല ഫാമിനെ സംസ്ഥാനത്തെ മികച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നാക്കി മാറ്റുന്നതിനായുള്ള ഫാംടൂറിസം പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഫാം സൂപ്രണ്ടിന്റെ മേൽ നോട്ടത്തിൽ പുരോഗമിക്കുകയാണെന്നും ടിയാൻ 31-5-22ൽ വിരമിക്കുന്നതിനാൽ ടി പ്രവർത്തനങ്ങൾ പാതിവഴിയിൽ മുടങ്ങാതിരിക്കാൻ ടിയാനെ 1-6-22 മുതൽ ടൂറിസം ഫെസിലിറ്റേറ്ററായി നിയമിക്കുന്നതായാണ് 27-5-22ലെ കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നിയമനം സംബന്ധിച്ച സർക്കാർ അനുമതിയോ ടിയാളുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളോ, അറ്റൻഡൻസോ, ടിയാൾ ചെയ്ത പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഫാമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഫാം ടൂറിസം ഉൾപ്പെടെയുള്ള അംഗീകരിച്ച പ്രോജക്ടുകളും തുടർച്ചയായി നടപ്പിലാക്കുന്നതിന് വേണ്ടി ഫാം സൂപ്രണ്ടും മറ്റ് വെറ്ററിനറി സർജന്മാരും ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥരും ഉണ്ടായിരിക്കെ ഇത്തരത്തിൽ നിയമനം നടത്തിയത് എപ്രകാരമാണെന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥലം മാറ്റം മൂലമോ അവധി മൂലമോ മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ സേവനം ഉടനെ വിട്ടുകിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചുകൊണ്ട്, ആ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിച്ചില്ലെങ്കിൽ കരാറടിസ്ഥാനത്തിലോ മറ്റൊരാളെ ആറ് മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താല്ക്കാലികമായി നിയമിക്കുന്നതിനാണ് 1997ലെകേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങൾ (ചട്ടം3(8)പ്രകാരം അനുമതിയുള്ളത്. എന്നാൽ റിട്ടയർമെന്റ് വേക്കൻസിയിൽ പുതിയ ഫാം സൂപ്രണ്ട് ചാർജ്ജെടുത്തിട്ടുള്ളതിനാൽ ഫാമിലെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടത് പുതുതായി ചാർജ്ജെടുത്ത ഫാം സൂപ്രണ്ടിന്റെ ചുമതലയാണ്. പദ്ധതികളുടെ തുടർ നടത്തിപ്പിനായി റിട്ടയർ ചെയ്ത ഫാം സൂപ്രണ്ടിനെ നിയമിക്കേണ്ട ആവശ്യമില്ലാത്തതിനാൽ ടി നിയമനം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചട്ടവിരുദ്ധമായി നിയമനം നടത്തി അനാവശ്യമായി ചെലവഴിച്ച 388535/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 38/22-11-23.

## 1-51 തെരുവ് നായ്ക്കളുടെ ഷെൽട്ടർ നിർമ്മാണം - സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫാം സൂപ്രണ്ട്, കുരിയോട്ടുമല ഹൈടെക്ക് ഡയറി ഫാം | |
| പ്രോജക്ട് നം | 652/23 തെരുവ് നായകൾക്കുള്ള ഷെൽട്ടർ. | |
| അടങ്കൽ തുക | 60,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് – 5607200/-, തനത് ഫണ്ട് – 392800/-) | |
| ചെലവഴിച്ച തുക | 60,00,000/- | |
| | (ധനകാര്യകമ്മീഷൻ ഗ്രാന്റ്, വൌച്ചർ നം XVFC/2022-23/P/37 Dtd 22-11-22 | 5607200/- |
| | തനത് ഫണ്ട്, ചെക്ക് നം. 6273258/25-11-22 | 392800/- |

തെരുവ് നായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കും അഭയകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മേൽ പദ്ധതി ഡെപ്പോസിറ്റ് വർക്ക് മുഖേന നടപ്പാക്കുന്നതിന് 60,00,000/- രൂപ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ (കെ.എസ്.എച്ച്.ബി) നിക്ഷേപിച്ച് എഗ്രിമെന്റിലേർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15-9-22ലെ ജി.ഒ(ആർ.റ്റി) 2244/22 നം. മാർഗ നിർദ്ദേശങ്ങൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗര തദ്ദേശഭരണസ്ഥാപനങ്ങൾക്കുമാണ് ഇത്തരം പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ആയതിന് ത്രിതലപഞ്ചായത്തുകളുടെയും നഗരസഭകളുടെയും ഫണ്ടുകൾ ഏകോപിപ്പിക്കാവുന്നതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടില്ലാത്ത പദ്ധതിക്കായി തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതി നടപ്പാക്കുന്നതിന് ജില്ലാപഞ്ചായത്തിന് പ്രത്യേക അനുമതി കിട്ടിയിട്ടുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

മേൽ പദ്ധതി നടപ്പിലാക്കാൻ അനുമതിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതിക്ക് വേണ്ടുന്ന പശ്ചാത്തലസൗകര്യങ്ങൾ തദ്ദേശ സ്ഥാപന എൻജിനീയറിംഗ് വിഭാഗം നടപ്പിലാക്കണമെന്നാണ് ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ കെ.എസ്.എച്ച്.ബിയിൽ ഡെപ്പോസിറ്റ് വർക്കായി പദ്ധതി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം, അഭയ കേന്ദ്രത്തിൽ ഭക്ഷണം നൽകുന്നതിനും അടിസ്ഥാന പരിചരണത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനതല കമ്മിറ്റികൾ ഒരു ഷെൽട്ടർ മാനേജ്മെൻറ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ഇത്തരം ഗ്രൂപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും സഹായം ജില്ലാതല കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായുള്ള ഫണ്ട്, ഭക്ഷണം, മറ്റുവിഭവങ്ങൾ എന്നിവ സ്വരൂപിക്കുന്നതിനായി മൃഗസ്നേഹികളെയും പ്രാദേശിക മൃഗക്ഷേമ സംഘടന പ്രവർത്തകരെയും സന്നദ്ധ വിഭാഗങ്ങളെയും ഈ ഗ്രൂപ്പിൽ അംഗങ്ങളാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഷെൽട്ടറിന്റെ തുടർ പ്രവർത്തനങ്ങൾ ഫാമിന്റെ ദൈനംദിന ചെലവിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കണമെന്നാണ് പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർഅനുമതിയില്ലാതെ മേൽ പ്രകാരം തീരുമാനമെടുത്തതെങ്ങനെയെന്നും വ്യക്തമാക്കിയിട്ടില്ല.

വാട്ടർ അതോറിറ്റിയുടെ ആർ.ഒ.പ്ലാന്റ് (ഫാമിൽ നിന്നും കൈമാറിയ സ്ഥലത്ത് പ്രവർത്തിക്കുന്നത്), കുതിരകളുടെ പ്രദർശന യൂണിറ്റ്, കുട്ടികളുടെ പാർക്ക്, നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഗോട്ട്ഫാം, കാന്റീൻ, ഹൈടെക് ഡയറിഫാം എന്നിവയ്ക്ക് സമീപത്താണ് ഡോഗ്ഷെൽട്ടർ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. നായ്ക്കളെ കൊണ്ടു വരുന്നതിന് മതിയായ വഴി സൗകര്യം ഇല്ലാതെ കുത്തനെ കിടക്കുന്ന സ്ഥലമാണിത്. വളരെ ശുചിത്വം ആവശ്യമുള്ള ഹൈടെക്ക് ഡയറിഫാമുൾപ്പെടെയുള്ളവ പ്രവർത്തിക്കുന്നതും കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഫാം ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നതുമായ കുര്യോട്ടുമല ഫാമിൽ സ്ലം ഡോഗ് ഷെൽട്ടർ സ്ഥാപിക്കുന്നത് ഭാവിയിൽ ഡയറി പ്ലാന്റിന്റെ പ്രവർത്തനത്തേയും ടൂറിസത്തേയും പ്രതികൂലമായി ബാധിക്കുന്നതാണ്. കൂടാതെ ഫാമിലെ ഉരുക്കൾക്ക് നല്കാൻ മതിയായ പച്ചപ്പുൽ കൃഷി ചെയ്യുന്നനതിന് സ്ഥലം തികയാത്തതിനാൽ ഫാമിലെ സ്ഥലത്തിന് പുറമേ തോട്ടത്തറ ഹാച്ചറിയിലെ സ്ഥലം കൂടി ഉപയോഗിക്കുകയും ചെയ്യുന്ന സാഹചര്യത്തൽ (പുൽകൃഷിക്കായി തൻ വർഷം ചെലവഴിച്ചത് കുര്യോട്ടുമല ഫാമിൽ- 67,33,996/- തോട്ടത്തറ ഹാച്ചറിയിൽ 6,56,100/- ആകെ 73,90,096/-) ഡോഗ് ഷെൽട്ടർ നിർമ്മിക്കുന്നതിന് ഹൈടെക്ക് ഡയറിഫാമിൽ സ്ഥലം കണ്ടെത്തിയതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഹൗസിങ്ങ് ബോർഡിന് തുക കൈമാറിയെങ്കിലും പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക രൂ 60,00,000/- തടസ്സപ്പെടുത്തുന്നു. സർക്കാർ അനുമതിയില്ലാതെ ചെലവഴിച്ച തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 37/22-11-23

## 1-52 കുരിയോട്ടുമല ഫാമിൽ ടൂറിസം പദ്ധതി - മൃഗങ്ങളുടെ ശില്പ മ്യൂസിയം - ടെണ്ടർ വ്യവസ്ഥ പാലിച്ചില്ല.

പ്രോജക്ട് നം: 328/23

പേര്: കുരിയോട്ടുമല ഫാമിൽ വളർത്തുമൃഗങ്ങളുടെയും വന്യമൃഗങ്ങളുടെയും ശില്പ മ്യൂസിയം

അടങ്കൽ : 30,00,000/-

ഫണ്ടിനം: വികസന ഫണ്ട്

ചെലവ് : 27,33,375/-

ചെക്ക് നം. :

(1) 575207/24.3.2023= 18,99,450

(2) 575231/29.3.2023= 8,33,925

കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വിവിധയിനം വന്യജീവികളുടെയും നാടൻ ജനുസ്സിൽപെട്ട വിവിധ പശുക്കളുടെയും കോൺക്രീറ്റ് ശില്പങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടി പ്രോജക്ട് പ്രകാരം 22 ശില്പങ്ങൾ സ്ഥാപിച്ചതിന് കരാറുകാരനായ ശ്രീ ദീപേഷ് കുമാറിന് ടിയാന്റെ ഇ-ടെണ്ടർ നിരക്ക് പ്രകാരം 27,33,375/- രൂപ നൽകിയിട്ടുണ്ട്. ടെണ്ടർ വ്യവസ്ഥ പ്രകാരം ശില്പങ്ങളോടൊപ്പം ബന്ധപ്പെട്ട ജീവിയെ സംബന്ധിച്ച വിവരണ ഫലകം കൂടി സ്ഥാപിക്കേണ്ടതുണ്ട്. എന്നാൽ ഭൗതിക പരിശോധനയിൽ ശില്പങ്ങൾക്കൊപ്പം പ്രസ്തുത വിവരണ ഫലകം സ്ഥാപിച്ചതായി കണ്ടില്ല. ടെണ്ടർ വ്യവസ്ഥകൾ സംബന്ധിച്ച്

കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ടെണ്ടർ വ്യവസ്ഥ പ്രകാരം മുഴുവൻ പ്രവൃത്തിയും ചെയ്യാതെ തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 27,33,375/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 36/22.11.2023.

### 1-53 തോട്ടത്തറ ഹാച്ചറിയിൽ സി.സി.ടി.വി.സ്ഥാപിക്കൽ, ബ്രൂഡർ ഷെഡ് നിർമ്മാണം പദ്ധതികൾ

1. തോട്ടത്തറ ഹാച്ചറിയിൽ സി.സി.ടി.വി. സ്ഥാപിക്കൽ - പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നം. 359/23- തോട്ടത്തറ ഹാച്ചറിയിൽ സി.സി.ടി.വി.സ്ഥാപിക്കുക
അടങ്കൽ തുക: 14,51,000/- (തനത് ഫണ്ട് 6,51,000/-, മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം: 8,00,000/-)
ചെലവഴിച്ച തുക: 14,49,000/-
(ചെക്ക് നം. 7942109/15-3-23,3/23- 6,49,000/-, ബിൽ നം. 9/9.3.23- 8,00,000/-)

ഹാച്ചറിയിലെ വിവിധയിടങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനായി 14,49,000/-രൂപ പി.ഡബ്ല്യു.ഡി.ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും നിലവിലും സി.സി.ടി.വി. സ്ഥാപന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കണമെന്നാണ് പി.ഡബ്ല്യു.ഡി.യുമായുള്ള കരാറിൽ (3/23ൽ തുക കൈമാറിയിട്ടുണ്ടെങ്കിലും കരാർ ഉടമ്പടി ചമച്ചത് നം. 82/22 തീ.1-8-23 ൽ ആണ്) വിശദീകരിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുകയായ 14,49,000/- തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
എൻക്വയറി നം. 71 /21-12-23,
2. തോട്ടത്തറ ഹാച്ചറിയിലെ ബ്രൂഡർ ഷെഡ്ഡ്-പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം. 367/23 - ആയൂർ തോട്ടത്തറ ഹാച്ചറിയിലെ ബ്രൂഡർ ഷെഡ്ഡ്.
അടങ്കൽ തുക: 27,85,000/- (തനത് ഫണ്ട്: 10,35,000/-, വികസന ഫണ്ട് : 17,50,000/-)
ചെലവഴിച്ച തുക: 27,85,000/-
(ചെക്ക് നം. 445551/18-3-23- 10,35,000/-, ബിൽ നം. 10/15-3-23- 17,50,000/-)

തോട്ടത്തറ ഹാച്ചറിയിലെ ബ്രൂഡർ ഷെഡ്ഡ് സ്ഥാപിക്കുന്നതിനായി 27,85,000/- രൂപ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി) കൊല്ലം ഡിവിഷന് കൈമാറിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. പ്രവർത്തി പൂർത്തീകരിച്ച് വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പദ്ധതി ചെലവ് തുകയായ 27,85,000/- രൂപ തടസ്സപ്പെടുത്തുന്നു.
എൻക്വയറി നം. 71 /21-12-23,

### 1-54 ലൈവ് ഫിഷ് മാർക്കറ്റുകൾ - അനുവദനീയമല്ലാത്ത ഇനത്തിന് സബ്സിഡി നല്കി - മതിയായ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, ഫിഷറീസ് |
| പ്രോജക്ട് നം. | 346/23-ലൈവ് ഫിഷ് മാർക്കറ്റുകൾ. |
| അടങ്കൽ തുക | 12,00,000/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 12,00,000/- |

| | |
|---|---|
| ബിൽനം. 4/30-3-23 | 200,000/- |
| ബിൽനം. 5/30-3-23 | 200,000/- |
| ബിൽനം. 6/30-3-23 | 200,000/- |
| ബിൽനം. 7/30-3-23 | 200,000/- |
| ബിൽനം. 9/30-3-23 | 200,000/- |
| ബിൽനം. 10/30-3-23 | 200,000/- |

കൊല്ലം ജില്ലയിലെ പഞ്ചായത്തുകളിലുൾപ്പെട്ടതും 3 പേരിൽ കുറയാത്തതുമായ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് ലൈവ് ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുന്നതിന് ആനുകൂല്യം നൽകുന്നതിന് വേണ്ടിയാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതി വഴി ചുവടെ ചേർക്കുന്ന 6 ഗ്രൂപ്പുകൾക്ക്, പ്രസ്തുത ഗ്രൂപ്പുകൾ ഹാജരാക്കിയ ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ 2,00,000/- രൂപ വീതം ആകെ 12,00,000/- രൂപ നല്കിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകളുടെ വിവരവും പദ്ധതി പരിശോധനാ വിവരവും ചുവടെ ചേർക്കുന്നു;

1. ആർ. കെ. ഗ്രൂപ്പ് ലൈവ് ഫിഷ് മാർക്കറ്റ്, വാളകം,

2. മലയോരം ആക്ടിവിറ്റി ഗ്രൂപ്പ്, കുളത്തുപ്പുഴ,

3. ബ്ലൂ ഓഷ്യൻ കയിലോൺ, കരുനാഗപ്പള്ളി

4. ലൈവ് &ഫ്രെഷ് മാർക്കറ്റ്, കണ്ണനല്ലൂർ,

5. ത്രീ സ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പ്, മണപ്പള്ളി

6. അമ്പിളി ആക്ടിവിറ്റി ഗ്രൂപ്പ്, ചാത്തന്നൂർ

ലൈവ് ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുന്നതിനായി രണ്ട് പോർട്ടബിൾ പ്ലാസ്റ്റിക്ക് പൂൾ, എയിറേഷൻ &വാട്ടർ എക്സ്ചേഞ്ച് ഫെസിലിറ്റി, 2 ഫ്രീസർ, ഷെഡ്, ഫിഷ് ഡ്രെസ്സിങ് ഫെസിലിറ്റി ഇടങ്ങിയവ സ്ഥാപിക്കുന്നതിന് ജനറൽ വിഭാഗത്തിൽ, ചെലവഴിച്ച തുകയുടെ 40% പരമാവധി 5,00,000/- രൂപയിലധികരിക്കാതെ നല്കുന്നതാണ് പദ്ധതി. (ജി.ഒ(എം.എസ്)115/22ത,സ്വ.ഭ.വ.28-5-22 ഖ.6-4-സി.2). ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ സർട്ടിഫൈ ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഗ്രൂപ്പുകളുടെ അപേക്ഷകളോ, ഗ്രൂപ്പ് രജിസ്ട്രേഷൻ രേഖകളോ, ടി ഗ്രൂപ്പുകളെ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തതിന്റെ രേഖകളോ പ്ലാനും എസ്റ്റിമേറ്റും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ സർട്ടിഫൈ ചെയ്തതിന്റെ രേഖകളോ സ്ഥാപനങ്ങൾ അതാത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുത്തതിന്റെ രേഖകളോ FSSAI രജിസ്ട്രേഷൻ എടുത്തതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. പദ്ധതി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. കൂടാതെ ചുവടെ ചേർക്കുന്ന ഗ്രൂപ്പുകൾക്കു മത്സ്യം വാങ്ങിയതിന് ചെലവായ തുകയ്ക്കും സബ്സിഡി നല്കിയിട്ടുണ്ട്.

| | മത്സ്യം വാങ്ങിയതിന്റെ വില | നല്കിയ സബ്സിഡി |
|---|---|---|
| ആർ. കെ. ഗ്രൂപ്പ് ലൈവ് ഫിഷ് മാർക്കറ്റ്, വാളകം, | 25,000/- | 10,000/- |
| അമ്പിളി ആക്ടിവിറ്റി ഗ്രൂപ്പ്, ചാത്തന്നൂർ | 1,80,000/-(40,000+1,40,000) | 55,367/-(16,000+39,367) |
| ത്രീ സ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പ്, മണപ്പള്ളി | 16,000/-<br>മത്സ്യതീറ്റ വാങ്ങിയതിന്റെ വില 10,000/- | 5,355/-<br>4,000/- |
| ലൈവ് &ഫ്രെഷ് മാർക്കറ്റ് ,കണ്ണനല്ലൂർ | 47,000/- (27,000+20,000) | 18,800/-(10,800+8,000) |
| | ആകെ | 93522/- |

സബ്സിഡി മാർഗ്ഗ രേഖ പ്രകാരം അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ചെലവിന് സബ്സിഡി നല്കുന്ന പദ്ധതി വഴി ആവർത്തന ചെലവിന് സബ്സിഡി നല്കിയതിന്റെ കാരണവും മേൽ സൂചിപ്പിച്ച അപാകതകൾക്ക് മതിയായ രേഖകൾ സഹിതം വിശദീകരണവും ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ രൂ-11,06,478/- തടസ്സത്തിൽ വയ്ക്കുന്നു. മത്സ്യം വാങ്ങുന്നതിന് സബ്സിഡി നല്കുവാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയില്ലാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 93,522/- രൂപ നിരാകരിക്കുന്നു. ടി തുക പ്രസ്തുത ഗ്രൂപ്പുകളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 44/22-11-23.

**1-55 ബയോഫ്ലോക്ക് മത്സ്യകൃഷി - വ്യക്തിഗത ആനുകൂല്യം നല്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി - മതിയായ രേഖകൾ ഹാജരാക്കിയില്ല.**

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, ഫിഷറീസ് | |
| പ്രോജക്ട് നം | 380/23-ബയോഫ്ലോക്ക് മത്സ്യകൃഷി. | |
| അടങ്കൽ തുക | 9,66,000/- (വികസന ഫണ്ട്: 2,57,600/-,മറ്റുള്ളവ: 7,08,400/-) | |
| ചെലവഴിച്ച തുക | 2,57,600/- | |
| | ബിൽ നം. 1/17-3-23 | 36,800/- |
| | ബിൽ നം. 2/17-3-23 | 1,10,400/- |
| | ബിൽ നം. 8/30-3-23 | 62,900/- |
| | ബിൽ നം. 11/30-3-23 | 47,500/- |

പഞ്ചായത്തിൽ സ്ഥിരതാമസവും സ്വന്തമായോ പാട്ടത്തിനെടുത്തോ മത്സ്യകൃഷി ചെയ്യാൻ താൽപ്പര്യം ഉള്ളവരും അക്വാകൾച്ചർ ലൈസൻസ് ഉള്ളവരും ആയ ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ബയോഫ്ലോക്ക് മുഖേന ഉൽപാദിപ്പിക്കുന്നതിന് ആനുകൂല്യം നല്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറി വേണം നടപ്പാക്കേണ്ടതെന്നും, ഗ്രൂപ്പുകൾക്കുള്ളതാണെങ്കിൽ നേരിട്ട് നടപ്പിലാക്കാവുന്നതാണെന്നും പദ്ധതിമാർഗ്ഗരേഖയിലും കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളിലും വ്യക്തമായിരിക്കെ വ്യക്തിഗത ആനുകൂല്യം നല്കുന്നതിനുള്ള പദ്ധതി ജില്ലാപഞ്ചായത്ത് മുഖേന നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേകാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത്പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ പദ്ധതി വഴി തദ്ദേശഭരണ സ്ഥാപനം നല്കാവുന്ന പരമാവധി സബ്സിഡിയായ രൂ-36,800/- വീതം ചുവടെ ചേർക്കുന്ന 7 വ്യക്തികൾക്ക് നല്കിയിട്ടുണ്ടെങ്കിലും (36,800x7=2,57,600) അവരുടെ അപേക്ഷകളോ ഗുണഭോക്താവായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തതിന്റെ രേഖകളോ ടിയാളുകൾക്ക് പദ്ധതി നടപ്പിലാക്കുന്നതിന് മതിയായ സ്ഥല സൗകര്യവും അക്വാകൾച്ചർ ലൈസൻസും ഉള്ളതിന്റെ രേഖകളോ ടി വ്യക്തികളുടെ മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കിയതിന്റെ രേഖകളോ മോണിറ്ററിംഗ് റിപ്പോർട്ടോ ഹാജരാക്കിയിട്ടില്ല.

1. രാധാമണി, പനയം.

2. ഉഷാകുമാരി, പെരിനാട്

3. ശശാങ്കൻ, ആലപ്പാട്,

4. ചന്ദ്രശേഖരൻ, ശൂരനാട് നോർത്ത്

5. ശീമോൻ, ശൂരനാട് നോർത്ത്

6. സക്കീർ ഹുസൈൻ, കടയ്ക്കൽ

7. വിജയകുമാർ. ജി, ചിതറ

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിടിട്ടില്ല. വ്യക്തിഗത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് അനുമതിയില്ലാത്തതിനാലും മതിയായ രേഖകളുടെ അഭാവത്തിലും പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുകയായ 2,57,600/- രൂപ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 44/22-11-23

## 1-56 ഉജ്ജ്വലം - അധ്യാപകർക്ക് കൈപ്പുസ്തകം - സമഗ്ര ശിക്ഷാ കേരള, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമായി പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, വിദ്യാഭ്യാസം. |
| പ്രോജക്ട് നമ്പർ | 307/23- ഉജ്ജ്വലം |
| അടങ്കൽ തുക | 7,16,928/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 7,16,928/- (ബിൽ നം. 17/10-3-23=7,16,928/-, |

പത്താം ക്ലാസ്സ് വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ വിഷയങ്ങളുടെ

പഠനസഹായികൾ (കൈപ്പുസ്തകം) റിസോഴ്സ് അധ്യാപകരുടെ സഹായത്താൽ(ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ) തയ്യാറാക്കി സ്കൂളുകളിലെ ബന്ധപ്പെട്ട അധ്യാപകർക്ക് നല്കി അതുവഴി കുട്ടികൾക്ക് പരിശീലനം നല്കി ഗ്രേഡിൽ ഉയർച്ച ഉണ്ടാക്കൽ ആയിരുന്ന പദ്ധതി ലക്ഷ്യം. മേൽ പദ്ധതിയിൽ പുസ്തകം പ്രിന്റ് ചെയ്യുന്നതിനായി (2800 എണ്ണം) മനു ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഇരവിപുരം, കൊല്ലം എന്ന സ്ഥാപനത്തിന് 3,97,576/- രൂപയും ഉജ്ജ്വലം എഴുതി തയ്യാറാക്കിയ അധ്യാപകർക്കും ഡയറ്റ് ഫാക്കൽറ്റീസിനും ടി.എ/ഡി.എ ഇനത്തിൽ 3,12,000/-രൂപയും (78x4000) അനുബന്ധ ചെലവുകൾക്കായി 7,352/-(3400+3952) രൂപയുമുൾപ്പെടെ ആകെ 7,16,928/- രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖ (ജി.ഒ(എം.എസ്)84/22ത.സ്വ.ഭ.വ തീയതി 19-4-22) ഖ.8.6.5-ൽ പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥി/വിദ്യാർത്ഥിനികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ സമഗ്ര ശിക്ഷാ കേരളം, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിന് ശേഷം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സമഗ്രശിക്ഷാ കേരളയും എസ്.സി.ഇ.ആർ.റ്റിയും എല്ലാ ക്ലാസ്സിലെയും അധ്യാപകർക്കുള്ള വിശദമായ വിവരങ്ങൾ ഉൾപ്പെടുത്തിയ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നല്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും വിദ്യാർത്ഥികളുൾപ്പെടെ ഏതൊരു വ്യക്തിക്കും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാനും കഴിയുന്ന സാഹചര്യത്തിലാണ് പ്രസ്തുത പ്രവർത്തനങ്ങളുടെ ആവർത്തനമായി 7,16,928/- രൂപ ചെലവഴിച്ച് വീണ്ടും കൈപ്പുസ്തകം (സൂചക രൂപത്തിലാണ് ടി കൈപ്പുസ്തകത്തിൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്) തയ്യാറാക്കി വിതരണം ചെയ്തിട്ടുള്ളത്. അധ്യാപകർക്ക് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും എസ്.എസ്.കെയിൽ നിന്നും സമഗ്രമായ പഠനസഹായികൾ ലഭ്യമാണ്. കൂടാതെ ഉജ്ജ്വലം പദ്ധതിക്കായി 2021-22-ൽ 7,82,432/- രൂപ ചെലവഴിച്ചിട്ടുള്ളതും സിലബസിൽ മാറ്റം ഉണ്ടായിട്ടില്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ വീണ്ടും പദ്ധതി നടത്തിപ്പിനായി തുക ചെലവഴിച്ചതിന്റെ കാരണം സംബന്ധിച്ച് നല്കിയ എൻക്വയറിക്കുള്ള മറുപടിയിൽ, എസ്.എസ്.എൽ.സി വിജയശതമാനത്തിൽ ജില്ലയ്ക്കുള്ള പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അതിന് മാറ്റം വരുത്തുന്നതിനായാണ് സിലബസ് മാറാത്ത സാഹചര്യത്തിലും പദ്ധതി നടപ്പിലാക്കിയതെന്നും മാതൃകാ ചോദ്യപേപ്പറുകൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ കൈപ്പുസ്തകം വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് പ്രയോജനകരമാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമഗ്ര ശിക്ഷാ കേരളം, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമായി പദ്ധതി നടപ്പിലാക്കി വികസനഫണ്ടിൽ നിന്നും ചെലവ് ചെയ്തതിനാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 7,16,928/- രൂപ നിരാകരിക്കുന്നു. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 8/7-8-23.

## 1-57 സ്കൂളുകളിൽ ലൈബ്രറി സ്ഥാപിക്കൽ - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, വിദ്യാഭ്യാസം. |
| പ്രോജക്ട് നം. | 660/23- ഗ്രന്ഥപ്പുര - സ്കൂളുകളിൽ ലൈബ്രറി സ്ഥാപിക്കൽ |
| അടങ്കൽ തുക | 51,28,600/- (വികസനഫണ്ട് ജനറൽ = 1,28,600, മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് = 50,00,000) |
| ചെലവഴിച്ച തുക | 51,28,513/- (വികസനഫണ്ട് ജനറൽ = 1,28,513/-, മെയിന്റനൻസ് ഗ്രാന്റ്നോൺറോഡ് = 50,00,000/-)<br>(ബിൽ നം. 18/3-3-23 = 1,28,513/-, ബിൽ നം. 19/3-3-23 = 50,00,000/-) |

ജില്ലാ പഞ്ചായത്തിന്റെ 25 ഡിവിഷനുകളിലെ നിന്നും തെരഞ്ഞെടുക്കുന്ന ഒരു സ്കൂളിന് രൂ-1,05,144/- ഫർണീച്ചറും (4 ബുക്ക്ഷെൽഫ്, 1 റീഡിങ്ങ് ടേബിൾ, 8 ചെയർ) 1,00,000/- രൂപയുടെ പുസ്തകവും വാങ്ങി നല്കുകയും അത് വഴി കുട്ടികളിലെ വായനാശീലം വളർത്തി വിവരവും വിജ്ഞാനവുമുള്ള യുവതയെ വാർത്തെടുക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25-10-22-ലെ 1(2) തീരുമാനത്തിൽ ലൈബ്രറികളിലേക്ക് ആവശ്യമായ ഫർണീച്ചറുകൾ റബ്കോയിൽ നിന്നും വാങ്ങുന്നതിനും പുസ്തകങ്ങൾ പ്രസാധകരിൽ നിന്നും നേരിട്ട് വാങ്ങുന്നതിനും വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇപ്രകാരം

റബ്കോയിൽ നിന്നും 26,28,600/- രൂപയുടെ ഫർണീച്ചറും താഴെ പറയുന്ന പ്രസാധകരിൽ നിന്നായി 24,99,913/- രൂപയുടെ പുസ്തകവും വാങ്ങിയിട്ടുണ്ട്.

| ക്രമനം | പ്രസാധകൻ | ഒരു സെറ്റ് പുസ്തകങ്ങളുടെ വില | സെറ്റുകളുടെ എണ്ണം | ആകെ വില |
|---|---|---|---|---|
| 1 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 10,000/- | 25 | 2,50,000/- |
| 2 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 6,000/- | 25 | 1,50,000/- |
| 3 | സാഹിത്യ പ്രവർത്തക സഹകരണസംഘം | 10,000/- | 25 | 2,50,000/- |
| 4 | കേരള സാഹിത്യ അക്കാഡമി | 3,000/- | 25 | 75,000/- |
| 5 | കേരള മീഡിയ അക്കാഡമി | 3,000/- | 25 | 75,000/- |
| 6 | ഡി.സി.ബുക്ക്സ് | 8,000/- | 25 | 2,00,000/- |
| 7 | മാതൃഭൂമി ബുക്ക്സ് | 6,000/- | 25 | 1,50,000/- |
| 8 | ചിന്ത പബ്ലിഷേഴ്സ് | 14,000/- | 25 | 3,50,000/- |
| 9 | പ്രഭാത് ബുക്ക് ഹൌസ് | 6,000/- | 25 | 1,50,000/- |
| 10 | ഒലിവ് പബ്ലിക്കേഷൻസ് | 3,000/- | 25 | 75,000/- |
| 11 | സൈകതം ബുക്ക്സ് | 2,000/- | 25 | 50,000/- |
| 12 | ഐ ബുക്ക്സ് | 3,000/- | 25 | 75,000/- |
| 13 | ഫേബിയൻ ബുക്ക്സ് | 2,000/- | 25 | 50,000/- |
| 14 | പാപ്പാത്തി | 2,000/- | 25 | 50,000/- |
| 15 | ബാഷോം | 2,000/- | 25 | 50,000/- |
| 16 | സൈന്ധവ ബുക്ക്സ് | 3,000/- | 25 | 75,000/- |
| 17 | കറണ്ട് ബുക്ക്സ്,തൃശ്ശൂർ | 2,500/- | 25 | 62,500/- |
| 18 | സമത ബുക്ക്സ് | 3,000/- | 25 | 75,000/- |
| 19 | യുവമേള പബ്ലിക്കേഷൻ | 1,500 | 25 | 37,500/- |
| 20 | മനോരമ ബുക്ക്സ് | 2,000/- | 25 | 50,000/- |
| 21 | കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് | 6,000/- | 25 | 1,50,000/- |
| 22 | ഉണ്മ | 2,000/- | 25 | 50,000/- |
| | ആകെ | 1,00,000/- | | 25,00,000/- |

പദ്ധതി പരിശോധനാ വിവരം ചുവടെ ചേർക്കുന്നു;

1. 5-6-19-ലെ ജി.ഒ(ആർ.ടി)നം 1160/2019 ത.സ്വ.ഭ.വ ഉത്തരവിൽ ബുക്ക് മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണസംഘം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ക്വട്ടേഷൻ കൂടാതെ പുസ്തകങ്ങൾ വാങ്ങുന്നതിന് അനുമതിയുള്ളത്. സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.5 ൽ ഒരു തവണ 15,000/- രൂപയിൽ കൂടുതലുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങുമ്പോൾ പ്രസാധകരിൽ നിന്നും പുസ്തക വിൽപ്പനക്കാരിൽ നിന്നും സാധാരണ ക്വട്ടേഷൻ ക്ഷണിച്ച് പരമാവധി ഡിസ്കൗണ്ട് രേഖപ്പെടുത്തുന്ന ക്വട്ടേഷൻ അംഗീകരിച്ച് വാങ്ങൽ നടത്തണമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.

ക്വട്ടേഷൻ/ ടെണ്ടർ നടപടി സ്വീകരിക്കാതെ 24,99,913/- രൂപയുടെ പുസ്തകം വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ എൻക്വയറിയുടെ മറുപടിയിൽ ഗ്രന്ഥശാലയ്ക്കാവശ്യമായ പുസ്തകങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള ഡിസ്കൗണ്ട് റേറ്റായ 33 ശതമാനത്തിൽ കുറയാത്ത ഡിസ്കൗണ്ട് എല്ലാ പ്രസാധകരും പുസ്തകങ്ങളുടെ പട്ടികയോടൊപ്പം ക്വോട്ട് ചെയ്തിരുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. ക്വട്ടേഷൻ/ടെണ്ടർ പരസ്യം നല്കാതെ പ്രസാധകർ 33 ശതമാനത്തിൽ കുറയാത്ത ഡിസ്കൗണ്ട് ക്വോട്ട് ചെയ്ത് പുസ്തകങ്ങളുടെ പട്ടിക

ഹാജരാക്കിയതെപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഓരോ പ്രസാധകരിൽ നിന്നും തുക അറിയിച്ച ശേഷം ടി തുകയ്ക്കുള്ള പുസ്തകം ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളതായാണ് ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളത്. (ഉദാഹരണമായി ചിന്താ പബ്ലിഷേഴ്സിന് നല്കിയ പർച്ചേസ് ഓർഡർ വിവരം ചുവടെ ചേർക്കുന്നു. "ഗ്രന്ഥപ്പുര - സ്കൂളുകളിൽ എന്ന പദ്ധതിക്കാവശ്യമായ 3,50,000/- രൂപ വില വരുന്ന പുസ്തകങ്ങൾ ഒരു സ്കൂളിന് ഒരു സെറ്റ് എന്ന കണക്കിൽ ആകെ 25 സെറ്റ് പുസ്തകങ്ങൾ 25 സ്കൂളുകളിൽ വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തി ഉത്തരവാകുന്നു എന്നാണ്"..) പുസ്തക പ്രസാധകർ ലഭ്യമാക്കിയ ഡിസ്കൗണ്ടിൽ കുറയാത്ത തുകയിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാൻ കഴിയാത്തതിനാലും നേരിട്ട് വാങ്ങാൻ ജില്ലാപഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തിയതിനാലുമാണ് നേരിട്ട് പുസ്തകം വാങ്ങിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ക്വട്ടേഷൻ/ ടെണ്ടർ നടപടി സ്വീകരിക്കാതിരുന്ന സാഹചര്യത്തിൽ, പുസ്തകപ്രസാധകർ ലഭ്യമാക്കിയ ഡിസ്കൗണ്ടിൽ കുറയാത്ത തുകയിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാൻ കഴിയില്ലയെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ബോധ്യപ്പെട്ടതെപ്രകാരമാണെന്ന് രേഖാമൂലം വ്യക്തമാക്കേണ്ടതാണ്.

2. പ്രസാധകരോട് ഏത് പുസ്തകങ്ങളാണ് നല്കേണ്ടത് എന്ന് ആവശ്യപ്പെട്ടതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 22 പ്രസാധകർക്കും ടി ഉദാഹരണമായി സൂചിപ്പിച്ച പ്രകാരമുള്ള വർക്ക് ഓർഡറാണ് നല്കിയിട്ടുള്ളത്. കുട്ടികൾക്ക് ഉപകാരപ്പെടുന്ന പുസ്തകങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് ലിസ്റ്റ് നല്കാതെ പുസ്തകങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരം പുസ്തകവിതരണസ്ഥാപനത്തിന് നല്കിയതിന്റെ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്ത പുസ്തകങ്ങൾ വാങ്ങിച്ചതായാണ് അറിയിച്ചിട്ടുള്ളത്. സെലക്ഷൻ കമ്മിറ്റിയുടെ 13-12-22-ലെ യോഗമിനിട്സിൽ പുസ്തകപ്രസാധകരിൽ നിന്ന് ലഭ്യമായിട്ടുള്ള പട്ടിക പരിശോധിച്ച് സ്കൂളുകളിലേയ്ക്ക് ആവശ്യം വേണ്ടുന്ന പുസ്തകങ്ങൾ വാങ്ങുന്നതിന് തീരുമാനിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സെലക്ട് ചെയ്ത പുസ്തകങ്ങളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. സ്കൂളുകൾക്ക് ആവശ്യമായ പുസ്തകങ്ങൾ ഏതൊക്കെയെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ ടി പുസ്തകങ്ങളുടെ ലിസ്റ്റും പുസ്തകങ്ങൾ സെലക്റ്റ് ചെയ്തവരുടെ വിവരവും പ്രസാധകരെ തെരഞ്ഞെടുത്തതിന്റെ വിവരവും ലഭ്യമാക്കണമെന്നറിയിച്ചതിന് മറുപടിയായി പുസ്തകങ്ങളുടെ പട്ടിക പ്രസാധകർക്ക് ഇമെയിൽ ആയി നല്കിയതിനാലാണ് ഫയലിൽ ഉൾപ്പെടാഞ്ഞതെന്നും ഹാജരാക്കുന്നുവെന്നുമാണ് അറിയിച്ചിട്ടുള്ളതെങ്കിലും നിലവിലും ഹാജരാക്കിയിട്ടില്ല.

3. പുസ്തകങ്ങളും ഫർണീച്ചറും കൈപ്പറ്റിയത് സംബന്ധിച്ച സ്കൂൾ മേലധികാരിയുടെ സാക്ഷ്യപത്രവും സ്കൂളുകളിൽ ലൈബ്രറി സജ്ജമാക്കിയത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കണമെന്നറിയിച്ചതിന് നിർവ്വഹണോദ്യോഗസ്ഥന്റെ മോണിറ്ററിംഗ് റിപ്പോർട്ടാണ് ഹാജരാക്കിയിട്ടുള്ളത്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണോദ്യോഗസ്ഥൻ ഒഴികെയുള്ള മൂന്നിൽ കുറയാത്ത അംഗങ്ങളുടെ ഉപസമിതി മോണിറ്റർ ചെയ്യണമെന്നാണ് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളത്. അതിനാൽ ഹാജരാക്കിയ റിപ്പോർട്ട് അംഗീകരിക്കുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകളുള്ളതിനാലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാലും പുസ്തകം വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ച 24,99,913/- രൂപ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 8/ 7-8-23.

## 1-58 സർക്കാർ സ്കൂളുകളുടെ അനുബന്ധ ചെലവുകൾ - രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല-തുക അംഗീകരിച്ച് സാക്ഷ്യപ്പെടുത്താത്ത ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, വിദ്യാഭ്യാസം. |
| പ്രോജക്ട് നം. | 349/23- സർക്കാർ സ്കൂളുകളുടെ അനുബന്ധ ചെലവുകൾ |
| അടങ്കൽ തുക | 40,00,000 (വികസനഫണ്ട് ജനറൽ – 10,00,000, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് – 30,00,000) |
| ചെലവഴിച്ച തുക | 25,85,805/-<br>(വികസനഫണ്ട് ജനറൽ- 1,06,620/-, മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- 24,79,185/-<br>ബിൽ നം. 9/17-1-23: 1,06,620/-<br>ബിൽ നം. 4/28-11-22: 22,99,185/-<br>ബിൽ നം. 6/20-12-22: 1,80,000/- |

മേൽ പദ്ധതി വഴി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളുടെ അനുബന്ധചെലവുകൾക്കായി

25,85,805/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ബിൽ നം. 4/28.11.2022 പ്രകാരം പിൻവലിച്ച 22,99,185/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ, തുക പാസ്സാക്കി അനുവദിക്കാനധികാരമുള്ള ഉദ്യോഗസ്ഥൻ തുക പാസ്സാക്കി നല്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്ത 2019-20, 2020-21 കാലയളവുകളിലെ വൗച്ചറുകളാണ് എന്നു കാണുന്നു. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അംഗീകരിക്കുകയോ അനുവദിക്കേണ്ട തുക സാക്ഷ്യപ്പെടുത്തുകയോ ചെയ്യാത്ത വൗച്ചറുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മതിയായ സാക്ഷ്യപ്പെടുത്തലോടുകൂടിയ വൗച്ചറുകളും ഓരോ സ്കൂളിലേക്കും അനുവദിച്ച തുകകളുടെ അബ്സ്ട്രാക്റ്റും ഹാജരാക്കിയിട്ടില്ലാത്തതിനാൽ 22,99,185/- രൂപ തടസ്സപ്പെടുത്തുന്നു. 2019-20, 2020-21 കാലയളവിലെ വൗച്ചറുകൾ പ്രകാരമുള്ള ചെലവു തുകകൾ പ്രസ്തുത കാലയളവിൽ അനുവദിച്ചു നല്കിയിട്ടില്ലായെന്നതിന്റെ രേഖകളും തുക അനുവദിക്കാൻ കാലതാമസ്സം ഉണ്ടായതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം. 8/ 7-8-23,

## 1-59 സ്കൂളുകൾക്ക് ഫർണീച്ചർ - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, വിദ്യാഭ്യാസം. |
| പ്രോജക്ട് നം | 315/23 സ്കൂളുകൾക്ക് ഫർണീച്ചർ. |
| അടങ്കൽ തുക | 1,50,00,000/- (മെയിന്റനൻസ് ഗ്രാന്റ്- നോൺറോഡ് ) |
| ചെലവഴിച്ച തുക | 1,49,98,262/-<br>ബിൽനം.1/1-3-23 — 48,42,366/-<br>ബിൽനം. 20/10-3-23 — 18,81,274/-,<br>ബിൽനം.21/18-3-23 — 33,20,956/-<br>ബിൽനം.10/13-1-23 — 49,53,666/- |

ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സർക്കാർ ഹൈസ്കൂൾ/ ഹയർസെക്കന്ററി സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഫർണീച്ചർ കുറവുള്ള സ്കൂളുകൾക്ക് മുൻഗണന നല്കി ജില്ലാപഞ്ചായത്തിന്റെ അനുമതിയോടെ സ്കൂളുകളെ തെരഞ്ഞെടുത്ത് ആർട്കോ മുഖേന ഫർണീച്ചർ വിതരണം ചെയ്യുന്നതായിരുന്നു പദ്ധതി. മേൽ പദ്ധതി വഴി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 57 ഹയർസെക്കന്ററി സ്കൂളുകളിലേക്കായി 1346 ഡെസ്ക് (180*40*75cm@5,354.84/-), 1346 ബെഞ്ച്(180*30*45cm@4,219.68/-), 186 കമ്പൈൻഡ് ഡെസ്ക്& ബെഞ്ച് (90*35*60cm@ 11349.24/-) എന്നിവ 1,49,98,262/- രൂപ ചെലവഴിച്ച് 2022-23-ൽ വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. പദ്ധതിക്കാലയളവിന് തൊട്ടു മുമ്പുള്ള 2 വർഷങ്ങളിലെ സ്കൂൾ ഫർണീച്ചർ വാങ്ങൽ മാത്രം പരിശോധിച്ചതിൽ സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങുന്നതിനായി 2021-22 ൽ 1,54,48,022/- ( 1,29,96,822/- + 24,51,200) രൂപയും 2020-21 ൽ 49,97,899/- രൂപയും വീതം ചെലവഴിച്ചിട്ടുണ്ട്. (അതായത് 2020-21, 2021-22, 2022-23 എന്നീ 3 വർഷങ്ങളിലായി ആകെ 3,54,44,183/- രൂപയുടെ ഡെസ്കും ബെഞ്ചും വിവിധ സ്കൂളുകൾക്കായി വാങ്ങി നൽകിയിട്ടുണ്ട്). കൂടാതെ വിദ്യാഭ്യാസ വകുപ്പ് മുഖേനയും എം.പി/എം.എൽ.എ. ഫണ്ട് മുഖേനയും സ്കൂളുകൾക്ക് ഫർണീച്ചർ അഥവാ അതിനുള്ള തുക അനുവദിക്കുന്നതിനാൽ കൃത്യമായ ആവശ്യകത നിർണ്ണയിച്ചതിന് ശേഷമാണോ ടി വാങ്ങലുകൾ നടത്തിയതെന്ന് അറിയാൻ സ്കൂളുകളിൽ നിന്നുള്ള റിക്വിസിഷനുകളും 'സമേതം' കേരള സ്കൂൾ ഡേറ്റാ ബാങ്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തി (കുട്ടികളുടെ എണ്ണം) പരിശോധിച്ചതിൽ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കിയ റിക്വിസിഷനുകളല്ല സ്കൂളുകളിൽ നിന്നും നല്കിയതെന്ന് ബോധ്യപ്പെട്ടു. കൂടാതെ റിക്വിസിഷനുകളിൽ ആവശ്യപ്പെട്ടതിലും അധികം ഡെസ്കും ബെഞ്ചും നല്കിയിട്ടുള്ളതായും ബോധ്യപ്പെട്ടു. ഏതാനും റിക്വിസിഷനുകളുടെ പരിശോധനാ വിവരം ചുവടെ ചേർക്കുന്നു;

| സ്കൂളിന്റെപേര് | വിഭാഗവും കുട്ടികളുടെ എണ്ണവും | നിലവിലുള്ള ഫർണീച്ചറിന്റെ വിവരം | | ആവശ്യപ്പെട്ട ഫർണീച്ചറുകളുടെ വിവരം | | നല്കിയ ഫർണീച്ചറുകളുടെ വിവരം | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | ബെഞ്ച് | ഡെസ്ക് | ബെഞ്ച് | ഡെസ്ക് | | | |
| ജി.എച്ച്.എസ്.എസ്, ശാസ്താംകോട്ട | യു.പി. & എച്ച്.എസ്.- 275 | 67 | 66 | 2 | 3 | 5 | 5 | 3 ബെഞ്ചും 2 ഡെസ്കും അധികം നല്കി. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | എച്ച്.എസ്.എസ് | | | | | 35 | 35 | ആവശ്യപ്പെടാതെ നല്കി. റിക്വസ്റ്റ് ഹാജരാക്കിയിട്ടില്ല |
| ജി.എച്ച്.എസ്.എസ്, തൊടിയൂർ | എച്ച്.എസ്.എസ്.-398 | 235 | 235 | 25 | 25 | 25 | 25 | 398കുട്ടികൾക്ക് 235 വീതം ഡെസ്കും ബെഞ്ചും ഉണ്ടായിരിക്കെ വീണ്ടും 25 എണ്ണം വീതം ആവശ്യപ്പെടുകയും നല്കുകയും ചെയ്തു. |
| ജി.വി.എച്ച്.എസ്.എസ്, അച്ചൻകോവിൽ | വി.എച്ച്.എസ്.ഇ-56 | 20 | 20 | 10 | 10 | 0 | 0 | 56 കുട്ടികള്ക്ക് മതിയായ ബെഞ്ചും ഡെസ്കും ഉണ്ടായിരിക്കെ വീണ്ടും ആവശ്യപ്പെട്ടു. |
| | യു.പി& എച്ച്.എസ്- | | | | | 10 | 10 | ആആവശ്യപ്പെടാതെ നല്കി |
| | എൽ.പി | | | | | 5 | 5 | ആവശ്യപ്പെടാതെ നല്കി |
| എച്ച്.എസ്.എസ്, വെസ്റ്റ് കല്ലട, | എച്ച്.എസ്.എസ്.-480 | 80 | 80 | 16 | 16 | 25 | 25 | 9 സെറ്റ് ബെഞ്ചും ഡെസ്കും അധികം നല്കി |
| | യു.പി& എച്ച്.എസ്. | | | | | 10 | 10 | ആവശ്യപ്പെടാതെ നല്കി |
| പി.വി.എച്ച്.എസ്.എസ്, പെരുംകുളം | എച്ച്.എസ്.എസ്-115 | 25 | 20 | 4 | 9 | 0 | 0 | ആവശ്യപ്പെട്ടത് നല്കിയില്ല |
| | എൽ.പി | | | | | 10 | 10 | ആവശ്യപ്പെടാതെ നല്കി |
| | യു.പി& എച്ച്.എസ് | | | | | 20 | 20 | ആവശ്യപ്പെടാതെ നല്കി |
| വി.എച്ച്.എസ്.എസ്, കടയ്ക്കൽ | എച്ച്.എസ്.എസ്-359 | 103 | 103 | 20 | 20 | 30 | 30 | 10 സെറ്റ് അധികം നല്കി |
| | | | | | | | | |

സ്കൂളുകൾ തയ്യാറാക്കിയ റിക്വിസിഷനുകളുടെ പരിശോധനയിൽ വിവിധ അപാകതകളുള്ളതിനാൽ (ആവശ്യപ്പെടാതെ നല്കുകയും ആവശ്യപ്പെട്ട എണ്ണത്തിൽ അധികം നല്കുകയും) തൻ വർഷം ബെഞ്ചും ഡെസ്കും നല്കിയ 57സ്കൂളുകളിലെയും നിലവിലുള്ള ഫർണീച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഓരോ വിഭാഗത്തിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം, കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ ബെഞ്ചിന്റെയും ഡെസ്കിന്റെയും എണ്ണം നിർണ്ണയിച്ചതിന്റെ രേഖകൾ(ഒരു ബെഞ്ച് എത്ര കുട്ടികൾക്കുപയോഗിക്കാം എന്ന രീതിയിൽ), മറ്റ് സ്ഥാപനങ്ങൾ / ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച / ഫണ്ടുപയോഗിച്ച് വാങ്ങിച്ച ബെഞ്ചിന്റെയും ഡെസ്കിന്റെയും എണ്ണം എന്നിവ സ്കൂളുകളിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിൽ നിന്നും വിവിധ പ്രോജക്ടുകളിലായി മുൻ വർഷങ്ങളിൽ സ്കൂളുകളിലേക്ക് വാങ്ങി നല്കിയ ഫർണീച്ചറിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സ്കൂളുകളിൽ നിലവിൽ അധികമായി നൽകിയ ഫർണീച്ചറുകൾ തിരികെ വാങ്ങി അർഹതയുള്ള സ്കൂളുകൾക്ക് നല്കി രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുകയായ 1,49,98,262/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

എൻക്വയറി നം. 8/7-8-23

## 1-60 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലേക്ക് ലാപ്പ്ടോപ്പ് വാങ്ങി നല്കൽ - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങലുകൾ നടത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, വിദ്യാഭ്യാസം. |
| പ്രോജക്ട് നം. | 660/23- സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലേക്ക് പഠനോപകരണമായ ലാപ്പ്ടോപ്പ് വാങ്ങി നല്കൽ |
| അടങ്കൽ തുക | 29,90,708/- (വികസനഫണ്ട് ജനറൽ ) |
| ചെലവഴിച്ച തുക | 29,90,708/- (ബിൽ നം. 16/7-3-23) |

മേൽ പദ്ധതി വഴി 68 ലാപ്ടോപ്പുകൾ 'ജെം' മുഖേന വാങ്ങി ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്കൂളുകൾക്കായി വിതരണം ചെയ്തിട്ടുണ്ട്. വിതരണരേഖകൾ, ഫയൽ എന്നിവ പരിശോധിച്ചതിൽ 19.12.22-ൽ 68 ലാപ്ടോപ്പുകൾ വാങ്ങുന്നതിനുള്ള വർക്ക് ഓർഡർ (68x43,981 – 29,90,708/-) കെൽട്രോണിന് നല്കുകയും 28.2.23-ൽ ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്ന് ലഭിക്കുകയും ചെയ്തു. എന്നാൽ ലാപ്ടോപ്പ് നല്കേണ്ട 68 സ്കൂളുകളുടെ ലിസ്റ്റ് ആവശ്യപ്പെട്ടു കൊണ്ട് നിർവ്വഹണോദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് 3.1.23-ൽ കത്ത് നല്കിയതിനെ തുടർന്ന് 18-4-23-ലാണ് ലിസ്റ്റ് ലഭിച്ചിട്ടുള്ളത് (എഫ്.3/5762/22 Dt 3-1-23). ലാപ്ടോപ്പുകളുടെ വിതരണം നടന്നത് 15-5-23-ലുമാണ്.

ലാപ്ടോപ്പ് ആവശ്യമുള്ള സ്കൂളുകളുടെയും ആവശ്യമുള്ള ലാപ്ടോപ്പുകളുടെയും എണ്ണം മുൻകൂട്ടി നിശ്ചയിക്കാതെ വർക്ക് ഓർഡർ നല്കിയ സാഹചര്യം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക്, ആവശ്യമുള്ള ലാപ്ടോപ്പുകളുടെ എണ്ണം 700ഓളം ഉള്ളതിനാൽ അടങ്കൽ തുക ഉപയോഗിച്ച് വാങ്ങാനാകുന്ന ലാപ്ടോപ്പുകൾ വാങ്ങിയെന്നാണ് അറിയിച്ചിട്ടുള്ളത്.

'സമേതം' കേരള സ്കൂൾ ഡേറ്റാബാങ്ക് പരിശോധിച്ചതിൽ (2022-23 വരെയുള്ള കണക്ക്) കൊല്ലം ജില്ലയിലെ 61 ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകൾക്കും 88 ഹൈസ്കൂളുകൾക്കും KITE മുഖേന യഥാക്രമം 591-ഉം 2038-ഉം (ഹൈസ്കൂൾ) ലാപ്ടോപ്പുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിലും ജില്ലാപഞ്ചായത്തിൽ നിന്നും ഗവ. ഹൈസ്കൂൾ /ഹയർസെക്കന്ററി സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകൽ എന്ന പദ്ധതി വഴി (2019-20ൽ 59,85,660- രൂപയുടെ കമ്പ്യൂട്ടറുകൾ) വിതരണം ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലാപ്ടോപ്പുകളുടെ ആവശ്യകത വ്യക്തമാക്കികൊണ്ട് സ്കൂളുകളിൽ നിന്നും ലഭിച്ച റിക്വിസിഷനുകളിൽ ആവശ്യപ്പെട്ടിട്ടുള്ള ലാപ്ടോപ്പുകളുടെ എണ്ണവും 'സമേതം' കേരള സ്കൂൾ ഡേറ്റാബാങ്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കിയ റിക്വിസിഷനുകളല്ല സ്കൂളുകളിൽ നിന്നും നല്കിയതെന്ന് ബോധ്യപ്പെട്ടു. ജില്ലാ പഞ്ചായത്തിനു പുറമേ മറ്റ് സർക്കാർ പദ്ധതികളിൽ നിന്നും സ്കൂളുകൾക്ക് ലാപ്ടോപ്പ്/കമ്പ്യൂട്ടറുകൾ ലഭിക്കുന്നതിനാൽ, തുടർന്നുള്ള വർഷങ്ങളിൽ ഓരോ സ്കൂളിലെയും ആവശ്യകതയും നിലവിലെ സ്ഥിതിവിവരവും കുട്ടികളുടെ എണ്ണവും സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തിയതിന് ശേഷം മാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്.

എൻക്വയറി നം. 8/ 7.8.23.

## 1-61 കോവിഡാനന്തര രോഗങ്ങൾക്കുള്ള ചികിത്സ പദ്ധതി - ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്ട് നമ്പർ - 232/23

പ്രോജക്ട് - കോവിഡാനന്തര രോഗങ്ങൾക്കുള്ള ചികിത്സ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി

അടങ്കൽ - 5,00,000/- രൂപ(മെയിൻറനൻസ് ഫണ്ട് -റോഡിതരം )

ചെലവ് - 5,00,000/- രൂപ

കോവിഡാനന്തര രോഗങ്ങൾക്കുള്ള കിടത്തി ചികിത്സാ പദ്ധതിയിൽ ഔഷധങ്ങൾ വാങ്ങൽ, പദ്ധതിയ്ക്ക് ആവശ്യമായ മറ്റ് സാധനങ്ങൾ വാങ്ങൽ, രോഗികൾക്ക് ആവശ്യമായ ഭക്ഷണവും അനുബന്ധ സാധനങ്ങളും വാങ്ങൽ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ബിൽ നം.187/ 22-23/09.02.2023 പ്രകാരം വാങ്ങിയ 33,180/-രൂപയുടെ സാധനങ്ങളിൽ ടി പ്രോജക്റ്റിൽ ലക്ഷ്യമിട്ട ചികിത്സയുമായി നേരിട്ട് ബന്ധമില്ലാത്ത ചുവടെ ചേർക്കുന്ന ഇനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | തുക | വാങ്ങിയ സ്ഥാപനം, ഇൻവോയിസ് നം. |
|---|---|---|---|---|
| 1 | 10wഎൽ.ഇ.ഡി ബൾബ് | 19 | 1900/-രൂപ | വെസ്റ്റേൺ ഇല്ക്ട്രിക്കൽസ്, 234,17/01/2023 |
| 2 | 20wഎൽ.ഇ.ഡി ബൾബ് | 5 | 1000/-രൂപ | വെസ്റ്റേൺ ഇല്ക്ട്രിക്കൽസ്, 233,17/01/2023 |
| 3 | 2.5 കപ്പാസിറ്റർ | 5 | 150/-രൂപ | വെസ്റ്റേൺ ഇല്ക്ട്രിക്കൽസ്, 233,17/01/2023 |
| 4 | 10wഎൽ.ഇ.ഡി ബൾബ് | 1 | 100/-രൂപ | വെസ്റ്റേൺ ഇല്ക്ട്രിക്കൽസ്, 233,17/01/2023 |
| 5 | ഓപ്പൺ ഡിമ്മർ | 1 | 100/-രൂപ | വെസ്റ്റേൺ ഇല്ക്ട്രിക്കൽസ്, 233,17/01/2023 |
| 6 | പ്ളാസ്റ്റിക് മാറ്റ് | 14 | 2240/-രൂപ | ലക്ഷ്മി അലൂമിനിയം സ്റ്റോഴ്സ്, 1495,17/01/2023 |
| 7 | ഗാർഡൻ ബ്രഷ് | 2 | 643.1/-രൂപ | പൂജാ ട്രേഡേഴ്സ്, B66,17/01/23 |
| 8 | യെല്ലോ ബ്രഷ് | 3 | 490.5/-രൂപ | പൂജാ ട്രേഡേഴ്സ്, B66,17/01/23 |
| 9 | കോട്ടൺ മാറ്റ് | 2 | 225.5/-രൂപ | പൂജാ ട്രേഡേഴ്സ്, B66,17/01/23 |
| 10 | ടേബിൾ ഷീറ്റ് | 2 | 479.60/-രൂപ | പൂജാ ട്രേഡേഴ്സ്, B66,17/01/23 |
| | | ആകെ | 7328.70/-രൂപ | |

പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ടി പ്രോജക്ട് മായി ബന്ധപ്പെട്ട വരുന്ന രോഗികളുടെ ക്ഷേമം മുൻനിർത്തി രോഗി സുരക്ഷയ്ക്കായും ,വ്യക്തി ശുചിത്വവും പരിസര ശുചിത്വവും മെച്ചപ്പെട്ട രീതിയിൽ രോഗിസൗഹൃദ അന്തരീക്ഷം നിലനിർത്തുന്നത് വഴി മെച്ചപ്പെട്ട ചികിത്സ സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ടി മറ്റ് അനുബന്ധ ചെലവുകൾ എന്ന നിലയിലാണ് ഈ സാധനങ്ങൾ വാങ്ങിയിട്ടുള്ളത് എന്ന് മറുപടി ലഭിച്ചു.എന്നാൽ ഇത് അംഗീകരിക്കാൻ കഴിയില്ല.

വിഭാവനം ചെയ്ത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് ചികിത്സയുമായി നേരിട്ട് ബന്ധമില്ലാത്ത ഇനങ്ങൾക്കായി ചെലവഴിച്ച രൂപ 7,329/- തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 46/23.11.2023

## 1-62 സാന്ത്വന പരിചരണം - ഹോം കെയർ രജിസ്റ്റർ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല

പദ്ധതി – സാന്ത്വന പരിചരണം – പാലിയേറ്റീവ് കെയർ

പദ്ധതി നം. – 246/22-23

അടങ്കൽ തുക – 15,00,000/- രൂപ (വികസന ഫണ്ട് -ജനറൽ)

ചെലവ് – 15,00,000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി

സാന്ത്വന പരിചരണം ആവശ്യമുള്ള രോഗികൾക്ക് അവരുടെ ഭവനം സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങാനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 4/2022 മുതൽ 9/2022 വരെയുള്ള ഹോം കെയർ രജിസ്റ്റർ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹോം കെയർ വിസിറ്റിനായി ഈ കാലയളവിൽ ഉപയോഗിച്ച വാഹനത്തിന് ഡീസൽ വാങ്ങിയ ഇനത്തിൽ 16,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. 4/2022 മുതൽ 9/2022 വരെയുള്ള ഹോം കെയർ രജിസ്റ്റർ പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 46/23.11.2023

## 1-63 മൃദുലം - കോസ്മറ്റോളജി ക്ലിനിക്ക് - മാർഗ്ഗരേഖയിലില്ലാത്ത പദ്ധതി നടപ്പിലാക്കി

പദ്ധതി നമ്പർ – 240/23

പദ്ധതിയുടെ പേര് - മൃദുലം – ത്വക്ക് രോഗ അലർജി ക്ലിനിക്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി

അടങ്കൽ - 9,50,000/- രൂപ (വികസന ഫണ്ട് – ജനറൽ)

ചെലവ് - 9,50,000/- രൂപ

ജില്ലാ ആയുർവേദ ആശുപത്രിയിലെ മൃദുലം – ത്വക്ക് രോഗ അലർജി ക്ലിനിക്കിലേക്ക് മരുന്നുകൾ വാങ്ങുന്നതിനുൾപ്പെടെ തൻവർഷം 9,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ജില്ലാ ആയുർവേദ ആശുപത്രിയിൽ ഒരു കോസ്മറ്റോളജി ക്ലിനിക്ക് ആരംഭിക്കുന്നതിനായി ഒരു മുറി സജ്ജീകരിക്കുന്നതിന് ഏകദേശം 47,000/- രൂപ ആവശ്യമായി വരുമെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 28/11 /2022-ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 15-ാം നമ്പർ തീരുമാന പ്രകാരം ഇതിന് അംഗീകാരം നൽകി. കോസ്മറ്റോളജി ക്ലിനിക്കിനായി ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | സ്ഥാപനം, ഇൻവോയിസ് | തുക, ബിൽ നം., തീയതി |
|---|---|---|---|
| 1 | ചെയർ വിത്ത് ഫൂട്ട് റെസ്റ്റ് & ആൻഡ് ഹെയർ വാഷ് ഫെസിലിറ്റി | സിഡ്കോ, SSEKLM/P/22-23/586, 23/02/23 | 49,102/-രൂപ, 177/22-23, 21/01/23 |
| 2 | ബ്ലൂസ്റ്റാർ എ.സി. 1.0TON ത്രീസ്റ്റാർ | ക്യൂ.ആർ.എസ്, INV22-324733, 13/02/23 | 32,000/-രൂപ, 204/22-23, 25/01/23 |
| 3 | സാംസങ് റഫ്രിജറേറ്റർ | ക്യൂ.ആർ.എസ്, INV22-324733, 13/02/23 | 18,500/-രൂപ 205/22-23, 25/02/23 |
| 4 | മറ്റിനങ്ങൾ | ബ്രദേഴ്സ് ഫാൻസി സ്റ്റോർസ്, 150, 13/02/2023 | 11,725/-രൂപ 206/22-23, 25/02/23 |
| 5 | ടർക്കി ടവൽ | പുളിമൂട്ടിൽ സിൽക്ക്സ്, BO2 -42195 | 3,225/-രൂപ 213/22-23, 25/02/23 |
| 6 | യൂട്ടെൻസിൽസ് | വി.വി കിച്ചൻ വെയർ, 19/02/23 | 4,902/-രൂപ 214/22-23, 25/02/23 |
| 7 | ഇൻഡക്ഷൻ കുക്ക് ടോപ്പ് പ്രസ്റ്റീജ് | ക്യൂ.ആർ.എസ്, INV22-324807, 19/02/23 | 3,900/-രൂപ 215/22-23, 25/02/23 |
| 8 | സ്റ്റേഷനറി | സുപ്രീംസൂപ്പർമാർക്കറ്റ്, KK500029, 27/02/23 | 5,392/-രൂപ 219/22-23, 15/03/23 |
| 9 | കർട്ടൻ വർക്ക്സ് | മേഘബ്ലൈൻഡ്സ്, 51, 28/02/23 | 9,430/-രൂപ 220/22-23, 15/03/23 |
| 10 | കാറ്ററൈസേഷൻ സെറ്റ് | മെഡിക്രാഫ്റ്റ്, MC568/2022-23, 02/03/23 | 12,320/-രൂപ 235/22-23, 15/03/23 |
| 11 | അലൂമിനിയം ഫാബ്രിക്കേഷൻ | അലൂമിനിയം | 13,400/-രൂപ |

| | | | |
|---|---|---|---|
| | | ഫാബ്രിക്കേറ്റേഴ്സ്, 22, 6/03/23<br>23, 1/03/23 | 233/22-23, 15/03/23<br>14,600/-രൂപ,<br>235/22-23,15 /03/23 |
| 12 | ഫേസ് മസാജർ ആൻഡ് ഗാൽവാനിക്ക് മെഷീൻ | മെഡിക്രാഫ്റ്റ്, MC570/2022-23, 06/03/23 | 10,808/-രൂപ<br>234/22-23, 15/03/23 |
| 13 | ഹെയർ കെയർ പ്രോഡക്ട്സ് | ആറ്റിങ്ങൽ ട്രേഡേഴ്സ് | 10,256/-രൂപ<br>231/22-23, 15/03/23 |
| | | ആകെ | 1,99,560/-രൂപ |

എന്നാൽ സ.ഉ(കൈ)നം.84/2022/തസ്വഭവ 19.4.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം കോസ്മറ്റോളജി ക്ലിനിക്ക് ആരംഭിക്കുന്നത് അനുവാദമില്ല. ത്വക്ക് രോഗ അലർജി ക്ലിനിക്കിനായി അംഗീകാരം ലഭിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി കോസ്മറ്റോളജി ക്ലിനിക്ക് ആരംഭിക്കുന്നതും ബ്യൂട്ടീഷൻ കോഴ്സ് പാസായ പ്രവൃത്തി പരിചയമുള്ള ഒരാളെ ടി പദ്ധതിയിലേക്ക് നിയമിക്കുന്നതും എപ്രകാരമാണെന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

20/11/2023-ൽ ആയുർവേദ ആശുപത്രിയിൽ നടത്തിയ സ്ഥലപരിശോധനയിൽ കോസ്മറ്റോളജി ക്ലിനിക്ക് സജ്ജമാക്കിയതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച പ്രകാരം വാങ്ങിയ വാറണ്ടി കാലാവധിയുള്ളവ ഉൾപ്പെടെയുള്ള സാധനങ്ങൾ ഉപയോഗക്ഷമമാക്കാതെ ഒരു ലബോറട്ടറിയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഇതിൽകാലഹരണപ്പെട്ട് പോകുന്ന ഹെയർ കെയർ പോലെയുള്ള സൗന്ദര്യ വർദ്ധക വസ്തുക്കളും ഉൾപ്പെടുന്നു.

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഇതിന് സർക്കാർ ഉത്തരവ് ഒന്നും തന്നെ ഇല്ല എന്ന് മറുപടി ലഭിച്ചു. ആയതിനാൽ കോസ്മറ്റോളജി ക്ലിനിക്കിനായി ചെലവഴിച്ച 1,99,560/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 45/23.11.2023

## 1-64 ജില്ലാ ആശുപത്രി (ഹോമിയോ) - മരുന്ന് ലഭ്യമല്ലാത്തത് സംബന്ധിച്ച്

പദ്ധതിയുടെ പേര് : മരുന്നും അനുബന്ധ ഘടകങ്ങളും വാങ്ങൽ

പ്രോജക്ട് നമ്പർ : SO 212/23

നിർവ്വഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട്, ജില്ലാ ആശുപത്രി (ഹോമിയോ)

ഫണ്ടിനം : വികസന ഫണ്ട് 10,00,000/-രൂപ (പൊതു വിഭാഗം)തനത് ഫണ്ട് - 5,00,000/- രൂപ

അടങ്കൽ : 15,00,000/- രൂപ

ചെലവ് : 15,00,000/- രൂപ (ബിൽ നം. 20/22-23,27/22-23)

മരുന്നും അനുബന്ധ ഘടകങ്ങളും വാങ്ങൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് 15,00,000/- രൂപ നൽകിയിട്ടുണ്ട്. ആയതിൽ 6,33,598/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം. / തീയതി | തുക | പ്രൈഫോമ ഇൻവോയ്സ് നം./തീയതി | മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 20/22-23/ 11.01.2023 | 5,00,000/- രൂപ | PF-713, തീയതി-31/10/2022 | 6,33,598/- രൂപ |
| 27/22-23/ 20/02/23 | 10,00,000/- രൂപ | PF-1208, തീയതി-27/01/2023 | |

മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 29 /18.11.2023

## 1-65 സ്കാനിങ് മെഷീൻ റിപ്പയർ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പർ : 214/2022-23
പേര് : കൊല്ലം ജില്ലാ ഹോമിയോ ആശുപത്രിയിലെ ദൈനംദിന ചെലവുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട്, ജില്ലാ ആശുപത്രി (ഹോമിയോ)

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് (റോഡിതരം)

അടങ്കൽ : 6,30,100/- രൂപ

ചെലവ് : 6,28,782/- രൂപ

കൊല്ലം ജില്ലാ ഹോമിയോ ആശുപത്രിയിൽ സ്കാനിങ് മെഷീൻ റിപ്പയർ ചെയ്ത ഇനത്തിൽ മെഡിക്യൂ ടെക്നോളജീസ് എന്ന സ്ഥാപനത്തിന് 29/01/2023-ലെ ഇൻവോയിസ് നം. 2022230102A പ്രകാരം 2,30,100/-രൂപ (ബിൽ നമ്പർ 42/22-23/28.3.23) ഹോമിയോ ആശുപത്രി ദൈനംദിന ചെലവുകൾ എന്ന പദ്ധതിയിലൂടെ മാറി നൽകി. മെഷീനിന്റെ മദർബോർഡ് റിപ്പയർ, SMPs മാറ്റിവയ്ക്കൽ എന്നിവയാണ് ഇൻവോയ്സ് പ്രകാരം ചെയ്തതായി കാണുന്നത്. മെഷീൻ കാലഹരണപ്പെട്ടതാണെന്ന് റേഡിയോളജിസ്റ്റ് അഭിപ്രായപ്പെട്ടതായി 23.1.2023-ലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ആശുപത്രി സൂപ്രണ്ട് റിപ്പോർട്ട് ചെയ്തതിന് ശേഷമാണ് പ്രസ്തുത റിപ്പയർ നടത്തിയതായി കാണുന്നത്. ഇതിന് ശേഷവും മെഷീൻ പ്രവർത്തിക്കുന്നില്ലെന്ന് തുടർന്ന് സൂപ്രണ്ട് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ഫയലിൽ കാണുന്നു.
2016-17-ൽ വാങ്ങിയ പ്രസ്തുത സ്കാനിംഗ് മെഷീൻ റിപ്പയർ ചെയ്യാൻ ഉണ്ടായ സാഹചര്യം സംബന്ധിച്ച് അധികാരപ്പെട്ട ടെക്നീഷ്യന്റെ റിപ്പോർട്ട് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം ബയോ മെഡിക്കൽ എൻജിനീയറുടെ 5/10/23-ലെ പരിശോധനാ റിപ്പോർട്ടാണ് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ നിന്നും മേൽ സൂചിപ്പിച്ച റിപ്പയർ നടത്തിയത് ആയത് അനിവാര്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നില്ല എന്ന് വ്യക്തമാണ്. ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം മേലിൽ സ്കാനിംഗ് മെഷീൻ പോലെയുള്ള ഉപകരണങ്ങൾ റിപ്പയർ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 28/18.11.2023

## 1-66 ജില്ലാ ആശുപത്രി (അലോപ്പതി) - പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല.

പ്രോജക്റ്റ് നം. : 254/2022-23
പേര് : സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ മറ്റ് അനുബന്ധ ചെലവുകളും)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി)

ഫണ്ടിനം : വികസന ഫണ്ട് (ജനറൽ)

അടങ്കൽ : 10,00,000/- രൂപ

ചെലവ് : 9,99,931/- രൂപ

പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, മറ്റ് അനുബന്ധ ചെലവുകൾ എന്ന പദ്ധതി പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം തുകകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു;

| ബിൽ നം. / തീയതി | തുക | പ്രൊഫോമ ഇൻവോയ്സ് നം. / തീയതി | സ്ഥാപനം | മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 7/22-23 | 1,60,099/- രൂപ | 9606@N/2022/11, 17.11.2022 | IHDB | 1,60,099/- രൂപ |

| | | | | |
|---|---|---|---|---|
| 9.01.2023 | | | | |
| 6/22-23<br>22.12.2022 | 4,54,901/- രൂപ | PRF1928,31/10/22 | KMSCL | 2,16,386/- രൂപ |
| | | | ആകെ | 3,76,485/- രൂപ |

ഗുരുതരമായ രോഗം ബാധിച്ച/അത്യാസന്ന നിലയിലുള്ള രോഗികളുടെ ജീവൻ രക്ഷയ്ക്ക് നൽകേണ്ട മരുന്നുകൾ പോലും തുക ഒടുക്കി ഒരു വർഷത്തിനു ശേഷവും ലഭിക്കുന്നില്ലായെന്നത് അതീവ ഗൗരവത്തോടെ കാണേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതും മരുന്ന് യഥാസമയം ലഭിക്കുന്നതിനുള്ള അടിയന്തര ഇടപെടലുകൾ നടത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 26/18.11.2023

## 1-67 പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ - അധികം തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 254/2022-23 |
| പേര് | സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ മറ്റ് അനുബന്ധ ചെലവുകളും ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 10,00,000/- രൂപ |
| ചെലവ് | 9,99,931/- രൂപ |

ജില്ലാ പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ സ്ഥലങ്ങളിലുള്ള കിടപ്പ് രോഗികൾക്ക് ഹോം കെയർ സംവിധാനം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയായ സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ മറ്റ് അനുബന്ധ ചെലവുകളും) എന്ന പദ്ധതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം മെഡ് കാസിൽ ഫാർമ, ഇടുക്കി എന്ന സ്ഥാപനത്തിന് ഡയലൈസർ F8, ഡയലൈസർ F6 HPS, ബ്ലഡ് ട്യൂബിംഗ് സെറ്റ് എന്ന 3 ഇനങ്ങൾ വാങ്ങിയതിന് 2,82,059/-രൂപ (ബിൽ നം.34/22-23/8.03.23), ഇൻവോയിസ് നം. MP/22-23/2024, 13/03/23 പ്രകാരം നൽകിയിട്ടുണ്ട്. ഇതിൽ ഡയലൈസർ F8 എന്ന ഇനത്തിന് ടി സ്ഥാപനം ടെൻഡർ (നം. DHK/A5/2009/2022) പ്രകാരം കോട്ട് ചെയ്ത റേറ്റ് 665/- രൂപയാണ്. എന്നാൽ ഇൻവോയിസിൽ ഇതിന്റെ നിരക്ക് 730/- രൂപയാണ്. 35 എണ്ണത്തിന് 730/- രൂപ നിരക്കിൽ 5% നികുതി ഉൾപ്പെടെ 26,827/-രൂപ ടി സ്ഥാപനത്തിന് നൽകിയിരിക്കുന്നു. 35 എണ്ണത്തിന് 665/- രൂപ നിരക്കിൽ 5% നികുതി ഉൾപ്പെടെ 24,439/-രൂപയാണ് നൽകേണ്ടിയിരുന്നത്. 2,388/- രൂപ ഈ ഇനത്തിന് അധികം നൽകിയിട്ടുണ്ട്.
2. പാലിയേറ്റീവ് മെഡിക്കൽ ഓഫീസർ 3/03/2023 ൽ ഡയലൈസർ F6 ആണ് സൂപ്രണ്ടിനോട് ആവശ്യപ്പെട്ടതെങ്കിലും, സൂപ്രണ്ട് 10/03/2023 ൽ A6-10710/22 പ്രകാരം നൽകിയ സപ്ളൈ ഓർഡറിൽ ഡയലൈസർ F6 HPS എന്ന ഇനമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടെൻഡർ നോട്ടീസിൽ F6 HPS ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഇൻവോയിസ് നം. MP/22-23/2024, 13/03/23 പ്രകാരം വാങ്ങിയിരിക്കുന്ന F6 HPS (328 എണ്ണം, തുക 2,10,428/-രൂപ) എന്ന ഇനത്തിന്റെ നിരക്ക് പരിശോധിച്ച് ഉറപ്പാക്കാൻ സാധിക്കുന്നില്ല. ഇൻവോയിസിൽ ഇതിന്റെ യൂണിറ്റ് നിരക്ക് 611/-രൂപയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ക്രമ നം. 1 പ്രകാരം അധികം നൽകിയ 2,388/- രൂപ തിരികെ ഈടാക്കേണ്ടതും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 25/17.11.2023

1-68 അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നില്ല

തൻവർഷ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ക്രമപ്പെടുത്തണമെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന് കീഴിലെ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിച്ചതായി കാണുന്നില്ല. അഡ്വാൻസ് ൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക്നമ്പർ, തീയതി | കൈപ്പറ്റിയ സ്ഥാപനം | തുക | വിവരണം |
|---|---|---|---|---|
| 1 | 347151, 9/06/22 | ജില്ലാ ആശുപത്രി സൂപ്രണ്ട് | 1,75,840/-രൂപ | ജില്ലാ ആശുപത്രിയിലെ സി.റ്റി. സ്കാൻ യൂണിറ്റിന്റെ അനുബന്ധ ചെലവുകൾ - പ്രോജക്ട് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കാമെന്ന വ്യവസ്ഥയിൽ നൽകി |
| 2 | 664195, 23/08/22 | ജില്ലാ വ്യവസായ കേന്ദ്രം മാനേജർ | 13,500/-രൂപ | പ്രോജക്ടിലെ പ്ലാൻ ഫണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്യുന്ന മുറയ്ക്ക് ക്രമീകരിക്കാമെന്ന വ്യവസ്ഥയിൽ നൽകി |

മേൽ തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 58/7.11.2023

1-69 കേരളോത്സവം - പരിധിയിൽ അധികം തുക ചെലവഴിച്ചു

സ.ഉ.(സാധാ)നം.2522/2022/എൽ.എസ്.ജി.ഡി., തീയതി 19/10/22 പ്രകാരം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കേരളോത്സവം 2022 സംഘടിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് /പ്ലാൻ ഫണ്ടിൽ നിന്നും 4,00,000/- രൂപയും യുവജനക്ഷേമ ബോർഡിൽ നിന്നും ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള 4,00,000/- ലക്ഷം രൂപയും ഉൾപ്പെടെ രൂ-8,00,000/- ജില്ലാ പഞ്ചായത്തുകൾക്ക് ചെലവഴിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. കേരളോത്സവുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും പരിശോധിച്ചതിൽ രൂ- 9,27,440/- ചെലവഴിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം.,തീയതി | തുക(രൂപ) | ഇനങ്ങൾ |
|---|---|---|---|
| 1 | 823114/6.12.22 | 4,00,000 | അഡ്വാൻസ് |
| 2 | 823124/12.12.22 | 2,00,000 | അഡ്വാൻസ് |
| 3 | 823137/19.12.22 | 17,100 | പോസ്റ്റർ , വൗച്ചർ പ്രിൻറിംഗ് |
| 4 | 823138/19.12.22 | 20,660 | പോസ്റ്റർ, നോട്ടീസ് , ക്ലോത്ത് ബാനർ, ബോർഡ്, ബോർഡ് ഡിസൈൻ |
| 5 | 823146/23.12.22 | 63300 | ലൈറ്റ് & സൗണ്ട് പന്തൽവർക്ക്. |
| 6 | 823147/23.12.22 | 9,300 | കബഡി മത്സരം |
| 7 | 255757/28.12.22 | 79,976 | ട്രോഫി |
| 8 | 255784/9.1.23 | 21,700 | ഫുട്ബോൾ മത്സരം, നെറ്റ് |
| 9 | 255789/10.1.23 | 60,500 | ഭക്ഷണം |
| 10 | 255801/16.1/.23 | 24,500 | നോട്ടീസ് പ്രിന്റിംഗ് |
| 11 | 445510/6.3.23 | 30404 | സ്റ്റേഷനറി |
| | ആകെ | 9,27,440 | |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്, പ്രതീക്ഷിക്കാത്ത പലവിധ ചെലവുകൾ ഉണ്ടായതിനാലാണ് പരിധിയിൽ കവിഞ്ഞ് തുക ചെലവ് ചെയ്യേണ്ടിവന്നത് എന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്.

ജില്ലാതല കേരളോത്സവത്തിന് ടി സർക്കാർ ഉത്തരവ് പ്രകാരം പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുകയായ 1,27,440/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 63 /18.12.2023

1-70 ട്രാൻസ്ജെന്റേഴ്സിന് ഭക്ഷ്യകിറ്റ് വിതരണം - സർക്കാർ അനുമതി ഹാജരാക്കിയില്ല - പദ്ധതി മാനദണ്ഡത്തിന് വിരുദ്ധമായി അധികം ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്റ്റ് നം. | 720/23- ട്രാൻസ്ജെന്റേഴ്സിന് ഭക്ഷ്യകിറ്റ് വിതരണം |
| അടങ്കൽ തുക | 5,00,000/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 4,35,639/-<br>(ബിൽ നം. 57/28-3-23) |

കൊല്ലം ജില്ലയിലെ ട്രാൻസ് ഐഡികാർഡുള്ള ട്രാൻസ്ജെന്റേഴ്സിന് സപ്ലൈകോയിൽ നിന്നും ജില്ലാ പഞ്ചായത്ത് തീരുമാനിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ കിറ്റ് വാങ്ങി വിതരണം ചെയ്യുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിരുന്നത്. 200 ട്രാൻസ്ജെന്റേഴ്സിന് ഭക്ഷ്യകിറ്റ് വിതരണം നടത്തുകയായിരുന്നു പദ്ധതി ലക്ഷ്യം. 200 ട്രാൻസ്ജെന്റേഴ്സിന് നല്കുന്നതിനായി 200 ഭക്ഷ്യധാന്യകിറ്റുകൾ (അരി 20കി.ഗ്രാം, ഹോർലിക്സ് 500ഗ്രാം, ഈന്തപ്പഴം 500ഗ്രാം, ബദാം 250 ഗ്രാം, ഓട്സ് 2 കി.ഗ്രാം, കശുവണ്ടിപ്പരിപ്പ് 250ഗ്രാം എന്നിവ വീതം ) 4,35,639/- രൂപ (ക്യാരിബാഗിന്റെ വില ഉൾപ്പെടെ) ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു;

1) പദ്ധതി മാർഗ്ഗരേഖ (ജി.ഒ(എം.എസ്)84/22എൽ.എസ്.ജി.ഡി 19-4-22) ഖണ്ഡിക 6-4 സി1-ൽ ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ പ്രത്യേക യോഗം വിളിച്ച ചേർത്ത് അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും വിലയിരുത്തി ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണെന്നും ടി വിഭാഗക്കാർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും പുനരധിവാസ വികസന പരിപാടികളും പ്രത്യേക ഭാഗമായി ഏറ്റെടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗ രേഖ ഖ.8.8.3 പ്രകാരം എയിഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന എച്ച്.ഐ.വി. അണുബാധിതർക്ക് പോഷകാഹാരം, ഹൈസ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന യു.പി.വിഭാഗം വരെയുള്ള കുട്ടികളുടെ പ്രഭാതഭക്ഷണം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ മാത്രമാണ് ഭക്ഷണവിതരണ മേഖലയിൽ ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. മേൽ പദ്ധതി വഴി ഭക്ഷ്യകിറ്റ് വിതരണം ചെയ്തതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കണമെന്നറിയിച്ച കൊണ്ട് എൻക്വയറി നല്കിയതിന് സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന ഭക്ഷ്യകിറ്റ് വിതരണ പരിപാടികൾ എല്ലാം ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായുള്ളതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മേൽ പദ്ധതി വഴി ഭക്ഷ്യകിറ്റ് വിതരണം നടത്തുന്നതിന് ജില്ലാപഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

2) 200 ട്രാൻസ്ജെന്റേഴ്സിനുള്ള ഭക്ഷ്യകിറ്റുകൾ വാങ്ങുന്നതിനായി, കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്ത 200 ട്രാൻസ്ജെന്ററുകൾ ഉണ്ടെന്ന് ഉറപ്പ വരുത്തിയതിന്റെ രേഖകൾ/ലിസ്റ്റ്, ഐഡന്റിറ്റി കാർഡ് എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കണമെന്നറിയിച്ചെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. ഫയലിൽ കൈപ്പറ്റ് രസീത്, ഐഡി കാർഡിന്റെ അവ്യക്തമായ പകർപ്പ് എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി രേഖകൾ ഹാജരാക്കുന്നതായി മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും യോഗം ചേർന്നതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

3) 200 ട്രാൻസ്ജെന്റേഴ്സിന് നല്കുന്നതിനായി 200 ഭക്ഷ്യധാന്യകിറ്റുകൾ രൂ- 4,35,639/- ചെലവഴിച്ച് വാങ്ങി വിതരണം ചെയ്തതിന്റെ രേഖകളായി കൈപ്പറ്റ് രസീതുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ടി രേഖകൾ പരിശോധിച്ചതിൽ കൊല്ലം ജില്ലയിലുള്ള 32 വ്യക്തികൾക്ക് രണ്ട് കിറ്റുകൾ വീതവും ഒരു വ്യക്തിക്ക് 3 കിറ്റും നൽകിയതായും കൊല്ലം ജില്ലയ്ക്ക് പുറത്തുള്ള 6 വ്യക്തികൾക്കായി 8 കിറ്റുകൾ നല്കിയതായും ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു;

| ക്രമ നം | പേര് , വിലാസം | ഭക്ഷ്യകിറ്റ് കൈപ്പറ്റിയതിന്റെ വിവരം | കൈപ്പറ്റിയ ഭക്ഷ്യകിറ്റുകളുടെ എണ്ണം. | റിമാർക്സ് |
|---|---|---|---|---|
| 1 | ഗോപിക, പൈവേലി, | ക്രമ നം. 4, 9 എന്നീ | 2 | |

| | | | | |
|---|---|---|---|---|
| | മൈനാഗപ്പള്ളി | കൈപ്പറ്റ് രസീത് പ്രകാരം | | |
| 2 | ആധവ്, C/o ആർദ്ര,<br>ലക്ഷം വീട് നം-5,<br>കേരളപുരം, വെള്ളിമൺ പി.ഒ<br>ട്രാൻസ് ഐ.ഡി.യിലെ അഡ്രസ്സ്<br>പൂവൻകുഴിയിൽ, കൂടൽ പി.ഒ,<br>കൂടൽ,<br>പത്തനംതിട്ട. | ക്രമ നം. 20, 72 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | പത്തനംതിട്ട ജില്ല |
| 3 | നൂതിക്ക് നാഥ്,<br>രാമൻചിറങ്ങര ഹൗസ്,<br>മേത്തല പി.ഒ, കുറുപ്പംപടി,<br>എറണാകുളം<br>(ട്രാൻസ് ഐഡി&ആധാർകാർഡ് ) | ക്രമ നം. 14, 107 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | എറണാകുളം ജില്ല |
| 4 | വിശ്വേശ്വർ മുരളീധരൻ,<br>ആനന്ദവിലാസം,<br>കുന്നിൽ വീട്, കൊല്ലം | ക്രമ നം. 19, 68 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 5 | റിതു. പി. ആർ,<br>അശ്വതീവിലാസം,<br>തെക്കുംമുറി, ഈസ്റ്റ് കല്ലട,<br>ചിറ്റുമല | ക്രമ നം. 12, 51 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 6 | മീനു, പുത്തൻ കണ്ടത്തിൽ,<br>ചെറിയഴീക്കൽ,<br>ആലപ്പാട് | ക്രമ നം. 24, 163 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 7 | ധനലക്ഷ്മി,<br>കുന്നംപുറത്ത് വീട്,<br>ഉളിയനാട്,<br>കാരംകോട്. പി.ഒ | ക്രമ നം. 26, 123 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 8 | ആർദ്ര,<br>ലക്ഷം വീട് നം -5,<br>കേരളപുരം,<br>വെള്ളിമൺ | ക്രമ നം. 27, 73 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 9 | ഹർഷ,<br>പുത്തൻവീട്ടിൽ പടീറ്റതിൽ,<br>കരിത്തുറ, ചവറ | ക്രമ നം. 28, 67 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 10 | നന്ദിനി, C/o ആർദ്ര,<br>ലക്ഷംവീട് നം-5 കേരളപുരം,<br>വെള്ളിമൺ പി.ഒ.<br>ആധാർ കാർഡിൽ<br>കുന്നതറ വടക്കതിൽ,<br>ഇലിപ്പക്കുളം. പി.ഒ,<br>കറ്റാനം, ആലപ്പുഴ. | ക്രമ നം. 29, 54 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | ആലപ്പുഴ ജില്ല |
| 11 | ബാലസജീവ്,<br>പുത്തൻവിളവീട്, | ക്രമ നം. 31, 138, 101 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 3 | |

| | | | | |
|---|---|---|---|---|
| | പേരയം, ഉമയനല്ലൂർ.പി.ഒ | | | |
| 12 | ബിസ്മി, C/o ആർദ്ര,<br>ലക്ഷംവീട് നം- 5,<br>കേരളപുരം,<br>വെള്ളിമൺ പി.ഒ.<br>ആധാർ കാർഡിൽ<br>റീനാമൻസിൽ, നെടുങ്ങണ്ട<br>പി.ഒ,<br>തിരുവനന്തപുരം | ക്രമ നം. 32, 69 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | തിരുവനന്തപുരം |
| 13 | ഹണി,<br>കാരായിൽ തൊടിയിൽ ഹൗസ്,<br>വാളത്തുങ്കൽ പി.ഒ, കൊല്ലം | ക്രമ നം. 33, 37 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 14 | അളകനന്ദ,<br>ചക്കാലവടക്കതിൽ,<br>വേങ്ങറ,തൊടിയൂർ | ക്രമ നം. 34, 38 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 15 | ദേവിശിവാനി,<br>മണിയങ്കര കോളനി,<br>ചവറ സൗത്ത്. പി.ഒ,<br>തെക്കുംഭാഗം | ക്രമ നം. 10, 45 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 16 | സനീഷ്യ,<br>ചൂരക്കാട്ട്കിഴക്കതിൽ<br>മരു. സൗത്ത്, കരുനാഗപ്പള്ളി | ക്രമ നം. 46, 155 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 17 | ലക്ഷ്മി ലച്ചു,<br>മുത്താന .പി.ഒ,<br>പാളയം കുന്ന്,<br>പാരിപ്പള്ളി | ക്രമ നം. 47, 143 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 18 | മാത്യൂസ്,<br>പുതുവൽ പുരയിടം,<br>വടക്കുംഭാഗം,<br>പുള്ളിക്കട, കൊല്ലം | ക്രമ നം. 57, 152 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 19 | ദക്ഷ. വി, C/o ആർദ്ര,<br>ലക്ഷം വീട്നം- 5,<br>കേരളപുരം, വെള്ളിമൺ പി.ഒ.<br>ആധാർ കാർഡിൽ 12 ചിറ,<br>കഞ്ഞിപ്പാടം, പി.ഒ,<br>കരുമാടി, ആലപ്പുഴ | ക്രമ നം. 60, 105, 147 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 3 | ആലപ്പുഴ ജില്ല |
| 20 | ഫെബ ഏഞ്ചൽജോൺ,<br>ചിക്കുവില്ല,<br>ആദിച്ചമൻ തോപ്പ്,<br>താന്നി, മയ്യനാട്.പി.ഒ | ക്രമ നം. 6, 61 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 21 | ശിവാന്യ, C/o ആർദ്ര,<br>ലക്ഷം വീട് നം-5,<br>കേരളപുരം, വെള്ളിമൺ പി.ഒ. | ക്രമ നം. 7, 62 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 22 | വിധു C/o ആർദ്ര, | ക്രമ നം. 18, 63 എന്നീ | 2 | |

| | | | | |
|---|---|---|---|---|
| | ലക്ഷം വീട് നം- 5, കേരളപുരം, വെള്ളിമൺപി.ഒ., ആധാർകാർഡിൽ വള്ളിയനിലത്തുകുന്നിൽ, കരിച്ചാൽ, പായിപ്പാട്. പി.ഒ, ആലപ്പുഴ | കൈപ്പറ്റ് രസീത് പ്രകാരം | | |
| 23 | വിതുൻ മാണിക്കം, കോഴിക്കുലംചല്ല, ഇലപ്പുള്ളി പഞ്ചായത്ത്, പാലക്കാട് | ക്രമ നം. 13, 71 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | പാലക്കാട് ജില്ല |
| 24 | വൈഗലക്ഷ്മി, ധ്യാൻ വി.ആർ എന്നീ പേരുകളിലുള്ള രണ്ട് കൈപ്പറ്റ് രസീതുകളിലും ഹാജരാക്കിയിട്ടുള്ള രേഖകൾ വൈഗലക്ഷ്മി, തെങ്ങുവിള വീട്, എഴകോൺ കൊല്ലം, ധ്യാൻ വി. ആർ നിതീഷ് ഭവൻ പട്ടത്താനം പി.ഒ, കൊല്ലം. | ക്രമ നം. 75, 85 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 25 | ദ്രൗപതി, കുന്നംപുറത്ത് വീട്, കൊന്നയിൽ, നെടുങ്ങോലം. പി.ഒ | ക്രമ നം. 93, 149 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 26 | എറിൻ. പി. വി (വിഷ്ണു. പി. വി) ചിറയിൽ പുത്തൻവീട്, ഇളമ്പള്ളൂർ, കുണ്ടറ | ക്രമ നം. 83, 156 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 27 | പ്രവീണ, കുറ്റിക്കാട്ട് പള്ളിത്തോടി കോളനി, മയ്യനാട്.പി.ഒ | ക്രമ നം. 127, 145 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 28 | അതിഥി, ചാമവിള ജയന്തി കോളനി, ഇളമ്പള്ളൂർ, കൊല്ലം | ക്രമ നം. 126, 144 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 29 | ശിവദ, കാഞ്ഞിയിൽ തെക്കതിൽ, പുത്തൻസങ്കേതം, തേവലക്കര | ക്രമ നം. 141, 167 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 30 | രാജേന്ദ്രപ്രസാദ് (കാഞ്ചന), ചരുവിള വീട്, കൊട്ടിയം. പി. ഒ, ആദിച്ചനല്ലൂർ | ക്രമ നം. 150, 174 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 31 | സ്നേഹ. ജി, | ക്രമ നം. 157, 164 എന്നീ | 2 | |

| | | | | |
|---|---|---|---|---|
| | ചിറയിൽ പുത്തൻവീട്, ഇളമ്പള്ളൂർ | കൈപ്പറ്റ് രസീത് പ്രകാരം | | |
| 32 | സജീവ് (മീരാകൃഷ്ണ), പുത്തൻവിളവീട്, താഴംതെക്ക്, ചാത്തന്നൂർ. | ക്രമ നം. 137, 158 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 33 | ശിൽപ്പ (അജയൻ), കടക്കൽ കിഴക്കതിൽ, കേശവപുരം കരുനാഗപ്പള്ളി | ക്രമ നം. 146, 165 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 34 | കെവിൻജോസ്, അനുഗ്രഹ നഗർ 93, പള്ളിത്തോട്ടം.പി.ഒ, കൊല്ലം | ക്രമ നം. 175, 159 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 35 | നന്ദ (ബിന്ദു), മേലതിൽ ഹൗസ്, പുല്ലിച്ചിറ. പി.ഒ, മയ്യനാട് | ക്രമ നം. 16, 52 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 36 | മണികണ്ഠൻ. ആർ, നടയിൽ വടക്കതിൽ വീട്, മുളങ്കാടകം, കൊല്ലം | ക്രമ നം. 132, 161 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 37 | ആര്യലക്ഷ്മി, മണിഭവനം, മൈലംകുളം, പുത്തൂർ | ക്രമ നം. 153, 177 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 38 | കൽപ്പന, പായിക്കാട്ടുകിഴക്കതിൽ, ആദിനാട് നോർത്ത്. പി.ഒ, കരുനാഗപ്പള്ളി | ക്രമ നം. 142, 173 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 39 | ധ്വനി, ഷിജുഭവനം, വാലിയോട്. പി.ഒ, ഇളമാട്. | ക്രമ നം. 115, 148 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |

പദ്ധതി മാനദണ്ഡപ്രകാരമുള്ളതിൽ അധികമായി നല്കിയ 34 കിറ്റുകൾ വാങ്ങുന്നതിന് ചെലവഴിച്ച 74,052/- രൂപയും (32+2x2,178) ജില്ലയ്ക്ക് പുറത്തുള്ള 6 വ്യക്തികൾക്കായി 8 കിറ്റുകൾ നല്കിയതിന് ചെലവഴിച്ച 17,424/- രൂപയും (8x2,178) ഉൾപ്പെടെ ആകെ 91,476/- രൂപ നിരാകരിക്കുകയും സർക്കാർ അനുമതി ഹാജരാക്കാത്തതിനാൽ പദ്ധതി ചെലവിൽ ശേഷിച്ച 3,44,163/- രൂപ (4,35,639- 91,476) തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഒരു ഗുണഭോക്താവിന് ഒന്നിലധികം കിറ്റുകൾ വിതരണം ചെയ്തത് കമ്മിറ്റി തീരുമാനത്തിന് വിധേയമായാണെന്ന് അറിയിച്ചിരുന്നെങ്കിലും ടി തീരുമാനം ആദ്യഘട്ടത്തിൽ വിതരണം ചെയ്യാത്ത 16 കിറ്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ആയിരുന്നു. പദ്ധതി മാനദണ്ഡത്തിന് വിരുദ്ധമായി ചെലവഴിച്ച 91,476/- രൂപ അധികചെലവിന് ഉത്തരവാദികളായവരിൽ നിന്നും തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 51/5.1.23

## 1-71 ദി സിറ്റിസൺ ഭരണഘടനാസാക്ഷരത -അനുമതി നല്കിയതിലും അധികമായി തുക ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട് നം. | 329/23 – ദി സിറ്റിസൺ - ഭരണഘടനാസാക്ഷരത |
| അടങ്കൽ തുക | 1,12,00,000/- (തനത്ഫണ്ട്) |
| ചെലവഴിച്ച തുക | 1,04,88,005/- |

| ചെക്ക് നം/തീ | തുക |
|---|---|
| 020712/23-8-22 | 23,800/- |

| | | | |
|---|---|---|---|
| | | 255812/20-1-23 | 2,49,000/- |
| | | 255817/25-1-23 | 33,000/- |
| | | 255819/25-1-23 | 1,07,500/- |
| | | 255821/31-1-23 | 2,26,000/- |
| | | 255798/12-1-23 | 1,00,000/- |
| | | 255822/31-1-23 | 82,550/- |
| | | 255823/31-1-23 | 13,965/- |
| | | 255841/3-2-23 | 3,500/- |
| | | 255842/3-2-23 | 98,000/- |
| | | 255843/3-2-23 | 31,800/- |
| | | 823089/23-11-22 | 94,50,000/- |
| | | 823143/21-12-22 | 12,500 |
| | | 255797/12-1-23 | 50,000/- |
| | | 255799/13-1-23 | 6,400/- |
| | | | 1,04,88,015 |

കൊല്ലം ജില്ലയിലെ 10 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവർക്കും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെക്കുറിച്ച് അവബോധം നല്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് ദി സിറ്റിസൺ ഭരണഘടന സാക്ഷരത. ജി.ഒ(ആർ.ടി)നം 2025/2022 എൽ.എസ്.ജി.ഡി. തീയതി 20-8-22-പ്രകാരം കൊല്ലം ജില്ലാ ആസൂത്രണസമിതിയുടെയും ജില്ലാപഞ്ചായത്തിന്റെയും കിലയുടെയും സംയുക്ത പദ്ധതിയായിട്ടാണ് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്. ഭരണഘടനയെക്കുറിച്ച് തദ്ദേശഭരണസ്ഥാപനങ്ങളിൽ (68 ഗ്രാമപഞ്ചായത്തുകൾ) നിന്നും തെരഞ്ഞെടുത്ത വ്യക്തികൾക്ക് കില പരിശീലനം നല്കുകയും കിലയുടെ പരിശീലനം ലഭിച്ചവർ അതാത് തദ്ദേശഭരണസ്ഥാപനങ്ങളിലെ കുടുംബങ്ങൾക്ക് ക്ലാസ്സുകൾ നല്കുകയും പഠനം പൂർത്തിയാക്കുന്ന ഓരോ കുടുംബവും ഭരണഘടനയുടെ ആമുഖം വീടുകളിൽ ആലേഖനം ചെയ്തു സ്ഥാപിക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഭരണഘടനാ ആമുഖത്തിന്റെ അച്ചടി, പഠന സാമഗ്രികൾ, സെനറ്റർമാർക്ക് ഓണറേറിയം, കുടുംബങ്ങൾക്ക് ക്ലാസ്സുകൾ നല്കുക എന്നിവയുടെ ചുമതലയും ചെലവും വഹിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളാണ്. (ഒരു ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 2,00,000/-രൂപ). കൊല്ലം ജില്ലയിലെ 68 ഗ്രാമ പഞ്ചായത്തുകളിലെയും കുടുംബാംഗങ്ങൾക്ക് മേൽസൂചിപ്പിച്ച പ്രകാരം പഠനം പൂർത്തിയാക്കിയതിന് ശേഷം ഗ്രാമ പഞ്ചായത്തിന് വേണ്ടി 5,60,000 ഭരണഘടനാ കൈപ്പുസ്തകം 20/- രൂപ നിരക്കിൽ അച്ചടിച്ച് നല്കുന്നതിനാണ് ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരിക്കുന്ന 1,12,00,000/- രൂപയ്ക്ക് ചെലവനുമതി നല്കിയിട്ടുള്ളത്. (കൊല്ലം ജില്ലാ കളക്ടറുടെ 17-9-22-ലെ 07/2021/ഡിപിഒ/കൊല്ലം നം ഉത്തരവ്).

പദ്ധതി പരിശോധനാ വിവരം ചുവടെ ചേർക്കുന്നു;

1. ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 5-8-22-ലെ തീരുമാനം 4(1)പ്രകാരം 4,50,000 ഭരണഘടനാ സാക്ഷരതാ കൈപ്പുസ്തകം അച്ചടിക്കുന്നതിനുള്ള ചുമതല ഗ്രാമലക്ഷ്മി മുദ്രാലയത്തിനെ ഏൽപ്പിച്ചെങ്കിലും അച്ചടിചെലവ് സംബന്ധിച്ച് സപ്ലൈ ഓഡറിൽ വ്യക്തമാക്കിയിട്ടില്ല. 21/- രൂപ നിരക്കിൽ 94,50,000/- രൂപ ചെലവഴിച്ചാണ് 4,50,000 ഭരണഘടനാ സാക്ഷരതാ കൈപ്പുസ്തകം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ചിട്ടുള്ളത്. ജില്ലാകളക്ടറുടെ ഉത്തരവ് പ്രകാരം പുസ്തകം അച്ചടിക്കുന്നതിന് ഒരു കോപ്പിക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 20/- രൂപ ആയിരിക്കെ 1/-രൂപ നിരക്കിൽ 4,50,000 കൈപ്പുസ്തകത്തിന് 4,50,000/- രൂപ അധികമായി ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നറിയിച്ചുകൊണ്ട് എൻക്വയറി നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്: ഒരു പുസ്തകം അച്ചടിക്കുന്നതിന് 17.80/- മാത്രമാണ് ചെലവായിട്ടുള്ളതെന്നും ബാക്കി ജി.എസ്.ടി. ആണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ജില്ലാ കളക്ടറുടെ ഉത്തരവിൽ പരമാവധി 20/- രൂപ നിശ്ചയിച്ചിട്ടുള്ളതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. അച്ചടിയിനത്തിൽ അധികം ചെലവഴിച്ച 4,50,000/-രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

4,50,000 കൈപ്പുസ്തകങ്ങൾ അച്ചടിക്കണമെന്ന് നിശ്ചയിച്ചതിന് ആധാരമാക്കിയ രേഖകൾ, കൊല്ലം ജില്ലയിലെ 68 പഞ്ചായത്തുകളും ഭരണഘടനാ സാക്ഷരതാ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ, ജില്ലാപഞ്ചായത്തിൽ നിന്നും

ഭരണഘടനാ സാക്ഷരതാകൈപ്പുസ്തകം കൈപ്പറ്റിയതിന്റെയും എത്ര കുടുംബങ്ങൾക്ക് വിതരണം ചെയ്തു എന്നതിന്റെയും രേഖകൾ ഹാജരാക്കണമെന്നറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്:

4,50,000 കൈപ്പുസ്തകങ്ങൾ അച്ചടിക്കണമെന്ന് നിശ്ചയിച്ചത് പ്രോജക്ടിൽ രേഖപ്പെടുത്തിയ പ്രകാരമാണെന്നറിയിക്കുകയും പ്രോജക്ടിന്റെ സുലേഖ കോപ്പി ഹാജരാക്കുകയും ചെയ്തു. എന്നാൽ ടി രേഖയിൽ, ഭരണഘടനയെക്കുറിച്ചുള്ള 74 പേജുള്ള കൈപ്പുസ്തകം അഞ്ച് ലക്ഷംഎണ്ണം അച്ചടിക്കുന്നതിനും ആയത് ഓരോ കുടുംബത്തിലും എത്തിക്കുന്ന എന്നും (95,00,000/- രൂപ അടങ്കലിലുള്ള ടി പദ്ധതി റിവൈസ് ചെയ്താണ് 1,12,00,000/- അടങ്കലാക്കിയിട്ടുള്ളത്) രേഖപ്പെടുത്തിയിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പുസ്തകങ്ങളുടെ വിതരണരേഖയായി സ്കൂളുകൾക്ക് കൈപ്പുസ്തകം വിതരണം ചെയ്തതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് വേണ്ടി കൈപ്പുസ്തകങ്ങൾ അച്ചടിച്ച് നല്കുണമെന്നാണ് കളക്ടറുടെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തുകൾ ജില്ലാപഞ്ചായത്തിൽ നിന്നും ഭരണഘടനാ സാക്ഷരതാകൈപ്പുസ്തകം കൈപ്പറ്റിയതിന്റെയും എത്ര കുടുംബങ്ങൾക്ക് വിതരണം ചെയ്തു എന്നതിന്റെ രേഖകളോ, ഭരണഘടനാ സാക്ഷരതാ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകളോ, നിലവിലും ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ അച്ചടിച്ചെലവിനത്തിലുള്ള 90,00,000/- രൂപ (94,50,000- 4,50,000) തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
എൻക്വയറി നം. 52 /5-12-23

1-72 ദി സിറ്റിസൺ ഭരണഘടനാസാക്ഷരത - സാക്ഷരതാ പ്രഖ്യാപനചടങ്ങ് - ചെലവനുമതിയില്ലാതെ തുക ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട്നം. | 329/23 ദി സിറ്റിസൺ ഭരണഘടനാ സാക്ഷരത |
| അടങ്കൽ തുക | 1,12,00,000/- (തനത്ഫണ്ട്) |
| ചെലവഴിച്ച തുക | 1,04,88,005/- |

| ചെക്ക് നം/തീ | തുക |
|---|---|
| 020712/23-8-22 | 23800/- |
| 255812/20-1-23 | 249000/- |
| 255817/25-1-23 | 33000/- |
| 255819/25-1-23 | 107500/- |
| 255821/31-1-23 | 226000/- |
| 255798/12-1-23 | 100000/- |
| 255822/31-1-23 | 82550/- |
| 255823/31-1-23 | 13965/- |
| 255841/3-2-23 | 3500/- |
| 255842/3-2-23 | 98000/- |
| 255843/3-2-23 | 31800/- |
| 823089/23-11-22 | 9450000/- |
| 823143/21-12-22 | 12500 |
| 255797/12-1-23 | 50000/- |
| 255799/13-1-23 | 6400/- |
| | 10488015/- |

ദി സിറ്റിസൺ ഭരണഘടന സാക്ഷരത – കൈപ്പുസ്തകത്തിന്റെ അച്ചടിക്ക് ചെലവനുമതി ലഭിച്ച തുക ഉദ്ഘാടനത്തിന് ചെലവ് ചെയ്തു- 10,38,005/- രൂപ അധികം ചെലവഴിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു;
കൊല്ലം ജില്ലയിലെ 10 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവർക്കും ഭരണഘടനയുടെ അടിസ്ഥാന

തത്വങ്ങളെക്കുറിച്ച് അവബോധം നല്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് ദി സിറ്റിസൺ ഭരണഘടന സാക്ഷരത. ജി.ഒ(ആർ.ടി)നം.2025/2022 എൽ.എസ്.ജി.ഡി. തീയതി 20-8-22-പ്രകാരം കൊല്ലം ജില്ലാ ആസൂത്രണസമിതിയുടെയും ജില്ലാപഞ്ചായത്തിന്റെയും കിലയുടെയും സംയുക്ത പദ്ധതിയായിട്ടാണ് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്. ഭരണഘടനയെക്കുറിച്ച് തദ്ദേശഭരണസ്ഥാപനങ്ങളിൽ (68 ഗ്രാമപഞ്ചായത്തുകൾ) നിന്നും തെരഞ്ഞെടുത്ത വ്യക്തികൾക്ക് കില പരിശീലനം നല്കുകയും കിലയുടെ പരിശീലനം ലഭിച്ചവർ അതാത് തദ്ദേശഭരണസ്ഥാപനങ്ങളിലെ കുടുംബങ്ങൾക്ക് ക്ലാസ്സുകൾ നല്കുകയും പഠനം പൂർത്തിയാക്കുന്ന ഓരോ കുടുംബവും ഭരണഘടനയുടെ ആമുഖം വീടുകളിൽ ആലേഖനം ചെയ്ത് സ്ഥാപിക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഭരണഘടനാ ആമുഖത്തിന്റെ അച്ചടി, പഠന സാമഗ്രികൾ, സെനറ്റർമാർക്ക് ഓണറേറിയം, കുടുംബങ്ങൾക്ക് ക്ലാസ്സുകൾ നല്കുക എന്നിവയുടെ ചുമതലയും ചെലവും വഹിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളാണ്. (ഒരു ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 2,00,000/-രൂപ). കൊല്ലം ജില്ലയിലെ 68 ഗ്രാമ പഞ്ചായത്തുകളിലെയും കുടുംബാംഗങ്ങൾക്ക് മേൽസൂചിപ്പിച്ച പ്രകാരം പഠനം പൂർത്തിയാക്കിയതിന് ശേഷം ഗ്രാമ പഞ്ചായത്തിന് വേണ്ടി 5,60,000 ഭരണഘടനാ കൈപ്പുസ്തകം 20/- രൂപ നിരക്കിൽ അച്ചടിച്ച് നല്കുന്നതിനാണ് ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരിക്കുന്ന 1,12,00,000/- രൂപയ്ക്ക് ചെലവനുമതി നല്കിയിട്ടുള്ളത്. എന്നാൽ പദ്ധതി വഴി 94,50,000/- രൂപ ചെലവഴിച്ച് 4,50,000 ഭരണഘടനാ സാക്ഷരതാ കൈപ്പുസ്തകം അച്ചടിക്കുകയും ശേഷിച്ച തുകയിൽ നിന്നും 2023 ജനുവരി 14-ന് കൊല്ലം ജില്ലാ സമ്പൂർണ്ണ ഭരണഘടനാ സാക്ഷരതാ പ്രഖ്യാപനം നടത്തുന്നതിന് ബഹു. മുഖ്യമന്ത്രി, ബഹു. ധനകാര്യവകുപ്പ് മന്ത്രി, ബഹു. മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പ് മന്ത്രി എന്നിവർ പങ്കെടുക്കുന്ന ചടങ്ങ് സി. കേശവൻ മെമ്മോറിയൽ ടൗൺഹാളിൽ നടത്തുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 10,38,005/-രൂപ ചെലവഴിക്കുകയും ചെയ്തു.

ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു. അഡ്വാൻസായി പിൻവലിച്ച 50,000/- ന്റെ ചെലവ് രേഖകൾ ഹാജരാക്കുന്നതായി മറുപടിയിൽ അറിയിച്ചെങ്കിലും ഹാജരാക്കിയിട്ടില്ല.

| കൊല്ലം ജില്ലാ സമ്പൂർണ്ണസാക്ഷരതാ പ്രഖ്യപനം 2023 ജനുവരി 14-ന് സി.കേശവൻ മെമ്മോറിയൽ ടൗൺഹാളിൽ നടത്തുന്നതിന് വേണ്ടി ചെലവഴിച്ച തുക | |
|---|---|
| ടൗൺ ഹാളിന്റെ മുമ്പിൽ പന്തൽ സ്ഥാപിച്ചതിനും ഡെക്കറേഷനും | 3,26,000/- |
| സി. കേശവൻമെമ്മോറിയൽ ടൗൺഹാളിന്റെ ഇന്റീരിയർ വർക്കുകൾ | 2,49,000/- |
| ദേശഭക്തി ഗാനമേള (ജനുവരി 14 രാവിലെ 9 മുതൽ 11 വരെ | 33,000/- |
| ടൗൺഹാളിൽ ചടങ്ങ് സംഘടിപ്പിച്ചതിന്റെ ഭാഗമായി അനൗൺസ്മെന്റ്, റിക്കോർഡിങ്, ജനറേറ്റർ, പെഡസ്റ്റൽ ഫാൻ തുടങ്ങിയ ക്രമീകരണങ്ങൾ | 82,550/- |
| ജനുവരി 14 ലെ പരിപാടി സംബന്ധിച്ച് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഫ്ലെക്സ് ബോർഡ് സ്ഥാപിച്ചതിന് | 98,000/- |
| ജനുവരി 14 ലെ പരിപാടി സംബന്ധിച്ച് പോസ്റ്ററുകൾ, നോട്ടീസ് എന്നിവ അച്ചടിച്ചതിന് | 1,07,500/ |
| സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപന സർട്ടിഫിക്കറ്റ് | 3,500/- |
| സമ്പൂർണ്ണ സാക്ഷരതാ സർട്ടിഫിക്കറ്റ് | 12,600/- |
| ലഘുഭക്ഷണ ചെലവ് | 17,600/- |
| ക്ഷണക്കത്ത്, ബാഡ്ജ് എന്നിവ അടിച്ചതിന് | 31,800/- |
| ജില്ലാപഞ്ചായത്ത് കവാടത്തിൽ ശിലാഫലകം | 12,500/- |
| കുടി വെള്ള വിതരണം | 13,955/- |
| അഡ്വാൻസ് | 50,000/- |
| ആകെ | 10,38,005/- |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-5-22-ലെ ജി.ഒ.(ആർ.ടി)1255/22-ൽ ബഹു.മന്ത്രിമാർ പങ്കെടുക്കുന്നതും പൊതുസ്ഥലങ്ങളിൽ / വാടക കെട്ടിടങ്ങളിൽ /ഓഡിറ്റോറിയങ്ങളിൽ നടത്തുന്നതുമായ ചടങ്ങുകൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 75,000/- രൂപ ആയിരിക്കെ 2023 ജനുവരി 14-ലെ ചടങ്ങിനു വേണ്ടി 10,38,005/- രൂപ ചെലവഴിച്ചത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബഹു.മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കുന്ന ഭരണഘടനാ സാക്ഷരതയുമായി ബന്ധപ്പെട്ട ബൃഹത്തായ ചടങ്ങിന്റെ

ചെലവ് 75,000/- രൂപയിൽ ക്രമപ്പെടുത്തുവാൻ കഴിയുമായിരുന്നില്ലയെന്നും പ്രോജക്ടിന് വേണ്ടി 1,12,00,000/- രൂപ ചെലവഴിക്കാനനുമതിയുള്ളതിനാലും 5-1-23-ലെ കമ്മിറ്റി തീരുമാനത്തിന്റെ (നം.2(1) അടിസ്ഥാനത്തിലും ചെലവഴിച്ചുവെന്നാണ് മറുപടി നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവിനും പ്രോജക്ടിലെ വകയിരുത്തലിനും ജില്ലാ കളക്ടറുടെ ചെലവനുമതിക്കും വിരുദ്ധമായി അധികം ചെലവഴിച്ച 10,38,005/- രൂപ നിരാകരിക്കുന്നു. തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയ ടി കമ്മിറ്റിയിൽ ഹാജരായ അംഗങ്ങൾ ഉൾപ്പെടെയുള്ളവരിൽ നിന്നും ടി തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 52 /5-12-23

## 1-73 അതിദരിദ്രർക്കുള്ള ഭവന നിർമ്മാണപദ്ധതി - ഗ്രാമപഞ്ചായത്തു മുഖേന നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ച പദ്ധതി നൂതന പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കി-സബ്സിഡി അധികമായി നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത് |
| പ്രോജക്ട് നം. | 334/23- സ്വപ്നക്കൂട്- അതിദരിദ്രർക്കുള്ള ഭവന നിർമ്മാണപദ്ധതി |
| അടങ്കൽ തുക | 4,75,00,000/-( വികസനഫണ്ട് ജനറൽ : 3,00,00,000/-, തനത്ഫണ്ട്: 1,75,00,000/-) |
| ചെലവഴിച്ച തുക | 2,88,00,000/- (വികസനഫണ്ട്) ( ബിൽ നം. 52/12-3-23 ) |

അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന വീട് നിർമ്മിച്ച് നല്കുന്നതിനായി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് സ്വപ്നക്കൂട്. സംസ്ഥാനാവിഷ്കൃത പദ്ധതിയായ ലൈഫ് മിഷനുമായി സംയോജിപ്പിച്ച് നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രോജക്ട് ലക്ഷ്യമായി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ലൈഫ് ഭവനനിർമ്മാണ പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി തുകയായ 6,00,000/- രൂപ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട അതിദരിദ്ര വിഭാഗങ്ങൾക്കും ഭവനനിർമ്മാണത്തിനുള്ള ധനസഹായമായി ജില്ലാപഞ്ചായത്ത് നൽകുന്നു എന്നാണ് രേഖപ്പെടുത്തിയിരുന്നത്. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ എസ്റ്റിമേറ്റ് പ്രകാരം ഒരു വീട് നിർമ്മിക്കുന്നതിനുള്ള തുകയായ 9,60,000/- രൂപയിൽ 60% ആയ 5,76,000/- ജില്ലാ പഞ്ചായത്തും 3,84,000/- സംസ്ഥാന ഭവനനിർമ്മാണ ബോർഡും വഹിക്കുന്ന രീതിയിൽ 5,76,000/- വീതം ജനറൽ വിഭാഗത്തിലുള്ള 50 ഗുണഭോക്താക്കളുടെ ജില്ലാപഞ്ചായത്ത് വിഹിതമായി 2,88,00,000/- രൂപ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് കൈമാറി 7.3.2023-ൽ എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട് .

പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു;

1. നൂതനമായ ആശയങ്ങൾ, നവീനസാങ്കേതികവിദ്യകൾ, പുതിയ പ്രക്രിയകൾ, പുതിയ നിർവ്വഹണ രീതികൾ, പുതിയപങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചു കൊണ്ടുള്ള വികസന പ്രോജക്ടുകളെയാണ് നൂതന പ്രോജക്ടുകൾ എന്നതു കൊണ്ടുദ്ദേശിക്കുന്നത്. അംഗീകരണ സാക്ഷ്യപത്രത്തിൽ വകുപ്പ് പരിപാടികളിലൂടെ ലഭ്യമാക്കാൻ കഴിയാത്ത പ്രവർത്തന ഇനമാണെന്നാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിദരിദ്രർക്കുള്ള വാസസ്ഥലം ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്നതിന് പദ്ധതിമാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിരിക്കെ മേൽപ്രകാരം രേഖപ്പെടുത്തിയതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല. ലൈഫ് മിഷൻ വ്യവസ്ഥകൾ പാലിച്ച് അതിദരിദ്രർക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയും ഗ്രാമപഞ്ചായത്തുകൾ മുഖേന അതിദരിദ്രർക്കുൾപ്പെടെയുള്ള ഭവനനിർമ്മാണം നടപ്പിലാക്കുകയും ചെയ്തു വരികേ നൂതനപദ്ധതിയായി അംഗീകരിച്ച് മേൽ പദ്ധതിക്ക് തുക കൈമാറിയതിന്റെ കാരണം വ്യക്തമാക്കണമെന്നറിയിച്ചു കൊണ്ട് എൻക്വയറി നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്: അത്യന്തം ശോചനീയമായ ജീവിതാവസ്ഥയിൽ കഴിയുന്ന അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന നാല് ലക്ഷം രൂപയിൽ നിന്നു കൊണ്ട് സ്വന്തം നിലയിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുക അസാധ്യമായതിനാലാണ് ജില്ലാപഞ്ചായത്ത് വിഹിതത്തോടൊപ്പം സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സാമ്പത്തിക സഹായം കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയെന്നാണ് മറുപടി നല്കിയിട്ടുള്ളത്. പാർപ്പിട മേഖലയിലെ എല്ലാ ഇടപെടലുകളും ലൈഫ് മാർഗ്ഗരേഖയ്ക്ക് അനുസൃതമായിരിക്കണമെന്നും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പാർപ്പിട മേഖലയ്ക്ക് വകയിരുത്തുന്ന വിഹിതത്തിൽ നിന്നും ലൈഫ് പദ്ധതിക്ക് വിഹിതം നല്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ (ജി.ഒ(എം.എസ്)84/22 ത.സ്വ.ഭ.വ

19-4-22 ഖ.8-10) വ്യക്തമാക്കിയിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കാൻ സാധിക്കുന്നില്ല.

2. അതിദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലും (GO(P) No.146/22/LSGD തീ. 8-7-22) പദ്ധതിമാർഗ്ഗരേഖയിലും ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്ക വേണ്ടിയുള്ള മൈക്രോപ്ലാനുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിഹിതം നല്കണമെന്നും ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കണമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൊടുത്ത് പദ്ധതി നടപ്പിലാക്കാമെന്നിരിക്കെ പദ്ധതി ഏറ്റെടുത്തതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14-2-23-ലെ മിനുട്സ് ഖ.3.1-ൽ അതിദരിദ്രകുടുംബങ്ങൾക്ക് വേണ്ടി തയ്യാറാക്കുന്ന പദ്ധതികൾക്ക് 100% സബ്സിഡി നല്കാവുന്നതാണെന്നും എന്നാൽ സബ്സിഡിമാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് നിരക്ക് ഇത്തരം കുടുംബങ്ങൾക്കും ബാധകമായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കു മാത്രമാണ് ഭവനനിർമ്മാണത്തിന് 6,00,000/- രൂപയ്ക്ക് അർഹതയുള്ളത്. പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റെല്ലാ വിഭാഗങ്ങൾക്കും 4,00,000/- രൂപ സബ്സിഡിയ്ക്ക് മാത്രമാണ് ഭവനനിർമ്മാണത്തിന് അനുമതിയുള്ളതെന്നിരിക്കെ 437 സ്ക്വയർഫീറ്റുള്ള വീട് നിർമ്മിക്കുന്നതിന് നൂതനപദ്ധതിയിൽ കൂടിയ സബ്സിഡി നിരക്ക് നിശ്ചയിച്ച് നല്കിയത് എപ്രകാരമെന്ന് വ്യക്തമാക്കണമെന്നറിയിച്ചതിനു മറുപടി ലഭ്യമാക്കിയിട്ടുണ്ട്: പട്ടികവർഗ്ഗ വിഭാഗക്കാരേക്കാൾ മോശമായ ജീവിത സാഹചര്യത്തിൽ കഴിയേണ്ടി വരുന്ന അതി ദരിദ്രവിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാകുന്ന ധനസഹായത്തിന് തുല്യമായ തുക ലഭിക്കുവാൻ അർഹതയുള്ളതിനാലാണ് ജില്ലാ പഞ്ചായത്ത് സ്വപ്നക്കൂട് പദ്ധതി ഏറ്റെടുത്തതെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. അതിദരിദ്രർക്ക് നല്കേണ്ട സേവനങ്ങൾ സംബന്ധിച്ച് സർക്കാർ വിശദമായ മൈക്രോപ്ലാനുകൾ ആവിഷ്കരിച്ചിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല.

4. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും ദരിദ്രരായ ഭവനരഹിതർക്ക് സ്വന്തമായി ഭവനം നിർമ്മിക്കുവാൻ കഴിയുന്നില്ലെങ്കിൽ ഭവന നിർമ്മാണം പൂർണമായും ലാഭേച്ഛ ഇല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന സംഘടനകളെ ഏൽപ്പിക്കാവുന്നതാണെന്നും അത്തരക്കാരെ കണ്ടെത്തി അവരെ ഏൽപ്പിക്കുന്നതിന്റെ പൂർണ്ണ ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കുമെന്നും ഇതനുസരിച്ച് നേരിട്ട് ഭവന നിർമ്മാണം നടത്തുവാൻ കഴിയാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള ഏജൻസികൾ, കരാറുകാർ എന്നിവർ മുഖേന ഗുണഭോക്താക്കളുടെ സമ്മതത്തോടെ ഭവന നിർമ്മാണം നടത്താവുന്നതാണെന്നും ഇതിലേക്കായി കുടുംബശ്രീ മുഖേന വിജയകരമായി ട്രെയിനിങ് പൂർത്തിയാക്കിയ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ, സിവിൽ എഞ്ചിനീയറിങ് മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ, പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എന്നിവരെ അംഗീകരിച്ച് ഇത്തരം വീടുകളുടെ ഭവന നിർമ്മാണം നൽകാവുന്നതാണെന്നും ഇതിനായി കരാറുകാരന്റെ ലാഭവിഹിതം (സി.പി.) ഒഴിവാക്കി ഡി .എസ്. ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഏജൻസി മുഖേന ചെയ്യുമ്പോൾ ഗുണഭോക്താവും ഏജൻസിയും/ കരാറുകാരനും തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതും തുക കരാറുകാരനും/ ഏജൻസിക്ക് നാല് ഘട്ടങ്ങളായി നൽകാവുന്നതും ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ വ്യവസ്ഥകളൊന്നും പദ്ധതിയിൽ പാലിച്ചിട്ടില്ല. 50 ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ടി ഗുണഭോക്താക്കൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും ഭവനനിർമ്മാണത്തിനുള്ള ഭൂമിയെ സംബന്ധിച്ച രേഖകൾ നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ടെങ്കിലും വ്യക്തികളുടെ അപേക്ഷകളോ ഭൂമിയെ സംബന്ധിച്ച രേഖകളോ ഭവനനിർമ്മാണത്തിനുള്ള ഗുണഭോക്താവിന്റെ സമ്മതിപത്രമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലൈഫ് ഭവനപദ്ധതിയിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ടെണ്ടറിലൂടെ ഏൽപ്പിക്കാൻ അനുമതിയുണ്ടെങ്കിലും വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം ഏജൻസികൾ മുഖേന നടപ്പിലാക്കാൻ അനുമതിയില്ല. ജില്ലാപഞ്ചായത്തിന് മേൽ പദ്ധതി നടപ്പിലാക്കാൻ അനുമതിയില്ലാത്തതിനാൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് കൈമാറിയ 2,88,00,000/- രൂപ തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ ഈടാക്കി അതത് പഞ്ചായത്തുകൾക്ക് ലൈഫ് മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള വിഹിതമായ 2,00,00,000/-നല്കി (50x4,00,000) അതിദരിദ്രർക്കുള്ള ഭവനനിർമ്മാണം നടപ്പിലാക്കി രേഖകൾ ഹാജരാക്കേണ്ടതും അധികമായി പിൻവലിച്ച 88,00,000/- രൂപ സർക്കാരിലേക്ക് ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

എൻക്വയറി നം 54/5-12-23

1-74 പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ - സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത് |
| പ്രോജക്റ്റ് നം. | 610/23- പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ തുക | 1,92,00,000/- (വികസന ഫണ്ട് -എസ്.സി.പി.) |
| ചെലവഴിച്ച തുക | 1,66,80,000/- |

| ബിൽ നം. | തുക |
|---|---|
| 27/16-11-22 | 21,60,000/- |
| 31/19-11-22 | 19,20,000/- |
| 33/26-11-22 | 19,20,000/- |
| 40/18-1-23 | 19,80,000/- |
| 43/21-1-23 | 19,20,000/- |
| 45/4-2-23 | 17,40,000/- |
| 46/4-2-23 | 18,60,000/- |
| 53/21-3-23 | 16,80,000/- |
| 62/31-3-23 | 15,00,000/- |

പൊതു വെളിച്ചത്തിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതോ കുറവുള്ളതോ ആയ പട്ടികജാതി കോളനികളിൽ സൗരോർജ്ജത്തിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി സോളാർ ലൈറ്റ് സ്ഥാപിച്ച് പൊതു വെളിച്ചത്തിനുള്ള സൗകര്യം ഒരുക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. 125 പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനായി 1,50,00,000/ രൂപ അടങ്കലിൽ അംഗീകരിച്ച പദ്ധതി 42,00,000/- രൂപ കൂടി ഉൾപ്പെടുത്തി 160 കോളനികളിൽ സ്ഥാപിക്കുന്നതിനായി റിവൈസ് ചെയ്തിട്ടുണ്ട്. പദ്ധതിക്കായി 2022-23-ൽ 1,66,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു;

1. സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022 നം. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.10.2 പ്രകാരം തെരുവ് വിളക്കുകളുടെ സ്ഥാപനം / മെയിന്റനൻസ് എന്നിവ സംബന്ധിച്ച പദ്ധതികൾ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രമേ ഏറ്റെടുക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതും ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിലുൾപ്പെട്ടതായതിനാലും ജില്ലാപഞ്ചായത്തുകളുടെ ചുമതലയിൽ ഉൾപ്പെടാത്ത മേൽ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കണമെന്നറിയിച്ച് കൊണ്ട് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്: ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികളിലെ വഴിവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിലാണ് സോളാർ മിനിമാസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും 19-4-22-ലെ സ.ഉ(കൈ)84/22 എൽ.എസ്.ജി.ഡി, മാർഗ്ഗരേഖ ഖ.8-5-ൽ സാധ്യമായ സൗരോർജ്ജ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതിയുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഖ.8-5-ൽ സാദ്ധ്യമായ സൗരോർജ്ജോൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ജില്ലാ പഞ്ചായത്തുകൾക്ക് അനുമതി നലകിയിട്ടുള്ളത് എന്നതിനാലും ടി പദ്ധതി ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതായതിനാലും മറുപടി അംഗീകരിക്കുന്നില്ല.

2. അനർട്ടിന്റെ സ്പെസിഫിക്കേഷനുകൾ പാലിച്ച് 6 മീറ്റർ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 15-9-22-ൽ ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുകയായ 1,20,000/- രൂപ (2*24w, Including 12% GST ¢Age Charge, Inclusive Of Name Board-acrylic Sheet -Size 3ftx 2ft And 36 Months Warranty From The Date Of Commissioning) ക്വോട്ട് ചെയ്ത KEL- ൽ നിന്നും വാങ്ങുന്നതിന് 14-10-22-ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും 25-10-22-ൽ കരാറിലേർപ്പെടുകയും 9-12-22-ൽ 125 ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പട്ടികജാതി കോളനികളുടെ ലിസ്റ്റ് കൈമാറി വർക്ക് ഓഡർ നല്കുകയും ചെയ്തു. 6-10-22ലെ കമ്മിറ്റി തീരുമാനപ്രകാരം 35 പട്ടികജാതി കോളനികളിൽ കൂടി സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 42,00,000/-കൂടി

വകയിരുത്തി പദ്ധതി റിവൈസ് ചെയ്യുകയും 31-1-23 ൽ പുതിയ കരാറിലേർപ്പെടുകയും ചെയ്തു. പദ്ധതി വഴി 2022-23ൽ 1,66,80,000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകളിൽ നിന്നുമുള്ള അനുമതിപത്രം, സ്ഥാപിക്കേണ്ട സ്ഥലങ്ങൾ നിശ്ചയിച്ചതിന്റെ മാനദണ്ഡം, ടി സ്ഥലങ്ങളിൽ നിലവിൽ തെരുവ് വിളക്കുകളോ മറ്റ് വെളിച്ച സംവിധാനങ്ങളോ ഇല്ലായെന്നുള്ള സാക്ഷ്യപത്രം, വാറന്റി പീരിയഡിന് ശേഷമുള്ള പരിപാലനം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്: ജില്ലാപഞ്ചായത്തിലെ ഡിവിഷൻ അംഗങ്ങൾ വിവിധ പട്ടികജാതി കോളനികളിൽ വെളിച്ചം ഇല്ലാത്ത പൊതു പ്രദേശങ്ങൾ കണ്ടെത്തി ലിസ്റ്റ് ഹാജരാക്കി കമ്മിറ്റി അംഗീകരിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ടി വിവരം ചുമതലപ്പെട്ട ഗ്രാമ പഞ്ചായത്തുകളെ അറിയിച്ചതിന്റെ രേഖകളോ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച തുടർ നടപടി വിവരമോ ഹാജരാക്കിയിട്ടില്ല. ചുമതലയിൽപ്പെടാത്തതും അനുമതിയില്ലാത്തതുമായ പദ്ധതി നടപ്പിലാക്കിയതിനാലും മുകളിൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കാത്തതിനാലും തൻവർഷം ചെലവഴിച്ച തുകയായ 1,66,80,000/-രൂപ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 50/4.12.23.

1-75 ഗ്രാമ പ്രദേശങ്ങളിൽ ഇരിപ്പിടങ്ങൾ, ഓപ്പൺസ്റ്റേജ്, കൽമണ്ഡപം, ഫിറ്റ്നസ് പാർക്ക്, ബ്യൂട്ടിഫിക്കേഷൻ, പുസ്തകക്കൂട് എന്നീ സൗകര്യങ്ങളോടെ പൊതുവിടങ്ങൾ ഒരുക്കുന്നതിനായുള്ള പദ്ധതി വഴി ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കടയ്ക്കൽ ക്ഷേത്രക്കുളത്തിനു ചുറ്റും നടപ്പാത, ഓപ്പൺസ്റ്റേജ് എന്നിവ നിർമ്മിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട്നം | A.174/23 ഗ്രാമജ്യോതി-ഗ്രാമ പ്രദേശങ്ങളിൽ ഇരിപ്പിടം, ഫിറ്റ്നസ് പാർക്ക്, ഓപ്പൺസ്റ്റേജ്, ബ്യൂട്ടിഫിക്കേഷൻ സൗകര്യങ്ങളോടെ പൊതുവിടങ്ങൾ സജ്ജീകരിക്കൽ.<br>B.6/23 ഗ്രാമജ്യോതി |
| അടങ്കൽ തുക | A. 60,00,000/- (കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>B, 70,00,000/- (കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| തൻവർഷം ചെലവഴിച്ച തുക | A. 60,00,000/-<br>B. 1,56,125/- (ചെക്ക് നം. 00980/30-3-23 |

| ചെക്ക് നം, തീയതി | തുക |
|---|---|
| 00963/ 1-10-22 | 14,91,822/- |
| 00974/ 9-2-23 | 15,55,195/- |
| 00976/ 14-3-23 | 11,10,807/- |
| 00981/ 30-3-23 | 18,42,176/- |

ഗ്രാമ പ്രദേശങ്ങളിൽ ഇരിപ്പിടങ്ങൾ, ഓപ്പൺസ്റ്റേജ്, കൽമണ്ഡപം, ഫിറ്റ്നസ് പാർക്ക്, ബ്യൂട്ടിഫിക്കേഷൻ, പുസ്തകക്കൂട് എന്നീ സൗകര്യങ്ങളോടെ പൊതുവിടങ്ങൾ ഒരുക്കുന്നതിനായുള്ള പദ്ധതി വഴി ദേവസ്വംബോർഡിന്റെ ഉടമസ്ഥതയിലുള്ള 3.23 ഏക്കർ വിസ്തൃതിയുള്ള കടയ്ക്കൽക്ഷേത്രക്കുളത്തിനു ചുറ്റും നടപ്പാത, ഓപ്പൺസ്റ്റേജ് എന്നിവ 76,56,125/- രൂപ ചെലവഴിച്ചു നിർമ്മിച്ചു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22-ൽ അംഗീകാരം ലഭിച്ച "ഗ്രാമജ്യോതി-ഗ്രാമ പ്രദേശങ്ങളിൽ ഇരിപ്പിടം, ഫിറ്റ്നസ് പാർക്ക്, ഓപ്പൺസ്റ്റേജ്, ബ്യൂട്ടിഫിക്കേഷൻ സൗകര്യങ്ങളോടെ പൊതുവിടങ്ങൾ സജ്ജീകരിക്കൽ" (പ്രോ.നം.174/23) എന്ന പദ്ധതിയിൽ കുറഞ്ഞത് 25 സെന്റ് സ്ഥലം ലഭ്യമാകുന്ന ഗ്രാമ പ്രദേശങ്ങളിൽ ഇരിപ്പിടങ്ങൾ, ഓപ്പൺസ്റ്റേജ്, കൽമണ്ഡപം, ഫിറ്റ്നസ് പാർക്ക്, ബ്യൂട്ടിഫിക്കേഷൻ, പുസ്തകക്കൂട് എന്നീ സൗകര്യങ്ങളോടെ പൊതുവിടങ്ങൾ ഒരുക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതി പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റിന്റെ എസ്റ്റിമേറ്റ് തുകയായ 75,00,000/- രൂപയിൽ 15,00,000/- രൂപ അഡ്വാൻസായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2021-22ൽ ഹാബിറ്റാറ്റിന് നൽകിയിരുന്നു. തുടർന്ന് സ്പിൽ ഓവറാക്കിയ ടി പദ്ധതി പ്രകാരം തൻവർഷം 60,00,000/- രൂപയും ഹാബിറ്റാറ്റിന് നൽകിയിട്ടുണ്ട്. കൂടാതെ

'ഗ്രാമജ്യോതി' എന്ന തൻവർഷത്തെ പുതിയ പദ്ധതിയിൽ ( നം.6/23 ) നിന്നും മേൽ പദ്ധതി നടത്തിപ്പിനായി 1,56,125/- രൂപയും 2022-23ൽ ഹാബിറ്റാറ്റിന് നല്കിയിട്ടുണ്ട്. പരിശോധനാ വിവരം ചുവടെ ചേർക്കുന്നു;

A. 2021-22 -ൽ നിർവ്വഹണമാരംഭിച്ച മേൽ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ബന്ധപ്പെട്ട പദ്ധതിമാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ നിർദ്ദേശങ്ങൾ ഉൾപ്പെട്ട് കാണുന്നില്ല. 2022-23 മുതൽ പ്രാബല്യമുള്ള സ.ഉ.(കൈ)നം.84/2022/തസ്വഭവ തീ.19/04/2022 നം. പദ്ധതി മാർഗ്ഗരേഖ ഖ.6.3.14-ൽ, വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ഇടങ്ങൾ ജെൻഡർ സൗഹൃദമാക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിനാണ് (ഗ്രൗണ്ട്, പാർക്ക്, ലൈബ്രറികൾ, വിശ്രമകേന്ദ്രം, ഇരിപ്പിടങ്ങൾ മുതലായവ) അനുമതിയുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കണമെന്നറിയിച്ച് കൊണ്ട് എൻക്വയറി നല്കിയതിന്റെ മറുപടിയിൽ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയും ഏറ്റെടുക്കാം എന്നാണ് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നതെന്നും അതിനാൽ സർക്കാർ അനുമതി ആവശ്യമില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

B. മേൽ പദ്ധതി നടപ്പിലാക്കുന്നതിന് കടയ്ക്കൽ ദേവീക്ഷേത്രത്തിനോട് ചേർന്ന് ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രക്കുളവും ചുറ്റുമുള്ള സ്ഥലവും അനുയോജ്യമാണെന്നും ക്ഷേത്രക്കുളത്തിന് ചുറ്റും നടപ്പാത, കൽമണ്ഡപങ്ങൾ, ഓപ്പൺസ്റ്റേജ്, ഇരിപ്പിടങ്ങൾ, മറ്റ് സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ പദ്ധതിയുടെ ഭാഗമായി ഒരുക്കി ടി പ്രദേശം ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ തന്നെ നിലനിർത്തിക്കൊണ്ട് ജില്ലാ പഞ്ചായത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകാൻ അഭ്യർത്ഥിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് 26-10-2021 -ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിക്ക് കത്ത് നൽകി. തുടർന്ന് ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 9-11-2021 ആർ.ഒ.സി. 2550/21/എം നം. കത്തിൽ ദേവസ്വം ക്ഷേത്ര ചിറയുടെ ഉടമസ്ഥാവകാശം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നില നിർത്തിക്കൊണ്ടും ഉപദേശക സമിതിയുടെ ഉത്തരവാദിത്വത്തിലും മരാമത്ത് ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിലും ഡിപ്പാർട്ട്മെന്റ് നിയമങ്ങൾക്ക് വിധേയമായി നിയമാനുസൃതമായ എഗ്രിമെന്റ് വച്ച് ചിറയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി ബോർഡുത്തരവായതായി അറിയിച്ചിട്ടുണ്ട്. എഗ്രിമെന്റിൽ ദേവസ്വം വക ചിറയുടെ നവീകരണത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയമങ്ങൾക്കും നിബന്ധനകൾക്കും ബാധകമായി മാത്രമേ നടത്തുകയുള്ളു എന്നുമാണ് ഒപ്പു വച്ചിട്ടുള്ളത്. ആർ.ഐ.ഡി.എഫ് XIX നബാർഡ് സഹസ്രസരോവർ പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിച്ച കടയ്ക്കൽ ക്ഷേത്രക്കുളത്തിന്റെ ഉദ്ഘാടനം 2017 ഡിസംബർ 7 ന് ബഹു. കൃഷിവകുപ്പ് മന്ത്രി നിർവ്വഹിച്ചിട്ടുള്ളതാണ്. ആർ.ഐ.ഡി.എഫ് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളും പദ്ധതി പ്രദേശത്ത് തന്നെ നടന്നിട്ടുള്ളതിനാലും കുളത്തിലേക്ക് ഇറക്കി നിർമ്മിച്ച നിലയിലുള്ള നിർമ്മിതി മുമ്പുണ്ടായിരുന്നതിനാലും ഏതൊക്കെ പ്രവർത്തികളാണ് പുതുതായി ചെയ്തതെന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായിട്ടില്ല.




C. 16-11-21ൽ എ6 3540/2021 നമ്പരായി ജില്ലാപഞ്ചായത്തിൽ നിന്നും ഹാബിറ്റാറ്റിനയച്ച കത്തിൽ ഗ്രാമ പ്രദേശങ്ങളിൽ ഇരിപ്പിടങ്ങൾ, ഓപ്പൺസ്റ്റേജ്, കൽമണ്ഡപം, ഫിറ്റ്നസ് പാർക്ക്, ബ്യൂട്ടിഫിക്കേഷൻ, പുസ്തകക്കൂട് എന്നീ സൗകര്യങ്ങളോടെ പൊതുവിടങ്ങൾ ഒരുക്കുന്നതിനായി 75,00,000/-രൂപ വകയിരുത്തി ഏറ്റെടുത്തിട്ടുള്ള പദ്ധതിക്കായി കടയ്ക്കൽ ദേവീക്ഷേത്രത്തിന് സമീപമുള്ള സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് എടുത്തു നല്കണമെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ അനുമതി പത്രത്തിൽ ദേവസ്വം ബോർഡ് സ്ഥലം വിട്ടു നല്കിയിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ കത്തിലും എഗ്രിമെന്റിലും ദേവസ്വം വക ചിറയുടെ നവീകരണത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയമങ്ങൾക്കും നിബന്ധനകൾക്കും ബാധകമായി മാത്രമേ നടത്തുകയുള്ളു എന്നുമാണ് സമ്മതിച്ചിട്ടുള്ളത്. സ്ഥലം വിട്ടു നല്കിയതിന്റെ രേഖകൾ ഹാജരാക്കണമെന്നറിയിച്ചതിന് മറുപടിയായി പദ്ധതി എന്താണെന്ന് കൃത്യമായി സൂചിപ്പിച്ച കൊണ്ടാണ് ദേവസ്വംബോർഡിന് കത്തുനല്കിയതെന്നും ആയതിൻ പ്രകാരമാണ് പ്രോജക്ടിന്റെ നിർവ്വഹണത്തിനും തുടർ പരിപാലനത്തിനും ദേവസ്വംബോർഡ് അനുമതി നൽകിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ദേവസ്വംബോർഡിന്റെ അനുമതി പത്രത്തിലും എഗ്രിമെന്റിലും ചിറയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമുള്ള ദേവസ്വംബോർഡിന്റെ അനുമതി ഹാജരാക്കിയിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല.

D. ഹാബിറ്റാറ്റിൽ നിന്നും ഹാജരാക്കിയിട്ടുള്ള 75,00,000/-ത്തിന്റെ എസ്റ്റിമേറ്റിൽ Stage & Path Work, Platform

Work എന്നീ രണ്ട് നിർമ്മാണങ്ങൾക്കുള്ള തുകകളും ടി പ്രവർത്തികളുടെ സെന്റേജ്, ജി.എസ്.ടി. എന്നിവയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഹാബിറ്റാറ്റിന്റെ 15-12-22 ലെ കത്തിൽ(Hab /2021 Dt 5-12-22) 75,00,000/- രൂപയുടെ ഭരണാനുമതി ലഭിച്ചതിൻ പ്രകാരം എഗ്രിമെന്റ് വച്ച് പ്രവർത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും ഈ പ്രവർത്തിയുടെ പൂർത്തീകരണത്തിനായി പവലിയൻ, ഡ്രെയിനേജ് സിസ്റ്റം, ലാന്റ്സ്കേപ്പിങ്ങ്, യാർഡ് ലൈറ്റ് എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതുണ്ടെന്നും മേൽ സൂചിപ്പിച്ച ഘടകങ്ങൾ കൂടി പൂർത്തിയാക്കിയാൽ മാത്രമേ പൂർണ്ണമായും ഈ നിർമ്മാണം ഉപയോഗയോഗ്യമാകുകയുള്ളുവെന്നും ഇവ പൂർത്തിയാക്കാൻ എസ്റ്റിമേറ്റ് പ്രകാരം 35,00,000/- രൂപ അധിക ചെലവ് വരുമെന്നും സാമ്പത്തിക അനുവാദം നല്കണമെന്നും അറിയിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ 6-12-22 ലെ 2(24) നം. തീരുമാനത്തിൽ ഗ്രാമജ്യോതി പദ്ധതിക്കായി കടയ്ക്കൽ ദേവീക്ഷേത്രത്തിനോട് ചേർന്നുള്ള സ്ഥലം, തിരുവിതാംകൂർ ദേവസ്വം ബോർഡ് പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുള്ളതാണെന്നും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ആവശ്യപ്പെട്ട പ്രകാരം 35 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെങ്കിൽ ആയത് 2022-23-ൽ ഏറ്റെടുത്തിട്ടുള്ള 'ഗ്രാമജ്യോതി' പദ്ധതിയായ പ്രോജക്ട് നമ്പർ 6/23-ൽ നിന്ന് മാത്രമേ അനുവദിക്കാൻ കഴിയുള്ളൂവെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചത് അംഗീകരിച്ച് തൻവർഷം പ്രോജക്ട് നമ്പർ 6/23-ൽ നിന്ന് 1,56,125/- രൂപ ഹാബിറ്റാറ്റിന് കൈമാറിയിട്ടുണ്ട്. 6/23-ാം പദ്ധതി 2023-24ൽ 68,43,875/- രൂപ അടങ്കലിൽ സ്പിൽഓവറാക്കുകയും 2023-24ൽ 914933/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഹാബിറ്റാറ്റിന്റെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പുതുക്കിയ എഗ്രിമെന്റ് നിലവിലും ലഭ്യമാക്കിയിട്ടില്ല.

ദേവസ്വംബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ക്ഷേത്രവുമായി ബന്ധമില്ലാത്ത പരിപാടികൾക്ക് ഉപയോഗിക്കുന്നത് തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപന നിയമത്തിന്റെയും കോടതി വിധികളുടെയും ലംഘനമാണെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും, ഗ്രാമ പ്രദേശങ്ങളിൽ ഇരിപ്പിടങ്ങൾ, ഓപ്പൺസ്റ്റേജ്, കൽമണ്ഡപം, ഫിറ്റ്നസ് പാർക്ക്, ബ്യൂട്ടിഫിക്കേഷൻ, പുസ്തകക്കൂട് എന്നീ സൗകര്യങ്ങളോടെ പൊതുവിടങ്ങൾ ഒരുക്കുന്നതിനായുള്ള പദ്ധതി വഴി ദേവസ്വംബോർഡിന്റെ ഉടമസ്ഥതയിലുള്ള 3.23 ഏക്കർ വിസ്തൃതിയുള്ള കടയ്ക്കൽക്ഷേത്രക്കുളത്തിനു ചുറ്റും നടപ്പാത, ഓപ്പൺസ്റ്റേജ് (ക്ഷേത്രക്കുളത്തിലേക്ക് ഇറങ്ങി നിൽക്കുന്ന രീതിയിൽ നിർമ്മിച്ചത്)എന്നിവ നിർമ്മിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി സ്ഥലത്ത് 2017ൽ ആർ.ഐ.ഡി.എഫ് ഫണ്ടുപയോഗിച്ച് പ്രവർത്തി നടന്നിട്ടുള്ളതിനാലും കടയ്ക്കൽ ദേവീക്ഷേത്രത്തിൽ ദേവസ്വംബോർഡിൽ നിന്നും വിവിധ മരാമത്ത് പ്രവർത്തികൾ നടന്ന് വരുന്നതിനാലും, സ്ഥലത്തിന്റെ ഉടമസ്ഥത ദേവസ്വം ബോർഡ് വിട്ടുതന്നിട്ടില്ലാത്തതിനാലും പൊതുവിടങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിപ്പണം, കടയ്ക്കൽ ക്ഷേത്രത്തിന്റെ ഭൂമിയിൽ ചെലവഴിച്ചതിന്, തൻ വർഷം രണ്ട് പദ്ധതികളിൽ നിന്നായി ചെലവഴിച്ച 61,56,125/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പദ്ധതിക്കായി 2022- 23വരെ ആകെ ചെലവഴിച്ച തുക | |
|---|---|
| 2021-22 | 15,00,000/- |
| 2022-23 | 60,00,000/- |
| 2022-23 | 1,56,125/- |
| ആകെ | 76,56,125/- |



കുളത്തിലേക്ക് ഇറങ്ങിനിൽക്കുന്ന നിലയിൽ നിർമ്മിച്ച ഓപ്പൺ സ്റ്റേജ്

എൻക്വയറി നം. 61/15-12-23

1-76 ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട് നം | 362/23- ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കൽ |
| അടങ്കൽ തുക | 99,00,000/- (വികസനഫണ്ട് ജനറൽ) |
| തൻവർഷം ചെലവഴിച്ച തുക | 46,80,713/-<br>ബിൽ നം/തീയതി — തുക<br>47/20-2-23 — 24,00,000/-<br>60/31-3-23 — 22,80,713/- |

മേൽ പദ്ധതി വഴി ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലം ലഭ്യമാക്കിയ നിലമേൽ, കുളക്കട, പവിത്രേശ്വരം, പോരുവഴി, വെട്ടിക്കവല, തെക്കുംഭാഗം, ഏരൂർ, ഇളമാട്, ശാസ്താംകോട്ട എന്നി 9 ഗ്രാമപഞ്ചായത്തുകളിൽ ജിംനേഷ്യം സ്ഥാപിക്കുന്നതിന് 99,00,000/-രൂപ അടങ്കലിലാണ് പദ്ധതി അംഗീകരിച്ചിട്ടുള്ളത്. ടി 9 ഓപ്പൺ ജിംനേഷ്യങ്ങളുടെ നിർമ്മാണത്തിന് നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് 1,32,09,000/- രൂപയുടെ എസ്റ്റിമേറ്റ് ആണ് ഹാജരാക്കിയിട്ടുള്ളത്. ഓഡിറ്റ് വർഷം രൂ-24,00,000/- അഡ്വാൻസ് ഇനത്തിലും രൂ-22,80,713/ പാർട്ട് ബിൽ ഇനത്തിലും ഉൾപ്പെടെ ആകെ രൂ-46,80,713/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു;

1) ജി.ഒ(പി)67/21ധന തീ. 28.4.21 ഖ. 5,6 എന്നിവയിൽ അക്രഡിറ്റഡ് ഏജൻസികളെ സമീപിക്കേണ്ട സാഹചര്യം സംബന്ധിച്ചും സെലക്ട് ചെയ്യേണ്ട രീതി സംബന്ധിച്ചും ചുവടെ ചേർക്കും പ്രകാരം വിവരിച്ചിട്ടുണ്ട്. സർക്കാർ അല്ലെങ്കിൽ സ്ഥാപനം ചെലവ് വഹിക്കുന്നതിനാലും പി.എം.സി ചാർജ്ജിനത്തിൽ അധിക സാമ്പത്തിക ബാധ്യത

ഇല്ലാത്തതിനാലും ചുമതലപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം മുഖേന മരാമത്ത് പ്രവർത്തി നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചെയ്യേണ്ട പ്രവർത്തിയുടെ സവിശേഷ സ്വഭാവം, ഫണ്ടിങ്ങ് ഏജൻസി നിശ്ചയിക്കുന്ന സമയപരിധികൾ, എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ കനത്തജോലി ഭാരം മുതലായ സാഹചര്യങ്ങളിൽ അക്രഡിറ്റഡ് ഏജൻസിയുടെ സേവനം ആവശ്യമാണെങ്കിൽ ക്ഷമതയുള്ള അക്രഡിറ്റഡ് ഏജൻസിയുടെ സേവനം തേടാവുന്നതാണെന്നും യോഗ്യതയുള്ള അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പ്രവൃത്തിയുടെ സ്വഭാവം, സാങ്കേതികമായ ആവശ്യകത, പി.എം.സി ചാർജ്ജുകൾ എന്നിവയ്ക്കനുസൃതമായി ന്യായവും സുതാര്യവുമായ ബിഡ്ഡിങ്ങ് നടപടികളിലൂടെ മാത്രം തെരഞ്ഞെടുപ്പ് നടത്തേണ്ടതാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. മേൽ നടപടികളൊന്നും സ്വീകരിക്കാതെ ഹാബിറ്റാറ്റിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തതിന് കാരണം വ്യക്തമാക്കണമെന്നറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മിതി കേന്ദ്ര, ഹാബിറ്റാറ്റ് തുടങ്ങിയ ഇത്തരം പ്രവൃത്തികൾ ചെയ്യാൻ സാധിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾ മുഖേന പദ്ധതി നടപ്പിലാക്കുന്ന രീതിയിലാണ് പ്രോജക്ട് വിഭാവനം ചെയ്തതെന്നാണ് അറിയിച്ചിട്ടുള്ളത്.

2) ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും പ്രാദേശികമായി ലഭിക്കുന്ന സാധന സാമഗ്രികൾ ഉപയോഗിച്ചും എന്നാൽ ഗുണമേൻമയിലോ ഈടു നിൽപ്പിലോ വിട്ടുവീഴ്ച വരാതെയും (The Overall Cost Shall Be Lesser Than Conventional Work Specifid In SoR) നോൺ-പി.എം.സി. ആയി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് ഹാബിറ്റാറ്റിന് സർക്കാർ അനുമതി നല്കിയിട്ടുള്ളത്. ജിംനേഷ്യത്തിലേക്കുള്ള ഉപകരണങ്ങൾ വിൽക്കുന്നതിനോ സ്ഥാപിക്കുന്നതിനോ ഉള്ള സർക്കാർ അനുമതി ഹാബിറ്റാറ്റിനില്ലാത്ത സാഹചര്യത്തിൽ ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി മത്സരാധിഷ്ഠിത ടെണ്ടർ/ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്നതിന് പകരം ടി ഉത്തരവിന് വിരുദ്ധമായി ഹാബിറ്റാറ്റിനെ ഏൽപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നറിയിച്ചു കൊണ്ട് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒരു കോടി രൂപയിൽ താഴെയുള്ള നോൺ PMC വർക്കുകൾ ബിഡ്ഡിംഗ് പ്രോസസ് കൂടാതെ ഹാബിറ്റിനെ ഏൽപ്പിക്കാം എന്നുള്ളതിനാലാണ് നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഹാബിറ്റാറ്റിന് ജിം സ്ഥാപിക്കുന്നതിനോ ജിം ഉപകരണങ്ങൾ വിൽക്കുന്നതിനോ ഉള്ള അക്രഡിറ്റേഷൻ സർക്കാർ നൽകിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

3) സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(എം.എസ്)115/22എൽ.എസ്.ജി.ഡി., തീ.28.5.22) ഖ.7.7.5-ൽ ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിനായി 5 സെന്റ് സ്ഥലമെങ്കിലും കണ്ടെത്താൻ കഴിയുന്നയിടങ്ങളിൽ 10 ലക്ഷം രൂപ വരെ അടങ്കലിലുള്ള പ്രോജക്ട് എടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം 9 ഓപ്പൺ ജിംനേഷ്യങ്ങൾക്ക് പരമാവധി 90,00,000/- രൂപ മാത്രമേ ചെലവഴിക്കാൻ കഴിയൂ. എന്നാൽ 2022-23, 2023-24 വർഷങ്ങളിലായി 1,11,75,583/-രൂപയാണ് 17.8.23- വരെ ചെലവഴിച്ചിട്ടുള്ളത്. 2023-24ൽ 231/24എന്ന സ്പിൽഓവർ പ്രോജക്ടിൽ നിന്നും 52,19,287/- രൂപയും 668/24 എന്ന തൻ വർഷ പ്രോജക്ടിൽ നിന്നും 12,75,583/- രൂപയും ചെവഴിച്ചിട്ടുണ്ട്. ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിന് പരമാവധി 10,00,000/-രൂപ വരെ മാത്രം ചെലവഴിക്കാൻ അനുമതിയുള്ളപ്പോൾ അധികം തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കിയതിൽ ഗ്രാമപഞ്ചായത്തുകൾ ഓപ്പൺ ജിംനേഷ്യങ്ങളുടെ നിർമ്മാണത്തിന് വിട്ടുനൽകുന്ന സ്ഥലം ജിംനേഷ്യങ്ങളുടെ നിർമ്മാണത്തിന് ക്രമപ്പെടുത്തി എടുക്കേണ്ട സാഹചര്യങ്ങളിൽ എസ്റ്റിമേറ്റ് 10 ലക്ഷത്തിൽ അധികരിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത്. 10 ലക്ഷം രൂപവരെ ചെലവഴിക്കാൻ സർക്കാർ അനുമതി ഉള്ളതിനാൽ അധികം ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല.

4) ഹാബിറ്റാറ്റ് സമർപ്പിച്ച ബിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങളൊന്നും എസ്റ്റിമേറ്റിലോ ബില്ലിലോ ഉൾപ്പെടുത്തിയിട്ടില്ല.

( Market Rate + Supply And Installation Charge)

1. Double Parrallel Bar Equipment - 36377.21/- (29095+7282.21)

2. Surfing Board Equipment - 83455.03/- (72250+11205.03)

3. Double Twister Sitting Standing Equipment - 40676.48/- (32850+7826.48)

4. Outer Cycling Equipment - 39590.73/- (31850+7740.73)

5. Stepper Twister Equipment - 41870.80/- (33950+7920.8)

6. Cross Trainer Equipment - 61305.73/- (51850+9455.73)

7. Leg Press Equipment – 66083.03/- (56250+9833.03)

8. Power Push Equipment - 73574.70/- (63150+10424.7)

9. Hip Shaper Equipment – 39590.73/- (31850+7740.73)

10. Air Walker Equipment 45073.77/- (36900+8173.77)

5) ഇളമാട് ഗ്രാമപഞ്ചായത്തിന്റെ 25-10-22-ലെ 25(9) നം. തീരുമാനത്തിൽ ഗ്രാമപഞ്ചായത്തിലെ ഇടത്തറപ്പണയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് സ്റ്റേഡിയം നിരവധി കായിക പ്രേമികളും നൂറുകണക്കിന് പൊതുജനങ്ങളും പരിശീലനത്തിനും കായിക വിനോദത്തിനുമായി ഉപയോഗിച്ചുവരുന്നതൊണെന്നും സ്റ്റേഡിയത്തിൽ ഓപ്പൺ ജിംനേഷ്യം അനുവദിച്ചു നൽകണമെന്നും അറിയിച്ചതിനെ തുടർന്ന് സ്റ്റേഡിയത്തിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിച്ചു. ഇളമാട് പഞ്ചായത്തിൽ 2021-22 പദ്ധതിയിൽ സ്ഥാപിച്ച ഒരു ഓപ്പൺ ജിംനേഷ്യം (സ്റ്റേഡിയത്തിന് ഒരു കിലോമീറ്ററിനകത്ത് തണ്ണീർപ്പന്തൽ കെട്ടിടത്തിന് പിൻവശത്തായി) ഉണ്ടായിരിക്കെ വീണ്ടും അതിനടുത്തായി ഓപ്പൺ ജിംനേഷ്യം സ്ഥാപിച്ചതിന് കാരണം വ്യക്തമാക്കിയിട്ടുണ്ട്. 2021-22ൽ സ്ഥാപിച്ച ഓപ്പൺ ജിംനേഷ്യത്തിൽ നിന്നും 4 കിലോമീറ്റർ അകലെയാണെന്നും ഗുണഭോക്താക്കളും വ്യത്യസ്തരാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരു ഓപ്പൺ ജിംനേഷ്യം വീതം കൊല്ലം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2018-19-ൽ നൂതന പദ്ധതിയായി അംഗീകരിച്ച രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ കാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി തൻവർഷം ചെലവഴിച്ച 46,80,713/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുകയിൽ ചെലവ് ലിമിറ്റ് ചെയ്യേണ്ടതാണ്.

ഹാബിറ്റാറ്റിന് ഓപ്പൺജിം സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവും ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 62/ 18-12-23

## 1-77 ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾനടപടി ക്രമങ്ങൾ പാലിച്ചില്ല - ചെയ്യാത്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചു നല്കി.

<table>
<tr><td>നിർവ്വഹണോദ്യോഗസ്ഥൻ</td><td colspan="2">സെക്രട്ടറി, ജില്ലാപഞ്ചായത്ത്.</td></tr>
<tr><td>പ്രോജക്ട് നം</td><td colspan="2">177/23 – ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കൽ</td></tr>
<tr><td>അടങ്കൽ തുക</td><td colspan="2">24,05,077/- (വികസന ഫണ്ട് ജനറൽ)</td></tr>
<tr><td rowspan="5">തൻവർഷം ചെലവഴിച്ച തുക</td><td colspan="2">24,01,021/-</td></tr>
<tr><td>ബിൽ നം. /തീയതി</td><td>തുക</td></tr>
<tr><td>14/30-8-22</td><td>20,97,939/-</td></tr>
<tr><td>21/29-10-22</td><td>45,800/-</td></tr>
<tr><td>41/18-1-23</td><td>2,10,853/-</td></tr>
</table>

സ്ഥലം ലഭ്യമാകുന്ന ഗ്രാമ പഞ്ചായത്തുകളിൽ ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിനായി 2021-22-ൽ നടപ്പിലാക്കിയ 681/22 എന്ന പദ്ധതിയുടെ (അടങ്കൽ 30,00,000/-) സ്പിൽ ഓവറായാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ചവറ ഗ്രാമപഞ്ചായത്ത്, ഇളമാട് ഗ്രാമ പഞ്ചായത്ത്, കുളത്തുപ്പുഴ ഗ്രാമ പഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ 3 ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് തുകയുടെ 20% ആയ 5,94,923/-രൂപ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റിന് (എസ്റ്റിമേറ്റ് തുക 29,74,613/-) 2021-22-ൽ നല്കിയിരുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള പദ്ധതികൾ പൂർത്തീകരിച്ച് 27,39,290/- രൂപയുടെ ബില്ലാണ് ഹാബിറ്റാറ്റ് ഹാജരാക്കിയിരുന്നത്. പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു;

1) ജി.ഒ(പി)67/21ധന തീ. 28.4.21 ഖ. 5,6 എന്നിവയിൽ അക്രഡിറ്റഡ് ഏജൻസികളെ സമീപിക്കേണ്ട സാഹചര്യം സംബന്ധിച്ചും സെലക്ട് ചെയ്യേണ്ട രീതി സംബന്ധിച്ചും ചുവടെ ചേർക്കും പ്രകാരം വിവരിച്ചിട്ടുണ്ട്. സർക്കാർ അല്ലെങ്കിൽ സ്ഥാപനം ചെലവ് വഹിക്കുന്നതിനാലും പി.എം.സി ചാർജ്ജിനത്തിൽ അധിക സാമ്പത്തിക ബാധ്യത ഇല്ലാത്തതിനാലും ചുമതലപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം മുഖേന മരാമത്ത് പ്രവർത്തി നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചെയ്യേണ്ട പ്രവർത്തിയുടെ സവിശേഷ സ്വഭാവം, ഫണ്ടിങ്ങ് ഏജൻസി നിശ്ചയിക്കുന്ന

സമയപരിധികൾ, എഞ്ചിനീയറിങ് വിഭാഗത്തിന്റെ കനത്തജോലി ഭാരം മുതലായ സാഹചര്യങ്ങളിൽ അക്രഡിറ്റഡ് ഏജൻസിയുടെ സേവനം ആവശ്യമാണെങ്കിൽ ക്ഷമതയുള്ള അക്രഡിറ്റഡ് ഏജൻസിയുടെ സേവനം തേടാവുന്നതാണെന്നും യോഗ്യതയുള്ള അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പ്രവൃത്തിയുടെ സ്വഭാവം, സാങ്കേതികമായ ആവശ്യകത, പി.എം.സി ചാർജ്ജുകൾ എന്നിവയ്ക്കനുസൃതമായി ന്യായവും സുതാര്യവുമായ ബിഡ്ഡിങ് നടപടികളിലൂടെ മാത്രം തെരഞ്ഞെടുപ്പ് നടത്തേണ്ടതാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. മേൽ നടപടികളൊന്നും സ്വീകരിക്കാതെ ഹാബിറ്റാറ്റിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തതിന് കാരണം വ്യക്തമാക്കണമെന്നറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മിതി കേന്ദ്ര, ഹാബിറ്റാറ്റ് തുടങ്ങിയ ഇത്തരം പ്രവൃത്തികൾ ചെയ്യാൻ സാധിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾ മുഖേന പദ്ധതി നടപ്പിലാക്കുന്ന രീതിയിലാണ് പ്രോജക്ട് വിഭാവനം ചെയ്തതെന്നാണ് അറിയിച്ചിട്ടുള്ളത്.

2) ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും പ്രാദേശികമായി ലഭിക്കുന്ന സാധന സാമഗ്രികൾ ഉപയോഗിച്ചും എന്നാൽ ഗുണമേൻമയിലോ ഈടു നിൽപ്പിലോ വിട്ടുവീഴ്ച വരാതെയും (The Overall Cost Shall Be Lesser Than Conventional Work Specifid In SoR) നോൺ-പി.എം.സി. ആയി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് ഹാബിറ്റാറ്റിന് സർക്കാർ അനുമതി നല്കിയിട്ടുള്ളത്. ജിംനേഷ്യത്തിലേക്കുള്ള ഉപകരണങ്ങൾ വിൽക്കുന്നതിനോ സ്ഥാപിക്കുന്നതിനോ ഉള്ള സർക്കാർ അനുമതി ഹാബിറ്റാറ്റിനില്ലാത്ത സാഹചര്യത്തിൽ ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി മത്സരാധിഷ്ഠിത ടെണ്ടർ/ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്നതിന് പകരം ടി ഉത്തരവിന് വിരുദ്ധമായി ഹാബിറ്റാറ്റിനെ ഏൽപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നറിയിച്ച് കൊണ്ട് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒരു കോടി രൂപയിൽ താഴെയുള്ള നോൺ PMC വർക്കുകൾ ബിഡ്ഡിംഗ് പ്രോസസ് കൂടാതെ ഹാബിറ്റിനെ ഏൽപ്പിക്കാം എന്നുള്ളതിനാലാണ് നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഹാബിറ്റാറ്റിന് ജിം സ്ഥാപിക്കുന്നതിനോ ജിം ഉപകരണങ്ങൾ വിൽക്കുന്നതിനോ ഉള്ള അക്രഡിറ്റേഷൻ സർക്കാർ നൽകിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

3. ടി പദ്ധതിയിൽ 2,60,710/- (30,00,000-27,39,290) രൂപ ശേഷിക്കുന്നതായും ടി തുക ഉപയോഗിച്ച് ഓപ്പൺ ജിംനേഷ്യങ്ങൾക്ക് നെയിംബോർഡ് സ്ഥാപിക്കുന്നതിനായി 6-10-22-ലെ 1(6)-ാം നമ്പറായി ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തെ തുടർന്ന് ഹാബിറ്റാറ്റിന്റെ 21-10-22-ലെ Hab/2021 നം. കത്ത് പ്രകാരം ഓപ്പൺ ജിംനേഷ്യങ്ങളുടെ നെയിംബോർഡ് സ്ഥാപിക്കുന്നതിനായി 30-9-22-ൽ 2,29,000/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം പ്രോജക്ടിൽ ബാലൻസ് നിന്ന തുക കൂടി വിനിയോഗിച്ച് ഗ്രാനൈറ്റ് ബഞ്ച്, റബ്ബിൾ പോയിന്റിംഗ് (ഇളമാട്) ഉൾപ്പെടുത്തിയ പുതുക്കിയ 2,60,000/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുന്നു എന്ന് ഹാബിറ്റാറ്റ് അറിയിച്ചിട്ടുണ്ട് .

4. ഹാബിറ്റാറ്റ് ഹാജരാക്കിയ 2,56,653.40/- രൂപയുടെ ഫൈനൽ ബില്ലിൽ ഇളമാട് ചെറുവക്കൽ വാർഡിൽ നിർമ്മിച്ച ഓപ്പൺ ജിംനേഷ്യത്തിൽ, റബ്ബിൾ പോയിന്റിംഗിനായി (66m2 )33,493.35/- രൂപയും 4ഓപ്പൺ ജിംനേഷ്യങ്ങളിൽ( യഥാർത്ഥത്തിൽ ടി പദ്ധതി വഴി സ്ഥാപിച്ചത് 3 എണ്ണം മാത്രമാണ്) നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി 1,43,345.12/-(@35,836.28/-)രൂപയും ഒരു ഔട്ട്ഡോർ ഗ്രാനൈറ്റ് ബഞ്ച് (ഇളമാട്) സ്ഥാപിക്കുന്നതിനായി 24,553.09/-രൂപയും ഉൾപ്പെടെ ആകെ 2,01,391.56 രൂപയും ടി തുകയുടെ 18% ജി.എസ്.ടി(36,250.48/-), 8% സെന്റേജ് ചാർജ്(16,111.32/-) 18% സെന്റേജ് ചാർജ്ജിന്റെ ജി.എസ്.ടി (2,900.04) എന്നിവയുമാണ് ഉൾപ്പെടുന്നത്. ടി പദ്ധതി പ്രകാരം ചവറ, ഇളമാട്, കുളത്തുപ്പുഴ എന്നീ 3 സ്ഥലങ്ങളിലാണ് ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിച്ചത് . എന്നാൽ 4 നെയിംബോർഡിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ഇളമാട് ഓപ്പൺ ജിംനേഷ്യത്തിനു നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ലെന്നും ഗ്രാനൈറ്റ് ബെഞ്ച് സ്ഥാപിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഇളമാട് ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് സ്ഥാപിച്ച തണ്ണീർപന്തലിനോട് ചേർന്ന തണ്ണീർപന്തലിന്റെ പിറകിലായി സ്ഥാപിച്ചിട്ടുള്ള ഓപ്പൺ ജിമ്മിൽ ബിൽ പ്രകാരമുള്ള 33,493.35/- രൂപ ചെലവഴിച്ച റബ്ബിൾ പോയിന്റിംഗ് (66m2 ) പ്രവൃത്തി നടത്തിയിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഹാബിറ്റാറ്റിന്റെ ബിൽ പ്രകാരം (Cc1st) 73.1 M2 (Factory Made Chamfered Edge60mm Thick Cement Concrete Paver Block Of M-35grade) ഫ്ലോർ ഏരിയായിലാണ് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. തണ്ണീർപന്തലിന്റെ പിറകിലായതിനാലും നെയിം ബോർഡ് ഇല്ലാത്തതിനാലും ഓപ്പൺജിംനേഷ്യം അവിടെ സ്ഥിതി ചെയ്യുന്നുണ്ടെന്ന് പരിസരവാസികൾക്കല്ലാതെ മറ്റാർക്കും അറിയാൻ സാധിക്കാത്ത നിലയിലാണ് സ്ഥാപിച്ചിട്ടുള്ളത്. തണ്ണീർ പന്തലിന്റെ പ്രാദേശിക പരിശോധനയിലാണ് ഓപ്പൺജിം അവിടെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് ടീമിന്റെ ശ്രദ്ധയിൽപ്പെട്ടത്.

ചെയ്യാത്ത പ്രവൃത്തികൾക്ക് ഹാബിറ്റാറ്റിന് നൽകിയ 93,882.72 (ഇളമാട് നെയിംബോർഡ്-35,836.28/-, ചെലവഴിച്ച റബ്ബിൾ പോയിന്റിംഗ്-33,493.35/- രൂപ, ഗ്രനൈറ്റ് ബെഞ്ച്-24,553.09/- )രൂപയും ഒരു നെയിംബോർഡിന് അധികം നൽകിയ 35,836.28/-രൂപയും ഉൾപ്പെടെ 1,29,719/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. പദ്ധതിക്ക് വേണ്ടി തൻവർഷം ചെലവഴിച്ച 24,01,021/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ പദ്ധതിയിലെ പ്രവൃത്തികളിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് മുഴുവൻ പ്രവൃത്തികളുടെയും (ജിം ഉപകരണങ്ങളുടേതുൾപ്പെടെ) ചെക്ക് മെഷർമെന്റ് നടത്തി, ചെയ്യാത്ത പ്രവൃത്തികൾക്ക് നല്കിയ തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. ഓപ്പൺ ജിമ്മുകളുടെ തുടർ പരിപാലനം സംബന്ധിച്ച വ്യവസ്ഥകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.



ഇളമാട് ഗ്രാമപഞ്ചായത്തിൽ തണ്ണീർപന്തലിനോട് ചേർന്ന പിറകിലായി സ്ഥാപിച്ചിട്ടുള്ള ഓപ്പൺ ജിം

എൻക്വയറി നം. 64/ 20 -12-23

## 1-78 ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ - മതിയായ രേഖകൾ ഹാജരാക്കിയില്ല.

<table>
<tr><td>നിർവ്വഹണോദ്യോഗസ്ഥൻ</td><td>സെക്രട്ടറി, ജില്ലാപഞ്ചായത്ത്.</td></tr>
<tr><td>പ്രോജക്റ്റ് നമ്പർ</td><td>205/23- ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കൽ</td></tr>
<tr><td>അടങ്കൽ തുക</td><td>30,00,000/- (വികസന ഫണ്ട് ജനറൽ)</td></tr>
<tr><td>തൻവർഷം ചെലവഴിച്ച തുക</td><td>24,43,275/-<br>
<table>
<tr><td>ബിൽ നം/തീയതി</td><td>തുക</td></tr>
<tr><td>7/5-7-22</td><td>9,24,901/-</td></tr>
<tr><td>10/30-7-22</td><td>15,18,374/-</td></tr>
<tr><td>41/18-1-23</td><td>2,10,853/-</td></tr>
</table></td></tr>
</table>

ജില്ലാ പഞ്ചായത്ത് 2020-21 വർഷത്തിൽ ഏറ്റെടുത്ത ഓപ്പൺ ജിംനേഷ്യം നിർമ്മാണം എന്ന പദ്ധതി പ്രകാരം പെരിനാട്, മൈനാഗപ്പള്ളി, പത്തനാപുരം ഗ്രാമപഞ്ചായത്തുകൾ സ്ഥലം ലഭ്യമാക്കിയതിനെ തുടർന്ന് പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ പ്രോജക്റ്റ് നടപ്പാക്കുന്നതിന് എസ്റ്റിമേറ്റിന്റെ അനുവദനീയമായ അഡ്വാൻസ് തുക നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ പത്തനാപുരം ഗ്രാമപഞ്ചായത്തിൽ പ്രാദേശിക എതിർപ്പ് മൂലം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ലയെന്നും ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഗ്രാമജ്യോതി പദ്ധതി നടപ്പാക്കുന്നതിനായി ദേവസ്വം ബോർഡ് വിട്ടു നൽകിയ സ്ഥലത്ത് ഓപ്പൺ ജിംനേഷ്യം നിർമ്മിക്കുന്നതിനും ഗ്രാമജ്യോതി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഓപ്പൺ സ്റ്റേജ് ഇരിപ്പിടം, ബ്യൂട്ടിഫിക്കേഷൻ,

ഫിറ്റ്നസ് പാർക്ക് തുടങ്ങിയ പ്രവർത്തികളിൽ നിന്നും ഫിറ്റ്നസ് പാർക്ക് ഒഴിവാക്കി നടപ്പാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു എന്ന് 23/12/2021- ലെ ജനറൽ കമ്മിറ്റിയുടെ2(6)-ാം നമ്പരായി തീരുമാനമെടുത്തിരുന്നു. ദേവസ്വംബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഓപ്പൺ ജിം നിർമ്മിക്കാൻ വിട്ടുതന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ഗ്രാമജ്യോതി പദ്ധതിക്ക് വിട്ടുനല്കിയ ഭൂമിയാണെന്നാണ് അറിയിച്ചിട്ടുള്ളത്.എന്നാൽ ഗ്രാമജ്യോതി പദ്ധതിയിൽ ചിറയുടെ നവീകരണത്തിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്

കൂടാതെ ജി.ഒ(പി)67/21ധന തീ. 28.4.21 ഖ. 5, 6 എന്നിവയിൽ അക്രഡിറ്റഡ് ഏജൻസികളെ സമീപിക്കേണ്ട സാഹചര്യം സംബന്ധിച്ചും സെലക്ട് ചെയ്യേണ്ട രീതി സംബന്ധിച്ചും ചുവടെ ചേർക്കും പ്രകാരം വിവരിച്ചിട്ടുണ്ട്. സർക്കാർ അല്ലെങ്കിൽ സ്ഥാപനം ചെലവ് വഹിക്കുന്നതിനാലും പി.എം.സി ചാർജ്ജിനത്തിൽ അധിക സാമ്പത്തിക ബാധ്യത ഇല്ലാത്തതിനാലും ചുമതലപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം മുഖേന മരാമത്ത് പ്രവർത്തി നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചെയ്യേണ്ട പ്രവർത്തിയുടെ സവിശേഷ സ്വഭാവം ,ഫണ്ടിങ്ങ് ഏജൻസി നിശ്ചയിക്കുന്ന സമയപരിധികൾ, എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ കനത്തജോലി ഭാരം മുതലായ സാഹചര്യങ്ങളിൽ അക്രഡിറ്റഡ് ഏജൻസിയുടെ സേവനം ആവശ്യമാണെങ്കിൽ ക്ഷമതയുള്ള അക്രെഡിറ്റഡ് ഏജൻസിയുടെ സേവനം തേടാവുന്നതാണെന്നും യോഗ്യതയുള്ള അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പ്രവൃത്തിയുടെ സ്വഭാവം, സാങ്കേതികമായ ആവശ്യകത, പി.എം.സി ചാർജ്ജുകൾ എന്നിവയ്ക്കനുസൃതമായി ന്യായവും സുതാര്യവുമായ ബിഡ്ഡിങ്ങ് നടപടികളിലൂടെ മാത്രം തെരഞ്ഞെടുപ്പ് നടത്തേണ്ടതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. മേൽ നടപടികളൊന്നും സ്വീകരിക്കാതെയാണ് ഹാബിറ്റാറ്റിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്.

2) ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും പ്രാദേശികമായി ലഭിക്കുന്ന സാധന സാമഗ്രികൾ ഉപയോഗിച്ചും എന്നാൽ ഗുണമേൻമയിലോ ഈടു നിൽപ്പിലോ വിട്ടുവീഴ്ച വരാതെയും (The Overall Cost Shall Be Lesser Than Conventional Work Specifid In SoR) നോൺ-പി.എം.സി. ആയി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് ഹാബിറ്റാറ്റിന് സർക്കാർ അനുമതി നല്കിയിട്ടുള്ളത്. ജിംനേഷ്യത്തിലേക്കുള്ള ഉപകരണങ്ങൾ വിൽക്കുന്നതിനോ സ്ഥാപിക്കുന്നതിനോ ഉള്ള സർക്കാർ അനുമതി ഹാബിറ്റാറ്റിനില്ലാത്ത സാഹചര്യത്തിൽ ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി മത്സരാധിഷ്ഠിത ടെണ്ടർ/ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്നതിന് പകരം ടി ഉത്തരവിന് വിരുദ്ധമായി ഹാബിറ്റാറ്റിനെ ഏൽപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നറിയിച്ചു കൊണ്ട് എൻക്വയറി നൽകിയതിന് മറുപടി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒരു കോടി രൂപയിൽ താഴെയുള്ള നോൺ PMC വർക്കുകൾ ബിഡ്ഡിംഗ് പ്രോസസ് കൂടാതെ ഹാബിറ്റിനെ ഏൽപ്പിക്കാം എന്നുള്ളതിനാലാണ് നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഹാബിറ്റാറ്റിന് ജിം സ്ഥാപിക്കുന്നതിനോ ജിം ഉപകരണങ്ങൾ വിൽക്കുന്നതിനോ ഉള്ള അക്രഡിറ്റേഷൻ സർക്കാർ നൽകിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18-3-22-ലെ ഉത്തരവ് നം. എ(6)2469/2021 പ്രകാരം, മേൽ പദ്ധതിക്കായി ഹാബിറ്റാറ്റ് ഹാജരാക്കിയ ഫൈനൽ ബിൽ തുകയായ 29,33,165/-യിൽ അഡ്വാൻസ് ആയി നൽകിയ 4,89,890/- കഴിച്ച് ബാക്കി തുകയായ 24,43,275/- പദ്ധതിക്ക് വേണ്ടി തൻവർഷം ചെലവാക്കിയിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്കായി പൂർണ്ണമായ ഫൈനൽ ബിൽ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ബില്ലിലെ ഏതാനും പേജുകളുടെയും അവസാന പേജിന്റെയും പകർപ്പുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. മറുപടിയിൽ ബിൽ കോപ്പി ഹാജരാക്കുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും ഹാജരാക്കിയിട്ടില്ല. ഹാബിറ്റാറ്റിന് ഓപ്പൺ ജിമ്മുകളുടെ നിർമ്മാണത്തിനുള്ള സർക്കാർ അനുമതി ഇല്ലാത്തതിനാൽ മേൽ പദ്ധതിയിലെ പ്രവൃത്തികളിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് മുഴുവൻ പ്രവൃത്തികളുടെയും (ജിം ഉപകരണങ്ങളുടേതുൾപ്പെടെ) ചെക്ക് മെഷർമെന്റ് നടത്തി. ഓപ്പൺ ജിമ്മുകളുടെ തുടർ പരിപാലനം സംബന്ധിച്ച വ്യവസ്ഥകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽക്കാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 24,43,275/- രൂപ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 65/20-12-23

## 1-79 വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള പദ്ധതികൾ-രേഖകൾ ഹാജരാക്കിയില്ല.

1) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട് നം. | 12/23- വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള പദ്ധതികൾ |
| അടങ്കൽ തുക | 3,49,55,400/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| തൻവർഷം ചെലവഴിച്ച തുക | 2,98,30,900/- |

| വൗച്ചർ നം /തീയതി | തുക |
|---|---|
| 22201974/28-2-23 | 48,18,800/- |
| 22202052/11-3-23 | 74,00,000/- |
| 22202091/15-3-23 | 42,00,000/- |
| 22202661/20-3-23 | 45,05,000/- |
| 22203091/30-3-23 | 87,00,000/- |
| 22200886/1-12-22 | 2,07,100/- |

മേൽ പ്രോജക്റ്റ് പ്രകാരം കുടി വെള്ള പദ്ധതികൾക്ക് വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റിലേർപ്പെട്ടതിന്റെ രേഖകളോ പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടിയായി മുൻ വർഷത്തെ പദ്ധതിയുടെ എഗ്രിമെന്റുകളാണ് ഹാജരാക്കിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുടിവെള്ളപദ്ധതികൾ ഏറ്റെടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണെന്നും പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും സംബന്ധിച്ച് കരാറിൽ ഏർപ്പെട്ട ശേഷമേ നിർവ്വഹണം ആരംഭിക്കാൻ പാടുള്ളുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും ടി രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം തുക കൈമാറിയിരിക്കുകയാണ്. ലൊക്കേഷൻ സംബന്ധിച്ച വിവരങ്ങളും എത്ര കുടുംബങ്ങൾക്ക് പദ്ധതി വഴി ഹൗസ് കണക്ഷൻ ലഭിക്കുമെന്നതിന്റെ വിവരങ്ങളും ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഹാജരാക്കണമെന്നറിയിച്ച് കൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്: കുടിവെള്ളപദ്ധതികളുടെ തുടർ പരിപാലനവും അറ്റകുറ്റപ്പണികളും ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചുകൊണ്ടാണ് ജില്ലാപഞ്ചായത്ത് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നതെന്നറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു;

| കുടിവെള്ള പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | റിമാർക്ക്സ് |
|---|---|---|
| തെന്മല ഗ്രാമപഞ്ചായത്ത് ഉറുകുന്ന് കുടിവെള്ള പദ്ധതി | 87,00,000/- (വൗച്ചർ നം. 22203091/ 30-3-23) | തെന്മല ഗ്രാമപഞ്ചായത്ത് ഉറുകുന്ന് കുടിവെള്ള പദ്ധതിക്കായി മുൻവർഷം 1,13,00,000/-യും മുൻവർഷ പദ്ധതിക്ക് അധിക വിഹിതമായി 2,07,900/- രൂപ യും നല്കിയതിന് പുറമേയാണ് തൻ വർഷം 87,00,000/- നല്കിയിട്ടുള്ളത്. 30 കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ നല്കുന്നതായാണ് തൻ വർഷ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവർത്തിയുടെ ഇനം തിരിച്ചുള്ള അന്തിമബിൽ, പൂർത്തീകരണസാക്ഷ്യപത്രം, എത്ര കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ നല്കി എന്നിവയുടെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തൻ വർഷ എസ്റ്റിമേറ്റിൽ ക്രമനം 2.001 ൽ OD251100/2022-23 Well Cleaning Including Desilting, Gallery Cleaning Connecting New Perforated Pipes To The Existing Well , Adding New Filter Media, Rubble Packing, Etc For Increased Flow To The Intake Well And Repair |

| | | |
|---|---|---|
| | | Works To Pump House And Existing GL Tank At Urukunnu എന്ന ഇനത്തിന് രൂ-15,09,950/- എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിപ്രദേശം സംബന്ധിച്ച വിവരം ഫയലിൽ ഇല്ലാത്തതിനാലും മുൻ വർഷവും ഇതേ പദ്ധതി ഉള്ളതിനാലും ടി ഇനത്തിൽ വ്യക്തത വരുത്തേണ്ടതാണ്. |
| തെന്മല ഗ്രാമപഞ്ചായത്ത് ഉറുകുന്ന് കുടിവെള്ള പദ്ധതി അധിക വിഹിതം | 2,07,100/- (വൗച്ചർ നം. 22200886/ 11-12-22) | വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. |
| എഴുകോൺഗ്രാമപഞ്ചായത്തിലെ പോങ്ങാറതുണ്ട് - ലക്ഷംവീട് കുടിവെള്ള പദ്ധതി | 48,18,800/- (വൗച്ചർ നം. 22201974/ 28-2-23) | വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. |
| ചടയമംഗലം ഗ്രാമപഞ്ചായത്തിലെ വലിയപാറചെരുവ് എസ്.സി.കോളനിയിൽ കുടിവെള്ള പദ്ധതി | 74,00,000/- (വൗച്ചർ നം 22202052/11-3-23) | വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. |
| നിലമേൽ ഗ്രാമപഞ്ചായത്തിലെ കൈതോട് വാർഡിൽ കുടിവെള്ള പദ്ധതി | 42,00,000/- (വൗച്ചർ നം 22202091/ 15-3-23) | വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. |
| നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ കൈതാണവിളവന - പുല്ലാമല കുടിവെള്ള പദ്ധതി | 45,05,000/- (വൗച്ചർ നം. 22202661/ 20-3-23) | വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. |
| ആകെ | 2,98,30,900/- | |

വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ രൂ-2,98,30,900/- തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 69/ 20-12-23.

2) വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള പദ്ധതികൾ-രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത് |
| പ്രോജക്ട് നം. | 190/23- വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള പദ്ധതികൾ |
| അടങ്കൽ തുക | 14,07,100/-<br>(കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ്) |
| തൻവർഷം ചെലവഴിച്ച തുക | 14,06,900/-<br>ബിൽനം 637/3-12-22 (എ.സി.ആർ പ്രകാരം) — 97,900/-<br>1489/23-2-23 — 5,40,000/-<br>1490/23-2-23 — 7,69,000/- |

പ്രോജക്ട് നം. 190/23-വാട്ടർ അതോറിറ്റി മുഖേന ജനറൽ കുടിവെള്ള പദ്ധതികൾ എന്ന പദ്ധതിക്കായി

14,06,900/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി 376/22 എന്ന 2021-22-ലെ പദ്ധതിയുടെ സ്പിൽഓവറാണ് 190/23 എന്നും ടി ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെന്നും സ്പിൽഓവർ പ്രോജക്ട് ആയതിനാൽ പുതിയ ഫയൽ ആരംഭിക്കേണ്ട ആവശ്യമില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ ഫയലിൽ 14,06,900/- രൂപയുടെ ചെലവ് സംബന്ധിച്ച രേഖകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. തുക തടസ്സപ്പെടുത്തുന്നു.രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 69/ 20-12-23.

## 1-80 അമൃതംഗമയ - പദ്ധതിക്ക് വേണ്ടി അടിസ്ഥാന ചെലവുകൾ നടത്തിയതിന് ശേഷം ഉപേക്ഷിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട് നം | 170/23- അമൃതംഗമയ |
| അടങ്കൽ തുക | 6,00,000/-<br>(വികസന ഫണ്ട് – 3,00,000/-, തനത് ഫണ്ട് – 2,77,388/-) |
| തൻവർഷം ചെലവഴിച്ച തുക | 49,314/- തനത് ഫണ്ട് |

കൊല്ലം ജില്ലാപഞ്ചായത്ത്, ജില്ലാ സാക്ഷരതാമിഷന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സഹായത്തോടെ കൊല്ലം ജില്ലയെ ആത്മഹത്യാ രഹിത ജില്ലയായി മാറ്റുന്നതിനുള്ള ആത്മഹത്യാ പ്രതിരോധപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് നടപ്പാക്കുന്ന അമൃതംഗമയ പദ്ധതി നൂതനപദ്ധതിയായി 2020-21-ലാണ് അംഗീകരിച്ചിട്ടുള്ളത്. 2020-21 ൽ പദ്ധതി വഴി 22,612/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23-ൽ അമൃതംഗമയ പദ്ധതിയുടെ ഓഫീസ് നടത്തിപ്പിനായി സാക്ഷരതാകേന്ദ്രത്തിൽ സജ്ജീകരിച്ച മുറിയിൽ ആവശ്യമായ പാർട്ടീഷൻ, ഫർണിച്ചർ എന്നിവ സജ്ജീകരിക്കുന്നതിന് 49,314/- രൂപ ആർട്ട്കോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 25-1-23-ലെ 1(14)-ാം നം തീരുമാനത്തിൽ, കോവിഡ് മഹാമാരിയുടെ വ്യാപനം മൂലം ഫീൽഡ് സർവ്വേ അപ്രായോഗികമായ സാഹചര്യത്തിൽ പദ്ധതി ലക്ഷ്യം നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുന്നതിനും ടി പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ മാനസികാരോഗ്യ കൗൺസലിങ്ങ് റൂം ജില്ലാപഞ്ചായത്ത് വഴി നടപ്പിലാക്കി വരുന്ന ജന്റർ റിസോഴ്സ് സെന്ററിന്റെ കൗൺസിലർക്ക് അനുവദിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി 71,926/- രൂപ പദ്ധതിത്തുകയിൽ നിന്ന് ചെലവഴിക്കുകയും കൂടാതെ പദ്ധതി സംബന്ധിച്ച പത്രപ്പരസ്യങ്ങൾക്കായും തുക ചെലവഴിച്ചിട്ട് പദ്ധതി ഉപേക്ഷിക്കാനിടയായ സാഹചര്യം വ്യക്തമാക്കണമെന്നറിയിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടിയായി കോവിഡ് മഹാമാരിയെ തുടർന്ന് പദ്ധതി നടപ്പിലാക്കാൻകഴിഞ്ഞില്ലെന്നും നിലവിൽ ടി സ്ഥലത്ത് ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തിച്ചു വരുന്നതായാണ് അറിയിച്ചിട്ടുള്ളത്. ദീർഘവീക്ഷണവും ആസൂത്രണവുമില്ലാതെ നൂതനപദ്ധതികൾ ഏറ്റെടുത്ത് തുകകൾ ചെലവഴിച്ചതിന് ശേഷം ഉപേക്ഷിക്കുന്ന പ്രവണത ആവർത്തിക്കരുതെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

എൻക്വയറി നം. 66/13-10-23

## 1-81 ഹയർ സെക്കന്ററി തുല്യതാപഠനവും അനുബന്ധ പ്രവർത്തനങ്ങളും - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട് നം | 348/23 ഹയർ സെക്കന്ററി തുല്യതാപഠനവും അനുബന്ധ പ്രവർത്തനങ്ങളും.<br>(2022-23 , 7 -ാം ബാച്ച്) |
| അടങ്കൽ തുക | 12,79,000/- (വികസനഫണ്ട് ജനറൽ 7,79,000/-<br>തനത് ഫണ്ട് 5,00,000) |
| തൻവർഷം ചെലവഴിച്ച തുക | 797000/-<br>I. വികസനഫണ്ട് ജനറൽ 7,79,000/-<br>(ബിൽ നം. 50/6-3-23 രൂ-5,00,000/-,<br>ബിൽ നം. 55/28-3-23 രൂ-2,79,000/-) |

| | |
|---|---|
| | Ii. തനത് ഫണ്ട് 18,000/- ചെക്ക് നം. 7828061/21-2-23 |

മേൽ പദ്ധതി വഴി ഹയർ സെക്കന്ററി തുല്യതാപഠനം ഒന്നാംവർഷകോഴ്സിന് രജിസ്റ്റർ ചെയ്യുന്നതിനായി 200 പഠിതാക്കളുടെ കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ എന്നീയിനത്തിൽ (@2500) 500000/- രൂപയും രണ്ടാം വർഷ കോഴ്സിന് രജിസ്റ്റർ ചെയ്യുന്നതിനായി 135 പഠിതാക്കളുടെ (2021-23, 6-ാം ബാച്ച്) കോഴ്സ് ഫീസിനത്തിൽ 297000/- രൂപയും (വികസനഫണ്ട് 279000/- തനത് ഫണ്ട് 18000/-) ഉൾപ്പെടെ ആകെ 797000/- രൂപ സംസ്ഥാന സാക്ഷരതാമിഷനിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. മേൽ പദ്ധതി പരിശോധന സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A. ഹയർ സെക്കന്ററി തുല്യതാപഠനം ഒന്നാം വർഷ കോഴ്സിന് രജിസ്റ്റർ ചെയ്ത 200 പഠിതാക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ രേഖകൾ, കോഴ്സിൽ പങ്കെടുത്തതിന്റെ രേഖകൾ, പരീക്ഷയ്ക്ക് ഹാജരായതിന്റെ ഹാൾ ടിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

B. ഹയർ സെക്കന്ററി തുല്യതാപഠനം രണ്ടാം വർഷ കോഴ്സിന് രജിസ്റ്റർ ചെയ്ത 135 പഠിതാക്കളുടെ ഫീ ആവശ്യപ്പെട്ടു കൊണ്ടുള്ള സാക്ഷരതാ മിഷന്റെ കത്തല്ലാതെ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നറിയിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ നല്കിയ മറുപടിയിൽ ഹയർ സെക്കന്ററി തുല്യതാ വിദ്യാഭ്യാസം ഓപ്പൺ ഡിസ്റ്റൻസ് സ്കീമിലാണ് നടപ്പിലാക്കുന്നതെന്നും രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ സൗകര്യാർത്ഥം കാലാവധി കഴിയുന്നതിന് മുമ്പ് ഏത് വർഷവും പഠനക്ലാസ്സുകളിൽ പഠിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും രജിസ്ട്രേഷൻ നടത്തിയ വർഷം തന്നെ പഠനവും പരീക്ഷയും എഴുതണമെന്ന് നിർബന്ധമില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ ജില്ലാപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നിവ അടച്ചിട്ടുള്ള വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ രേഖകൾ പോലും ഹാജരാക്കിയിട്ടില്ലാത്തതിനാലും ഗ്രാമപഞ്ചായത്തുകളും മേൽ പദ്ധതി നടത്തുന്നതിനാലും ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും സാക്ഷരതാമിഷനിൽ ഒടുക്കു വരുത്തിയ 7,97,000/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകളും പ്രസ്തുത പഠിതാക്കളുടെ ഓൺലൈൻ പഠനത്തിന്റെ അറ്റൻഡൻസ് രേഖകളും ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 22/13-10-23

## 1-82 ഹയർ സെക്കന്ററി തുല്യതാപഠനവും അനുബന്ധ പ്രവർത്തനങ്ങളും (സ്പിൽ ഓവർ പദ്ധതി) - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട് നം | 171/23 ഹയർ സെക്കന്ററി തുല്യത (S.O) |
| അടങ്കൽ തുക | 521000/-<br>(വികസനഫണ്ട് ജനറൽ 3,21,000/-, തനത് ഫണ്ട് 200,000) |
| തൻവർഷം ചെലവഴിച്ച തുക | 5,00,000/-<br>(I. വികസനഫണ്ട് ജനറൽ 3,21,000/- ബിൽനം. 49/25-2-23,<br>Ii. തനത് ഫണ്ട് 1,79,000/- ചെക്ക് നം. 7927829/21-2-23) |

മേൽ പദ്ധതി വഴി 2021-22 വർഷം ഹയർ സെക്കന്ററി തുല്യതാപഠനം ഒന്നാംവർഷകോഴ്സിന് രജിസ്റ്റർ ചെയ്ത 200 പഠിതാക്കളുടെ കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ എന്നീയിനത്തിൽ 2500/- രൂപ നിരക്കിൽ 5,00,000/- രൂപ സംസ്ഥാന സാക്ഷരതാമിഷനിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. ഹയർ സെക്കന്ററി തുല്യതാപഠനം ഒന്നാംവർഷ കോഴ്സിന് രജിസ്റ്റർ ചെയ്യുന്നതിനായി 200 പഠിതാക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ രേഖകൾ, കോഴ്സിൽ പങ്കെടുത്തതിന്റെ രേഖകൾ, പരീക്ഷയ്ക്ക് ഹാജരായതിന്റെ ഹാൾ ടിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നറിയിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ നല്കിയ മറുപടിയിൽ ഹയർ സെക്കന്ററി തുല്യതാ വിദ്യാഭ്യാസം ഓപ്പൺ ഡിസ്റ്റൻസ് സ്കീമിലാണ് നടപ്പിലാക്കുന്നതെന്നും രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ സൗകര്യാർത്ഥം കാലാവധി കഴിയുന്നതിന് മുമ്പ് ഏത് വർഷവും പഠനക്ലാസ്സുകളിൽ പഠിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും രജിസ്ട്രേഷൻ നടത്തിയ വർഷം തന്നെ പഠനവും പരീക്ഷയും എഴുതണമെന്ന് നിർബന്ധമില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ ജില്ലാപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നിവ അടച്ചിട്ടുള്ള വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ രേഖകൾ പോലും ഹാജരാക്കിയിട്ടില്ലാത്തതിനാലും ഗ്രാമപഞ്ചായത്തുകളും മേൽ പദ്ധതി നടത്തുന്നതിനാലും ജില്ലാപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും സാക്ഷരതാമിഷനിൽ ഒടുക്കു വരുത്തിയ 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകളും പ്രസ്തുത പഠിതാക്കളുടെ ഓൺലൈൻ പഠനത്തിന്റെ അറ്റൻഡൻസ് രേഖകളും ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 22/13-10-23

## 1-83 ജീവനം കിഡ്നി വെൽഫെയർ ഫൗണ്ടേഷൻ - വരവ് ചെലവ് രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം. 330/23 - ജീവനം കിഡ്നി വെൽഫെയർ ഫൗണ്ടേഷന് വിഹിതം നല്കൽ.

അടങ്കൽ തുക: 5,00,000/- (വികസന ഫണ്ട്)

ചെലവഴിച്ച തുക: 500,000/- (ബിൽ നം.32/26-11-22)

സെക്രട്ടറി നിർവ്വഹണം നടത്തിയ, ജീവനം കിഡ്നി വെൽഫെയർ ഫൗണ്ടേഷന് ജില്ലാ പഞ്ചായത്ത് വിഹിതം നല്കൽ പദ്ധതി വഴി തൻവർഷം 5,00,000/- രൂപ നൽകിയിട്ടുണ്ട്. ടി തുകയുൾപ്പെടെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ആകെ വരവ് ചെലവുകൾ സംബന്ധിച്ച വിശദമായരേഖകൾ (രോഗികളുടെ വിവരം, ഹോസ്പിറ്റലിന്റെ വിവരം എന്നിവ ഉൾപ്പെടെ) പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം. 22/13-10-23

## 1-84 കുന്നത്തൂർ ഡിവിഷനിലെ ഗ്രന്ഥശാലകൾക്ക് അടിസ്ഥാന സൗകര്യവികസനവും പുസ്തകങ്ങളും - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്റ്റ് നം. | 718/23- കുന്നത്തൂർ ഡിവിഷനിലെ ഗ്രന്ഥശാലകൾക്ക് അടിസ്ഥാന സൗകര്യവികസനവും പുസ്തകങ്ങളും. |
| അടങ്കൽ തുക | 10,00,000/- (വികസന ഫണ്ട്) |
| തൻവർഷം ചെലവഴിച്ച തുക | 7,59,585/-, ബിൽനം. 59/30-3-23 |

കുന്നത്തൂർ ഡിവിഷനിലെ വിവിധ ഗ്രന്ഥശാലകളിലേക്ക് ഫർണീച്ചറും പുസ്തകങ്ങളും വാങ്ങി നല്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള മേൽ പദ്ധതി വഴി റബ്കോയിൽ നിന്നും 7,59,585/- രൂപയുടെ ഫർണീച്ചറുകൾ വാങ്ങിയതിന്റെ ഇൻവോയ്സ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നത്. ലൈബ്രറികളെ തെരഞ്ഞെടുത്തതിന്റെയും ആവശ്യകത നിശ്ചയിച്ചതിന്റെയും രേഖകൾ, ലൈബ്രറികളുടെ രജിസ്ട്രേഷൻ രേഖകൾ, ഫർണീച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാഞ്ഞതിനെ തുടർന്ന് നലകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രന്ഥശാലകളിലേക്ക് നടപടി ക്രമങ്ങൾ പാലിച്ച് റബ്കോയിൽ നിന്ന് ഇൻവോയ്സ് നം RHW/22-23/736പ്രകാരം 7,59,585/- രൂപയുടെ ഫർണീച്ചറുകൾ വാങ്ങി 28-3-23-ൽ സ്റ്റോക്കിൽ രേഖപ്പെടുത്തൽ വരുത്തിയെന്നും ഫർണീച്ചറിനോടൊപ്പമുള്ള പുസ്തകങ്ങൾ വാങ്ങാത്തതിനാൽ ഫർണീച്ചർ നിലവിലും വിതരണം ചെയ്തിട്ടില്ലെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ തുടർന്ന് വരികയാണെന്നും നിലവിൽ വാങ്ങിയിട്ടുള്ള ഫർണീച്ചറുകളും 2023-24-ലെ പദ്ധതി വഴി വാങ്ങാൻ പോകുന്ന പുസ്തകങ്ങളും ഒരുമിച്ച് വിതരണം ചെയ്യാം എന്ന തീരുമാന പ്രകാരമാണ് ഫർണീച്ചറുകൾ വിതരണം ചെയ്യാതിരുന്നതെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 2022-23-ലെ പദ്ധതി വഴി വാങ്ങിയ ഫർണീച്ചറുകൾ 2023-24 സാമ്പത്തിക വർഷാവസാനമായിട്ടും വിതരണം ചെയ്യാത്തത് ശരിയായ നടപടിക്രമമല്ല. സ്റ്റോക്ക് എൻട്രി വരുത്തിയതായി അറിയിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫർണീച്ചറുകൾ നിലവിൽ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിക്ക് വേണ്ടി തെരഞ്ഞെടുത്ത ലൈബ്രറികളുടെ അർഹതാ നിർണ്ണയം നടത്തി ഫർണീച്ചറുകൾ വിതരണം ചെയ്തതിന്റെ രേഖകൾ, ലൈബ്രറികളുടെ അപേക്ഷകൾ, രജിസ്ട്രേഷൻ രേഖകൾ, മറ്റ് തദ്ദേശസ്ഥാപനങ്ങൾ/ലൈബ്രറി കൗൺസിൽ മുഖേന ഫർണീച്ചർ ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം എന്നിവ

ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 7,59,585/ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 22/13-10-23

## 1-85 എസ്.എസ്.കെ വിഹിതം ജനറൽ & എസ്.സി.പി.- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട് നം | A. 3/23 എസ്.എസ്.കെ വിഹിതം (ജനറൽ)<br>B. 351/23 എസ്.എസ്.കെ വിഹിതം (എസ്.സി.പി.) |
| അടങ്കൽ തുക | A. 1,00,00,000/- (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>B.4329631- (വികസന ഫണ്ട്, (എസ്.സി.പി)) |
| തൻവർഷം ചെലവഴിച്ച തുക | A. 1,00,00,000/-<br>(വൗച്ചർ നം. 22200807/26.11.22, തുക - 50,00,000/-<br>വൗച്ചർ നം. 22200831/30.11.22, തുക – 50,00,000/-)<br>B. 43,29,631/-<br>(ബിൽ നം. 24/10-11-22) |

മേൽ രണ്ട് പദ്ധതികളിലായി 1,43,29,631/- രൂപ എസ്.എസ്.കെ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തിയ പ്രവർത്തനങ്ങൾ, ഓരോന്നിനും ചെലവായ തുകയുടെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി പദ്ധതികൾക്കായി ചെലവഴിച്ച രൂ- 1,43,29,631/- തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്,

എൻക്വയറി നം. 22/13-10-23

## 1-86 തണ്ണീർപന്തൽ (ടേക്ക് എ ബ്രേക്ക് മോഡൽ വഴിയോരവിശ്രമകേന്ദ്രം) - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട് നം. | 175/23- തണ്ണീർപന്തൽ |
| അടങ്കൽ തുക | 1,00,00,000/- (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്) |
| ചെലവഴിച്ച തുക | 80,82,000/-<br>(I. വൗച്ചർ നം. 22200060/30-4-22= 53,88,000/-,<br>Ii. വൗച്ചർ നം. 22200061/30-4-22= 26,94,000/-) |

തണ്ണീർപന്തൽ (ടേക്ക് എ ബ്രേക്ക് മോഡൽ വഴിയോരവിശ്രമകേന്ദ്രം) എന്ന സ്പിൽഓവർ പദ്ധതിക്കായി 80,82,000/- രൂപ 30-4-22-ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ(കെ.എസ്.എച്ച്.ബി.) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഫയൽ ഓഡിറ്റിന് ആവശ്യപ്പെട്ടപ്പോൾ ഫയൽ കണ്ടെത്താൻ സാധിച്ചില്ലെന്നറിയിക്കുകയും കെ.എസ്.എച്ച്.ബിയുടെ എസ്റ്റിമേറ്റുകൾ, (ചടയമംഗലം, ഇളമാട്, തലവൂർ എന്നീ പഞ്ചായത്തുകളിൽ ടേക്ക് എ ബ്രേക്ക് സ്ഥാപിക്കുന്നതിന്) സെക്രട്ടറിയുടെ കത്ത്, തലവൂരിലെ സ്ഥലം സംബന്ധിച്ച് പി.ഡബ്ല്യു.ഡി.അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്ത് ഉപവിഭാഗം) പുനലൂരുമായുള്ള എഗ്രിമെന്റ് എന്നിവയുടെ പകർപ്പുകളും കടയ്ക്കൽ ക്ഷേത്ര ഉപദേശക സമിതിയുടെ 28-1-23ലെ കത്ത്, ഇളമാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24-5-23ലെ രസീത്(ചെറുവക്കലിൽ സ്ഥാപിച്ച തണ്ണീർ പന്തൽ കെട്ടിടത്തിന്റെ താക്കോൽ കൈപ്പറ്റിയത്) ജില്ലാപഞ്ചായത്ത് സെക്രട്ടറി കെ.എസ്.എച്ച്.ബിക്ക് 27-5-23 ൽ അയച്ച കത്ത് എന്നിവ ഹാജരാക്കുകയുമാണ് ചെയ്തത്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ചടയമംഗലം, ഇളമാട്, തലവൂർ എന്നീ പഞ്ചായത്തുകളിൽ 26,94,000/- രൂപ നിരക്കിൽ മൂന്ന് ടേക്ക് എ ബ്രേക്ക് മോഡൽ ശുചിമുറി നിർമ്മിക്കുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. ചടയമംഗലത്ത് ഹൈവേ വികസനവുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പാക്കാൻ സാധിക്കാഞ്ഞതിനെ തുടർന്ന് കടയ്ക്കലിൽ സ്ഥാപിക്കാൻ തീരുമാനമെടുത്തു. പദ്ധതി

നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ ചുവടെ ചേർക്കുന്നു;

1. തണ്ണീർപന്തൽ (ടേക്ക് എ ബ്രേക്ക് മോഡൽ വഴിയോരവിശ്രമകേന്ദ്രം) കെട്ടിടനിർമ്മാണത്തിനായി 80,82,000/- രൂപ കെ.എസ്.എച്ച്.ബിയിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും കെ.എസ്.എച്ച്.ബി.യുമായി എഗ്രിമെന്റിലേർപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതു ടോയ് ലെറ്റുകളും നിർമ്മിക്കുന്നതിനു വേണ്ടിയുള്ള മാർഗരേഖയിൽ (GO(Ms) No.1401/20 LSGD Dtd 27-7-20) ദേശീയ-സംസ്ഥാനപാതയോരങ്ങളിലും പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാൻഡുകൾ, ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കണമെന്നും 30-11-20നുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ദേശീയപാത, സംസ്ഥാന പാത എന്നിവയ്ക്കരികിൽ മൂന്നു സെന്റ് സർക്കാർ ഭൂമി ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതു ടോയ് ലെറ്റുകളും സ്ഥാപിക്കുന്നതിനായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്നും വില്ലേജ് ഓഫീസർമാർ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കേണ്ടതാണെന്നും GO(Ms) No.39/20 LSGD Dtd 20-2-20- ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. GO(Rt) No.2314/21 LSGD Dtd 18-11-21 ഉത്തരവിൽ ടേക്ക് എ ബ്രേക്ക് പ്രോജക്ടുകൾ 2021-22-ൽ തന്നെ പൂർത്തീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാപഞ്ചായത്തിൽ നിലവിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ, അതിന്റെ കാരണം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്, ജില്ലാപഞ്ചായത്ത് വിഭാവനം ചെയ്ത തണ്ണീർ പന്തൽ പദ്ധതി പൊതുസ്ഥലങ്ങളിലെ ടോയ് ലെറ്റ് നിർമ്മാണം അല്ലെന്നും കഫറ്റീരിയ, സ്നാക്ക്സ് ബാർ, ടോയ് ലെറ്റ് ബ്ലോക്ക് എന്നീ സൗകര്യങ്ങളോടെയുള്ള വഴിയോര വിശ്രമ കേന്ദ്രങ്ങളാണെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. കൂടാതെ ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് മാത്രമുള്ള ഉത്തരവുകളായ GO(Ms) No.1401/20 LSGD Dtd 27-7-20, GO(Rt) No.2314/21 LSGD Dtd 18-11-21 എന്നീ ഉത്തരവുകളെ ഇതുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നതല്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത് മേൽ സൂചിപ്പിച്ച ഉത്തരവുകളായതിനാലും തണ്ണീർപന്തൽ (ടേക്ക് എ ബ്രേക്ക് മോഡൽ വഴിയോരവിശ്രമകേന്ദ്രം) നിർമ്മാണത്തിനും യൂണിറ്റ് കോസ്റ്റ്, തുടർ പരിപാലനം എന്നിവ നിശ്ചയിക്കുന്നതിനും ജില്ലാ പഞ്ചായത്ത് ആധാരമാക്കിയ സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ലാത്തതിനാലും മേൽ മറുപടി അംഗീകരിക്കുന്നില്ല. തണ്ണീർപന്തൽ നിർമ്മാണത്തിന് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് ആണ് ഉപയോഗിച്ചിട്ടുള്ളത്. പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയിൽ (ജി.ഒ(ആർ.ടി)നം.2632/21തസ്വഭവ തീ. 23-12-21 ഖ.4-ൽ (A) ശുചിത്വം, വെളിയിട വിസർജന മുക്തി പദവി (B)കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും പുനചംക്രമണവും എന്നീ രണ്ട് അടിസ്ഥാന സേവനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മാണവുമായി ബന്ധമുള്ളതല്ലെങ്കിൽ മേൽ പദ്ധതിക്ക് ടൈഡ് ഗ്രാന്റ് വകയിരുത്തി വിനിയോഗിച്ചതെപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടില്ല.

2. ഓരോ ഗ്രാമ പഞ്ചായത്തിലും ഉയർന്ന നിലവാരമുള്ള രണ്ട് പൊതു ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുക (ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒന്നും സംസ്ഥാന/ദേശീയ പാതയോരങ്ങൾ, വാണിജ്യകേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റാൻഡ്/ബസ് സ്റ്റോപ്പ് എന്നിവിടങ്ങളിൽ ഒന്നും.) സ്ഥല ലഭ്യതയ്ക്കനുസരിച്ച് 2 മുതൽ 3സെന്റ് വരെ ഭൂമി ലഭ്യമായ സ്ഥലങ്ങളിലാണ് ടോയ്ലറ്റ് ബ്ലോക്കിനൊപ്പം ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും കൂടി സ്ഥാപിക്കേണ്ടത്. എന്നാൽ ജില്ലാ പഞ്ചായത്തിൽ 3 സ്ഥലങ്ങളിലേക്കും (ചടയമംഗലം,ഇളമാട്,തലവൂർ) ഒരേ തരത്തിലുള്ള എസ്റ്റിമേറ്റും തുകയും നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഭൂമിയുടെ അളവിനെ സംബന്ധിച്ച രേഖകൾ ഇളമാട് തണ്ണീർപന്തലിനെ സംബന്ധിച്ചുള്ളത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. തലവൂർ, കടയ്ക്കൽ എന്നിവിടങ്ങളിലെ ഭൂമിയുടെ അളവിനെ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. തലവൂർ, കടയ്ക്കൽ എന്നിയിടങ്ങളിൽ തണ്ണീർപന്തൽ നിർമ്മിക്കുന്നതിനായി തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും നിലവിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. തലവൂരിൽ തണ്ണീർപന്തൽ നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയ സ്ഥലം പി.ഡബ്ല്യു.ഡിയുടെ ഉടമസ്ഥതയിൽ ആയിരുന്നുവെന്നും ടി സ്ഥലത്ത് നിർമ്മാണത്തിനുള്ള അനുമതി പി.ഡബ്ല്യു.ഡിയിൽ നിന്ന് ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടതിനാലാണ് പ്രസ്തുത സ്ഥലത്തെ നിർമ്മാണത്തിന് കാലതാമസം ഉണ്ടായതെന്നും നിലവിൽ സ്ഥലം വിട്ടുകിട്ടി എഗ്രിമെന്റിലേർപ്പെട്ടിട്ടുള്ളതിനാൽ നിർമ്മാണം ഉടൻ ആരംഭിക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത് .

കടയ്ക്കലിലെ തണ്ണീർപന്തൽ നിർമ്മാണവുമായി ബന്ധപ്പെട്ട്, ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, 27-5-23-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ.എസ്.എച്ച്.ബി.ക്ക് അയച്ച കത്തിൽ ജില്ലാ പഞ്ചായത്തിന്റെ തണ്ണീർപ്പന്തൽ പദ്ധതി കടയ്ക്കൽ ദേവീക്ഷേത്രത്തിനോട് ചേർന്നുള്ള ദേവസ്വം ബോർഡിന്റെ ഭൂമിയിൽ നടപ്പാക്കുന്നതിന് അനുമതി നല്കിയതായി അറിയിക്കുകയും ചടയമംഗലം ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അനുവദിച്ച തുക വിനിയോഗിച്ച് നടപ്പാക്കണമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അനുമതിക്ക് ആധാരമാക്കിയിരിക്കുന്നത് കടയ്ക്കൽ ക്ഷേത്ര ഉപദേശക സമിതിയുടെ 28-1-23-ലെ കത്താണ്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ദേവസ്വം ബോർഡിന്റെ സ്ഥലത്ത് ഉപദേശക സമിതിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമജ്യോതി പദ്ധതിക്കായി കടയ്ക്കൽദേവീക്ഷേത്രത്തിനോട് ചേർന്ന് ദേവസ്വംബോർഡിന്റെ ഉടമസ്ഥതയിലുള്ള വിട്ടുനല്കിയ സ്ഥലത്ത് തണ്ണീർപന്തൽ പദ്ധതി നടപ്പാക്കണമെന്ന് ക്ഷേത്രോപദേശക സമിതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കടയ്ക്കലിലേക്ക് മാറ്റി എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമജ്യോതി പദ്ധതിക്കായി കടയ്ക്കലിൽ ദേവസ്വംബോർഡ് ഭൂമി വിട്ടുനല്കിയിട്ടില്ല. ഗ്രാമജ്യാതി പദ്ധതിയിൽ കടയ്ക്കൽ ദേവീക്ഷേത്രച്ചിറയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും മാത്രം അനുമതി നൽകിയിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. ദേവസ്വംബോർഡ് ഭൂമി ക്ഷേത്രവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കല്ലാതെ പൊതുആവശ്യങ്ങൾക്ക് വിട്ടുനൽകാത്തതിനാൽ ടി സ്ഥലത്ത് തണ്ണീർ പന്തൽ സ്ഥാപിക്കുന്നതിന് വേണ്ടി ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഇളമാട് ചെറുവക്കലിൽ സ്ഥാപിച്ച തണ്ണീർ പന്തൽ കെട്ടിടത്തിന്റെ താക്കോൽ കൈപ്പറ്റിയതായുള്ള ഇളമാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24-5-23-ലെ രസീത് ഹാജരാക്കിയിട്ടുണ്ടെങ്കിലും ടി സ്ഥലത്ത് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം ഇതുവരെ പ്രവർത്തനമാരംഭിക്കാതെ പൂട്ടിയിട്ട നിലയിലും പരിസരം പുല്ലുവളർന്ന് കയറിയ നിലയിലുമാണെന്ന് ബോധ്യപ്പെട്ടു. കെട്ടിടത്തിന്റെ തുടർപരിപാലനം സംബന്ധിച്ച് എഗ്രിമെന്റിലേർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 80,82,000/- രൂപ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരമുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.



തണ്ണീർ പന്തൽ, ഇളമാട്

എൻക്വയറി നം. 59/11-12-23

## 1-87 ഒഴുകാം ശുചിയായി - തോടുകളുടെയും നദികളുടെയും നവീകരണം - പദ്ധതി നടത്തിപ്പിൽ അപാകതകൾ

ജില്ലാപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒഴുകാം ശുചിയായി-തോടുകളുടെയും നദികളുടെയും നവീകരണം എന്ന പേരിലുള്ള 3 പദ്ധതികളിലായി കല്ലട, ഇത്തിക്കര ആറുകളുടെയും കൈവഴികളുടെയും ശുചീകരണത്തിനായി കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 2,49,50,000/-രൂപ ചുവടെ ചേർക്കും പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്;

| പ്രോജക്ട് നം. | ഡെപ്പോസിറ്റ് ചെയ്ത തുക | ഏജൻസി |
|---|---|---|
| 176/23, ഒഴുകാം ശുചിയായി രണ്ടാംഘട്ടം. അടങ്കൽ തുക: 50,00,000/-<br>ചെലവഴിച്ച തുക: 50,00,000/-<br>വൗച്ചർ നം. 22200053/30-4-22 — 50,00,000/- | 50,00,000/- | കൊല്ലം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| 1/23, ഒഴുകാം ശുചിയായി-തോടുകളുടെയും നദികളുടെയും നവീകരണം.<br>അടങ്കൽ തുക: 1,00,00,000/-<br>ചെലവഴിച്ച തുക: 99,50,000/-<br>വൗച്ചർ നം. 22202102/15-3-23 — 57,80,000/-<br>വൗച്ചർനം. 22202103/15-3-23 — 41,70,000/- | 57,80,000/- | മേജർ ഇറിഗേഷൻ ഡിവിഷൻ, കൊല്ലം, |
| | 41,70,000/- | മൈനർ ഇറിഗേഷൻഡിവിഷൻ, കൊല്ലം |
| 179/23, ഒഴുകാം ശുചിയായി-തോടുകളുടെ നവീകരണം<br>അടങ്കൽ തുക: 1,00,00,000/-ചെലവഴിച്ചതുക: 1,00,00,000/-<br>വൗച്ചർ നം. 22200057/30-4-22 — 30,00,000/-<br>വൗച്ചർ നം. 22200058/30-4-22 — 32,50,000/-<br>വൗച്ചർ നം. 22200059/30-4-22 — 37,50,000/- | 37,50,000/-, | മൈനർ ഇറിഗേഷൻഡിവിഷൻ, കൊല്ലം |
| | 32,50,000/- | ഇറിഗേഷൻ ഡിവിഷൻ, കൊല്ലം |
| | 30,00,000/- | കെ.ഐ.പി. (എൽ.ബി) ഡിവിഷൻ നം. 5 |
| ആകെ | 2,49,50,000/- | |

മണ്ണ്, ജല സംരക്ഷണവുമായി ബന്ധപ്പെട്ട് പദ്ധതി മാർഗ്ഗരേഖ ഖ.8-1-12-ൽ മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ എന്നിവ വികസന ഫണ്ട് വിനിയോഗിച്ച് ഏറ്റെടുക്കാമെങ്കിലും തൊഴിലുറപ്പ പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി മാർഗരേഖയിലെ ഖ.11-ൽ ജലസ്രോതസ്സുകളിൽ അമിതമായി അടിഞ്ഞു കൂടിയ എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഒഴുകാം ശുചിയായി-തോടുകളുടെയും നദികളുടെയും നവീകരണം എന്ന പദ്ധതികളുടെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു;

1) ഒഴുകാം ശുചിയായി (കല്ലട, ഇത്തിക്കര ആറുകളുടെ ശുചീകരണം) പദ്ധതിയുമായി ബന്ധപ്പെട്ട് 20-10-21-ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൊല്ലം ജില്ലാ പഞ്ചായത്തിൽ ചേർന്ന യോഗത്തിന്റെ മിനിട്സിൽ, യോഗത്തിൽ പങ്കെടുത്ത വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും ഫണ്ട് ലഭ്യത സംബന്ധിച്ചും അറിയിച്ച വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്;

A. നദികളുടെ ശുചീകരണ പദ്ധതിക്ക് ജില്ലാ പദ്ധതിയുടെ ഭാഗമായി ഫണ്ട് ലഭ്യമാകാൻ സാധ്യതയുണ്ടെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അഭിപ്രായപ്പെട്ടു.

B. ആറുകളുടെ തീരം ജൈവരീതിയിൽ സംരക്ഷിക്കണമെന്നും ഘട്ടം ഘട്ടമായി ചെയ്യുന്നതായിരിക്കും ഉചിതമെന്നും മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

C.നദികളുടെ നവീകരണവുമായി ബന്ധപ്പെട്ട് റിവർ മാനേജ്മെന്റ് ഫണ്ടും ജലശക്തി അഭിയാൻ ഫണ്ടും ലഭ്യമാണെന്ന് ഹരിതകേരളമിഷൻ ജില്ലാകോർഡിനേറ്റർ മീറ്റിങ്ങിൽ അറിയിച്ചു.

D. ഇത്തിക്കരയാറിന്റെയും കല്ലടയാറിന്റെയും നവീകരണത്തിനും ശുചീകരണത്തിനും വേണ്ടി കൊല്ലം ജില്ലയിലെ ആറുകളുടെ ഉൽഭവം മുതൽ അവസാനം വരെ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു സമഗ്രപദ്ധതി അടുത്ത 5

വർഷം കൊണ്ട് പൂർത്തിയാകുന്ന വിധത്തിൽ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് ആദ്യം തയ്യാറാക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ ഘടകങ്ങളും ഏതൊക്കെ വകുപ്പുകളിലൂടെ നിർവ്വഹണം നടത്തണമെന്നും തീരുമാനിക്കേണ്ടതാണെന്നും ഇതിലെ ഓരോ ഘടകങ്ങളും മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, കെ.ഐ.പി , ഹരിതകേരളമിഷൻ, ശുചിത്വമിഷൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്, സോഷ്യൽ ഫോറസ്ട്രി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ എന്തൊക്കെ ചെയ്യണമെന്ന് നിശ്ചയിച്ച് നല്കിയാൽ പദ്ധതി സമയബന്ധിതമായി ചെയ്യാൻ കഴിയുമെന്ന് അസി.ഫോറസ്റ്റ് കൺസർവേറ്റർ അഭിപ്രായപ്പെട്ടു.

E. ഡി.പി.ആർ തയ്യാറാക്കിയാൽ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏതൊക്കെ ഘടകങ്ങൾ ചെയ്യാൻ കഴിയൂ എന്ന് എം.ജി.എൻ.ആർ.ഇ.ജി.എസ്. ജോയിന്റ് പ്രോഗ്രാം ഓഫീസർ അറിയിച്ചു.

എന്നാൽ മേൽ സൂചിപ്പിച്ച രീതിയിലുള്ള വിവിധ വകുപ്പുകളുടെ ഏകോപനം നടന്നതിന്റെ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കല്ലടയാറിന്റെയും ഇത്തിക്കരയാറിന്റെയും കൊല്ലം ജില്ലയിലെ ആരംഭം മുതൽ അവസാനം വരെയുള്ള നിലവിലെ അവസ്ഥയും (സ്റ്റാറ്റസ് റിപ്പോർട്ട് ) ഈ ആറുകളുടെ നവീകരണവും ശുചീകരണവും പൊതു ഇടങ്ങൾക്കുള്ള സാധ്യതയും പരിശോധിച്ച് സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട നദികളുടെ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തി 20-10-21-ലെ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ തയ്യാറാക്കിയ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 10-11-21-ലെ യോഗത്തിന്റെ മിനിട്സിൽ, നദികൾ ഒഴുകുന്ന തീരത്തോട് ചേർന്ന ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുമായി ബന്ധപ്പെട്ട് ആ പ്രദേശങ്ങളിലെ ഡി.പി.ആർ തയ്യാറാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും തയ്യാറാക്കിയിട്ടുള്ളതിന്റെ വിവരമോ രേഖകളോ ഹാജരാക്കിയിട്ടില്ല. കല്ലടയാർ, ഇത്തിക്കരയാർ എന്നിവയുടെ കൈവഴികൾ മാലിന്യമുക്തമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയുടെ സേവനം പ്രവർത്തനങ്ങൾക്ക് പൂർണ്ണമായി വിനിയോഗിക്കാനും 10-11-21-ലെ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തിയതായോ മറ്റ് വകുപ്പുകളിൽ നിന്ന് /ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് ഫണ്ടുകൾ ലഭിച്ചതായോ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് മുഴുവൻ തുകയും ചെലവഴിച്ചിരിക്കുകയാണെന്ന് ബോധ്യപ്പെട്ടു.

മേൽ വിഷയങ്ങൾക്ക് മറുപടിയായി കല്ലട, ഇത്തിക്കരയാറുകളുടെ നവീകരണത്തിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചിരുന്നെങ്കിലും തയ്യാറാക്കുന്നതിന് കാലതാമസമുണ്ടാകുമെന്നും പദ്ധതിയുമായി മുന്നോട്ടു പോകാതിരുന്നാൽ ജില്ലാ പഞ്ചായത്തിന് ലഭ്യമായ സി.എഫ്.സി. ടൈഡ് ഫണ്ടിന്റെ വിനിയോഗം അസാധ്യമാകുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ വിവിധ ഏജൻസികളിൽ നിന്നും ലഭിക്കാമായിരുന്ന ഫണ്ടുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാതെയും ഡി.പി.ആർ. തയ്യാറാക്കി ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ട പ്രവർത്തികൾ ഏതെന്ന് നിശ്ചയിക്കാതെയും തുക ചെലവഴിച്ചിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല.

ഇറിഗേഷൻ വകുപ്പ്, കെ.ഐ.പി എന്നിവരുടെ ചുമതലയിലും ആറുകളുടെയും നദികളുടെയും തീരസംരക്ഷണവും, ജലസ്രോതസ്സുകളിൽ അമിതമായി അടിഞ്ഞു കൂടിയ എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും ഉള്ളതിനാലും ഉള്ളതിനാലും കല്ലടയാറും ഇത്തിക്കരയാറും ഒഴുകുന്ന പ്രദേശങ്ങളിലെ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികൾ മുഖേനയും തൊഴിലുറപ്പ് പദ്ധതി മുഖേനയും മണ്ണ്, ജലസംരക്ഷണ പ്രവർത്തികൾ നടക്കുന്നതിനാലും, പദ്ധതിക്കുള്ള മുഴുവൻ തുകയും ജില്ലാ പഞ്ചായത്ത് ചെലവഴിക്കാനുണ്ടായ കാരണവും പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച രേഖകളും ഹാജരാക്കണമെന്നറിയിച്ചു കൊണ്ട് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്:

ഇറിഗേഷൻ, കെ.ഐ.പി, ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവ പദ്ധതി ഏറ്റെടുക്കാത്ത സ്ഥലങ്ങളിലാണ് ജില്ലാ പഞ്ചായത്ത് ഒഴുകാം ശുചിയായി നടപ്പിലാക്കിയിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിലും ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മേൽ പ്രകാരം മറുപടി ലഭ്യമാക്കിയത് ഏത് രേഖകളെ ആധാരമാക്കിയാണെന്ന് വ്യക്തമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ കാരണങ്ങളാലും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി പ്രയോജനപ്പെടുത്താതെയും വിവിധ വകുപ്പ് പ്രവർത്തനങ്ങളിലൂടെ മേൽ പ്രവർത്തികൾ നടപ്പിലാക്കാതിരുന്നതിനാലും അതത് തദ്ദേശ സ്ഥാപനങ്ങൾ നദീതീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനാലും ഒഴുകാം ശുചിയായി-തോടുകളുടെയും നദികളുടെയും നവീകരണം എന്ന 3 പദ്ധതികൾ വഴി ചെലവഴിച്ച 2,49,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 67/ 20-12-23

1-88 കബഡി ഇൻസ്റ്റിറ്റ്യൂട്ട്, ബോക്സിങ് അക്കാഡമി തുടർ പ്രവർത്തനങ്ങൾ - രേഖകൾ ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ കബഡി ഇൻസ്റ്റിറ്റ്യൂട്ട് തുടർ പ്രവർത്തനങ്ങൾ (212/23), ബോക്സിങ് അക്കാഡമി (206/23) തുടർപ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കായി തനത് ഫണ്ടിൽ നിന്നും യഥാക്രമം 2,48,046/-, 2,39,960/- എന്നീ തുകകൾ ചെലവഴിച്ചിട്ടുണ്ട്. പരിശീലകന് ഓണറേറിയം, വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണത്തിന് ഫീസ് എന്നിയിനത്തിലാണ് തുകകൾ ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖ ഖ.8.11-ൽ ഗ്രാമപഞ്ചായത്തിലെ സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘവീക്ഷണത്തോടെയും സംസ്ഥാന /ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സ്പോർട്സ് കൗൺസിൽ സർക്കാർ/സഹകരണ മേഖലയിലുള്ള അംഗീകൃത സ്പോർട്സ് അക്കാദമികൾ, ഫയർഫോഴ്സ്, സ്കൂളിലെയും കോളേജിൽ അധ്യാപക സമിതികൾ, സ്റ്റുഡൻസ് പോലീസ് കേഡറ്റ് എന്നിവരുടെ സഹകരണത്തോടെ അവധിക്കാലങ്ങളിൽ എൽ.പി സ്കൂൾ തലം മുതലുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം, കായിക പരിശീലനപരിപാടികൾ സംഘടിപ്പിക്കാവുന്നതാണെന്നും ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ് ഗെയിംസ് ഇനങ്ങളിൽ ദൈനംദിന പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

കബഡി, ബോക്സിങ് പരിശീലനങ്ങൾക്ക് തുക ചെലവഴിക്കുന്നത് സംബന്ധിച്ച് (ലഘുഭക്ഷണത്തിന് ഉൾപ്പെടെ) പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കണമെന്നറിയിച്ചതിന് നൂതനപദ്ധതിയായാണ് പദ്ധതി നടപ്പിലാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്. രണ്ട് സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികളുടെ അറ്റൻഡൻസിന്റെ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. കുട്ടികളുടെ അപേക്ഷകൾ, പരിശീലനം നടത്തിയതിന്റെ സമയം (സ്കൂളുള്ള ദിവസങ്ങളിലും പരിശീലനത്തിനും ഭക്ഷണത്തിനും തുക ചെലവഴിച്ചിട്ടുണ്ട്), കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സ്കൂൾ പ്രവൃത്തിദിവസങ്ങളിൽ വൈകുന്നേരം 4 മണി മുതൽ6 മണി വരെയുംഅവധി ദിവസങ്ങളിൽ 8 മണി മുതൽ 12 മണി വരെയും പരിശീലനം നൽകുന്നതായാണ് അറിയിച്ചിട്ടുള്ളത്. അറ്റൻസ് രജിസ്റ്റർ പ്രകാരമുള്ള വിദ്യാർത്ഥികളുടെ രേഖകൾ, മേൽവിലാസം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 68/ 20-12-23

1-89 വെളിച്ചം (ഗ്രന്ഥ ശാലകൾക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ) - പദ്ധതി നടത്തിപ്പ് സംബന്ധിച്ച്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥ ശാലകൾക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ എന്നിവ വിതരണം ചെയ്യുന്ന പദ്ധതിയാണ് 'വെളിച്ചം'. സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള എല്ലാ ലൈബ്രറികൾക്കും പ്രസ്തുത ആനുകൂല്യത്തിന് അർഹതയുണ്ട്. 2022-23-ലെ വെളിച്ചം പദ്ധതി വഴി 70 ഗ്രന്ഥശാലകൾക്കും (പ്രോജക്ട് നം.5, ചെലവഴിച്ച തുക: 59,52,450/-), സ്പിൽഓവർ പദ്ധതി വഴി 55 ഗ്രന്ഥശാലകൾക്കും (പ്രോജക്ട്നം.172, ചെലവഴിച്ച തുക: 39,86,950/-) ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. 2019-20 മുതലാണ് ജില്ലാ പഞ്ചായത്തിൽ വെളിച്ചം പദ്ധതി നടപ്പിലാക്കി വരുന്നത്. 2020-21-ൽ ടി പദ്ധതി സ്പിൽ ഓവറാക്കി 28,77,160/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിക്ക് വേണ്ടി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ ഏതാനും ഗ്രന്ഥശാലകൾ അംഗീകാരം നേടിയിട്ടുള്ളത് പദ്ധതി നിർവ്വഹണകാലയളവിൽ ആണെന്ന് ബോധ്യപ്പെട്ടു. അംഗീകാരമുള്ള എല്ലാ ലൈബ്രറികൾക്കും ആനുകൂല്യം നല്കാമെങ്കിലും പദ്ധതി നിർവ്വഹണം ആരംഭിച്ചതിന് ശേഷം പുതുതായി അംഗീകാരം നേടിയവയുടെ മോണിറ്ററിംഗ് നടത്തുന്നതും പദ്ധതി അർഹതാ മാനദണ്ഡങ്ങളിൽ അംഗീകാര തീയതി /ലൈബ്രറി പ്രവർത്തന കാലയളവ് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതും ഉചിതമായിരിക്കും. 1.4.2021-ന് ശേഷം ലൈബ്രറി കൗൺസിൽ അംഗീകാരം കിട്ടിയ ലൈബ്രറികളുടെ വിവരം ചുവടെ ചേർക്കുന്നു;

| ഗ്രന്ഥശാലയുടെ പേര് | അംഗീകാരം ലഭിച്ച തീയതി |
|---|---|
| നവത ഗ്രന്ഥശാല & സാംസ്കാരിക വേദി, കണ്ണങ്കോട്, കരുകോൺ. പി.ഒ, അഞ്ചൽ | 13-4-22 |
| ശെന്തുരുണി ഗ്രന്ഥശാല, റോസ്മല, കൊല്ലം | 13-4-22 |
| പ്രിസ്മില്ലാ ഗ്രാമീണ ലൈബ്രറി, ജി.റ്റി. നഗർ, പാറപ്പുറം മുക്ക്, കോവൂർ | 13-4-22 |
| ബ്രദേഴ്സ് ലൈബ്രറി & റീഡിങ്ങ് റൂം, പന്മന, പുത്തൻചന്ത പി.ഒ, ചവറ | 13-4-22 |
| സി. അച്യുതമേനോൻ ഗ്രന്ഥശാല, മഹിളാസമാജം ജംഗ്ഷൻ, അർക്കന്നൂർ | 23-3-22 |
| ഗ്രാമ്പ ഗ്രാമീണ വായനശാല | 24-11-21 |
| ഒ.എൻ.വി. ഗ്രാമീണ ഗ്രന്ഥശാല,<br>ഐവർകാല പടിഞ്ഞാറ് വടക്ക്, പുത്തനമ്പലം. പി.ഒ, കുന്നത്തൂർ | 26-10-21 |
| സെന്റർ ഓഫ് മാസ്സ് ആർട്സ് ലൈബ്രറി, തലവൂർകോണം,<br>കുഴിമതിക്കാട് | 26-10-21 |
| എൻ. വാസുദേവൻസാർ ലൈബ്രറി & റീഡിങ് റൂം, ഡാൽമിയ ജംഗ്ഷൻ,<br>പെരുമ്പുഴ. പി.ഒ | 12-4-21 |
| നവോദയ സാംസ്കാരിക വേദി & ഗ്രന്ഥശാല, പാവുമ്പ വടക്ക്, പാവുമ്പ | 12-4-21 |

## 1-90 എ.ബി.സി. പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, മൃഗസംരക്ഷണം |
| പ്രോജക്ട് നം. | 255/23 എ.ബി.സി. പദ്ധതി |
| അടങ്കൽ തുക | 15,00,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 13,53,025/-<br>(ബിൽ നം. 2/4-11-22 = 2,31,565/-,<br>ബിൽ നം. 4/15-12-22 = 3,25,020/-,<br>ബിൽ നം. 7/7-2-23 = 2,55,670/-,<br>ബിൽ നം. 6/11-1-23 = 3,44,780/-,<br>ബിൽ നം. 16/30-3-23 = 1,95,990/-) |

ടി പ്രോജക്ട് പ്രകാരം എ.ബി.സി പദ്ധതി നടപ്പിലാക്കിയതിന്റെ വേതനമിനത്തിൽ 13,17,825/- രൂപയും നായ്ക്കളെ ഓപ്പറേഷന് മുമ്പും ശേഷവും പാർപ്പിക്കുന്നതിനു വേണ്ടിയുള്ള 32 കൂടുകൾ വൃത്തിയാക്കിയ ഇനത്തിൽ 35,200/- രൂപയുമുൾപ്പെടെ ആകെ 13,53,025/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു;

I. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണസ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ടായാണ് എ.ബി.സി. പദ്ധതി നടപ്പാക്കേണ്ടത്. മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾ കൈമാറണമെന്നും എ.ബി.സി. പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖയിൽ (GO(Rt) 2065/22 LSGD തീ. 23-8-22)വ്യക്തമാക്കിയിട്ടുണ്ട്. എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി നിർമ്മിക്കുന്ന/സജ്ജമാക്കുന്ന കെട്ടിടത്തിൽ പോസ്റ്റ് ആൻഡ് പ്രീ ഓപ്പറേഷൻ കെയർ യൂണിറ്റ്, സ്റ്റോർ, സി.സി.ടി.വി, എയർ കണ്ടീഷണർ, കിച്ചൻ എന്നിവയടക്കമുള്ള സൗകര്യവും ഷെൽട്ടറും ഒരുക്കണമെന്നും 10 നായകളുടെ ഓപ്പറേഷന് 50 കൂടുകൾ എന്ന രീതിയിലാണ് ഷെൽട്ടർ സൗകര്യം ഒരുക്കേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ രീതിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ആവശ്യമായ വിഹിതം മുഖ്യ നിർവഹണ ഏജൻസി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് ആ പ്രദേശത്തെയും സമീപ പ്രദേശത്തെയും ഗ്രാമപഞ്ചായത്തുകളും പങ്കാളികളാകുന്ന ബ്ലോക്ക് പഞ്ചായത്തും നഗരസഭയും കൈമാറണമെന്നും ഇപ്രകാരം ആവശ്യമായി വരുന്ന ചെലവിന് ശേഷമുള്ള തുക എ.ബി.സി.യുടെ പൊതുചെലവിനായി ജില്ലാ പഞ്ചായത്തിന് കൈമാറേണ്ടതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാപഞ്ചായത്തിൽ മേൽ സൂചിപ്പിച്ച വിധത്തിൽ ഏതെങ്കിലും തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും ഫണ്ട് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല. ഏതൊക്കെ തദ്ദേശഭരണസ്ഥാപനങ്ങൾ മാർഗ്ഗരേഖയിൽ സൂചിപ്പിച്ച പ്രകാരം ഓപ്പറേഷൻ തിയേറ്റർ സജ്ജമാക്കി എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

II. ഓപ്പറേഷന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യവും ഒരുക്കിയതിന് ശേഷം വെറ്ററിനറി ഡോക്ടറെയും സഹായികളെയും ആറ് മാസത്തേക്ക് നിയമിക്കാവുന്നതാണെന്നും, ഒരു വെറ്ററിനറി സർജൻ, 4 മൃഗപരിപാലകർ, ഒരു തീയേറ്റർ സഹായി, ഒരു ശുചീകരണ സഹായി എന്നിവരടങ്ങുന്ന ടീം രൂപീകരിക്കണമെന്നും ഇവർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകുന്നതിനായി ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള കുന്നൂരിലെ World Veterenary Service Centre-ൽ അയച്ച് ഡോഗ് ക്യാച്ചേഴ്സിന് ആവശ്യമായ പരിശീലനം നല്കണമെന്നും ഇതിനാവശ്യമായ ചെലവ് എ.ബി.സി. പ്രോഗ്രാമിന് മാറ്റിവെച്ച വിഹിതത്തിൽ നിന്നും നിർവഹിക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരത്തിൽ പരിശീലനം നല്കിയതിന്റെ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

III. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അയച്ച 19-11-22-ലെ DAHO/KLM/1091/2022-H നം. കത്തിൽ 16-9-22-ൽ ജില്ലയിൽ പ്രവർത്തനമാരംഭിച്ച എ.ബി.സി പദ്ധതിയുടെ അടിയന്തര നടത്തിപ്പിനായി 8 വെറ്ററിനറി ഡോക്ടർമാരെയും32 ഡോഗ് ഹാൻഡിലേഴ്സിനെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്നും ഒരു ടീമിൽ ഒരു വെറ്ററിനറി ഡോക്ടറും നാല് ഡോഗ് ഹാൻഡ്ലേഴ്സും ഉൾപ്പെട്ട 8 എ.ബി.സി ടീമുകളെയാണ് നിയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. നാളിതു വരെ സർക്കാർ നിർദേശിച്ചിരിക്കുന്ന പ്രകാരമുള്ള പശ്ചാത്തല സൗകര്യം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളോ, ബ്ലോക്ക് പഞ്ചായത്തുകളോ സജ്ജമാക്കിയിട്ടില്ലെന്നും പരിമിതമായ സൌകര്യങ്ങൾ ഒരുക്കിയ ആദിച്ചനല്ലൂർ, ഉമ്മന്നൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനം പൂർത്തീകരിച്ചിട്ടുള്ളതും ഇളമ്പള്ളൂർ, പനയം ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണെന്നും ടി കത്തിൽ വിവരിക്കുന്നുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകൾ പശ്ചാത്തല സൗകര്യങ്ങൾ സജ്ജമാക്കാത്തതിനാൽ 2022 സെപ്റ്റംബറിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള 6 വെറ്ററിനറി ഡോക്ടർമാർക്കും 24 ഡോഗ് ഹാൻഡിലേഴ്സിനും (6 ടീമുകൾക്ക്) രണ്ടു മാസത്തിൽ കൂടുതലായി ടി പദ്ധതിയിൽ ജോലിയില്ലാത്തതിനാൽ അവർക്ക് മറ്റു ജോലികൾ അന്വേഷിക്കേണ്ട സ്ഥിതിയാണെന്നുമാണ് പ്രസ്തുത കത്തിലെ പരാമർശം.
ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 19-11-22-ലെ DAHO/KLM/1091/2022-Hനം. കത്ത് പ്രകാരം, 16-9-22ൽ എ.ബി.സി. പദ്ധതി പ്രവർത്തനമാരംഭിച്ചെങ്കിലും 2 ടീമുകൾ (ആദിച്ചനല്ലൂർ, ഉമ്മന്നൂർ) മാത്രമേ പ്രവർത്തിക്കുന്നുള്ളുവെന്നും ശേഷിക്കുന്ന 6 ടീമുകൾക്ക് മറ്റു ജോലികൾ അന്വേഷിക്കേണ്ട സ്ഥിതിയാണെന്നും കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ടെങ്കിലും സെപ്റ്റംബർ മുതൽ നവംബർ വരെ 2-ൽ അധികം ടീമുകൾക്ക് വേതനം നല്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു;

| പദ്ധതി നടത്തിയ കാലയളവ് പേര് | ടീമിന്റെ വിവരം /ജീവനക്കാരുടെ എണ്ണം | നല്കിയ വേതനം | റിമാർക്സ് |
|---|---|---|---|
| 16-9-22 മുതൽ 30-9-22 | 4 വെറ്ററിനറി ഡോക്ടർമാർ, 16 ഡോഗ് ഹാൻഡിലേഴ്സ്, ഒരു സ്വീപ്പർ (ഡോ. ശരത്ത് ബാബു, ഡോ. അഞ്ചു സുനിൽ, ഡോ. ആഷിക്, ഡോ. അരുൺ ഹരി എന്നിവരുടെ ടീം) | 1,96,365/-(2,31,565-35,200 ) | 2 ടീമുകൾ അധികം |
| 2022 ഒക്ടോബർ മാസം | 4 വെറ്ററിനറി ഡോക്ടർമാർ, 16 ഡോഗ് ഹാൻഡിലേഴ്സ്, രണ്ട് സ്വീപ്പർമാർ ഡോ. ശരത്ത് ബാബു, ഡോ. അഞ്ചു സുനിൽ, ഡോ. ആഷിക്, ഡോ. അരുൺ ഹരി എന്നിവരുടെ ടീം) | 3,25,020/-രൂപ | 2 ടീമുകൾ അധികം |
| 2022 നവംബർ മാസം | 3 വെറ്ററിനറി ഡോക്ടർമാർ, 12 ഡോഗ് ഹാൻഡിലേഴ്സ്, ഒരു സ്വീപ്പർ (ഡോ. ശരത്ത് ബാബു, ഡോ. അഞ്ചു സുനിൽ, ഡോ. അരുൺ ഹരി എന്നിവരുടെ ടീം) | 3,44,780/-രൂപ | ഒരു ടീം അധികം |

രണ്ട് ടീമുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളുവെന്ന് 19-11-22-ൽ മേലധികാരികളെ ഔദ്യോഗികമായി അറിയിച്ച

ശേഷവും ടി കാലയളവിൽ പ്രവർത്തിക്കാത്ത ടീമുകൾക്ക് വേതനം നല്കിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

IV. പദ്ധതി പരിശോധന സംബന്ധിച്ച മറ്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു;

പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള ( നായ്ക്കളുടെ എണ്ണം, നടത്തിപ്പ് തീയതി എന്നിവ) ഗ്രാമ പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം, എവിടെ വച്ച് നടപ്പിലാക്കിയെന്നതിന്റെ രേഖകൾ, ഓപ്പറേഷൻ തിയേറ്റർ സജ്ജീകരിച്ചതിന്റെ വിവരം, ഓപ്പറേഷൻ തിയേറ്ററുകളുടെ എണ്ണം, ഓപ്പറേഷന് മുമ്പും ശേഷവും ഉള്ള പരിപാലനം, കൂടുകളുടെ എണ്ണം എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ഹാജരാക്കിയ രേഖകൾ പ്രകാരം പദ്ധതി നടപ്പാക്കിയ ഗ്രാമ പഞ്ചായത്തിന്റെ പേര്, നടപ്പിലാക്കിയ കാലയളവ് | ഗ്രാമ പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ സാക്ഷ്യപത്ര പ്രകാരമുള്ള പദ്ധതി നടത്തിപ്പ് വിവരം/വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം | റിമാർക്സ് |
|---|---|---|
| ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ 19-9-22 മുതൽ 5-10-22 (സെപ്റ്റംബർ മാസത്തിലെ 21,23,25- ഒക്ടോബർ മാസത്തിലെ 2, 4 എന്നീ തീയതികളൊഴികെ) 12 ദിവസങ്ങൾ | 201 നായ്ക്കൾ (ശരാശരി 16 എണ്ണം) | ഗ്രാമ പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. |
| ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ 26-9-22 മുതൽ 14-10-22 (2-10-22, 9-10-22 തീയതികളൊഴികെ) 17 ദിവസങ്ങളിലായി | 135 നായ്ക്കളെ (ശരാശരി 7 എണ്ണം) | ഗ്രാമ പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. |
| 2022 നവംബർ മാസം, പനയം, പൂതക്കുളം ഗ്രാമ പഞ്ചായത്തുകളിൽ. | സാക്ഷ്യപത്രം ഇല്ല. | ഡോ. ശരത്ത് ബാബു, ഡോ. അഞ്ജു സുനിൽ, ഡോ. അരുൺ ഹരി എന്നിവരുടെ ടീം നടപ്പാക്കിയതിനായി (3 വെറ്ററിനറി ഡോക്ടർമാർക്കും 12 ഡോഗ് ഹാൻഡിലേഴ്സിനും ഒരു സ്വീപ്പർക്കും) 3,44,780/- രൂപ വേതനമിനത്തിൽ നല്കിയിട്ടുണ്ട്. |
| പൂതക്കുളം ഗ്രാമപഞ്ചായത്തിൽ 2022 ഡിസംബർ, ജനവരി മാസങ്ങളിലായി. | സാക്ഷ്യപത്രം ഇല്ല. | ഡോ. ശരത്ത് ബാബു, ഡോ. അരുൺ ഹരി എന്നിവരുടെ ടീം നടപ്പാക്കിയതിനായി (2 വെറ്ററിനറി ഡോക്ടർമാർക്കും 8 ഡോഗ് ഹാൻഡിലേഴ്സിനും) 255670/- രൂപ വേതനമിനത്തിൽ നല്കിയിട്ടുണ്ട്. |
| കൊറ്റങ്കര,പെരിനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ, 2023 മാർച്ച് മാസത്തിൽ . | സാക്ഷ്യപത്രം ഇല്ല | 3 വെറ്ററിനറി ഡോക്ടർമാർക്കും 7ഡോഗ് ഹാൻഡിലേഴ്സിനും 3 ഓപ്പറേഷൻ തിയേറ്റർ അസിസ്റ്റന്റ്, ഒരു സ്വീപ്പർ എന്നിവർക്കായി 1,95,990/-രൂപ (ഡോ. ശരത്ത് ബാബു, ഡോ. രശ്മി. ആർ. ജി, ഡോ. അരുൺ ഹരി എന്നിവരുടെ ടീം) നല്കിയിട്ടുണ്ട് |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണവും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾ വകയിരുത്തിയ തുക, ചെലവഴിച്ച തുക, ജില്ലാപഞ്ചായത്തിലേക്ക് കൈമാറിയ തുക എന്നിവയെ സംബന്ധിച്ച രേഖകളും ഹാജരാക്കുന്നതിനായി എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 13,53,025/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകളും, 2023 സെപ്റ്റംബർ മുതൽ 2023 നവംബർ വരെ പ്രവർത്തിക്കാത്ത ടീമുകൾക്ക് (ഖ. III)വേതനം നൽകിയയിനത്തിലുള്ള തുക തിരികെ ഈടാക്കി അതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 53/5-12-23.

## 1-91 ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങൽ - മരുന്ന വിതരണം സംബന്ധിച്ച രേഖകൾ പരിപാലിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, മൃഗസംരക്ഷണം |
| പ്രോജക്റ്റ് നം. | 789/23- ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങൽ |
| അടങ്കൽ തുക | 10,00,000/-(തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 9,89,114/- |

മേൽ പദ്ധതി പ്രകാരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് 9,89,114/- രൂപയുടെ മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ ടി മരുന്നുകളുടെ വിതരണം (ബൾക്ക് ഇഷ്യൂ) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മരുന്നുകൾ ആർക്ക് നല്കി എന്നതിന്റെ രേഖകളോ (സബ് സ്റ്റോക്ക് രജിസ്റ്റർ) ഓ.പി.രജിസ്റ്ററോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി രേഖകൾ പരിപാലിക്കുന്നില്ലെന്നാണ് ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. ടി രേഖകളില്ലാത്തതിനാൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിന്റെ 9,89,114/- രൂപയുടെ മരുന്ന വാങ്ങലിന്റെ ആവശ്യകത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും കൊല്ലം കോർപ്പറേഷനിലും (സോണലുകളിലുൾപ്പെടെ) മൃഗാശുപത്രികളിലൂടെ മരുന്ന വിതരണം ചെയ്യുന്നുണ്ട്. ഇത് കൂടാതെ ജില്ലയിലെ ക്ഷീരസംഘങ്ങൾ കേന്ദ്രീകരിച്ച് ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ മൊബൈൽ വെറ്ററിനറി ക്ലിനിക്ക് മുഖേന പരിശോധനയും മരുന്ന വിതരണവും നടത്തുന്നുണ്ട്. (മൊബൈൽ വെറ്ററിനറി ക്ലിനിക്കിന് വേണ്ടി തൻവർഷം 3,34,732/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്). 9,89,114/- രൂപയുടെ മരുന്നുകളുടെ വിതരണത്തിന്റെ കൃത്യതയും ആവശ്യകതയും പരിശോധിക്കുന്നതിനായി മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം. 53/5-12-23.

## 1-92 അഗ്രിടെക് ജനറൽ & അഗ്രിടെക് എസ്.സി. - നൂതനപദ്ധതി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, കൃഷി |
| പ്രോജക്റ്റ് നം. | A. 400/23- അഗ്രിടെക് ജനറൽ<br>B. 402/23- അഗ്രിടെക് എസ്.സി |
| അടങ്കൽ തുക | A. 31,64,000/- വികസനഫണ്ട് ജനറൽ<br>B. 9,80,000/- വികസനഫണ്ട് എസ്.സി.പി |
| ചെലവഴിച്ച തുക | A. 23,05,504/-<br>(ബിൽ നം. 1/18-1-23 = 7,17,677/-,<br>ബിൽ നം. 3/21-1-23 = 55,000/-,<br>ബിൽ നം. 5/9-2-23 = 7,80,484/-,<br>ബിൽ നം. 7/10-3-23 = 7,52,343/-)<br>B. 7,79,967/-<br>(ബിൽ നം. 2/18-1-23 = 2,05,000/-, |

| | |
|---|---|
| | ബിൽ നം. 4/21-1-23 = 16,000/-,<br>ബിൽ നം. 6/9-2-23 = 1,98,000/-,<br>ബിൽ നം. 8/18-3-23 = 2,05,217/-,<br>ബിൽ നം. 13/30-3-23 = 1,55,750/-) |

കൊല്ലം ജില്ലാപഞ്ചായത്തിന് കൈമാറ്റം ചെയ്ത ഫാമുകളിലും, കൃഷിഭവൻ, എ.ഡി.എ, പി.എ.ഒ. ഓഫീസുകളിലും നടപ്പിലാക്കുന്ന വിവിധ ബൃഹത് പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ച് പരിശീലനവും അറിവും നല്കുന്നതിനും നടത്തിപ്പിനും പൂർത്തീകരണത്തിനും വേണ്ടി കാർഷിക ബിരുദധാരികളെയും കൃഷി ഡിപ്ലോമ, വി.എച്ച്.എസ്.ഇ യോഗ്യതയുള്ളവരെയും നിയോഗിച്ച് പ്രതിമാസം യഥാക്രമം കാർഷിക ബിരുദധാരികൾക്ക് 15,000/-രൂപയും ഡിപ്ലോമ യോഗ്യതയുള്ളവർക്ക് 10,000/- രൂപയും വി.എച്ച്.എസ്.ഇ യോഗ്യതയുള്ളവർക്ക് 8,000/- രൂപ നിരക്കിലും അനുവദിച്ച് 2 വർഷകാലയളവിലേക്ക് ട്രെയിനികളായി നിയമിക്കുന്നതിനു വേണ്ടി നൂതന പദ്ധതിയായാണ് അഗ്രിടെക് പദ്ധതി അംഗീകരിച്ചിട്ടുള്ളത്. 12/22, 1/23, 2/23 എന്നീ 3 മാസങ്ങളിലെ വേതനം നൽകുന്നതിനായി ജനറൽ വിഭാഗത്തിൽ 23,05,504/- രൂപയും എസ്.സി വിഭാഗത്തിൽ 7,79,967/- രൂപയുമുൾപ്പെടെ രണ്ട് പദ്ധതികളിലുമായി ആകെ 30,85,471/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു;

1. നൂതനമായ ആശയങ്ങൾ, നവീന സാങ്കേതികവിദ്യകൾ, പുതിയ പ്രക്രിയകൾ, പുതിയ നിർവ്വഹണ രീതികൾ, പുതിയപങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചു കൊണ്ടുള്ള വികസനപ്രോജക്ടുകളെയാണ് നൂതന പ്രോജക്ടുകൾ എന്നതു കൊണ്ടുദ്ദേശിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ ഖ.7-2-22-ൽ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിചയം നല്കുന്നത് സംബന്ധിച്ചും യോഗ്യത, സ്റ്റൈപന്റ് എന്നിവ സംബന്ധിച്ചും വിശദീകരിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖ.6.1.16,6.2.27-ലും പട്ടിക ജാതി /പട്ടിക വർഗ്ഗമേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും തൊഴിൽ സാദ്ധ്യതാ കോഴ്സുകൾ പാസ്സായവർക്കും അപ്രന്റിസ്ഷിപ്പ്/ഇന്റേൺഷിപ്പ് പരിശീലനം നല്കുന്നതിന് ജില്ലാപഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ജില്ലാ പട്ടിക ജാതി വികസന ഓഫീസർ 4,14,72,716/- (3,11,02,320+1,03,70,396) രൂപ 2022-23-ൽ ചെലവഴിച്ചിട്ടുണ്ട്. പട്ടിക ജാതി /പട്ടിക വർഗ്ഗമേഖലയിൽ മേൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സർക്കാർ അനുമതിയും യോഗ്യതയും സബ്സിഡി നിരക്കുകളും നിശ്ചയിച്ചിരിക്കെ നൂതന പ്രോജക്ടായി ജനറൽ വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും (ചെലവഴിച്ച തുക യഥാക്രമം 23,05,504/-, 7,79,967/- രൂപ)പുതിയ സബ്സിഡി നിരക്കുകൾ നിശ്ചയിച്ച് പദ്ധതി നടപ്പിലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്നറിയിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ ഖ.8-6-ൽ സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നല്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിരിക്കേയാണ് മേൽ പദ്ധതി വഴി ജനറൽ വിഭാഗത്തിൽ 80 വ്യക്തികൾക്കും എസ്.സി. വിഭാഗത്തിൽ 24 വ്യക്തികൾക്കും നൂതന പദ്ധതിയായി അംഗീകരിച്ച് 3 മാസത്തെ വേതനം/ഓണറേറിയം ഇനത്തിൽ മാത്രം 30,85,471/- രൂപ നല്കിയിട്ടുള്ളത്. ഓണറേറിയമല്ല, സ്റ്റൈപന്റാണ് നൽകിയതെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ ഫണ്ടിന്റെ അലോട്ട്മെന്റ് റിക്വിസിഷനുകളിലും പ്രൊസീഡിങ്ങ്സിലും വേതനം/ഓണറേറിയം നൽകുന്നതിന് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റൈപന്റോടു കൂടി പരിശീലനം നല്കേണ്ടതാർക്കൊക്കെയെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല.

മേൽ പദ്ധതിക്ക് വേണ്ടി ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച് കൈമാറിയ ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കണമെന്നറിയിച്ചതിന് മറുപടിയായി പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രോജക്ട് ആയല്ല അഗ്രിടെക് പ്രോജക്ട് വിഭാവനം ചെയ്തതെന്നും ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപന്റ് നല്കി പരിശിലനം നൽകുന്ന നൂതന പദ്ധതിയായി, യോഗ്യതയുള്ളവരെ പത്രപ്പരസ്യം നല്കി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി നിയമനം നല്കിയെന്നുമാണ് അറിയിച്ചിട്ടുള്ളത്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിചയം നല്കുന്നത് സംബന്ധിച്ചും യോഗ്യത, സ്റ്റൈപന്റ് എന്നിവ സംബന്ധിച്ചും സർക്കാർ അനുമതിയും യോഗ്യതയും നിരക്കുകളും നിശ്ചയിച്ചിരിക്കെ ടി ആശയം നൂതന ആശയമാക്കി നൂതന പ്രോജക്ടായി അംഗീകരിച്ച് ജനറൽ വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും ചെലവഴിച്ച തുകയായ 30,85,471/- രൂപ (യഥാക്രമം 23,05,504/-,7,79,967/- രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-93 സ്കൂളുകളിൽ ടോയ്‌ലറ്റ് കോംപ്ലക്സ് - പദ്ധതി പൂർത്തീകരണം സംബന്ധിച്ച്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ | 662/23 സ്കൂളുകളിൽ ടോയ്‌ലറ്റ് കോംപ്ലക്സ് |
| അടങ്കൽ തുക | 2,00,00,000/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവഴിച്ച തുക | 77,31,813/-<br>(വൗച്ചർ നം. 22202664/24-3-23 തുക – 39,99,375/-,<br>വൗച്ചർ നം. 22203133/31-3-23 തുക – 37,32,438/-) |

ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്ന മേൽ പദ്ധതിക്കായി തൻവർഷം 77,31,813/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഹാബിറ്റാറ്റ് മുഖേന ഡെപ്പോസിറ്റ് വർക്കായാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണത്തിനായി ഹാബിറ്റാറ്റ് ഹാജരാക്കിയിട്ടുള്ള എസ്റ്റിമേറ്റുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമനം | സ്കൂളിന്റെ പേര് | തുക |
|---|---|---|
| 1 | അച്ചൻകോവിൽ ഗേൾസ്&ബോയ്സ് | 51,41,175/- |
| 2 | ജി.എച്ച്.എസ്.എസ്,കുളക്കട | 24,31,000/- |
| 3 | ജി.എച്ച്.എസ്.എസ്.ശൂരനാട് | 24,31,000/- |
| 4 | വെസ്റ്റ് കല്ലട ജി.എച്ച്.എസ്.എസ്. | 27,59,700/- |
| 5 | ജി.എച്ച്.എസ്.എസ്,ഏരൂർ | 26,38,000/- |
| 6 | ജി.എച്ച്.എസ്.എസ്,തൊടിയൂർ | 24,31,000/- |
| 7 | ഓച്ചിറ ജി.എച്ച്.എസ്.എസ്. | 21,65,000/- |
| | ആകെ | 1,99,96,875/- |

എസ്റ്റിമേറ്റ് തുകയുടെ 20% ആയ 39,99,375/- രൂപയും ഫസ്റ്റ് പാർട്ട് ബിൽ തുകയായ 37,32,438/- രൂപയുമുൾപ്പെടെ 77,31,813/- രൂപ ഹാബിറ്റാറ്റിന് നൽകിയിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നതിനാൽ പ്രവർത്തികൾ പൂർത്തീകരിച്ച് ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

## 1-94 ജില്ലാ പഞ്ചായത്തിന് കീഴിലെ മിനി വ്യവസായ എസ്റ്റേറ്റുകൾ- അവലോകനം

1. ആമുഖം

1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്, 173-ാം വകുപ്പ് 1-ാം ഉപവകുപ്പ്- ലെ അഞ്ചാം പട്ടിക പ്രകാരം ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക, ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, വ്യവസായ സംരംഭ വികസന പരിപാടികൾ നടത്തുക എന്നിവ ജില്ലാ പഞ്ചായത്തുകളുടെ ചുമതലയിൽപെട്ടതാണ്. ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും അവ കുറഞ്ഞ നിരക്കിൽ സംരംഭകർക്ക് ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലാ പഞ്ചായത്തിന്റെ വിവിധ വാർഷിക പദ്ധതികളിലുൾപ്പെടുത്തി ത്രിതല പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. വ്യവസായ എസ്റ്റേറ്റിലെ ഷെഡുകൾ വാടകയ്ക്ക് നൽകുന്നത് വഴി ഇവ വാടകയിനത്തിൽ ജില്ലാ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ് കൂടിയാണ് . ജില്ലാ വ്യവസായ കേന്ദ്രം മാനേജർക്കാണ് മിനി വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണ, പരിപാലന ചുമതല.

2. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള മിനി വ്യവസായ എസ്റ്റേറ്റുകളുടെ വിശദാംശം

എ. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മിനി വ്യവസായ എസ്റ്റേറ്റുകൾ

| ക്രമ | മിനി | വിഭാഗം | ഷെഡുകളുടെ | അനുവദിച്ചിട്ടുള്ള | പ്രവർത്തിക്കുന്നവ | റിമാർക്സ് |
|---|---|---|---|---|---|---|

| നം. | വ്യവസായ എസ്റ്റേറ്റ് | | എണ്ണം | യൂണിറ്റുകൾ | | |
|---|---|---|---|---|---|---|
| 1. | പൂയപ്പള്ളി | ജനറൽ | 10 | 10 | 7 | |
| 2. | നിലമേൽ | ജനറൽ | 8 | 8 | 6 | |
| 3. | തലവൂർ | ജനറൽ | 10 | 10 | 7 | |
| 4. | പിറവന്തൂർ | ജനറൽ | 10 | 10 | 10 | |
| 5. | കരവാളൂർ | ജനറൽ | 10 | 10 | 10 | |
| 6. | കരീപ്ര | എസ്.സി.വനിത | 10 | 3 | 3 | |
| 7. | കരീപ്ര | ജനറൽ വനിത | 8 | 6 | 4 | |
| 8. | പത്തനാപുരം | എസ്.സി. വനിത | 10 | 1 | 1 | |
| 9. | കർബല | കടമുറികൾമാത്രം(എസ്.സി) | 8 | 8 | 7 | |
| | ആകെ | | 84 | 66 | 55 | |

ബി. നിർമ്മാണ ഘട്ടത്തിലുള്ള മിനി വ്യവസായ എസ്റ്റേറ്റുകൾ

1) പത്തനാപുരം- ജനറൽ വനിത

2) പിറവന്തൂർ - എസ്.സി. വനിത

3) ഇട്ടിവ- ജനറൽ, എസ്.സി. വനിത

സി. ഭൂമി വാങ്ങിയെങ്കിലും നിർമ്മാണം ആരംഭിക്കാത്ത മിനി വ്യവസായ എസ്റ്റേറ്റുകൾ

1) കുന്നത്തൂർ - എസ്.സി. വനിത

2) കല്ലുവാതുക്കൽ - ജനറൽ

3. സംരംഭകർക്ക് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച്

നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായ എസ്റ്റേറ്റുകളിൽ പൂയപ്പള്ളി(ജനറൽ), തലവൂർ(ജനറൽ), പിറവന്തൂർ(ജനറൽ), കരവാളൂർ(ജനറൽ) എന്നിവ അതത് ഗ്രാമപഞ്ചായത്തുകളുടേയും നിലമേൽ(ജനറൽ) ബ്ലോക്ക് പഞ്ചായത്തിന്റേയും(ചടയമംഗലം) ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. കരീപ്ര(ജനറൽ&എസ്.സി. വനിത), പത്തനാപുരം(എസ്.സി. വനിത), കർബല(എസ്.സി.) എന്നിവ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ്. മിനി വ്യവസായ എസ്റ്റേറ്റുകളിലെ ഷെഡുകൾ സംരംഭകർക്ക് അനുവദിക്കുന്നത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ്. കരാർ വ്യവസ്ഥകളും വാടക നിരക്കും കാലാകാലങ്ങളിൽ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം നിശ്ചയിക്കുന്നു. സ്ക്വയർ ഫീറ്റ് നിരക്കിൽ നിശ്ചയിക്കുന്ന വാടക തുടർന്ന് 10% വാർഷിക വർദ്ധനയോടെ പുതുക്കാവുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത വ്യവസായ എസ്റ്റേറ്റുകളുടെ കാര്യത്തിൽ അതാത് ഗ്രാമ /ബ്ലോക്ക് പഞ്ചായത്തുകൾ വാടക പിരിച്ച് നിശ്ചിത ശതമാനം (60%) തുക ജില്ലാ പഞ്ചായത്തിൽ ഒടുക്കുവരുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. വാടക കുടിശ്ശിക

ഓരോ എസ്റ്റേറ്റിലേയും ഷെഡുകളുടെ അളവിന്റെ സ്ക്വയർ ഫീറ്റ് തിരിച്ചുള്ള കണക്ക്, വാടക നിരക്ക്, എഗ്രിമെന്റ്, പുതുക്കിയ എഗ്രിമെന്റ് എന്നിവ ജില്ലാ പഞ്ചായത്തിൽ ലഭ്യമല്ല. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ഒടുക്കുന്ന വാടകതുകയുടെ നിശ്ചിത വിഹിതം ജില്ലാ പഞ്ചായത്തിൽ യഥാസമയം ലഭ്യമാകുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാനുള്ള സംവിധാനം നിലവിലില്ല. ഓരോ വർഷത്തേയും കുടിശ്ശിക സംബന്ധിച്ച് ഷെഡുകൾ തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വരവ് വരുന്ന തുകകൾ ഏത് വർഷത്തേതാണെന്ന് കണ്ടെത്തി അതാത് വർഷത്തെ കുടിശ്ശികയിൽ കുറവ് വരുത്താൻ കഴിയുന്നില്ല. സംരംഭം തുടങ്ങാതിരിക്കുകയോ വാടക കുടിശിക വരുത്തുകയോ എഗ്രിമെന്റ് പുതുക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ ഷെഡുകൾ ഒഴിപ്പിച്ച് പുതിയ സംരംഭകർക്ക് നൽകുന്നില്ല. മൂന്ന് മാസത്തിൽ കൂടുതൽ വാടക കുടിശിക ഉണ്ടായാൽ കടമുറി മുന്നറിയിപ്പ് കൂടാതെ തിരിച്ചെടുക്കുന്നതിനും കുടിശിക റെവന്യൂ റെക്കവറി അടക്കമുള്ള മാർഗങ്ങളിലൂടെ ഈടാക്കുന്നതിനും കരാറിൽ വ്യവസ്ഥ ഉണ്ടായിരിക്കെയാണിത്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷം വരെ മിനി വ്യവസായ എസ്റ്റേറ്റുകളിൽ നിന്നും 33.63 ലക്ഷം രൂപ വാടകയിനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു.

നിലവിൽ പ്രവർത്തിക്കുന്ന മിനി വ്യവസായ എസ്റ്റേറ്റുകളിലെ ആകെയുള്ള 84 ഷെഡുകളിൽ 29 എണ്ണം ഒഴിഞ്ഞുകിടക്കുന്നതായാണ് കാണുന്നത്. അനുവദിച്ച് നൽകിയ 11 ഷെഡുകളിൽ യൂണിറ്റുകൾ ആരംഭിച്ചിട്ടില്ല. പ്ലാസ്റ്റിക് ഉൽപന്ന നിർമ്മാണം, തടി അധിഷ്ഠിത ഉൽപന്ന നിർമ്മാണം, സിമെന്റ്, ഫുഡ് പ്രോസസിംഗ്, ഓർഗാനിക് ഫെർട്ടിലൈസർ നിർമ്മാണം, പ്രന്റിംഗ് & ഡിസൈനിംഗ്, എഞ്ചിനീയറിംഗ്, പേപ്പർ, റെഡിമെയ്ഡ് ഗാർമെന്റ്സ്, ചൂരൽ ഫർണിച്ചർ തുടങ്ങിയ യൂണിറ്റുകളാണ് പ്രധാനമായും പ്രവർത്തിക്കുന്നത്.

5. അടിസ്ഥാന സൗകര്യ മൊരുക്കൽ - കെ.എസ്.എച്ച്.ബി.യിൽ നിക്ഷേപിച്ച തുക യുടെ വിവരം

വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണത്തിനും അടിസ്ഥാന സൌകര്യ വികസനത്തിനുമായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തി വരുന്നത്. വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ നിർമ്മാണ പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്ക് രീതിയിൽ നിർവ്വഹിക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് തുകകൾ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുകയോ അന്തിമ ബില്ലും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കെട്ടിടങ്ങളും അനുബന്ധസൗകര്യങ്ങളും നിർമ്മിച്ച് വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് സംരംഭകർക്ക് വാടകയ്ക്ക് നൽകുന്നതിനുള്ളതാണ് ഈ പ്രോജക്ടുകൾ. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ സംരംഭങ്ങൾ തുടങ്ങുന്നതിന് കാലതാമസം നേരിടുകയും വികസനഫണ്ടിന്റെ ഫലപ്രദമായ വിനിയോഗം സാധ്യമാകാതെ വരികയും ചെയ്യുന്നു. കൂടാതെ വാടകയിനത്തിൽ ജില്ല പഞ്ചാത്തിന് ലഭിക്കേണ്ട വരുമാനം ഇതുവഴി കുറയുകയും ചെയ്യുന്നു.

വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണത്തിനും അടിസ്ഥാന സൌകര്യ വികസനത്തിനുമായി 2020-21 മുതൽ 2022-23 വരെ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി കെ.എസ്.എച്ച്.ബി.ക്ക് നൽകിയ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പ്രോജക്ട് നം./വർഷം | കെ.എസ്.എച്ച്.ബി.യിൽ നിക്ഷേപിച്ച തുക(ലക്ഷത്തിൽ) | തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | കരീപ്ര മിനി വ്യവസായ എസ്റ്റേറ്റിൽ ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ലൈ, സാനിറ്റേഷൻ | 688/21(സ്പിൽ ഓവർ) | 26.84 | 12.5.2020 | |
| 2. | കരീപ്ര മിനി വ്യവസായ എസ്റ്റേറ്റിൽ പുതിയ കെട്ടിട നിർമ്മാണം | -ടി- | 91.73 | 12.5.2020 | |
| 3. | പത്തനാപുരം മിനി വ്യവസായ എസ്റ്റേറ്റിൽ പുതിയ കെട്ടിട നിർമ്മാണം | -ടി- | 98.00 | 12.5.2020 | |
| 4. | പത്തനാപുരം മിനി വ്യവസായ എസ്റ്റേറ്റിൽ ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ലൈ, സാനിറ്റേഷൻ | -ടി- | 43.42 | 12.5.2020 | |
| 5. | കരീപ്ര മിനി വ്യവസായ എസ്റ്റേറ്റിൽ ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ലൈ, സാനിറ്റേഷൻ | 715/21(സ്പിൽ ഓവർ) | 26.85 | 12.5.2020 | |
| 6. | കരീപ്ര മിനി വ്യവസായ എസ്റ്റേറ്റിൽ പുതിയ കെട്ടിട നിർമ്മാണം | -ടി- | 91.73 | 12.5.2020 | |
| 7. | പത്തനാപുരം മിനി വ്യവസായ എസ്റ്റേറ്റിൽ പുതിയ കെട്ടിട നിർമ്മാണം | -ടി- | 23.68 | 12.5.2020 | |
| 8. | വനിത വ്യവസായ സംരംഭത്തിനായി വാങ്ങുന്ന ഭൂമിയിൽ അടിസ്ഥാനസൗകര്യങ്ങൾ(എസ്.സി.) | 605/21(സ്പിൽ ഓവർ) | 383.80 | - | 2018-19, 2019-20 വർഷങ്ങളിലെ സമാന പ്രോജക്ടുകളിലേതുൾപ്പെടെ. |

| | | | | | |
|---|---|---|---|---|---|
| 9. | തലവൂർ, പിറവന്തൂർ, കരവാളൂർ, പൂയപ്പള്ളി മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ. | 686/21(സ്പിൽ ഓവർ) | 26.55 | 12.5.2020 | |
| 10. | കരീപ്ര പട്ടികജാതി വനിത വ്യവസായ എസ്റ്റേറ്റിൽ ഭൂവികസന പ്രവൃത്തികൾ, റീടെയിനിംഗ് വാൾ, കോൺക്രീറ്റ് റോഡ്, ഷെഡ്, ടോയ് ലറ്റ് എന്നിവയുടെ നിർമ്മാണം. | 137/21 | 99.80 | 25.3.2021 | |
| 11. | കർബല വ്യവസായ ഷെഡിന് മേൽക്കൂര | 775/22 | 20.00 | 3.12.2021 | |
| 12. | കരീപ്ര, പത്തനാപുരം വനിതാ വ്യവസായ എസ്റ്റേറ്റുകൾക്ക് പശ്ചാത്തല സൗകര്യ വികസനം | 166/22 | 14.50 | 24.3.2022 | |
| 13. | ഗ്രാമ പഞ്ചായത്തുമായി ചേർന്ന് മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ(ഇട്ടിവ) | 809/22 | 109.25 | 31.3.2022 | |
| 14. | ഇട്ടിവ ഗ്രാമ പഞ്ചായത്തിൽ ആരംഭിക്കുന്ന മിനി വ്യവസായ എസ്റ്റേറ്റിന് കെട്ടിട നിർമ്മാണവും മറ്റ് അടിസ്ഥാന സൌകര്യവും. | 840/22 | 49.92 | 31.3.2022 | |
| 15. | പത്തനാപുരം വനിതാ വ്യവസായ എസ്റ്റേറ്റിന് അടിസ്ഥാന സൌകര്യം ഒരുക്കൽ. | 843/22 | 32.90 | 24.3.2022 | |
| 16. | പത്തനാപുരം വനിതാ വ്യവസായ എസ്റ്റേറ്റിന് അടിസ്ഥാന സൌകര്യം ഒരുക്കൽ. | 370/22 | 50.00 | 26.2.2022 | |
| 17. | പിറവന്തൂർ വ്യവസായ എസ്റ്റേറ്റിന് കെട്ടിട നിർമ്മാണവും മറ്റ് അടിസ്ഥാന സൌകര്യവും. | 311/23 | 99.93 | 14.11.2022 | |
| 18. | തലവൂർ, നിലമേൽ മിനി വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൌകര്യ വികസനം. | 310/23 | 25.00 | 25.2.2023 | |
| | ആകെ | | 1313.90 | | |

മേൽ സൂചിപ്പിച്ചവയിൽ 2022-23 സാമ്പത്തിക വർഷത്തേതൊഴികെയുള്ള ഒട്ടുമിക്ക പ്രവൃത്തികളും പൂർത്തിയായിട്ടുള്ളതായും പൂർത്തീകരണ സാക്ഷ്യപത്രം കെ.എസ്.എച്ച്.ബി.യിൽ നിന്നും ലഭ്യമായിട്ടില്ലെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കാണുന്നു. എന്നാൽ കെ.എസ്.എച്ച്.ബി.യിൽ നിന്നും ടി പ്രവൃത്തികളുടെ അന്തിമ ബില്ല് ലഭിക്കാത്തതിനാൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തികളുടെയും ചെയ്യാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെയും യഥാർത്ഥ ചെലവുകളുടെയും വിവരങ്ങൾ ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

6. <u>നിയന്ത്രണം</u>

ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്ന വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് കാര്യക്ഷമമായ ഒരു സംവിധാനം ഇല്ലെന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. സംരംഭകർ വാടകയ്ക്കെടുത്ത ഷെഡിൽ പഞ്ചായത്തിന്റെ അനുമതിയില്ലാത്ത അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ കാണുന്നു. ഒഴിഞ്ഞുകിടക്കുന്നതും സംരംഭങ്ങൾ പ്രവർത്തിക്കാത്തതുമായ വ്യവസായ ഷെഡുകൾ കണ്ടെത്തി വാടകയ്ക്ക് നൽകുകയും യഥാസമയം കരാർ പുതുക്കുകയും വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുകയും ചെയ്യുന്നതിലൂടെ വ്യവസായ എസ്റ്റേറ്റുകൾക്കുമേൽ ഫലപ്രദമായ നിയന്ത്രണം ഏർപ്പെടുത്താൻ

കഴിയും. വ്യവസായ ഷെഡുകളോട് ചേർന്ന് വാടകക്കാർ അനധികൃത നിർമ്മാണം നടത്തുന്നില്ലെന്നും കരാർ പ്രകാരമുള്ള സംരംഭങ്ങൾ തന്നെയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതുമുണ്ട്.




പൂയപ്പള്ളി മിനി വ്യവസായ എസ്റ്റേറ്റിൽ ഷെഡിനോട് ചേർന്ന് നടത്തിയ അനധികൃത നിർമ്മാണങ്ങൾ



പൂയപ്പള്ളി മിനി വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കാതെ കിടക്കുന്ന ഷെഡുകളിലൊന്ന്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്ന് നിറയ്ക്കൽ - ഉയർന്ന നിരക്ക് നൽകി.

പ്രോജക്ട് നം. : 615/23
പേര് : ആലപ്പാട് അഴീക്കൽ ഗവ. എച്ച്.എസ്.എസ്. മെയിന്റനൻസ്
നിർവ്വഹണോദ്യോഗസ്ഥൻ: അസി. എക്സി. എഞ്ചിനീയർ
അടങ്കൽ : 12,00,000/-
ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് റോഡിതരം
സാങ്കേതികാനുമതി: നം. 15783/2022/10.8.2022
കരാറുകാരൻ: ശ്രീ. നിയാസ്
ക്വോട്ട് ചെയ്ത തുക: 8,42,082/- രൂപ (9.6%കുറവ്)
കരാർ നം. : 39/DEE/22-23/22.10.2022
ചെലവ് : 9,31,726/-
ബിൽ നം. : 56/22-23/30.3.2023

ടി പ്രോജക്ട് പ്രകാരം അഴീക്കൽ ഗവ. എച്ച്.എസ്.എസ്. മെയിന്റനൻസിന്റെ ഭാഗമായി എസ്റ്റിമേറ്റിലെ ഇനം നം. 25 പ്രകാരം കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്ന് നിറയ്ക്കുന്ന പ്രവൃത്തി 165.738 ക്യൂബിക് മീറ്റർ ചെയ്തിട്ടുണ്ട്. ഈയിനത്തിൽ ക്യൂബിക് മീറ്ററിന് 535.72/- രൂപ നിരക്കിൽ (ഡി.എസ്.ആർ.കോഡ് 50.2.25.1, കോസ്റ്റ് ഇൻഡക്സ്-138.14) കരാറുകാരൻ ക്വോട്ട് ചെയ്ത 506/- രൂപയിൽ നിജപ്പെടുത്തി 165.738 ക്യൂബിക് മീറ്റർ മണ്ണിന് 83,863/- രൂപ നൽകിയിട്ടുണ്ട് (ഇ-എം.ബുക്ക് ഇനം നം.21). ഇടുങ്ങിയ കുഴികൾ, ഫൗണ്ടേഷന്റെ വശങ്ങൾ എന്നിവിടങ്ങളിൽ മണ്ണ് നിറയ്ക്കുന്നതിന് നൽകേണ്ട ഉയർന്ന നിരക്കാണ് ഇവിടെ നൽകിയിരിക്കുന്നത്. എന്നാൽ സ്കൂളിന്റെ താഴ്ന്ന് കിടക്കുന്ന ഗ്രൗണ്ട് ഏകദേശം 50 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും മണ്ണിട്ട് ഉയർത്തുന്നതിന് വേണ്ടിയുള്ള മണ്ണ് നിറയ്ക്കലാണ് നടത്തിയിട്ടുള്ളത്. ഇതിന് അനുവദനീയമായത് ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലിന് ഡി.എസ്.ആർ.കോഡ് 50.2.26.1 പ്രകാരമുള്ള ക്യൂബിക് മീറ്ററിന് 301.08/- എന്ന നിരക്കാണ്.

ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

അനുവദിച്ച് നൽകിയ തുക : 165.738x506= 83,863/-

അനുവദനീയമായ നിരക്ക് : 272.18 (ക്വോട്ട് ചെയ്ത 9.6% കുറവ് നിരക്കിൽ നിജപ്പെടുത്തിയത്)

അനുവദനീയമായ തുക : 165.738x272.18 = 45,111/-

അധികം നൽകിയത് : 38,752/-

ഉയർന്ന നിരക്ക് നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 38,752/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 24/3.11.2023

## 3-2 കോവിഡനന്തരം കാമധേനു സാന്ത്വന സ്പർശം (നൂതന പദ്ധതി) - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫാം സൂപ്രണ്ട്, കുരിയോട്ടുമല ഹൈടെക്ക് ഡയറി ഫാം |
| പ്രോജക്ട് നം | 195/23 കോവിഡനന്തരം കാമധേനു സാന്ത്വന സ്പർശം (നൂതന പദ്ധതി) |
| അടങ്കൽ തുക | 1,17,00,000/- (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 86,25,000/-<br>(I)ചെക്ക് നം7729824/14-10-22, രൂ-21,00,000/-,<br>(Ii)ചെക്ക് നം7897946/14-10-22, രൂ-19,50,000/-,<br>(Iii)ചെക്ക് നം445522/8-3-23, രൂ-21,00,000/-,<br>(Iv)ചെക്ക് നം445534/13-3-23, രൂ-22,50,000/-,<br>(V)ചെക്ക് നം575233/30-3-23, രൂ-2,25,000/-) |

കോവിഡ് മൂലം ഭാര്യ/ഭർത്താവ് മരണപ്പെട്ടവർക്ക് 75,000/- രൂപ വിലയുള്ള പ്രസവിച്ച ഒരു പശുവിനെയും അതിന്റെ ഒരു കുട്ടിയേയും പൂർണ്ണസബ്സിഡിയിൽ നല്കുന്നതാണ് പദ്ധതി. 26 ഡിവിഷനുകളിലുമായി (ഗ്രാമസഭാ ലിസ്റ്റിലുൾപ്പെട്ട 156 പേർക്ക് (@75000/-) ആനുകൂല്യം നല്കുന്നതിനാണ് 1,17,00,000-/- വകയിരുത്തിയിട്ടുള്ളത്. 2021-22ൽ നൂതന പദ്ധതിയായി അംഗീകാരം ലഭിച്ച മേൽ പദ്ധതി വഴി 2021-22ൽ 40 ഗുണഭോക്താക്കൾക്കും 2022-23ൽ 75 ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കിയിട്ടുണ്ട് (2021-22 ലെ തുകയും കൂടി ഉൾപ്പെട്ടതാണ് സുലേഖസ്റ്റേറ്റ്മെന്റിൽ ചെലവായി ചേർത്തിട്ടുള്ളത് , 2021-22ൽ ചെലവ് കാണിച്ചിട്ടില്ല). പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു;

1. പദ്ധതി മാനദണ്ഡ പ്രകാരം അർഹതയില്ലാത്ത വ്യക്തിക്ക് രണ്ട് തവണ ആനുകൂല്യം നല്കി .

ഭാര്യ/ഭർത്താവ് മരണപ്പെട്ടവർക്ക് 75000/- രൂപ മതിപ്പ് വിലയുള്ള പ്രസവിച്ച ഒരു പശുവിനെയും അതിന്റെ ഒരു കുട്ടിയേയും പൂർണ്ണസബ്സിഡിയിൽ നല്കുന്നതിനാണ് നൂതന പദ്ധതിയായി അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ ശ്രീമതി.ലത്തീഫാബീവി(W/0 ബഷീർ)തെക്കതിൽ വീട്, ദർപ്പക്കാട് എന്ന വ്യക്തിക്ക് മകൾ ബുഷറ കോവിഡ് മൂലം മരിച്ചതിന്റെ സർട്ടിഫിക്കറ്റ് പ്രകാരം 2021-22ലും (അപേക്ഷാ നം 31) 2022-23ലും (അപേക്ഷാ നം 103) 75000/-രൂപ വിലയുള്ള പശുവിനേയും കുട്ടിയേയും രണ്ട് തവണ നല്കിയിരിക്കുന്നു. രണ്ട് അപേക്ഷകളിലും ഭർത്താവ് മരിച്ചതായാണ് അപേക്ഷക രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി മാനദണ്ഡ പ്രകാരം ആനുകൂല്യത്തിന്

അർഹതയില്ലാത്ത ടി വ്യക്തിക്ക് രണ്ട് തവണ ആനുകൂല്യം നല്കിയത് വഴി 150000/-രൂപവിലയുള്ള ആസ്തി അനധികൃതമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാനദണ്ഡങ്ങൾക്കു വിരുദ്ധമായി ആനുകൂല്യം അനുവദിച്ചത് മൂലം നഷ്ടം വന്ന 1,50,000/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

2. അമ്മ മരിച്ചതിന് മകന് ആനുകൂല്യം നല്കി.

സാവിത്രിയമ്മ, വിഷ്ണുഭവനം മഞ്ഞക്കാല, പറങ്കിമാംമുകൾ എന്ന വ്യക്തി കോവിഡ് മൂലം മരണപ്പെട്ടെങ്കിലും ടിയാളുടെ മകൻ അനിൽകുമാർ പദ്ധതിമാനദണ്ഡ പ്രകാരം ആനുകൂല്യത്തിന് അർഹതയില്ലായിരുന്നു (ഭർത്താവ് മരിച്ചാൽ ഭാര്യയ്ക്ക്/ഭാര്യ മരിച്ചാൽ ഭർത്താവിന്). എന്നാൽ ടിയാളുടെ മകൻ അനിൽകുമാറിന് 75000/-രൂപയുടെ പശുവിനെയും കുട്ടിയേയും നല്കി. നൂതന പദ്ധതി അംഗീകാരമാനദണ്ഡപ്രകാരം അർഹതയില്ലാത്തവർക്ക് ആനുകൂല്യം നല്കുന്നതിന് ചെലവഴിച്ച ആസ്തി മൂല്യമായ 75,000/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

3. മകൻ മരിച്ചതിന് പിതാവിന് ആനുകൂല്യം നല്കി.

ബാബു.കെ, ബോബവിലാസം, കലയപുരം പി.ഒ എന്ന വ്യക്തിയുടെ മകൻ ബിനു മരിച്ചതിന് പിതാവിന് 75000/- രൂപയുടെ പശുവിനെയും കുട്ടിയേയും പദ്ധതിമാനദണ്ഡങ്ങൾ ലംഘിച്ച് നല്കി. നൂതന പദ്ധതി അംഗീകാരമാനദണ്ഡപ്രകാരം അർഹതയില്ലാത്തവർക്ക് ആനുകൂല്യം നല്കുന്നതിന് ചെലവഴിച്ച ആസ്തി മൂല്യമായ 75,000/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

4. കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം നല്കി.

ചുവടെ ചേർക്കുന്ന വ്യക്തികളുടെ അപേക്ഷകളിൽ, മരണപ്പെട്ടവരുടെ കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.

| | ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയുടെ പേര് | മരണപ്പെട്ട വ്യക്തിയുടെ പേര് |
|---|---|---|
| 1 | ബാബു. എൻ, തടത്തിൽ പുത്തൻവീട്, കരുകോൺ, ചണ്ണപ്പേട്ട | സുലജ |
| 2 | കമല, കൊച്ചുകളീക്കൽതറയിൽ, കുതിരപ്പന്തി.പി.ഒ, തഴവ | പ്രശാന്തൻ |
| 3 | വിശ്വനാഥൻനായർ, വിനോദ്ഭവനം, മാവേലി, പന്മന | ആനന്ദവല്ലി |
| 4 | ബിന്ദു. എസ്. എം, പ്രീതി നിവാസ്, പെരിങ്ങാട് | പ്രകാശ് |
| 5 | സജിത, സജിത മൻസിൽ, അലയമൺ | ജലീൽ |

ടി രേഖകൾ ഹാജരാക്കുന്നത് വരെ മേൽ വ്യക്തികൾക്ക് ആനുകൂല്യം നല്കിയ ഇനത്തിലുള്ള ആസ്തി മൂല്യമായ 3,75,000/-രൂപ (75000x5) രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5. ഹാജരാക്കിയ രേഖകളിൽ അവ്യക്തത.

ഷെറഫുദ്ദീൻ. എം, സെയ്ദലിമൻസിൽ, മയ്യനാട് (71 വയസ്സ്) ഭാര്യ മരണപ്പെട്ടതായി അപേക്ഷ നല്കി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാൾ ഹാജരാക്കിയ കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റിൽ ലൈലാബീവി, 25 വയസ്സ്, സഫീർമൻസിൽ, മയ്യനാട് പി.ഒ, കൊല്ലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷയിൽ അവ്യക്തത ഉള്ളതിനാൽ കൃത്യമായ രേഖകൾ ഹാജരാക്കുന്നത് വരെ ആനുകൂല്യം നല്കുന്നതിന് ചെലവഴിച്ച തുകയായ 75,000/-രൂപ (ആസ്തി മൂല്യം) തടസ്സപ്പെടുത്തുന്നു.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

എൻക്വയറി നം. 43/22-11-23

## 3-3 റിട്ടയർ ചെയ്ത ഫാം സൂപ്രണ്ടിനെ ചട്ടവിരുദ്ധമായി ടൂറിസം ഫെസിലിറ്റേറ്ററായി നിയമിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫാം സൂപ്രണ്ട്, കുരിയോട്ടുമല ഹൈടെക്ക് ഡയറി ഫാം |
| പ്രോജക്റ്റ് നമ്പർ | 248/23 ഫാമിലെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കോൺട്രാക്ടുകൾ |
| അടങ്കൽ തുക | 40,00,000/- |

<table>
<tr><td></td><td>(വികസനഫണ്ട് 35,50,674/-, തനത്ഫണ്ട് 449326/-)</td></tr>
<tr><td>ചെലവഴിച്ച തുക</td><td>3999624/-<br>(വികസനഫണ്ട് രൂ- 35,50,674/-, തനത്ഫണ്ട് രൂ-4,48,950/- (വേതനം നൽകുന്നതിന് ചെലവഴിച്ച തുക രൂ-388535/-
<table>
<tr><td>റിക്വസ്റ്റ് നം./ തീയതി</td><td>നല്കിയ വേതനം</td></tr>
<tr><td>ജൂൺ 22 (3/5-9-22)</td><td>36375/-</td></tr>
<tr><td>ജൂലൈ 22 (3/5-9-22)</td><td>44,020/-</td></tr>
<tr><td>ഓഗസ്റ്റ് 22 (6/26-9-22)</td><td>44,020/-</td></tr>
<tr><td>സെപ്റ്റംബർ 22 (8/14-10-22)</td><td>44,020/-</td></tr>
<tr><td>ഒക്ടോബർ 22 (10/5-11-22)</td><td>44020/-</td></tr>
<tr><td>നവംബർ 22 (14/5-12-23)</td><td>44,020/-</td></tr>
<tr><td>ഡിസംബർ 22 (17/9-1-23)</td><td>44,020/-</td></tr>
<tr><td>ജനവരി 23 (18/1-2-23)</td><td>44,020/-</td></tr>
<tr><td>ഫെബ്രുവരി 23 (21/6-3-23)</td><td>44020/-</td></tr>
<tr><td></td><td>388535/-</td></tr>
</table>
</td></tr>
</table>

31 -5 -22- ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഫാം സൂപ്രണ്ടിനെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 27-5-22ലെ തീരുമാനം 2 (3) പ്രകാരം 1-6 -22 മുതൽ ടൂറിസം ഫെസിലിറ്റേറ്റർ എന്ന നിലയിൽ നിയമിക്കുകയും 6/22 മുതൽ 3/23 വരെ പ്രതിമാസം 44,020/- രൂപ നിരക്കിൽ വേതനം നൽകുകയും ചെയ്തിട്ടുണ്ട്. ഫാമിലെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കോൺട്രാക്ടുകൾ എന്ന പ്രോജക്ടിൽ നിന്നാണ് ടി തുക ചെലവഴിച്ചിട്ടുള്ളത് .

കരിയോട്ടുമല ഫാമിനെ സംസ്ഥാനത്തെ മികച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നാക്കി മാറ്റുന്നതിനായുള്ള ഫാംടൂറിസം പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഫാം സൂപ്രണ്ടിന്റെ മേൽ നോട്ടത്തിൽ പുരോഗമിക്കുകയാണെന്നും ടിയാൻ 31-5-22ൽ വിരമിക്കുന്നതിനാൽ ടി പ്രവർത്തനങ്ങൾ പാതിവഴിയിൽ മുടങ്ങാതിരിക്കാൻ ടിയാനെ 1-6-22 മുതൽ ടൂറിസം ഫെസിലിറ്റേറ്ററായി നിയമിക്കുന്നതായാണ് 27-5-22ലെ കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നിയമനം സംബന്ധിച്ച സർക്കാർ അനുമതിയോ ടിയാളുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളോ, അറ്റൻഡൻസോ, ടിയാൾ ചെയ്ത പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഫാമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഫാം ടൂറിസം ഉൾപ്പെടെയുള്ള അംഗീകരിച്ച പ്രോജക്ടുകളും തുടർച്ചയായി നടപ്പിലാക്കുന്നതിന് വേണ്ടി ഫാം സൂപ്രണ്ടും മറ്റ് വെറ്ററിനറി സർജന്മാരും ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥരും ഉണ്ടായിരിക്കെ ഇത്തരത്തിൽ നിയമനം നടത്തിയത് എപ്രകാരമാണെന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥലം മാറ്റം മൂലമോ അവധി മൂലമോ മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ സേവനം ഉടനെ വിട്ടുകിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചുകൊണ്ട്, ആ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിച്ചില്ലെങ്കിൽ കരാറടിസ്ഥാനത്തിലോ മറ്റൊരാളെ ആറ് മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താല്ക്കാലികമായി നിയമിക്കുന്നതിനാണ് 1997ലെകേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങൾ (ചട്ടം3(8)പ്രകാരം അനുമതിയുള്ളത്. എന്നാൽ റിട്ടയർമെന്റ് വേക്കൻസിയിൽ പുതിയ ഫാം സൂപ്രണ്ട് ചാർജ്ജെടുത്തിട്ടുള്ളതിനാൽ ഫാമിലെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടത് പുതുതായി ചാർജ്ജെടുത്ത ഫാം സൂപ്രണ്ടിന്റെ ചുമതലയാണ്. പദ്ധതികളുടെ തുടർ നടത്തിപ്പിനായി റിട്ടയർ ചെയ്ത ഫാം സൂപ്രണ്ടിനെ നിയമിക്കേണ്ട ആവശ്യമില്ലാത്തതിനാൽ ടി നിയമനം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചട്ടവിരുദ്ധമായി നിയമനം നടത്തി അനാവശ്യമായി ചെലവഴിച്ച 388535/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 38/22-11-23.

3-4 ലൈവ് ഫിഷ് മാർക്കറ്റുകൾ-അനവദനീയമല്ലാത്ത ഇനത്തിന് സബ്സിഡി നല്കി - മതിയായ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, ഫിഷറീസ് |
| പ്രോജക്ട് നം. | 346/23- ലൈവ് ഫിഷ് മാർക്കറ്റുകൾ. |
| അടങ്കൽ തുക | 12,00,000/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 12,00,000/-<br>(ബിൽ നം. 4/30-3-23 – 200,000/-<br>ബിൽ നം. 5/30-3-23 – 200,000/-<br>ബിൽ നം. 6/30-3-23 – 200,000/-<br>ബിൽ നം. 7/30-3-23 – 200,000/-,<br>ബിൽ നം. 9/30-3-23 – 200,000/-<br>ബിൽ നം. 10/30-3-23 - 200,000/-) |

കൊല്ലം ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തിലുൾപ്പെട്ട 3 പേരിൽ കുറയാത്ത ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് ലൈവ് ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുന്നതിന് ആനുകൂല്യം നൽകുന്നതിന് വേണ്ടിയാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതി വഴി ചുവടെ ചേർക്കുന്ന 6 ഗ്രൂപ്പുകൾക്ക്, പ്രസ്തുത ഗ്രൂപ്പുകൾ ഹാജരാക്കിയ ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ 2,00,000/- രൂപ വീതം ആകെ 12,00,000/- രൂപ നല്കിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകളുടെ വിവരവും പദ്ധതി പരിശോധനാ വിവരവും ചുവടെ ചേർക്കുന്നു;

1. ആർ. കെ. ഗ്രൂപ്പ് ലൈവ് ഫിഷ് മാർക്കറ്റ്, വാളകം,

2. മലയോരം ആക്ടിവിറ്റി ഗ്രൂപ്പ്, കുളത്തുപ്പുഴ,

3. ബ്ലൂ ഓഷ്യൻ ക്വയിലോൺ, കരുനാഗപ്പള്ളി

4. ലൈവ് &ഫ്രെഷ് മാർക്കറ്റ്, കണ്ണനല്ലൂർ,

5. ത്രീ സ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പ്, മണപ്പള്ളി

6. അമ്പിളി ആക്ടിവിറ്റി ഗ്രൂപ്പ്, ചാത്തന്നൂർ

ലൈവ് ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുന്നതിനായി രണ്ട് പോർട്ടബിൾ പ്ലാസ്റ്റിക്ക് പൂൾ, എയിറേഷൻ &വാട്ടർ എക്സ്ചേഞ്ച് ഫെസിലിറ്റി, 2 ഫ്രീസർ, ഷെഡ്, ഫിഷ് ഡ്രെസ്സിങ് ഫെസിലിറ്റി ഉടങ്ങിയവ സ്ഥാപിക്കുന്നതിന് ജനറൽ വിഭാഗത്തിൽ, ചെലവഴിച്ച തുകയുടെ 40% പരമാവധി 5,00,000/- രൂപയിലധികരിക്കാതെ നല്കുന്നതാണ് പദ്ധതി(ജി.ഒ(എം.എസ്)115/22ത,സ്വ.ഭ.വ.28-5-22 ഖ.6-4-സി.2). ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ സർട്ടിഫൈ ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഗ്രൂപ്പുകളുടെ അപേക്ഷകളോ, ഗ്രൂപ്പ് രജിസ്ട്രേഷൻ രേഖകളോ, ടി ഗ്രൂപ്പുകളെ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തതിന്റെ രേഖകളോ പ്ലാനും എസ്റ്റിമേറ്റും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ സർട്ടിഫൈ ചെയ്തതിന്റെ രേഖകളോ സ്ഥാപനങ്ങൾ അതാത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുത്തതിന്റെ രേഖകളോ FSSAI രജിസ്ട്രേഷൻ എടുത്തതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. പദ്ധതി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. കൂടാതെ ചുവടെ ചേർക്കുന്ന ഗ്രൂപ്പുകൾക്ക മത്സ്യം വാങ്ങിയതിന് ചെലവായ തുകയ്ക്കും സബ്സിഡി നല്കിയതായി കാണുന്നു.

| | മത്സ്യം വാങ്ങിയതിന്റെ വില | നല്കിയ സബ്സിഡി |
|---|---|---|
| ആർ.കെ.ഗ്രൂപ്പ് ലൈവ് ഫിഷ് മാർക്കറ്റ്, വാളകം, | 25,000/- | 10,000/- |
| അമ്പിളി ആക്ടിവിറ്റി ഗ്രൂപ്പ്, ചാത്തന്നൂർ | 1,80,000/- (40,000+1,40,000) | 55,367/-<br>(16,000+39,367) |
| ത്രീ സ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പ്, മണപ്പള്ളി | 16,000/-<br>മത്സ്യതീറ്റ വാങ്ങിയതിന്റെ വില 10,000/- | 5,355/-<br>4,000/- |

| | | |
|---|---|---|
| ലൈവ് & ഫ്രെഷ് മാർക്കറ്റ്, കണ്ണനല്ലൂർ | 47,000/- (27,000+20,000) | 18,800/- (10,800+8,000) |
| | ആകെ | 93522/- |

അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ചെലവിന് സബ്സിഡി നല്കുന്ന പദ്ധതി വഴി ആവർത്തന ചെലവിന് സബ്സിഡി നല്കിയതിന്റെ കാരണവും മേൽ സൂചിപ്പിച്ച അപാകതകൾക്ക് മതിയായ രേഖകൾ സഹിതം വിശദീകരണവും ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 11,06,478/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. മത്സ്യം വാങ്ങുന്നതിന് സബ്സിഡി നല്കുവാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയില്ലാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 93,522/- രൂപ നിരാകരിക്കുന്നു. ടി തുക പ്രസ്തുത ഗ്രൂപ്പുകളിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.
എൻക്വയറി നം. 44/22-11-23.

## 3-5 ഉജ്ജ്വലം - അധ്യാപകർക്ക് കൈപ്പുസ്തകം - സമഗ്ര ശിക്ഷാ കേരള, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമായി പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, വിദ്യാഭ്യാസം. |
| പ്രോജക്റ്റ് നമ്പർ | 307/23 - ഉജ്ജ്വലം |
| അടങ്കൽ തുക | 7,16,928/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 7,16,928/- (ബിൽ നം. 17/10-3-23 - 7,16,928/-) |

പത്താം ക്ലാസ്സ് വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ വിഷയങ്ങളുടെ പഠനസഹായികൾ (കൈപ്പുസ്തകം) റിസോഴ്സ് അധ്യാപകരുടെ സഹായത്താൽ (ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ) തയ്യാറാക്കി സ്കൂളുകളിലെ ബന്ധപ്പെട്ട അധ്യാപകർക്ക് നല്കി അതുവഴി കുട്ടികൾക്ക് പരിശീലനം നല്കി ഗ്രേഡിൽ ഉയർച്ച ഉണ്ടാക്കൽ ആയിരുന്നു പദ്ധതി ലക്ഷ്യം. മേൽ പദ്ധതിയിൽ പുസ്തകം പ്രിന്റ് ചെയ്യുന്നതിനായി (2800 എണ്ണം) മനു ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഇരവിപുരം, കൊല്ലം എന്ന സ്ഥാപനത്തിന് 3,97,576/- രൂപയും ഉജ്ജ്വലം എഴുതി തയ്യാറാക്കിയ അധ്യാപകർക്കും ഡയറ്റ് ഫാക്കൽറ്റീസിനും ടി.എ/ഡി.എ ഇനത്തിൽ 3,12,000/- രൂപയും (78x4000) അനുബന്ധ ചെലവുകൾക്കായി 7,352/- (3400+3952) രൂപയുമുൾപ്പെടെ ആകെ 7,16,928/- രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖ (ജി.ഒ(എം.എസ്)84/22ത.സ്വ.ഭ.വ തീയതി 19-4-22) ഖ. 8.6.5-ൽ പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥി/വിദ്യാർത്ഥിനികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ സമഗ്ര ശിക്ഷാ കേരളം, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിന് ശേഷം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സമഗ്രശിക്ഷാ കേരളയും എസ്.സി.ഇ.ആർ.റ്റിയും എല്ലാ ക്ലാസ്സിലെയും അധ്യാപകർക്കുള്ള വിശദമായ വിവരങ്ങൾ ഉൾപ്പെടുത്തിയ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നല്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും വിദ്യാർത്ഥികളുൾപ്പെടെ ഏതൊരു വ്യക്തിക്കും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാനും കഴിയുന്ന സാഹചര്യത്തിലാണ് പ്രസ്തുത പ്രവർത്തനങ്ങളുടെ ആവർത്തനമായി 7,16,928/- രൂപ ചെലവഴിച്ച് വീണ്ടും കൈപ്പുസ്തകം (സൂചക രൂപത്തിലാണ് ടി കൈപ്പുസ്തകത്തിൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്) തയ്യാറാക്കി വിതരണം ചെയ്തിട്ടുള്ളത്. അധ്യാപകർക്ക് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും എസ്.എസ്.കെയിൽ നിന്നും സമഗ്രമായ പഠനസഹായികൾ ലഭ്യമാണ്. കൂടാതെ ഉജ്ജ്വലം പദ്ധതിക്കായി 2021-22-ൽ 7,82,432/-രൂപ ചെലവഴിച്ചിട്ടുള്ളതും സിലബസിൽ മാറ്റം ഉണ്ടായിട്ടില്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ വീണ്ടും പദ്ധതി നടത്തിപ്പിനായി തുക ചെലവഴിച്ചതിന്റെ കാരണം സംബന്ധിച്ച് നല്കിയ എൻക്വയറിക്കുള്ള മറുപടിയിൽ, എസ്.എസ്.എൽ.സി വിജയശതമാനത്തിൽ ജില്ലയ്ക്കുള്ള പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അതിന് മാറ്റം വരുത്തുന്നതിനായാണ് സിലബസ് മാറാത്ത സാഹചര്യത്തിലും പദ്ധതി നടപ്പിലാക്കിയതെന്നും മാതൃകാ ചോദ്യപേപ്പറുകൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ കൈപ്പുസ്തകം വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് പ്രയോജനകരമാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമഗ്ര ശിക്ഷാ കേരളം, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമായി പദ്ധതി നടപ്പിലാക്കി വികസനഫണ്ടിൽ നിന്നും ചെലവ് ചെയ്തതിനാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 7,16,928/- രൂപ

നിരാകരിക്കുന്നു. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 8/ 7-8-23.

3-6 ട്രാൻസ്ജെൻഡേഴ്സിന് ഭക്ഷ്യകിറ്റ് വിതരണം-സർക്കാർ അനുമതി ഹാജരാക്കിയില്ല-പദ്ധതി മാനദണ്ഡത്തിന് വിരുദ്ധമായി അധികം ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത്. |
| പ്രോജക്ട് നം. | 720/23- ട്രാൻസ്ജെൻഡേഴ്സിന് ഭക്ഷ്യകിറ്റ് വിതരണം |
| അടങ്കൽ തുക | 5,00,000/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 4,35,639/-<br>(ബിൽ നം. 57/28-3-23) |

കൊല്ലം ജില്ലയിലെ ട്രാൻസ് ഐഡികാർഡുള്ള ട്രാൻസ്ജെൻഡേഴ്സിന് സപ്ലൈകോയിൽ നിന്നും ജില്ലാ പഞ്ചായത്ത് തീരുമാനിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ കിറ്റ് വാങ്ങി വിതരണം ചെയ്യുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിരുന്നത്. 200 ട്രാൻസ്ജെൻഡേഴ്സിന് ഭക്ഷ്യകിറ്റ് വിതരണം നടത്തുകയായിരുന്നു പദ്ധതി ലക്ഷ്യം. 200 ട്രാൻസ്ജെൻഡേഴ്സിന് നല്കുന്നതിനായി 200 ഭക്ഷ്യധാന്യകിറ്റുകൾ (അരി 20കി.ഗ്രാം, ഹോർലിക്സ് 500ഗ്രാം, ഈന്തപ്പഴം 500ഗ്രാം, ബദാം 250 ഗ്രാം, ഓട്സ് 2 കി.ഗ്രാം, കശുവണ്ടിപ്പരിപ്പ് 250ഗ്രാം എന്നിവ വീതം ) 4,35,639/- രൂപ (ക്യാരിബാഗിന്റെ വില ഉൾപ്പെടെ) ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു;

1) പദ്ധതി മാർഗ്ഗരേഖ (ജി.ഒ(എം.എസ്)84/22എൽ.എസ്.ജി.ഡി 19-4-22) ഖണ്ഡിക 6-4 സി1-ൽ ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ പ്രത്യേക യോഗം വിളിച്ചു ചേർത്ത് അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും വിലയിരുത്തി ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണെന്നും ടി വിഭാഗക്കാർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും പുനരധിവാസ വികസന പരിപാടികളും പ്രത്യേക ഭാഗമായി ഏറ്റെടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗ രേഖ ഖ.8.8.3 പ്രകാരം എയിഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന എച്ച്.ഐ.വി. അണുബാധിതർക്ക് പോഷകാഹാരം, ഹൈസ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന യു.പി.വിഭാഗം വരെയുള്ള കുട്ടികളുടെ പ്രഭാതഭക്ഷണം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ മാത്രമാണ് ഭക്ഷണവിതരണ മേഖലയിൽ ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. മേൽ പദ്ധതി വഴി ഭക്ഷ്യകിറ്റ് വിതരണം ചെയ്തതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കണമെന്നറിയിച്ചു കൊണ്ട് എൻക്വയറി നല്കിയതിന് സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന ഭക്ഷ്യകിറ്റ് വിതരണ പരിപാടികൾ എല്ലാം ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായുള്ളതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മേൽ പദ്ധതി വഴി ഭക്ഷ്യകിറ്റ് വിതരണം നടത്തുന്നതിന് ജില്ലാപഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

2) 200 ട്രാൻസ്ജെൻഡേഴ്സിനുള്ള ഭക്ഷ്യകിറ്റുകൾ വാങ്ങുന്നതിനായി, കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്ത 200 ട്രാൻസ്ജെന്ററുകൾ ഉണ്ടെന്ന് ഉറപ്പു വരുത്തിയതിന്റെ രേഖകൾ/ലിസ്റ്റ്, ഐഡന്റിറ്റി കാർഡ് എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കണമെന്നറിയിച്ചെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. ഫയലിൽ കൈപ്പറ്റ് രസീത്, ഐഡി കാർഡിന്റെ അവ്യക്തമായ പകർപ്പ് എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി രേഖകൾ ഹാജരാക്കുന്നതായി മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും യോഗം ചേർന്നതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

3) 200 ട്രാൻസ്ജെൻഡേഴ്സിന് നല്കുന്നതിനായി 200 ഭക്ഷ്യധാന്യകിറ്റുകൾ രൂ- 4,35,639/- ചെലവഴിച്ച് വാങ്ങി വിതരണം ചെയ്തതിന്റെ രേഖകളായി കൈപ്പറ്റ് രസീതുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ടി രേഖകൾ പരിശോധിച്ചതിൽ കൊല്ലം ജില്ലയിലുള്ള 32 വ്യക്തികൾക്ക് രണ്ട് കിറ്റുകൾ വീതവും ഒരു വ്യക്തിക്ക് 3 കിറ്റും നൽകിയതായും കൊല്ലം ജില്ലയ്ക്ക് പുറത്തുള്ള 6 വ്യക്തികൾക്കായി 8 കിറ്റുകൾ നല്കിയതായും ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു;

| ക്രമ നം | പേര്, വിലാസം | ഭക്ഷ്യകിറ്റ്കൈപ്പറ്റിയതിന്റെ വിവരം | കൈപ്പറ്റിയ ഭക്ഷ്യകിറ്റുകളുടെ എണ്ണം. | റിമാർക്സ് |
|---|---|---|---|---|
| 1 | ഗോപിക, പൈവേലി, മൈനാഗപ്പള്ളി | ക്രമ നം. 4, 9 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 2 | ആധവ്, C/o ആർദ്ര, | ക്രമ നം. 20, 72 എന്നീ | 2 | പത്തനംതിട്ട |

| | | | | |
|---|---|---|---|---|
| | ലക്ഷം വീട് നം-5,<br>കേരളപുരം, വെള്ളിമൺ പി.ഒ<br>ട്രാൻസ് ഐ.ഡി.യിലെ അഡ്രസ്സ്<br>പൂവൻകുഴിയിൽ, കൂടൽ പി.ഒ, കൂടൽ,<br>പത്തനംതിട്ട. | കൈപ്പറ്റ് രസീത് പ്രകാരം | | ജില്ല |
| 3 | നൂതിക്ക് നാഥ്,<br>രാമൻചിറങ്ങര ഹൗസ്,<br>മേത്തല പി.ഒ, കുറുപ്പംപടി,<br>എറണാകുളം<br>(ട്രാൻസ് ഐഡി&ആധാർകാർഡ് ) | ക്രമ നം. 14, 107 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | എറണാകുളം ജില്ല |
| 4 | വിശ്വേശ്വർ മുരളീധരൻ,<br>ആനന്ദവിലാസം,<br>കുന്നിൽ വീട്, കൊല്ലം | ക്രമ നം. 19, 68 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 5 | റിതു. പി. ആർ,<br>അശ്വതീവിലാസം,<br>തെക്കുംമുറി, ഈസ്റ്റ് കല്ലട,<br>ചിറ്റുമല | ക്രമ നം. 12, 51 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 6 | മീനു, പുത്തൻ കണ്ടത്തിൽ,<br>ചെറിയഴീക്കൽ,<br>ആലപ്പാട് | ക്രമ നം. 24, 163 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 7 | ധനലക്ഷ്മി,<br>കുന്നംപുറത്ത് വീട്,<br>ഉളിയനാട്,<br>കാരംകോട്. പി.ഒ | ക്രമ നം 26, 123 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 8 | ആർദ്ര,<br>ലക്ഷം വീട് നം -5,<br>കേരളപുരം,<br>വെള്ളിമൺ | ക്രമ നം. 27, 73 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 9 | ഹർഷ,<br>പുത്തൻവീട്ടിൽ പടീറ്റതിൽ,<br>കരിത്തുറ, ചവറ | ക്രമ നം. 28, 67 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | |
| 10 | നന്ദിനി, C/o ആർദ്ര,<br>ലക്ഷംവീട് നം-5 കേരളപുരം,<br>വെള്ളിമൺ പി.ഒ.<br>ആധാർ കാർഡിൽ<br>കുന്നതറ വടക്കതിൽ,<br>ഇലിപ്പക്കുളം. പി.ഒ,<br>കറ്റാനം, ആലപ്പുഴ. | ക്രമ നം. 29, 54 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 2 | ആലപ്പുഴ ജില്ല |
| 11 | ബാലസജീവ്,<br>പുത്തൻവിളവീട്,<br>പേരയം, ഉമയനല്ലൂർ.പി.ഒ | ക്രമ നം. 31, 138, 101 എന്നീ കൈപ്പറ്റ് രസീത് പ്രകാരം | 3 | |
| 12 | ബിസ്മി, C/o ആർദ്ര, | ക്രമ നം. 32, 69 എന്നീ | 2 | തിരുവനന്തപുരം |

| | | | | | |
|---|---|---|---|---|---|
| | ലക്ഷംവീട് നം- 5, കേരളപുരം, വെള്ളിമൺ പി.ഒ. ആധാർ കാർഡിൽ റീനാമൻസിൽ, നെടുങ്ങണ്ട പി.ഒ, തിരുവനന്തപുരം | കൈപ്പറ്റ് രസീത് പ്രകാരം | | | |
